260
JUNE 2017

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association




ഉന്നതവിദ്യാഭ്യാസവും നവകേരളസൃഷ്ടിയും

ഗണപരമായ കുതിപ്പും ഗുണപരമായ
കിതപ്പും സാങ്കേതിക വിദ്യാഭ്യാസ രംഗത്ത്

നോട്ടുനിരോധനം... പ്രത്യാഘാതങ്ങൾ

59-ാം
സംസ്ഥാന
സമ്മേളന
പതിപ്പ്

COLLEGE TEACHER 260

JUNE 2017

**EDITORIAL BOARD**

Chief Editor
**Dr. Sunny N. M**

Managing Editor
**Dr. P.N. Harikumar**

Assistant Editors
**Dr. A.S. Sumesh**
**Dr. K.P. Jayakumar**

**Members**
Prof. A G Oleena
Dr. K. L Vivekanandan
Dr. C. Padmanabhan
Dr. P.K. Kusalakumari
Prof. Pramod Vellachal
Dr. Beena.S
Dr. N. Lakshmi Priya
Dr. Jayasree V.
Dr. C. Unnikrishnan
Prof. N.K. Sunilkumar
Dr. N. Renuka
Dr. Soni John
Prof. Biji Abraham
Dr. Premkumar
Dr. Myna Umaiban
Dr. Vidhu Narayanan
Prof. Sona P.
Dr. Shanoj M.P.
Dr. Sreeja P.

Cover Design
**Prof Aathman A V,**
DB College Sasthamcotta Ph: 9496822477
Design
**Jwala Creatives**
Ph: 9447853005

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.in**

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by V.N. Murali, AKPCTA State Committee Office, Vanchiyoor, TVPM-35.

- *എഡിറ്റോറിയൽ* — 3
- *ജനറൽസെക്രട്ടറിയുടെ പേജ്*
  **ഡോ. കെ.എൽ വിവേകാനന്ദൻ** — 4
- *ഉന്നതവിദ്യാഭ്യാസവും നവകേരളസൃഷ്ടിയും*
  **പി. പവിത്രൻ** — 11
- *നോട്ടുനിരോധനം*
  **ഡോ. അനിൽവർമ്മ** — 33
- *ഇന്ത്യൻ ജനാധിപത്യം വെല്ലുവിളികളും പ്രത്യാശകളും*
  **അഭിലാഷ് ടി.** — 40
- *മഴക്കാല രോഗങ്ങളും പ്രതിരോധ മാർഗങ്ങളും*
  **ഡോ. ശോഭന എം.സി.** — 51
- *ഗണപരമായ കുതിപ്പും ഗുണപരമായ കിതപ്പും സാങ്കേതികവിദ്യാഭ്യാസ രംഗത്ത്*
  **സഞ്ജീവ് ജി.** — 53
- *രക്ഷാധികാരി ബൈജു പറയുന്നതെന്തെന്നാൽ*
  **ഡോ. സോണി ജോൺ** — 58
- *വിഷവൈദ്യഗ്രന്ഥങ്ങളിലെ വർണ്ണവ്യവസ്ഥ*
  **മൈന ഉമൈബാൻ** — 60
- *Water*
  **SK Prathap** — 69
- *രസായനം*
  **ആര്യഗോപി** — 72
- *ബിരിയാണിയിലെ ഇതരചേരുവകൾ*
  **സോന പി.** — 74
- *ഉന്മാദത്തിന്റെ നിറങ്ങൾ*
  **ഡോ. എൻ. രേണുക** — 78
- *വളരുന്ന വാർദ്ധക്യം തുടങ്ങേണ്ടുന്ന പഠനം*
  **എൻ.കെ. സുനിൽകുമാർ** — 83
- *എസ്.ആർ.പി. അഭിമുഖം*
  **ഡോ. നിഷാന്ത് ടി.** — 86
- *കരുണ ഒരു പുനർവായന*
  **ഡോ. ഇന്ദുലാൽ ജി.** — 91
- *കാണിയുടെ ചരിത്രം കൊട്ടകമുതൽ മൾട്ടിപ്ലക്സ് വരെ*
  **കെ.പി. ജയകുമാർ** — 94
- *ഇര*
  **ഡോ. എസ്. അജയകുമാർ** — 106
- *സർവ്വീസ് ട്യൂട്ടോറിയൽ*
  **ഹംസ എ.എം.പി.** — 107
- *മസ്തിഷ്കത്തിന്റെ യാത്രകൾ*
  **പ്രമോദ് വെള്ളച്ചാൽ** — 114
- *ജൈവികതയുടെ കാവൽക്കാർ*
  **ഡോ. എൻ.എം. സണ്ണി** — 116

എഡിറ്റോറിയൽ



# അസാധുവാക്കപ്പെടുന്ന ജനത......

"രാഷ്ട്രീയ വിദ്യാഭ്യാസമില്ലാത്ത മനുഷ്യനാണ് ഏറ്റവും വലിയ നിരക്ഷരൻ". കവിയും, നാടകകൃത്തും നോബൽ സമ്മാന ജേതാവുമായ ബർതോൾത് ബ്രഹ്റ്റ് രാഷ്ട്രീയ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം സൂചിപ്പിച്ചുകൊണ്ട് നടത്തിയ ഒരു നിരീക്ഷണമാണ് ഇത്. അമേരിക്ക ഞങ്ങളുടേതാണ് എന്ന മുദ്രാവാക്യം ഫലപ്രദമായി ഉപയോഗിച്ചാണ് ഡോണൾഡ് ട്രംപ് പ്രസിഡന്റ് പദവിയിൽ കയറിക്കൂടിയത്. അഴിമതിരഹിത ഭാരതം എന്നു തെളിഞ്ഞും, കോൺഗ്രസ്സ്‌രഹിത ഇന്ത്യ എന്നു ഒളിഞ്ഞും വിളിച്ച മുദ്രാവാക്യത്തിന്റെ കരുത്തിലാണ് നരേന്ദ്രമോദി റായ്സീനായ് കുന്നിന്റെ പടികൾ കയറിയത്.

ഈനൂറ്റാണ്ടിൽ ഇന്ത്യയിലും അമേരിക്കയിലും അപ്രതീക്ഷിതമായാണ് ഈ അധികാരക്കൈമാറ്റങ്ങൾ സംഭവിച്ചതെന്നു സാധാരണ ജനങ്ങൾ കരുതിയേക്കാം. നടനും, സംവിധായകനും നോബൽ സമ്മാന ജേതാവുമായ ഹരോൾഡ് പിന്ററുടെ പ്രവചനം ഈ അധികാരക്കൈമാറ്റത്തിലൂടെ യാഥാർത്ഥ്യമാവുകയായിരുന്നു. 21-ാം നൂറ്റാണ്ടിൽ മതാധിപത്യത്തിനു മേൽക്കൈ ലഭിക്കുമെന്നും, മതേതര-ജനാധിപത്യ മൂല്യങ്ങൾ തിരസ്കരിക്കപ്പെടുമെന്നും, ബഹുസ്വരത കടുത്തവെല്ലുവിളി നേരിടേണ്ടി വരുമെന്നും ആ മനുഷ്യസ്നേഹി പ്രവചിക്കുകയുണ്ടായി. നോം ചോംസ്കിയെ പോലുള്ള ബുദ്ധിജീവികളും ജാസൺ ഗ്രൂനിബേമിനെപോലുള്ള യുവകവികളും സാമ്രാജ്യത്വത്തിന്റെ നയങ്ങളെ അമേരിക്കയിൽ നിന്നുതന്നെ നിരന്തരം എതിർത്ത് പോന്നിട്ടുണ്ട്. "ട്രംപിന്റെ ഓരോ ചുവടും ഞങ്ങൾ പ്രതിരോധിക്കും". ട്രംപിനെ തെരുവിൽ തടഞ്ഞുകൊണ്ട് ജാസൺ ഫേസ് ബുക്കിൽ കുറിച്ചു. അഴിമതിരഹിത ഭാരതം ആകർഷകമായ മുദ്രാവാക്യം തന്നെ. നാമമാത്രമായെങ്കിലും നിലനിൽക്കുന്ന മതേതര-ജനാധിപത്യ മൂല്യങ്ങൾ പരിഹസിക്കപ്പെടുകയും, ബഹുസ്വരത കൊലചെയ്യപ്പെടുകയും ചെയ്യുമ്പോഴാണ് കോൺഗ്രസ്സ്‌രഹിത ഇന്ത്യ എന്ന ആശയം അത്യന്തം അപകടകരമാവുന്നത്. ക്യാഷ് ലെസ്സ് ട്രാൻസാക്ഷൻ സുതാര്യമായ പണമിടപാടാണ്, സംശയമില്ല. ഇന്ത്യൻ ജനത ഡിജിറ്റൽ വിനിമയരീതിക്ക് പാകമാകാൻ ഇനി എത്ര കാലം തയ്യാറെടുക്കണം എന്നു മനസ്സിലാക്കുമ്പോഴാണ് അതിന്റെ അപാകത മനസ്സിലാക്കാനാകുക. ജി.എസ്.ടിയുടെ കാര്യവും മറിച്ചല്ല. ലോകത്തിലെ ഏതാണ്ട് 144 രാജ്യങ്ങൾ ജി.എസ്.ടിയിലേയ്ക്ക് മാറിക്കഴിഞ്ഞു എന്നത് ശരി തന്നെ. ഉല്പാദന-വിതരണ രംഗത്തെ നിരവധിയായ നികുതിവ്യവസ്ഥകൾ ഏകോപിപ്പിക്കുമ്പോൾ ഉയർന്നുവരാവുന്ന പ്രതിസന്ധികളെ മുൻകൂട്ടി കാണാത്തതുമൂലം സാധാരണ ജനങ്ങളുടെ നികുതിഭാരം കൂടുകയാണ് ഉണ്ടായത്.

വിശക്കുന്നവർക്കു ഭക്ഷണം ഈശ്വരനാണ്. അത് നിഷേധിക്കുന്നത് പൈശാചിക വൃത്തിയും. സസ്യാഹാരം ശ്രേഷ്ഠം, മാംസാഹരം മ്ലേച്ഛം എന്ന വിഭജനത്തെ ശുദ്ധ വെജിറ്റേറിയനിസമായി കാണാനാവില്ല. അതു സാത്വിക ചിന്തയുമല്ല. അതിൽ ഒളിച്ചുകടത്തുന്ന അധമ വികാരത്തെ തിരിച്ചറിയേണ്ടതുണ്ട്. ബീഫ്/പോർക്ക് എന്ന ദ്വന്ദം ഉയർന്നുവരുന്നത് ഈ വികാരത്തിൽ നിന്നാണ്. "വിശന്നുറങ്ങുന്ന മനുഷ്യന്, ഉദയസൂര്യൻ ദേവനല്ല, ഒരു കഷണം അപ്പം മാത്രം". ജുനൈദ് ഒരു വേദനയാണ്. ചരിത്രത്തിന്റെ ഇരുണ്ട കാലത്തിലേക്ക് ഒരു ജനതയെ ആട്ടിത്തെളിക്കുകയാണ്. വസ്ത്രം, ഭക്ഷണം എന്നിവ മനുഷ്യന്റെ പ്രാഥമികവും മൗലികവുമായ ആവശ്യങ്ങളാണ്. അതിന്മേലാണ് അധികാരത്തിന്റെ ചാട്ടവാർ വീഴുന്നത്.

59-ാം സംസ്ഥാന സമ്മേളനത്തിന്റെ പ്രധാന മുദ്രാവാക്യം കേന്ദ്രീകരണത്തെ ചെറുക്കുക, ഫെഡറലിസം ശക്തിപ്പെടുത്തുക എന്നതായിരുന്നു. നോട്ടുനിരോധനം, അപ്രഖ്യാപിത ബീഫ് നിരോധനം, ജി.എസ്.ടി തുടങ്ങിയ നിയമങ്ങൾ വേണ്ടത്ര മുന്നൊരുക്കങ്ങൾ ഇല്ലാതെയാണ്. നടപ്പിലാക്കിയത് രാഷ്ട്രീയബോധമുള്ള ഒരു പൗരസമൂഹനിർമ്മിതിക്കായി എ.കെ.പി.സി.ടി.എ.യുടെ കൊടിക്കീഴിൽ ഒരുമിച്ചു മുന്നേറാം. സമ്മേളന പതിപ്പ് വായനക്കാർക്കായി സമർപ്പിക്കുന്നു.

**ഡോ. എൻ. എം. സണ്ണി**
sunnynm51@gmail.com
9447418715, 8921385389



ഡോ. കെ.എൽ വിവേകാനന്ദൻ


# ഉന്നതവിദ്യാഭ്യാസമേഖലയിൽ ഗുണമേന്മയുടെ കാലം

സ്വാശ്രയ കോളേജുകൾ പുതുതായി അനുവദിക്കേണ്ടതില്ല എന്ന ഈ സർക്കാരിന്റെ തീരുമാനം കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗത്ത് ഗുണപരമായ ഫലങ്ങൾ ഉണ്ടാക്കും. സ്വയംഭരണ കോളേജുകളും പുതുതായി തുടങ്ങുന്നില്ല. എയ്ഡഡ് കോളേജുകളിലെ അൺഎയ്ഡഡ് കോഴ്സുകൾ ഇനി അനുവദിക്കേണ്ട എന്ന തീരുമാനവും ശരിയായ ദിശയിലുള്ളതാണ്. യാതൊരു നിക്ഷേപവുമില്ലാതെ വലിയ ലാഭം കൊയ്യുക എന്ന ഉദ്ദേശ്യത്തോടെയാണ് എയ്ഡഡ് കോളേജുകളിൽ അൺഎയ്ഡഡ് കോഴ്സുകൾ തുടങ്ങുന്നത്.

കൃത്യമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം പുതുതായി കോളേജുകളും കോഴ്സുകളും അനുവദിക്കുക എന്നാണ് ഈ സർക്കാരിന്റെ തീരുമാനം. യു.ഡി.എഫ് സർക്കാരിന്റെ അവസാനകാലത്ത് ഓരോ നിയോജകമണ്ഡലം അടിസ്ഥാനത്തിലും ഗവൺമെന്റ് കോളേജുകൾ അനുവദിച്ചിരുന്നു. യാതൊരു അടിസ്ഥാന സൗകര്യവുമില്ലാത്ത സ്ഥലങ്ങളിലാണ് പുതിയ കോളേജുകൾ പലതും തുടങ്ങിയത്. യു.ഡി.എഫിന്റെ കാലത്ത് നിന്നുപോയ വിദ്യാർത്ഥി സ്കോളർഷിപ്പ് വീണ്ടും ഉന്നത വിദ്യാഭ്യാസ കൗൺസിൽ തുടങ്ങി. ഈ അധ്യയന വർഷത്തിൽത്തന്നെ അപേക്ഷ ക്ഷണിച്ച് അടിയന്തര നടപടികളുമായി മുന്നോട്ടു പോവുകയാണ് ചെയ്തത്.

വിദ്യാഭ്യാസ മേഖലയ്ക്കുള്ള ബജറ്റ് വിഹിതം വർധിപ്പിച്ചു. എയ്ഡഡ് മേഖലയ്ക്കും കൃത്യമായ അക്കാദമിക് ഓഡിറ്റിനുശേഷം വ്യാപിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അക്കാദമിക് ഓഡിറ്റ് എന്ന വാക്ക് ഉപയോഗിക്കാൻ ഭയപ്പെടുന്നു. കാരണം ഇപ്പോൾ നടക്കുന്ന അക്കാദമിക് ഓഡിറ്റിന്റെ സ്വഭാവം തികച്ചും അക്കാദമിക് വിരുദ്ധമാണ്. കേരള സാങ്കേതിക സർവ്വകലാശാല (കെ.റ്റി.യു)യിൽ നടക്കുന്ന അക്കാദമിക്സ് ഓഡിറ്റിന്റെ പശ്ചാത്തലത്തിലാണ് അക്കാദമിക്സ് ഓഡിറ്റിനെക്കുറിച്ച് ഇപ്പോൾ എല്ലാവരും സംസാരിക്കുന്നത്. ഒരു കോളജിലേക്ക് ഒരു അധ്യാപകൻ പോകുന്നു. രാവിലെ മുതൽ വൈകുന്നേരം വരെ അവിടെ ഇരിക്കുന്നു. ഒരു സന്ദർശനത്തിനു പതിനായിരം രൂപ കണക്കിൽപ്പെടുത്തിയും വേറൊരു തുക മാനേജ്മെന്റിൽനിന്നു കണക്കിൽപ്പെടാതെയും വാങ്ങുന്നു. ഇതാണ് കെ.റ്റി.യുവിൽ നടക്കുന്നത്. ജിഷ്ണു പ്രണോയിയുടെ മരണത്തിന് ഇടയായ പാമ്പാടി നെഹ്റു കോളേജിൽ യാതൊരു കുഴപ്പവുമില്ലെന്നാണ് കെ.റ്റി.യുവിനുവേണ്ടി അക്കാദമിക്സ് ഓഡിറ്റ് നടത്തിയവർ റിപ്പോർട്ട് കൊടുത്തിരുന്നത്. അക്കാദമിക്സ് ഓഡിറ്റിനെ ഞങ്ങൾ പൂർണമായും സ്വാഗതം ചെയ്യുന്നു. പക്ഷേ, ചെയ്യേണ്ട രീതിയിൽ ചെയ്യാതെ ഈ വിധമാണ് ചെയ്യുന്നതെങ്കിൽ അംഗീകരിക്കാൻ പറ്റില്ല. ഇതല്ലല്ലോ അക്കാദമിക് ഓഡിറ്റ്. വിരമിച്ച ചില അധ്യാപകർക്കും കെ.റ്റി.യു. വി.സിയുടെ ചില സ്വന്തക്കാർക്കും ഇതുകൊണ്ടു പ്രയോജനം ലഭിക്കുമായിരിക്കും.

എല്ലാ സർവകലാശാല സിൻഡിക്കേറ്റുകളിലേയും നോമിനേഷനിൽ ഈ സർക്കാർ വന്നശേഷം വലിയ മാറ്റങ്ങൾ ഉണ്ടായി. അതു പ്രധാനമാണ്. പോസിറ്റീവായ ഇടപെടൽ എല്ലാ സിൻഡിക്കേറ്റിലുമുണ്ടായതിന്റെ ഗുണപരമായ




മാറ്റമാണ് ഇനി പ്രതീക്ഷിക്കുന്നത്. വിദ്യാർത്ഥി സംഘടനാ പ്രവർത്തനം ഒരു തരത്തിലും കാമ്പസുകളിൽ നിരോധിക്കാൻ പാടില്ല എന്ന് കണ്ണൂർ സർവ്വകലാശാലാ സിൻഡിക്കേറ്റ് തീരുമാനമെടുത്തു. സംസ്ഥാനത്തെ മറ്റെല്ലാ സർവ്വകലാശാലാ സിൻഡിക്കേറ്റുകളും അതേ തീരുമാനം എടുക്കണം എന്നു ഞങ്ങൾ ഞങ്ങളുടെ പ്രതിനിധികൾക്കു നിർദ്ദേശം കൊടുത്തിട്ടുണ്ട്. വിദ്യാർത്ഥി രാഷ്ട്രീയം ഇല്ലാതാകുമ്പോൾ കാമ്പസുകളിൽ മറ്റു ഛിദ്രശക്തികൾക്ക് ഉണ്ടാകുന്ന വളർച്ച വലിയ കുഴപ്പമാണ്.

**വിദ്യാഭ്യാസ വായ്പ എഴുതിത്തള്ളിക്കുന്നതിനു സർക്കാർ ഇടപെടൽ എന്ന അതിപ്രധാന തീരുമാനം ചെറിയ കാര്യമല്ല. നിശ്ചിത കാലപരിധിവെച്ചാണ് ഇപ്പോഴത്തെ തീരുമാനം. പക്ഷേ, അടിസ്ഥാന തീരുമാനം എടുത്ത സ്ഥിതിക്ക് ഇനി അതിൽ മാറ്റങ്ങൾ ഘട്ടം ഘട്ടമായി വരുത്താമല്ലോ**

കോളേജ് അധ്യാപകനായിരുന്നു എന്നതുകൊണ്ടുമാത്രം വിദ്യാഭ്യാസമന്ത്രിക്ക് ഈ മേഖലയിലെ എല്ലാ പ്രശ്നങ്ങളും ഒറ്റയടിക്കു പരിഹരിക്കാൻ കഴിയണമെന്നില്ല. ഒരു ഉദാഹരണം, ഈ സർക്കാരിന്റെ തുടക്കത്തിൽ ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീനിവാസന്റെ നിഷേധാത്മക നിലപാടുകൾക്കിടയിലും കുറേയൊക്കെ കാര്യങ്ങൾ ചെയ്യാൻ മന്ത്രിക്കു കഴിഞ്ഞു എന്നതാണ്. ഇത്രയും നെഗറ്റീവായി കാര്യങ്ങളിൽ ഇടപെടുന്ന ഉന്നത ഉദ്യോഗസ്ഥരെ അധികം കണ്ടിട്ടില്ല. മാറ്റങ്ങൾ വേഗത്തിലാകണം എന്നതു ശരിതന്നെ. പക്ഷേ, ഇത്തരം ഉദ്യോഗസ്ഥരും കൂടി ഉൾപ്പെട്ട സംവിധാനത്തിലാണ് മാറ്റങ്ങൾക്കു ശ്രമിക്കേണ്ടത് എന്ന വസ്തുത കൂടി കണക്കിലെടുക്കാതെ പറ്റില്ല. ഇപ്പോഴേതായാലും അദ്ദേഹത്തെ മാറ്റി. വിദ്യാഭ്യാസ വായ്പ എഴുതിത്തള്ളിക്കുന്നതിനു സർക്കാർ ഇടപെടൽ എന്ന അതിപ്രധാന തീരുമാനം ചെറിയ കാര്യമല്ല. നിശ്ചിത കാലപരിധി വെച്ചാണ് ഇപ്പോഴത്തെ തീരുമാനം. പക്ഷേ, അടിസ്ഥാന തീരുമാനം എടുത്ത സ്ഥിതിക്ക് ഇനി അതിൽ മാറ്റങ്ങൾ ഘട്ടം ഘട്ടമായി വരുത്താവുന്നതുമാണ്.

2005ൽ നിയമനം ലഭിച്ചതു മുതൽ ഇതുവരെ പ്രമോഷനും പ്ലെയ്സ്മെന്റും കിട്ടാത്ത സർക്കാർ കോളേജ് അധ്യാപകരുടെ കാര്യത്തിൽ അടിയന്തര തീരുമാനമെടുക്കുന്നതിനു മുന്നോടിയായി ഈ സർക്കാർ ഉപസമിതിയെ വച്ചിരിക്കുന്നു. ജനങ്ങൾക്കുണ്ടായ വലിയ പ്രതീക്ഷയ്ക്ക് അനുസരിച്ചു കാര്യങ്ങൾക്കു വേഗതയുണ്ടായില്ല എന്നാണ് വിമർശനമെങ്കിൽ ഇതൊക്കെ കാണാതെ പോകാൻ പറ്റുമോ?

# എ.കെ.പി.സി.ടി.എ. 59-ാം സംസ്ഥാന സമ്മേളനം സംക്ഷിപ്ത റിപ്പോർട്ട്















എ.കെ. പി. സി. ടി. എ. യുടെ 59-ാം സംസ്ഥാനസമ്മേളനം കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ 2017 മാർച്ച് 24,25,26 തീയതികളിൽ നടന്നു. കേന്ദ്രീകരണം അവസാനിപ്പിക്കുക, ഫെഡറലിസം ശക്തിപ്പെടുത്തുക എന്നീ ആശയങ്ങളാണ് സംസ്ഥാനസമ്മേളനം മുൻപോട്ടുവച്ചത്. സ്വാഗതസംഘം ചെയർമാൻ സ.വി.എൻ. വാസവന്റെ നേതൃത്വത്തിൽ കോട്ടയത്തെ എല്ലാ പുരോഗമന പ്രസ്ഥാനങ്ങളുടെയും സമ്പൂർണ്ണ സഹകരണത്തോടെയാണ് സംസ്ഥാനസമ്മേളനം കോട്ടയത്തു നടന്നത്. നവകേരളത്തിന്റെ ഇടതുബദൽ ഭരണസംവിധാനങ്ങളും അത് ഉയർത്തിപ്പിടിക്കുന്ന വികസന കാഴ്ചപ്പാടുകളും ശരിയാണ് എന്നും ഫാസിസ്റ്റ്‌വിരുദ്ധ സമരത്തിൽ പുരോഗമനപ്രസ്ഥാനങ്ങൾ അടിയന്തിരമായി ഇടപെടേണ്ട സന്ദർഭമാണ് രാജ്യത്ത് നിലനിൽക്കുന്നത് എന്നുമുള്ള ഓർമ്മപ്പെടുത്തലാണ് സംസ്ഥാന സമ്മേളനം നൽകിയത്.

കേരളത്തിന്റെ വിദ്യാഭ്യാസനയങ്ങൾ രാജ്യത്തിന് ആകമാനം മാതൃകയാണ് എന്നും അതിൽ ക്രിയാത്മക ഇടതുപക്ഷം വഹിക്കുന്ന പങ്ക് ചെറുതല്ല എന്നും സംസ്ഥാനസമ്മേളനം ഉദ്ഘാടനം ചെയ്ത സാമ്പത്തിക വിദഗ്ദ്ധൻ കൂടിയായ പ്രൊഫ. ഡോ.വെങ്കിടേഷ് ആത്രേയ അഭിപ്രായപ്പെട്ടു. നവലിബറൽ കാലത്തെ സാമൂഹിക സമസ്യകളെ കൈകാര്യം ചെയ്യുന്നതിൽ അധ്യാപകർ കൂടുതൽ ജാഗ്രത പാലിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. 2017 മാർച്ച് 25 ശനിയാഴ്ച രാവിലെ 9.30 ന് ആരംഭിച്ച ഉദ്ഘാടനസമ്മേളനത്തിൽ എ.കെ.പി.സി.ടി.എ. സംസ്ഥാന പ്രസിഡന്റ് പ്രൊഫ. എ.ജി. ഒലീന അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ഡോ. കെ.എൽ. വിവേകാനന്ദൻ സ്വാഗതമാശംസിച്ചു.
ശ്രീ.ടി.സി.മാത്തുക്കുട്ടി (എഫ്.എസ്.ഇ.ടി.ഒ.),
ശ്രീ. കെ.സി.ഹരികൃഷ്ണൻ (കെ.എസ്.ടി.എ)
ശ്രീ. പി.വി. രാജേന്ദ്രൻ (എ.കെ.ജി.സി.ടി.)
ശ്രീ. ടി.എസ്.രഘുലാൽ(കെ.ജി.ഒ.എ) എന്നിവർ അഭിവാദ്യങ്ങൾ അർപ്പിച്ചു. എകെപിസിടിഎ സംസ്ഥാന ട്രഷറർ പ്രൊഫ. ടോമിച്ചൻ ജോസഫ് നന്ദി അർപ്പിച്ചു.

ഉച്ചതിരിഞ്ഞു നടന്ന യാത്രയയപ്പ് സമ്മേളനവും മുൻകാല നേതൃസംഗമവും ഡോ. എ. സമ്പത്ത് എം.പി. ഉദ്ഘാടനം ചെയ്തു. എ.കെ.പി.സി. ടി.എ. സംസ്ഥാന വൈസ് പ്രസിഡന്റ്
ഡോ. പി.കെ. കുശലകുമാരിയുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ അഡ്വ. എ.എം. ആരിഫ് എം.എൽ.എ. മുഖ്യപ്രഭാഷണം നടത്തി. പ്രൊഫ. വി.എൻ. മുരളി (മുൻ ജനറൽ സെക്രട്ടറി എകെപിസിടിഎ), ഡോ. കെ.പി. സുകുമാരൻ നായർ (മുൻ പ്രസിഡന്റ് എകെപിസിടിഎ), ഡോ.



കെ.ശ്രീവത്സൻ (മുൻ ജനറൽ സെക്രട്ടറി എകെപിസിടിഎ) തുടങ്ങിയവർ സംസാരിച്ചു. മറുപടി പ്രസംഗത്തിൽ വിരമിക്കുന്ന അധ്യാപകർ അവരുടെ എകെപിസിടിഎ പ്രവർത്തനാനുഭവങ്ങൾ പങ്കുവച്ചു. യോഗത്തിന് എകെപിസിടിഎ സംസ്ഥാന സെക്രട്ടറി ഡോ.കെ.കൃഷ്ണദാസ് സ്വാഗതവും ഡോ.പി.കെ.പത്മകുമാർ നന്ദിയും രേഖപ്പെടുത്തി.







വൈകുന്നേരം 5 മണിക്ക് മാമ്മൻമാപ്പിള ഹാളിന്റെ മുൻപിൽനിന്ന് ആരംഭിച്ച പ്രകടനം തിരുനക്കര മൈതാനം ചുറ്റി മുനിസിപ്പൽ ചന്തമൈതാനത്ത് സമാപിച്ചു. മുഴുവൻ പ്രവർത്തകരും ആവേശപൂർവ്വം പങ്കെടുത്ത പ്രകടനത്തിന് എല്ലാ പുരോഗമന പ്രസ്ഥാനങ്ങളും അഭിവാദ്യങ്ങൾ അർപ്പിച്ചു. തുടർന്നു നടന്ന പൊതുസമ്മേളനം സ. കെ.സുരേഷ് കുറുപ്പ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. എ.കെ. പി. സി. ടി. എ.സംസ്ഥാന പ്രസിഡന്റ് പ്രൊഫ.എ.ജി. ഒലീന അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ഡോ. കെ.എൽ. വിവേകാനന്ദൻ സ്വാഗതമാശംസിച്ചു. സി.പി.ഐ. ജില്ലാ സെക്രട്ടറി സ. സി.കെ.ശശിധരൻ, എൻ.സി.പി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ഉഴവൂർ വിജയൻ തുടങ്ങിയവർ അഭിവാദ്യങ്ങൾ അർപ്പിച്ചു. എകെപിസിടിഎ സംസ്ഥാന സെക്രട്ടറി ശ്രീ. എ.നിശാന്ത് നന്ദി അർപ്പിച്ചു. രാത്രി 8 മണിമുതൽ ശ്രീ. മംഗളദാസും സംഘവും അവതരിപ്പിച്ച നാടൻപാട്ട് മാമ്മൻ മാപ്പിള ഹാളിൽ അരങ്ങേറി.

2017 മാർച്ച് 24 -ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണിക്ക് നടന്ന ആർ.ആർ.സി. അനുസ്മരണപ്രഭാഷണം സംസ്ഥാന വിദ്യാഭ്യാസവകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു. എകെപിസിടിഎ സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. ഡി.കെ. ബാബുവിന്റെ അധ്യക്ഷതയിൽചേർന്ന യോഗത്തിന് സ്വാഗതസംഘം ചെയർമാൻ സ.വി.എൻ.വാസവൻ സ്വാഗതമാശംസിച്ചു. കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല മലയാളവിഭാഗം പ്രൊഫസറും ഇടതു സഹയാത്രികനുമായ ഡോ. പി.പവിത്രൻ ആർ.ആർ.സി. അനുസ്മരണപ്രഭാഷണം നടത്തി. കേരളത്തിലെ ഉന്നതവിദ്യാഭ്യാസത്തിന്റെ സമകാലപരിഗണനകൾ എതെല്ലാമാവണം എന്നും ഉന്നത വിദ്യാഭ്യാസം നവസമൂഹത്തിലെ തിരുത്തൽശക്തി ആവണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അക്കാദമിക് കമ്മിറ്റിയുടെ കൺവീനർ ഡോ. സി.കെ.പത്മനാഭൻ നന്ദി രേഖപ്പെടുത്തി. ഉച്ച തിരിഞ്ഞ് 1.30 ന് സംസ്ഥാനകമ്മിറ്റിയും തുടർന്ന് സംസ്ഥാനകൗൺസിൽ യോഗവും നടന്നു.

2017 മാർച്ച് 26 -ാം തീയതി ഞായറാഴ്ച രാവിലെ 8 മണിക്ക് പ്രതിനിധി സമ്മേളനം ആരംഭിച്ചു. വിശദമായ റിപ്പോർട്ടിനും മറുപടി



ക്കും ശേഷം 10 മണിക്ക് മാമ്മൻ മാപ്പിള ഹാളിൽ ട്രേഡ് യൂണിയൻ സുഹൃത്ത് സമ്മേളനം നടന്നു. എകെപിസിടിഎ സംസ്ഥാന സെക്രട്ടറി ഡോ. എം. ശ്രീകുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം ബെഫിയുടെ സംസ്ഥാന പ്രസിഡന്റ് ശ്രീ. റ്റി. നരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. എഫ്. യു.ടി.എ. ജനറൽ സെക്രട്ടറി ഡോ. ജെ.രാജൻ, കെ.എസ്.ഇ.എ. ജനറൽ സെക്രട്ടറി ശ്രീ. എം.എസ്. ബിജുക്കുട്ടൻ, കെ.എം.സി.എസ്.യു. ജനറൽ സെക്രട്ടറി ശ്രീ. കെ.കെ.ശശികുമാർ, സി.യു.ഇ.ഒ. ജനറൽ സെക്രട്ടറി ശ്രീ.ഹരിലാൽ, പി.എസ്.സി.ഇ.യു. ജനറൽ സെക്രട്ടറി ശ്രീ. എം.ഷാജഹാൻ, കെ.ജി.എൻ.എ. ജനറൽ സെക്രട്ടറി ശ്രീമതി ഒ.എസ്. മോളി, കെ.എൽ.എസ്.എസ്.എ. ജനറൽ സെക്രട്ടറി ശ്രീ. ഗോഡ് ഫ്രേ എന്നിവർ അഭിവാദ്യങ്ങൾ അർപ്പിച്ചു. സമ്മേളനത്തിന് എകെപിസിടിഎ സംസ്ഥാന സെക്രട്ടറി ഡോ. സി.അബ്ദുൾ മജീദ് സ്വാഗതവും പ്രൊഫ. ജോജി അലക്സ് നന്ദിയും രേഖപ്പെടുത്തി. ഉച്ചതിരിഞ്ഞ് 2.30 ന് പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടന്നു.

# അരാഷ്ട്രീയവല്ക്കരണം ആപത്ത് : ഡോ. രാജൻ വർഗീസ്





എ.കെ.പി.സി.റ്റി.എ അനുബന്ധ സമ്മേളനത്തിൽ ഡോ. രാജൻ വർഗീസ് സംസാരിക്കുന്നു. ഡോ. ബി. കേരളവർമ്മ, പ്രൊഫ. രവീന്ദ്രനാഥ്, പ്രൊഫ.എൻ. എം. ജോസഫ്, കെ.കൃഷ്ണദാസ്, ശ്രീ. പി. ജി. അജിത്ത്, ശ്രീ. എം.ആർ ഗോപി എന്നിവർ വേദിയിൽ.

പാലാ: ഉന്നതവിദ്യാഭ്യാസ രംഗത്തെ അരാഷ്ട്രീയ വല്ക്കലരണമാണ് കലാലയങ്ങളെ ഗ്രസിച്ചിരിക്കുന്ന ഏറ്റവും വലിയ ആപത്തെന്നു മഹാത്മാഗാന്ധി സർവകലാശാല മുൻ പ്രൊ-വൈസ് ചാൻസലർ ഡോ. രാജൻ വർഗീസ് പ്രസ്താവിച്ചു. സാമൂഹിക പ്രതിബദ്ധത മറന്നുകൊണ്ടുള്ള പുരോഗതിയെ രാക്ഷസീയ പുരോഗതിയെന്നാണ് ഡോ. എസ്.രാധാകൃഷ്ണൻ വിശേഷിപ്പിച്ചത്. വ്യക്തി സമൂഹം രാഷ്ട്രം എന്ന ത്രിതല വികസനം വ്യക്തി വ്യവസായം രാഷ്ട്രം എന്ന നിലയിലേയ്ക്ക് മാറിയതാണ് ഇന്നത്തെ അധഃപതനത്തിന് കാരണം. വിദ്യാഭ്യാസത്തിൽ ലാഭം മുഖ്യ അജണ്ട ആയി മാറി. മാർച്ച് 24,25,26 തീയതികളിൽ കോട്ടയത്ത് വച്ച് നടന്ന എ.കെ.പി.സി.റ്റി.എ. 59-ാം സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി പാലായിൽ വച്ച് നടന്ന അനുബന്ധ സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. എം.ജി.യൂണിവേഴ്സിറ്റി സിണ്ടിക്കേറ്റ് അംഗം ഡോ. കെ. കൃഷ്ണദാസ് അധ്യക്ഷത വഹിച്ച യോഗം മുൻ മന്ത്രി പ്രൊഫ. എൻ.എം. ജോസഫ് ഉദ്ഘാടനം ചെയ്തു. എ.കെ.ജി.സി.റ്റി. സംസ്ഥാന സെക്രട്ടറി ഡോ. ബി. കേരളവർമ്മ, എൻ.ജി.ഒ. യൂണിയൻ മേഖലാ പ്രസിഡണ്ട് എം.ആർ. ഗോപി, ബെഫി ജില്ലാ പ്രസിഡണ്ട് പി.ജി. അജിത്ത്, എന്നിവർ സംസാരിച്ചു. എ.കെ.പി.സി.റ്റി.എ ജില്ലാ പ്രസിഡണ്ട് പ്രൊഫ. ജോജി അലക്സ് സ്വാഗതവും സംസ്ഥാന കമ്മറ്റി അംഗം ഡോ. ജോൺസൺ ജോസഫ് നന്ദിയും രേഖപ്പെടുത്തി.

## എ.കെ.പി.സി.ടി.എ. ഭാരവാഹികൾ







പ്രൊഫ. എ.ജി ഒലിന (പ്രസിഡന്റ്), ഡോ.കെ.എൽ വിവേകാനന്ദൻ (ജനറൽ സെക്രട്ടറി), ഡോ. പി.എൻ ഹരികുമാർ (ട്രഷറർ), ഡോ. പി.കെ. കുശലകുമാരി (വൈസ് പ്രസിഡന്റ്), ഡോ. സി. പദ്മനാഭൻ (വൈസ് പ്രസിഡന്റ്)

## സംസ്ഥാന സെക്രട്ടറിമാർ







പ്രമോദ് വെള്ളച്ചാൽ (കണ്ണൂർ സർവകലാശാല), ഡോ. കെ.പി വിനോദ് കുമാർ (കോഴിക്കോട് സർവകലാശാല), ഡോ. സി.എം. ശ്രീജിത് (എം.ജി. സർവകലാശാല), ഡോ. ബി. ശ്രീകുമാർ (കേരള സർവകലാശാല)

## വർക്കിംഗ് കമ്മിറ്റി നോമിനേഷൻ (സിണ്ടിക്കേറ്റ് അംഗങ്ങൾ)






എ. നിശാന്ത് (കണ്ണൂർ സർവകലാശാല), ഡോ. സി. അബ്ദുൾ മജീദ് (കോഴിക്കോട് സർവകലാശാല), ഡോ. കെ. കൃഷ്ണദാസ് (എം.ജി. സർവകലാശാല), എം. ശ്രീകുമാർ (കേരള സർവകലാശാല)

## വർക്കിംഗ് കമ്മിറ്റി നോമിനേഷൻ







ഡോ. എൻ.എം. സണ്ണി (ജേർണൽ), ഡോ. വി. പി. മർക്കോസ് (അക്കാദമിക് കമ്മിറ്റി), ഡോ. എ.എം.പി. ഹംസ (സർവീസ് സെൽ), ഡോ. ബീന എസ്. (വനിത കമ്മിറ്റി)

## വർക്കിംഗ് കമ്മിറ്റി നോമിനേഷൻ







ഡോ. ഡി.കെ. ബാബു (കോഴിക്കോട്), ഡോ. പി.കെ. പദ്മകുമാർ (കോട്ടയം) ഡോ. കെ. സന്തോഷ് (കൊല്ലം) സഞ്ജീവ് ജി. (സാങ്കേതിക സർവകലാശാല), ഡോ. എസ്. പ്രദിപ്കുമാർ (ആരോഗ്യ സർവകലാശാല)

## ജില്ലാ സെക്രട്ടറിമാർ














ഡോ. വി.എം. ആനന്ദകുമാർ (തിരുവനന്തപുരം), ഡോ. എൻ. ശശികുമാർ (കൊല്ലം), ജോജി അലക്സ് (കോട്ടയം), വിവേക് ജേക്കബ്ബ് (പത്തനംതിട്ട), ഡോ. പി. സുനിൽകുമാർ (ആലപ്പുഴ), ഡോ. എ. സുരേഷ് (എറണാകുളം), ഡോ. സി.എൽ. ജോഷി (തൃശ്ശൂർ), ഡോ. മുഹമ്മദ് സലീം (കോഴിക്കോട്), ഡോ. എം.ബി. ഗോപാലകൃഷ്ണൻ (മലപ്പുറം), ഡോ. ജയപ്രകാശ് ആർ.കെ. (പാലക്കാട്) ശ്രീജിത് സി.എസ്. (വയനാട്), ഡോ. കെ. അജയകുമാർ (കണ്ണൂർ)

# കോളേജ്-സർവ്വകലാശാല അദ്ധ്യാപകർ പാർലമെന്റ് മാർച്ച് നടത്തി

ശമ്പളപരിഷ്കരണം നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് ഓൾ ഇന്ത്യ ഫെഡറേഷൻ ഓഫ് യൂണിവേഴ്സിറ്റി ആൻഡ് കോളേജ് ടീച്ചേഴ്സ് ഓർഗനൈസേഷന്റെ നേതൃത്വത്തിൽ കോളേജ്-സർവ്വകലാശാല അദ്ധ്യാപകർ പാർലമെന്റ് മാർച്ച് സംഘടിപ്പിച്ചു. രാജ്യത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ളവർ പങ്കെടുത്തു. എ.കെ.പി.സി.ടി.എ., എ.കെ.ജി.സി.ടി., എഫ്.യു.ടി.എ. പ്രവർത്തകർ മാർച്ചിൽ അണിനിരന്നു.

ഏഴാം യു.ജി.സി. - എഐസിടിഇ ശമ്പളപരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് ഉടൻ നടപ്പാക്കുക, ശമ്പളപരിഷ്കരണത്തിന് ആവശ്യമായ തുക കേന്ദ്ര സർക്കാർ ധനസഹായമായി നൽകുക, ജിഡിപിയുടെ ആറ് ശതമാനം തുക വിദ്യാഭ്യാസത്തിനായി വകയിരുത്തുക, താൽക്കാലിക - കരാർ - ഗസ്റ്റ് അദ്ധ്യാപകർക്ക് സേവന-വേതന - സുരക്ഷാ വ്യവസ്ഥകൾ ഏർപ്പെടുത്തുക തുട




ങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് മാർച്ച് നടത്തിയത്. എ. സമ്പത്ത് എം.പി., ഐഫക്ടോ അഖിലേന്ത്യാ പ്രസിഡന്റ് ഡോ. കേശവ് ഭട്ടാചാര്യ അദ്ധ്യക്ഷനായി.

## കേന്ദ്രീകരണത്തെ ചെറുക്കുക ഫെഡറലിസം ശക്തിപ്പെടുത്തുക

# ഉന്നതവിദ്യാഭ്യാസവും നവകേരളസൃഷ്ടിയും

കേന്ദ്രീകരണത്തെ ചെറുക്കുക, ഫെഡറലിസം ശക്തിപ്പെടുത്തുക എന്നതാണ് നാം മുന്നോട്ടുവെച്ചിട്ടുള്ള മുദ്രാവാക്യം. സാമ്പത്തിക രംഗത്തും രാഷ്ട്രീയ രംഗത്തും പ്രസക്തമായ ഈ മുദ്രാവാക്യം അക്കാദമിക രംഗത്ത് പ്രസക്തമാകണമെങ്കിൽ നമ്മുടെ ചിന്താരീതിയിൽ ചില അഴിച്ചുപണികൾ നടത്തിയേതീരൂ. ഫെഡറലിസ്റ്റ് സമീപനത്തെ മുന്നോട്ടുവെക്കുന്ന വിജ്ഞാനോല്പാദന രീതിയെന്താണ് എന്നതാണ് ഉന്നത വിദ്യാഭ്യാസരംഗത്ത് പ്രസക്തമാകുന്ന ചോദ്യം. കേരളം അറുപതുവയസ്സു പൂർത്തീകരിക്കുകയും ഒരു നവകേരള സങ്കല്പം മുന്നോട്ടുവെക്കുകയും ചെയ്തിട്ടുള്ള ഈ ഘട്ടത്തിൽ ഈ ചോദ്യം കൂടുതൽ പ്രസക്തവുമാകുന്നു.

വിദ്യാഭ്യാസം എന്താണ്, എന്തിനാണ് എന്ന ചിന്തയിൽ നിന്നാണ് ആരംഭിക്കേണ്ടത്. ന്യൂക്ലിയർ കുടുംബം പോലെ അധ്യാപകരും വിദ്യാർത്ഥികളും സ്ഥാപനവും മാത്രം ഉൾപ്പെടുന്ന ഒരു പ്രക്രിയയാണ് അധ്യാപനം എന്ന ധാരണയിൽ നിന്നാണ് ഇന്നു നാം വിദ്യാഭ്യാസത്തെ നോക്കിക്കാണുന്നത്. അധ്യാപകരും വിദ്യാർത്ഥികളുമുൾപ്പെടുന്ന വിജ്ഞാനോല്പാദനത്തിന്റെയും വിജ്ഞാനവിതരണത്തിന്റെയും മണ്ഡലമാണ് അക്കാദമിക മണ്ഡലം. രണ്ടു തരം വിചാരമാതൃകകൾ ഇന്ന് വിദ്യാഭ്യാസത്തെപ്പറ്റി നിലവിലുണ്ട്.

1. വിദ്യാഭ്യാസം വ്യക്തിപരമായ ഒരു പ്രക്രിയയാണ് എന്നതാണ് ആദ്യത്തേത്. ഒറ്റപ്പെട്ട വ്യക്തിയും ആഗോള സമൂഹവും തമ്മിലുള്ള ഏകാന്തമായ വിനിമയമാണ് വിദ്യാഭ്യാസം എന്നതാണ് ഈ ചിന്താരീതി.

2. അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് നടത്തുന്ന സമൂഹ്യമായ അറിവന്വേഷണവും അറിവിന്റെ ഉല്പാദനവുമാണ് വിദ്യാഭ്യാസം എന്നതാണ് രണ്ടാമത്തെ ചിന്താരീതി.

ഈ രണ്ട് ആശയഗതികൾ തമ്മിലുള്ള സംഘർഷമാണ് ഇന്നു വിദ്യാഭ്യാസത്തിന്റെ എല്ലാ മേഖലകളിലും നടന്നുകൊണ്ടിരിക്കുന്നത്.

**പി. പവിത്രൻ**
പ്രൊഫസർ, ശ്രീശങ്കരാചാര്യ
സംസ്കൃത സർവ്വകലാശാല, കാലടി


കോർപ്പറേറ്റുകൾ ഇതിൽ ആദ്യത്തെ മാതൃക മുന്നോട്ടുവെക്കുന്നു. നമ്മുടെതുപോലുള്ള സംഘടിത പ്രസ്ഥാനങ്ങൾ രണ്ടാമത്തേത് മുന്നോട്ടുവെക്കുന്നു.

ദേശാതിർത്തികൾ ലംഘിച്ച് സാമ്പത്തിക ബന്ധങ്ങളും വിനിമയ വ്യവസ്ഥകളും വികസിക്കുന്ന ഈ ഘട്ടത്തിൽ അക്കാദമിക രംഗത്തു അഴിച്ചുപണി വേണമെന്നാണ് ആദ്യത്തെ വാദമുയർത്തുന്നവർ ആവശ്യപ്പെടുന്നത്. പ്രാദേശിക മുൻഗണനകളെല്ലാം നഷ്ടപ്പെടുത്തുന്ന അമൂർത്തമായ ഒരു ആഗോളതയാണ് ഇതിനു നിർദ്ദേശിക്കപ്പെടുന്ന പരിഹാരം. അതിനർത്ഥം ഒരു സമൂഹത്തിനും അവരുടെ രാഷ്ട്രീയ ഇച്ഛാശക്തിക്കനുസരിച്ചുള്ള വിദ്യാഭ്യാസ ക്രമം രൂപീകരിക്കുക സാധ്യമല്ല എന്നാണ്. ഇത് അംഗീകരിച്ചാൽ അക്കാദമിക രംഗത്തു യാതൊരു രാഷ്ട്രീയ സംഘടിത പ്രവർത്തനവും ആവശ്യമില്ല. രാഷ്ട്രീയമായ എല്ലാ സംഘടിത പ്രവർത്തനവും പുരോഗതിക്ക് വിഘാതവുമാണ്.

ആഗോളവൽക്കരണത്തിന്റെ ഈ യുക്തിക്ക് പകരംവെയ്ക്കേണ്ടത് ജനാധിപത്യപരമായ ഒരു അന്തർദ്ദേശീയതയാണ് എന്നതാണ് ബദൽ മുന്നോട്ടുവെക്കുന്നവരുടെ നിലപാട്. ദേശാതിർത്തികൾ ലംഘിക്കുന്നത് രാഷ്ട്രീയ ഇച്ഛാശക്തി നഷ്ടപ്പെടുത്താനല്ല, പകരം ഇതര ദേശങ്ങളുമായി രാഷ്ട്രീയവും ജനാധിപത്യപരവുമായ ബന്ധം സ്ഥാപിക്കാനാണ്. ദേശങ്ങളുടെ നിരാകരണമല്ല, അവ ചേർന്ന ജനാധിപത്യപരമായ വിനിമയ വ്യവസ്ഥയാണ് പുതിയ ലോകത്തിന് ആവശ്യം എന്നതാണ് ഈ സങ്കല്പം.

നമ്മുടെ സമൂഹത്തിനു വേണ്ടിയല്ല, മറ്റേതോ ലോകത്തിനു വേണ്ടി ഒറ്റയ്ക്കു രൂപപ്പെടുന്ന ഒരു വിദ്യാർത്ഥിയെ സൃഷ്ടിക്കാനാണ് നാം ലക്ഷ്യം വെയ്ക്കേണ്ടത് എന്നു ധരിച്ചാൽ പ്രായോഗിക സമൂഹവുമായുള്ള ബന്ധമെല്ലാം വിച്ഛേദിക്കപ്പെടുകയും പ്രാദേശിക സമൂഹത്തിന്റെ ആവശ്യങ്ങളും താത്പര്യങ്ങളും അവഗണിക്കപ്പെടുകയുമാണ് ചെയ്യുക. ദേശീയവും പ്രാദേശികവുമായ വികസനാവശ്യങ്ങളെയും മുൻഗണനകളെയും അപ്രസക്തമാക്കിക്കൊണ്ടുള്ള ഈ വ്യക്തിവാദ സമീപനത്തിലാണ്, അത്തരമൊരു ആഗോളവൽക്കരണ യുക്തിയി

**ദേശാതിർത്തികൾ ലംഘിച്ച് സാമ്പത്തിക ബന്ധങ്ങളും വിനിമയ വ്യവസ്ഥകളും വികസിക്കുന്ന ഈ ഘട്ടത്തിൽ അക്കാദമിക രംഗത്തും ആ നിലയിലുള്ള അഴിച്ചുപണി വേണമെന്നാണ് ആദ്യത്തെ വാദമുയർത്തുന്നവർ ആവശ്യപ്പെടുന്നത്. പ്രാദേശിക മുൻഗണനകളെല്ലാം നഷ്ടപ്പെടുത്തുന്ന അമൂർത്തമായ ഒരു ആഗോളതയാണ് ഇതിനു നിർദ്ദേശിക്കപ്പെടുന്ന പരിഹാരം.**





ലാണ്; ഒരു രാജ്യത്തെ സ്ഥാപനങ്ങളും മറ്റൊരു രാജ്യത്തെ സ്ഥാപനങ്ങളും തമ്മിൽ താരതമ്യം സാധ്യമാകുക. ഒരു സ്ഥാപനം ആ സമൂഹത്തിലെ ഇതര സ്ഥാപനങ്ങളുമായി പുലർത്തുന്ന ബന്ധങ്ങളെയും ധർമ്മങ്ങളെയും വിസ്മരിച്ചുകൊണ്ടാണ് ഒരു സമൂഹത്തിന്റെ ഘടനാബന്ധങ്ങളിൽ നിന്നു ഒരു സ്ഥാപനത്തെ മാത്രം അടർത്തിയെടുത്ത് മറ്റൊരു സമൂഹത്തിലെ മറ്റൊരു ഘടനാബന്ധത്തിലെ സ്ഥാപനവുമായി താരതമ്യം ചെയ്യുന്നത്.

സാർവലൗകികത എന്നത് ലോകമുതലാളിത്തത്തിന്റെ കേന്ദ്രത്തിൽ നിന്നു നോക്കിക്കാണുന്ന മട്ടിൽ അമൂർത്തവൽക്കരിക്കാൻ കഴിയുന്ന ഒന്നു മാത്രമാണ്. നിലവിലുള്ള പലതരം പഴങ്ങൾക്കുപകരം സാക്ഷാൽപഴം (ഫ്രൂട്ട്) മാത്രമാണ് എന്നു കരുതുന്നതോടുകൂടി ചക്കയുടെയും മാങ്ങയുടെയും വൈവിധ്യം നഷ്ടപ്പെടുന്നു. ഈ സാക്ഷാലുകൾ എല്ലാം യൂറോപ്യൻ - അമേരിക്കൻ ആണ് എന്നു വിശ്വസിപ്പിക്കുകയാണ് കോളനീകരണം ചെയ്തത്. ഫ്രൂട്ട് മാത്രം ബാക്കിയാവുന്നതിനാണ് ആഗോളവൽക്കരണം എന്നു പറയുന്നത്. ഇത് മറ്റു ജനതകളെ അവരുടെ അനുഭവങ്ങളിൽ നിന്നും ഉല്പാദന മണ്ഡലങ്ങളിൽ നിന്നും അന്യവൽക്കരിക്കുന്നു.

അക്കാദമിക സ്ഥാപനം കൊണ്ടും വിദ്യാർത്ഥിയെ കൊണ്ടും സമൂഹത്തിന് എന്തു നേട്ടമുണ്ടായി എന്നാണു നോക്കുന്നതെങ്കിൽ അന്തർദ്ദേശീയമായ ഒരു താരതമ്യം സാധ്യമല്ല. കേംബ്രിഡ്ജോ ഓക്സ്ഫോർഡോ ഹാർവാർഡോ അവരുടെ സമൂഹത്തിന് എന്തു സംഭാവന കൊടുക്കുന്നു എന്നുള്ളത് നമ്മുടെ സർവകലാശാലകൾ നമ്മുടെ സമൂഹത്തിന് എന്തു കൊടുക്കുന്നുവെന്നുള്ളതുമായി താരതമ്യം സാധ്യമല്ല. അതിനാൽ ഓക്സ്ഫോർഡോ കേംബ്രിഡ്ജോ ഹാർവാർഡോ ആകാനുള്ള യാന്ത്രികമായ ശ്രമമാണ് നാം നടത്തുന്നതെങ്കിൽ സ്ഥാപനവും സമൂഹവും തമ്മിലുള്ള ബന്ധം കണക്കിലെടുക്കുന്നില്ല എന്നാണർത്ഥം.

കേരള സമൂഹത്തിന്റെ വികാസം മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു വിദ്യാഭ്യാസ നയം ആവശ്യമാണ് എന്നതാണ് നവകേരള സങ്കല്പത്തിന്റെ അടിസ്ഥാനം. ഒരു വിദ്യാഭ്യാസസ്ഥാപനംകൊണ്ട് സമൂഹത്തിന് എന്താണ് നേട്ടം എന്ന ചോദ്യം നാം ഉന്നയിക്കുകയും ആ ചോദ്യത്തിന്റെ അടിസ്ഥാനത്തിൽ നാം സ്വയം തിരുത്തുകയും ചെയ്യുന്ന സാഹചര്യം വരുമ്പോഴാണ്

**ഓക്സ്ഫോർഡോ കാംബ്രിജോ ഹാർവാർഡോ ആകാനുള്ള യാന്ത്രികമായ ശ്രമമാണ് നാം നടത്തുന്നതെങ്കിൽ സ്ഥാപനവും സമൂഹവും തമ്മിലുള്ള ബന്ധം കണക്കിലെടുക്കുന്നില്ല എന്നാണർത്ഥം.**



**കരിക്കുലം മുതൽ ഈ ചോദ്യം തുടങ്ങുന്നു. ദക്ഷിണാഫ്രിക്കയിലെ വിദ്യാർത്ഥികൾ ഇന്ന് സമരരംഗത്തിറങ്ങുന്നത് എന്തുകൊണ്ട് ഞങ്ങളുടെ കരിക്കുലം ഇപ്പോഴും വെളുത്തതായിരിക്കുന്നു (വൈ ഔർ കരിക്കുലം ഈസ് സ്റ്റിൽ വൈറ്റ്?) എന്നു ചോദിച്ചുകൊണ്ടാണ്. വെളുത്തവന്റെ ഭരണം അവസാനിച്ചിട്ടും എന്തുകൊണ്ട് ഞങ്ങളുടെ കരിക്കുലം ഇപ്പോഴും വെളുത്തതായിരിക്കുന്നു. വെളുത്തതാണോ കറുത്തതാണോ എന്ന ചോദ്യം ഇന്ത്യയിലാണെങ്കിൽ സവർണമാണോ അവർണമാണോ എന്നതിലേക്കു കൂടി കടക്കും.**

വിദ്യാഭ്യാസ സ്ഥാപനം കൊണ്ടും അധ്യാപകരെക്കൊണ്ടും തങ്ങൾക്ക് പ്രയോജനമുണ്ട് എന്ന് സാധാരണക്കാർ തിരിച്ചറിയുന്നത്. ഈ യുക്തിക്കകത്തുള്ള ചിന്തയും പ്രയോഗവും സാധ്യമാണോ എന്നതാണ് ചോദ്യം.

ഫെഡറലായ ഒരു വിദ്യാഭ്യാസ വ്യവസ്ഥ മുന്നോട്ടുവച്ചു കൊണ്ടു മാത്രമേ വിദ്യാഭ്യാസ രംഗത്ത് ബദൽ സാധ്യമാകൂ. കേന്ദ്ര സർക്കാറിന്റെ കേന്ദ്രീകരണ നയങ്ങളും കേരളം പോലുള്ള സംസ്ഥാനങ്ങളുടെ ആസൂത്രണവും തമ്മിലുള്ളതാണ് വിദ്യാഭ്യാസ രംഗത്തും ഫെഡറലിസത്തിലെ പ്രധാന വൈരുധ്യം. കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള താത്പര്യവൈരുധ്യം ഒരേ തലത്തിലും ഒരേ രീതിയിലും പ്രവർത്തിക്കുന്നവർ തമ്മിലുള്ള അധികാരത്തർക്കവും അതിർത്തിത്തർക്കവുമല്ല, പകരം സമീപനത്തിലെ വ്യത്യാസമാണ്. കൊളോണിയൽ കാലം വരെ വേരുകളുള്ള ജനതാത്പര്യവും ഭരണകൂട താത്പര്യവും തമ്മിലുള്ള വൈരുധ്യത്തിലാണ് ഇതു നിലനില്ക്കുന്നത്. ദേശീയതയെയും അന്തർദ്ദേശീയതയെയും ജനപക്ഷത്തുനിന്നു കൊണ്ട് പ്രശ്നവൽക്കരിക്കേണ്ടതുണ്ട്. നവകോളനീകരണത്തിനെതിരെയുള്ള സമരത്തിന്റെ ഭാഗമാണത്.

കരിക്കുലം മുതൽ ഈ ചോദ്യം തുടങ്ങുന്നു. ദക്ഷിണാഫ്രിക്കയിലെ വിദ്യാർത്ഥികൾ ഇന്ന് സമരരംഗത്തിറങ്ങുന്നത് എന്തുകൊണ്ട് ഞങ്ങളുടെ കരിക്കുലം ഇപ്പോഴും വെളുത്തതായിരിക്കുന്നു (വൈ ഔർ കരിക്കുലം ഈസ് സ്റ്റിൽ വൈറ്റ്?) എന്നു ചോദിച്ചുകൊണ്ടാണ്. വെളുത്തവന്റെ ഭരണം അവസാനിച്ചിട്ടും എന്തുകൊണ്ട് ഞങ്ങളുടെ കരിക്കുലം ഇപ്പോഴും വെളുത്തതായിരിക്കുന്നു. വെളുത്തതാണോ കറുത്തതാണോ എന്ന ചോദ്യം ഇന്ത്യയിലാണെങ്കിൽ സവർണമാണോ അവർണമാണോ എന്നതിലേക്കു കൂടി കടക്കും.

## ആഗോളവൽക്കരണവും അന്തർദ്ദേശീയതയും

ഭരണകൂട ദേശീയതയും ജനകീയ ദേശീയതയും തമ്മിലുള്ള വൈരുധ്യം പോലെ കോർപ്പറേറ്റുകളുടെ അന്തർദ്ദേശീയതയും ജനകീയമായ ഒരു അന്തർദ്ദേശീയതയും തമ്മിലും വൈരുധ്യമുണ്ട്. കോർപ്പറേറ്റുകളുടെ അന്തർദ്ദേശീയതയെയാണ് ആഗോളവൽക്കരണം എന്നു വിളിക്കുന്നത്. ജനകീയമായ രാഷ്ട്രീയാധികാരം നഷ്ടപ്പെടാതെ, ദേശാന്തരഘടകങ്ങളെക്കൂടി കണക്കിലെടുത്തു കൊണ്ടുള്ള സമീപനത്തെയാണ് ജനകീയമായ അന്തർദ്ദേശീയത എന്നു വിളിക്കുന്നത്. രാഷ്ട്രം എന്ന ഭൂവിഭാഗത്തെയോ ഭരണകൂടത്തെയോ അല്ല ദേശം എന്ന വാക്കു കൊണ്ട് അർത്ഥമാക്കുന്നത്. ജനതയെയും അവരുടെ ജീവിത ബന്ധങ്ങളെയുമാണ്. അതുകൊണ്ട് അന്താരാഷ്ട്രീയം എന്ന സങ്കല്പവും അന്തർദ്ദേശീയം എന്ന സങ്കല്പവും വ്യത്യസ്തമാണ്.

ആഗോളവൽക്കരണം എന്നാൽ സാർവലൗകികതാ യുക്തിയും അന്തർദ്ദേശീയവൽക്കരണം എന്നാൽ വൈവിധ്യത്തെ അംഗീകരിക്കലുമാണ്. രണ്ടു തരം സൗന്ദര്യഘടനകളാണത്. രണ്ടുതരം രാഷ്ട്രീയഘടനകൾ.

(ആഗോളവൽക്കരണത്തിന് ബദലായി വെയ്ക്കുന്ന അന്തർദ്ദേശീയത പ്രാദേശികതകളുടെ പരസ്പര ബന്ധത്തിൽ നിന്നു രൂപപ്പെടുന്നതാണ്. അമേരിക്കയ്ക്കും യൂറോപ്പിനും മാത്രമല്ല, ലോകത്തിലെ എല്ലാ സ്ഥലങ്ങൾക്കും അതിൽ തുല്യപ്രാധാന്യമുണ്ട്. ഓരോ പ്രദേശവും കൊളോണിയലായ ഒരു ലോക തലസ്ഥാനവുമായി, അതിന്റെ യജമാനത്വവുമായി പ്രജാപരമായ ബന്ധം സ്ഥാപിക്കലല്ല അത്. പകരം ഓരോ അക്കാദമിക സ്ഥാപനവും അത് നിലനില്ക്കുന്ന സമൂഹത്തിലെ ജനങ്ങളുമായി അവ

രുടെ ജീവിതത്തിന്റെ വിവിധ തരം വ്യവഹാരങ്ങളുമായി ജൈവബന്ധം സ്ഥാപിക്കലാണ്.

ആഗോളവൽക്കരണത്തിന് ബദൽ പ്രദേശവൽക്കരണമാണെന്നു പറയുമ്പോൾ അത് അക്കാദമിക മേഖലയിൽ നിന്നു സ്വയം രൂപപ്പെടുന്നതല്ല, സ്വന്തം ദേശത്തെ ജനതയുടെ ആവശ്യങ്ങളുമായി അക്കാദമിക സമൂഹം ഐക്യപ്പെടുന്നതിലൂടെ രൂപപ്പെടുന്നതാണത്. ഒരു സമൂഹത്തിന്റെ ആവശ്യങ്ങൾ തന്നെയാണോ ആ സമൂഹത്തിലെ അക്കാദമിക സ്ഥാപനങ്ങൾ മുന്നോട്ടുവെക്കുന്നത് എന്നതാകണം അന്തർദ്ദേശീയ നിലവാരത്തെ നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം. ജനങ്ങൾ സംസാരിക്കുന്ന ഭാഷയിൽത്തന്നെയാണോ വിജ്ഞാനം ഉല്പാദിപ്പിക്കുന്നത് എന്നതാണ് അതിലെ പ്രധാന ചോദ്യം.)

കോളനിവാസികൾ തദ്ദേശജനതയും അവരെ ഭരിച്ച യൂറോപ്യൻശക്തികൾ അന്തർദ്ദേശീയശക്തിയുമാണ് എന്നതാണ് ലോകത്തെക്കുറിച്ചുള്ള നമ്മുടെ ചിന്തയുടെ ആദിരൂപമാതൃക. അന്തർദ്ദേശീയം എന്നാൽ യൂറോപ്പിന്റെ സ്വകാര്യതയെ അവരുടെ മുൻഗണനകളെ ലോക ജനതയെ ആകെ ബോധ്യപ്പെടുത്തുന്ന പ്രക്രിയയാണ്. കൊളോണിയൽ കാലത്ത് അത് യൂറോപ്പിന്റെ സ്വകാര്യ താത്പര്യമാണെങ്കിൽ ഇന്ന് അമേരിക്കയുടെ മുൻഗണനയെ ലോകജനതയുടെ ആകെ മുൻഗണനയാക്കുന്ന പ്രക്രിയയുടെ പേരാണത്. യൂറോപ്പും അമേരിക്കയും ചേർന്നാൽ ജനസംഖ്യ 102 കോടിയാണ്. ഇന്ത്യയിലെ ജനസംഖ്യ 125 കോടിയാണ്. മൂന്നാം ലോക രാജ്യങ്ങളെന്നു വിളിക്കുന്ന രാജ്യങ്ങൾ മുഴുവൻ ചേർന്നാലുള്ള ജനസംഖ്യ 600 കോടിയിലേറെ വരും. ഈ ആളുകളുടെ അജണ്ട മുഴുവൻ അമേരിക്കയും യുറോപ്പുമുൾക്കൊള്ളുന്ന (അതിൽ തന്നെ അമേരിക്കയും പശ്ചിമയൂറോപ്പുമുൾപ്പെടുന്ന, അതിലെ വരേണ്യ വർഗത്തിനു വേണ്ടി മാത്രം) ഈ ചെറിയ പ്രദേശം നിശ്ചയിക്കുകയും അവരുടെ രീതിശാസ്ത്രത്തെയും മുൻഗണനകളെയും പദ്ധതികളെയും നമ്മൾ സ്വാംശീകരിക്കുകയും ചെയ്യുന്ന പ്രക്രിയയാണ് നമ്മൾ അന്തർദ്ദേശീയം എന്നു വിളിക്കുന്നത്. അധികാരത്തിൽ നിന്നുപുറത്തായ മൂന്നാംലോകത്തെ മഹാഭൂരിപക്ഷം വരുന്ന ജനതയും അവരുടെ പ്രദേശവും 'തദ്ദേശീയ'മായിരിക്കുകയും അധികാരമുള്ള ഒരു ന്യൂനപക്ഷം ജനതയും അവരുടെ പ്രദേശവും 'അന്തർദ്ദേശീയ'മായിരിക്കുകയും ചെയ്യുക എന്നതാണ് ആധുനിക വിദ്യാഭ്യാസം നമുക്ക് നൽകുന്ന ഭൂപടപരമായ പ്രത്യയശാസ്ത്ര ബോധം. അന്തർദ്ദേശീയതയിലാണ് ആധുനിക വിജ്ഞാനങ്ങൾ ഉല്പാദിപ്പിക്കപ്പെടുകയും വിതരണം ചെയ്യപ്പെടുകയും ചെയ്യുന്നത് എന്നും തദ്ദേശീയത വിജ്ഞാനോല്പാദന ശേഷിയില്ലാത്ത പ്രാകൃത ലോകമാണ് എന്നുമുള്ള മുൻവിധിയിലാണ് അക്കാദമിക ലോകം ദൈനംദിന പ്രവർത്തനത്തിലേർപ്പെട്ടുകൊണ്ടിരിക്കുന്നത്. തദ്ദേശീയമെന്ന് വിളിക്കപ്പെടുന്ന ജനതകളുടെ ഏകോപനത്തിലൂടെ മാത്രമേ ജനാധിപത്യപരമായ ഒരന്തർദ്ദേശീയത സാധ്യമാകൂ എന്നാണിത് കാണിക്കുന്നത്. തദ്ദേശീയമെന്നു വിളിക്കപ്പെടുന്ന പ്രദേശങ്ങളെയും അവരുടെ വിജ്ഞാനത്തെയും വിജ്ഞാനോല്പാദനത്തെയും മുന്നോട്ടുവെക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നതിലൂടെയും മാത്രമേ അന്തർദ്ദേശീയമായ ബദൽ സാധ്യമാകൂ. അന്തർദ്ദേശീയ വിജ്ഞാനോല്പാദനത്തിന്റെ ഭാഷ യൂറോപ്യനും തദ്ദേശീയ വിജ്ഞാനോല്പാദനത്തിന്റെ ഭാഷ പ്രാദേശികവുമാണെന്ന് കൊളോണിയൽ ഘട്ടത്തിൽ ഉറപ്പിച്ചിരുന്നതിനാൽ ഭാഷാവബോധത്തിലുള്ള ഒരട്ടിമറിയിലൂടെ മാത്രമേ നമുക്ക് വിജ്ഞാനോല്പാദനത്തിന്റെ ഈ അധികാരഘടനയെ അന്തർദ്ദേശീയമായി അട്ടിമറിക്കാനാവൂ. വിവരങ്ങളുടെ ശേഖരണത്തെക്കാൾ അവബോധപരമായ ഒരു വിച്ഛേദമാണ് ഇത് നമ്മിൽ നിന്ന് ആവശ്യപ്പെടുന്നത്. അതിനെയാണ് രാഷ്ട്രീയാവബോധം എന്നു വിളിക്കുന്നതും.

അന്തർദ്ദേശീയ ജേർണലുകളെക്കുറിച്ചു ചർച്ച ചെയ്യുന്ന സന്ദർഭത്തിൽ ഒരു വിദ്യാർത്ഥി ചോദിച്ചു. അല്ല, പാരീസിൽ നിന്ന് ഇങ്ങോട്ടു നോക്കിയാൽ



ഭാഷാപോഷിണി ഒരു അന്തർദ്ദേശീയ ജേർണലല്ലേ. അന്തർദ്ദേശീയം എന്നു പറഞ്ഞാൽ ലോകത്തിൽ ഒരു കർത്തൃസ്ഥാനം, കാഴ്ചസ്ഥാനം, നില്പുസ്ഥാനം മാത്രമേയുള്ളു എന്നും അവിടെ നിന്നുള്ള നോട്ടങ്ങൾ മാത്രമേ ആധികാരികമായ നോട്ടങ്ങളാകുകയുള്ളൂ എന്നുമുള്ള തെറ്റിദ്ധാരണയെയാണ് ആ വിദ്യാർത്ഥി ചോദ്യം ചെയ്തത്. നിലവിലുള്ള അന്തർദ്ദേശീയത എല്ലാ ജനതകളുടെയും ആഭ്യന്തരമായ കാഴ്ചസ്ഥാനങ്ങളെ റദ്ദാക്കുകയും അതിനു പകരം ഒരു ലോകകേന്ദ്രത്തിൽ നിന്നുള്ള ഏക നോട്ടസ്ഥാനത്തിന്റെ ആധികാരികതയ്ക്ക് അവയെ വിധേയമാക്കുകയും ചെയ്യലാണ്. വിശ്വപൗരന്മാർ എന്ന സങ്കല്പം ഈ തെറ്റിദ്ധാരണയിലാണ് കെട്ടിപ്പൊക്കിയിട്ടുള്ളത്. ന്യൂയോർക്കിലോ പാരീ




സിലോ ലണ്ടനിലോ പോയാലേ നാം വിശ്വപൗരന്മാരാകൂ. ആഫ്രിക്കയിലോ പശ്ചിമേഷ്യയിലോ പോകുന്നത് വിശ്വത്തിലേക്കുള്ള യാത്രയല്ല. യൂറോപ്പ് ഒരു പ്രത്യേക ഭൂപ്രദേശം മാത്രമല്ല, അത് കൊളോണിയൽ ജനതയുടെ മാനസികാവസ്ഥ കൂടിയാണ് എന്നു പറയുന്നത് അതുകൊണ്ടാണ്. എൻഗുഗി പറഞ്ഞതുപോലെ മനസ്സിനെ അപകോളനീകരിച്ചുകൊണ്ടു മാത്രമേ പൊതു സമൂഹത്തിനു വേണ്ടി വിജ്ഞാനം ഉല്പാദിപ്പിക്കാൻ സാധിക്കുകയുള്ളൂ. അത് നമ്മുടെ അക്കാദമിക സമൂഹം ഉൾക്കൊള്ളുമോ എന്ന ചോദ്യം പ്രസക്തമാണ്. ലോക ഭാഷ, പ്രാദേശികഭാഷ എന്ന വിഭജനത്തെ മറികടന്നു കൊണ്ടു മാത്രമേ ഇന്നത്തെ അക്കാദമിക ലോകത്തിന് ഇതിലെത്തിച്ചേരാനാകൂ.

## മാതൃഭാഷയുടെ രാഷ്ട്രീയം

മാതൃഭാഷയുമായി ബന്ധപ്പെട്ട രാഷ്ട്രീയത്തിന് വിവിധ തലങ്ങളുണ്ടെന്നുപറയാം.

**1. സൗന്ദര്യാത്മക സാംസ്കാരിക തലം**

മാതൃഭാഷാ സാഹിത്യത്തെയും അതിന്റെ പഠനത്തെയും മുൻനിർത്തിയുള്ളതാണത്. സൗന്ദര്യാത്മക വിദ്യാഭ്യാസമെന്ന നിലയിൽ സ്കൂളുകളിലും കോളേജുകളിലും മലയാളം ഒരു വിഷയമെന്ന നിലയിൽ പഠിപ്പിക്കണം എന്നു പറയുമ്പോൾ ഉദ്ദേശിക്കുന്നത് ഈ സാംസ്കാരിക അജണ്ടയാണ്. എൺപതുകൾ മുതൽ മലയാളത്തെ സംബന്ധിച്ച ചർച്ചകൾ പൊതുവെ ഈ മേഖലയിൽ ഒതുങ്ങുകയാണുചെയ്തത്. അതുകൊണ്ടു തന്നെ സാഹിത്യരചയിതാക്കളാണ്, അവർ മാത്രമാണ് മാതൃഭാഷാവിഷയത്തിൽ എല്ലായ്പോഴും ഇടപെട്ടു പോന്നത്.

**2. രാഷ്ട്രീയ തലം**

ഭരണകൂടവും ജനതയും തമ്മിലുള്ള അധികാര വൈരുധ്യത്തിൽ ഭാഷ ഒരു പങ്കുവഹിക്കുന്നു എന്നതാണ് അതിനെ രാഷ്ട്രീയമായി പ്രസക്തമാക്കുന്നത്. കൊളോണിയൽ ഭരണത്തിലൂടെ നൂറ്റാണ്ടുകൾ കടന്നുപോയ സമൂഹത്തിൽ ഇപ്പോഴും ഭരണകൂടത്തിന്റെ ഭാഷ കൊളോണിയൽ അധികാരികളുടെ ഭാഷയാണ്. ഭരണകൂടത്തെ അപകോളനീകരിക്കുന്നതിലും അപമിത്തീകരിക്കുന്നതിനും ഭരണത്തിന്റെയും കോടതിയുടെയും ഭാഷ മാതൃഭാഷയാകണം എന്ന വാദമാണ് ഈ തലത്തിൽ പ്രധാനം. അതോടൊപ്പം ഭൂരിപക്ഷഭാഷയുടെ ആധിപത്യത്തിൽ നിന്ന് ന്യൂനപക്ഷഭാഷകളെയും ആദിവാസി ഗോത്രഭാഷകളെയും സംരക്ഷിക്കേണ്ടതും അവയ്ക്ക് പരമാവധി വികസന സാധ്യത നൽകേണ്ടതും അവരുടെ രാഷ്ട്രീയാധികാരവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന തിരിച്ചറിവും ഈ സമീപനത്തിലുണ്ട്.

**3. സാമ്പത്തികം**

ഒരു സമൂഹത്തിന്റെ സാമ്പത്തിക വികസനത്തിൽ മാതൃഭാഷയ്ക്ക് നിർണായകമായ പ്രാധാന്യമുണ്ട് എന്നതാണ് ഈ തലത്തിൽ പ്രസക്തമാകുന്നത്. മാതൃഭാഷ പഠനമാധ്യമമായി ഉപയോഗിക്കേണ്ടത് ഒരു സമൂഹത്തിന്റെ വികസനത്തിന് അനിവാര്യമാണ് എന്ന തിരിച്ചറിവു കൂടിയാണിത്. നാടിനു വേണ്ട വികസനം സാധ്യമാകണമെങ്കിൽ ഗവേഷണ ഭാവന തന്നെ അപകോളനീകരിക്കപ്പെടേണ്ടതുണ്ടെ

ന്നും അതിനുള്ള ഉപാധി അത് മാതൃഭാഷാ മാധ്യമത്തിലാകുകയാണെന്നുമുള്ള തിരിച്ചറിവ് ഇന്നുണ്ട്. ലോകത്തിലെ വികസിത രാജ്യങ്ങളെല്ലാം മാതൃഭാഷയെ പഠനമാധ്യമമാക്കിയവരാണ്. ഇക്കാര്യം അസന്ദിഗ്ധമായി കെ.സേതുരാമൻ മലയാളത്തിന്റെ ഭാവി എന്ന പുസ്തകത്തിൽ വിശകലനം ചെയ്തു തെളിയിക്കുന്നുണ്ട്.

കേരളത്തിൽ മലയാളം ആധുനിക തൊഴിൽമേഖലയുടെ ഭാഷയാകുക എന്നതും കേരളത്തിലെ തൊഴിൽ പരീക്ഷകൾ മലയാളത്തിൽ നടത്തുക (ഇപ്പോഴത്തെ സാഹചര്യത്തിൽ മലയാളത്തിൽ കൂടി) എന്നതും സാമ്പത്തിക മേഖലയിൽ പ്രസക്തമാണ്. സാംസ്കാരിക വിഭവമെന്ന നിലയിൽ മലയാളം സാമ്പത്തിക വിഭവം കൂടിയാണ്. കേരളത്തിലെ പുസ്തക വ്യവസായമുൾപ്പെടെ കേരളത്തിന്റെ ഉല്പാദന മേഖലയുടെ ഭാഗമാണ്.

**4. ഇന്ത്യൻ ഫെഡറലിസം**

സാമ്പത്തിക രാഷ്ട്രീയ തലങ്ങളെ ഒന്നിപ്പിക്കുന്ന മറ്റനേകം ഘടകങ്ങളും മാതൃഭാഷയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇന്ത്യയിൽ സംസ്ഥാനങ്ങൾ ഭാഷാടിസ്ഥാനത്തിലാണ് രൂപപ്പെട്ടിട്ടുള്ളത് എന്നതിനാൽ ഇന്ത്യയുടെ ഫെഡറലിസത്തിന്റെ രാഷ്ട്രീയം ഇന്ത്യൻ ഭാഷകളുടെ പുരോഗതിയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇന്ത്യയിലെ ഭാഷകൾക്ക് ഏല്ക്കുന്ന പരിക്ക് ഇന്ത്യയുടെ ഫെഡറലിസത്തിനേല്ക്കുന്ന പരിക്കുകൂടിയാണ്.

സമകാലികമായ ഈ തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടനപത്രികയിൽ ഗവേഷണ തലം വരെ മലയാളം കൂടി പഠനമാധ്യമാക്കും എന്നു വ്യക്തമാക്കിയിട്ടുള്ളത്.

## മാതൃഭാഷ-അറിവുല്പാദനത്തിന്റെ സാമൂഹ്യാനുഭൂതി


തദ്ദേശീയ ജനതയിൽ നിന്നാരംഭിക്കുന്ന വിജ്ഞാനോല്പാദനം തദ്ദേശീയ ഭാഷയിൽ തന്നെയാണ് ആരംഭിക്കേണ്ടത്. ദേശീയ പ്രസ്ഥാന കാലത്തു തന്നെ മുന്നോട്ടുവെച്ചിരുന്ന ആശയമാണത്. എല്ലാ മതത്തിലുമുൾപ്പെട്ട ആധുനിക ഇന്ത്യൻ ജനതകൾ ചേർന്നതാണ് ഇന്ത്യൻ ദേശീയത എന്നതിനു പകരം ഒരു പ്രാചീന സാങ്കല്പിക ലോകമാണ് ഇന്ത്യ എന്ന ഫാസിസ്റ്റ് ആശയം ഉറപ്പിക്കുമ്പോൾ അതിന് ഒരു ഭാഷാടിസ്ഥാനം കൂടിയുണ്ട്. ഇതു മനസ്സിലാക്കാതെ ഫാസിസത്തെ സാംസ്കാരികമായി ചെറുക്കാൻ സാധ്യമല്ല. ഇന്ത്യയെ വിഭാവനം ചെയ്യേണ്ടത് ആധുനിക ഇന്ത്യൻ ഭാഷകളുടെ ഐക്യത്തിലൂടെയാണോ അതോ സംസ്കൃതത്തിൽ കൂടി മാത്രമാണോ? സംസ്കൃതത്തെ കേന്ദ്രമാക്കിക്കൊണ്ട് ഇന്ത്യയെ നോക്കിക്കാണുന്ന ഓറിയന്റലിസ്റ്റ് യുക്തിയിലാണ് ഇന്നത്തെ സൈനികദേശീയതയുടെ സങ്കല്പനപരമായ അടിത്തറ കുടികൊള്ളുന്നത്. ഭാരതത്തനിമയിൽ നിന്ന് ഇന്ത്യൻ ദേശീയതയിലേക്ക് എന്ന പേരിൽ ഇ.എം.എസിന്റെ ഒരു ലേഖനമുണ്ട്. ഭാരതത്തനിമ ഓറിയന്റലിസ്റ്റുകൾ മുന്നോട്ടുവെച്ചതും ഇന്ത്യൻ ദേശീയത ഇന്ത്യയിലെ സമരം ചെയ്യുന്ന ജനങ്ങൾ മുന്നോട്ടുവെച്ചതുമാണ്. അതിനാൽ ആധുനിക ഇന്ത്യൻ ഭാഷകളെ മുൻനിർത്തിയുള്ള സമീപനം ഇപ്പോഴത്തെ ദേശീയ തലത്തിലെ കേന്ദ്രീകരണ പ്രവണതയെ നേരിടണമെങ്കിലും ഇതാവശ്യമാണ്. ഐഐടികളിൽ സംസ്കൃതം നിർബന്ധ വിഷയമാക്കുന്നത് നോക്കുക. സംസ്കൃതത്തിന്റെ സംഭാവനകളെ വേണ്ട മണ്ഡലത്തിൽ മാനിക്കുന്നതിനു പകരം അതുമാത്രമാണ് വിജ്ഞാന വാഹിനി എന്ന നില സ്വീകരിച്ചാൽ അത് ആത്യന്തികമായി ഹിന്ദുത്വത്തിലെത്തിച്ചേരും.



സൈനിക ദേശീയത കൊളോണിയൽ ഭരണത്തിന്റെ തുടർച്ചയാണ്. സംസ്കൃത കേന്ദ്രിതമായ ഒരു ഭൂതകാല സങ്കല്പവും ഇംഗ്ലീഷ് കേന്ദ്രിതമായ ഭരണകൂട നിർമിതിയും ചേരുമ്പോൾ അറിവിന്റെ മേഖലയിലെ സാമൂഹ്യമായ അന്യവൽക്കരണം പൂർത്തിയാകുന്നു. സമൂഹനിർമാണത്തിനുള്ള വിദ്യാഭ്യാസമല്ല ഭരണകൂട നിർമാണത്തിനുള്ള വിദ്യാഭ്യാസമാണ് മെക്കാളെ സങ്കല്പിച്ചത്. സർക്കാറും ജനങ്ങളും

തമ്മിലുള്ള ഏകമുഖമായ ബന്ധം മാത്രമായി വിദ്യാഭ്യാസത്തെ ഒതുക്കിയത് മെക്കാളെയുടെ നോട്ടമാണ്. സർക്കാർ ഉദ്യോഗത്തിനപ്പുറത്ത് വിദ്യാഭ്യാസത്തിന് അർത്ഥമില്ല, സാധ്യതയില്ല എന്നു വന്നു. സാധാരണ പൗരന്മാരായി ജീവിക്കുന്നവർക്കുള്ള ഒരു വിദ്യാഭ്യാസവും കോളനീകരണത്തിനു ശേഷം വിദ്യാഭ്യാസവ്യവസ്ഥ ആർക്കും നൽകിയിട്ടില്ല എന്ന് ഇ.എം.എസ് പറയുന്നുണ്ട്. സർക്കാർ ഉദ്യോഗത്തിനപ്പുറം എന്ത് അവബോധമാണ്, ഉല്പാദനക്ഷമതയാണ് വിദ്യാഭ്യാസത്തിലൂടെ സാധാരണക്കാർക്ക് നൽകാനുള്ളത് എന്ന ചോദ്യം ചോദിച്ചുകൊണ്ടു മാത്രമേ ഫാസിസ്റ്റ് വിരുദ്ധവും ഭരണകൂടനിർമിതിക്കപ്പുറവുമുള്ള ഒരു വിദ്യാഭ്യസ സങ്കല്പം മുന്നോട്ടുവക്കാനാവൂ.

ഇംഗ്ലീഷ് മാതൃഭാഷയായി ഉപയോ



ഗിക്കുന്ന പ്രദേശങ്ങളിൽ ആ ഭാഷ ആ സമൂഹത്തെയും അവിടത്തെ ദൈനംദിന ജീവിതത്തെയും ഉൾക്കൊള്ളുന്നു. അവിടെ അവർക്കത് സാമൂഹ്യമായ അനുഭൂതി നൽകുന്നു. എന്നാൽ അത് മാതൃഭാഷയല്ലാത്ത സമൂഹത്തിൽ ഈ അനുഭൂതി നൽകാൻ ഇംഗ്ലീഷിന് സാധ്യമല്ല. സമൂഹത്തെ നിരാകരിച്ചുകൊണ്ടുള്ള വ്യക്തിപരമായ ഉൽക്കർഷേച്ഛയെ മാത്രമാണത് പ്രതിനിധീകരിക്കുന്നത്. വിവരശേഖരണത്തിന്റെയും ആശയസ്വീകരണത്തിന്റെയും മേഖലയിലാണ് നമ്മുടെതു പോലുള്ള സമൂഹങ്ങളിൽ ഇംഗ്ലീഷ് ഭാഷാ പഠനം പ്രസക്തമാകുന്നത്. ആ നിലയിൽ പ്രസക്തമാണുതാനും. എന്നാൽ ഒരു ജനതയുടെ വിജ്ഞാനോല്പാദനത്തിന്റെ മുഖ്യ ഉപാധിയായി അത് മാറുമ്പോൾ അറിവുല്പാദനത്തിന്റെ സമൂഹ്യാനുഭൂതിയാണ് ഇല്ലാതാകുന്നത്. അറിവിൽ നിന്നു ജനത ഒഴിഞ്ഞുപോകുന്നു. ഗവേഷകയുടെ സ്വത്വത്തിൽ നിന്നു ജനത ഒഴിഞ്ഞുപോകുന്നു. ജാതിവ്യവസ്ഥയുടെ തുടർച്ചയിൽ വ്യക്തിപരവും നിഗൂഢവും ധ്യാനാത്മകവുമായ പരിവേഷമാണ് സംസ്കൃതത്തിനു ചുറ്റുമുള്ളതും. നമ്മുടെ നാട്ടിൽ അറിവിന്റെ സാമൂഹ്യാനുഭൂതിയെ മുന്നോട്ടുവെക്കാൻ ഈ രണ്ടു ഭാഷകളും അസമർത്ഥമാണ്. അവയിലെ വിജ്ഞാനം പ്രയോജനപ്പെടുത്താമെന്നേയുള്ളു. പാരമ്പര്യ പണ്ഡിതനെ സാമൂഹ്യവും ജൈവികവുമായ ബുദ്ധിജീവിയാക്കുന്ന പ്രക്രിയ മാതൃഭാഷയിലാണ് നടക്കുന്നത്.

ജൈവികബുദ്ധിജീവി ഇന്നത്തെ ഇന്ത്യയിൽ പാരമ്പര്യ ബുദ്ധിജീവിയിൽ നിന്ന് സ്വയം വിച്ഛേദിക്കണമെങ്കിൽ ജനതയുടെ ഭാഷാ വൈവിദ്ധ്യത്തെക്കൂടി അറിഞ്ഞിരിക്കണം. ദേശാഭിമാനമുള്ള, ദേശീയ പാരമ്പര്യമുള്ള ഇന്ത്യക്കാരൻ ഹിന്ദുവാണ് എന്നു പറയുന്നതുപോലെ ഇന്ത്യൻ ദേശീയതയുടെയും ഇന്ത്യൻ പാരമ്പര്യത്തിന്റെയും വാഹകം സംസ്കൃതമാണ് എന്നും കരുതിപ്പോന്നു. ഫെഡറലിസം ചോദ്യം ചെയ്യുന്നത് ഈ സാംസ്കാരിക സങ്കല്പത്തെ തന്നെയാണ്. കേന്ദ്രീകരണത്തിനു പകരം ഫെഡറലിസം എന്നു പറയുമ്പോൾ അതിന്റെ സാംസ്കാരികമുഖം എന്താണ്? ദൈനംദിന ജീവിതത്തിൽ ഫെഡറലിസത്തിന്റെ സാംസ്കാരിക മുഖമെന്താണ്? സൗന്ദര്യബോധത്തിൽ, സാഹിതീയ ബോധത്തിൽ എന്താണ് കേന്ദ്രീകരണത്തിന് പകരമായി വെയ്ക്കാൻ പോകുന്നത്? ഏകഭാഷാപരമായ ഇന്ത്യയാണോ ബഹുഭാഷാപരമായ ഇന്ത്യയെയാണോ എന്ന ചോദ്യം കൊളോണിയൽ കാലത്തു തന്നെ ചോദിച്ചിരുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ ഇന്ത്യയിലും കേരളത്തിലും ആധുനിക വിദ്യാഭ്യാസം ആരംഭിക്കുന്ന ഘട്ടത്തിൽ തന്നെയാണ് മാതൃഭാഷയെ സംബന്ധിച്ച ആധുനിക ധാരണകളും വരുന്നത്. എഫ്.ഡബ്ല്യു. എല്ലിസ് ഒരു കാര്യം പറഞ്ഞുവെച്ചു. ദക്ഷിണേന്ത്യൻ ഭാഷകൾ സംസ്കൃതത്തിൽ നിന്നും ഉദ്ഭവിച്ചതല്ല. ഉത്തരേന്ത്യൻ ഭാഷകളുമായി ബന്ധപ്പെട്ടതുമല്ല. മലയാളത്തിന് തമിഴിനോടും കന്നടയോടും തെലുങ്കിനോടുമാണ് ബന്ധം. ദ്രാവിഡ ഭാഷകളുടെ പരസ്പര ബന്ധം ഈ നിലയിൽ തിരിച്ചറിയപ്പെട്ടു. 1858 ൽ റോബർട്ട് കാൾഡ്വലിന്റെ ദ്രാവിഡ ഭാഷാ വ്യാകരണം പുറത്തു വന്നതോടുകൂടിയാണ് സംസ്കൃത കേന്ദ്രിതമായ ഇന്ത്യ എന്നുള്ളത് വിട്ട് ബഹുഭാഷാപരമായ ഇന്ത്യ എന്ന സങ്കല്പത്തിന് അടി

ത്തറയിടുന്നത്.


ഇന്ത്യയിൽ വിദ്യാഭ്യാസ മാധ്യമത്തെ സംബന്ധിച്ച രണ്ടു പ്രമുഖ സമീപനങ്ങൾ കൊളോണിയൽ കാലത്തുണ്ടായിരുന്നു. 1. ആംഗ്ലിസിസ്റ്റുകൾ എന്നു പറയുന്ന ഇംഗ്ലീഷ് മാധ്യമ വാദികൾ. ഇംഗ്ലീഷിനെ കേന്ദ്രീകരിച്ചുകൊണ്ടാണ് ഇന്ത്യയെ കെട്ടിപ്പടുക്കേണ്ടത് എന്നാണവർ വാദിച്ചത്. 2. ഓറിയന്റലിസ്റ്റുകൾ. സംസ്കൃതമോ (ശങ്കരനെ നോക്കണം) പേഴ്സ്യനോ പോലുള്ള ഭാഷയാകണം മാധ്യമമെന്നു കരുതിയവർ.

ഈ രണ്ടു നിലപാടുകൾ തമ്മിലുള്ള വൈരുദ്ധ്യമാണ് ഇന്നും ഇന്ത്യയിൽ നിലനില്ക്കുന്നത്. ഈ രണ്ടു വീക്ഷണത്തിലൂടെയാണ് ഇന്ത്യയെ സങ്കല്പിക്കുന്നതെങ്കിൽ അത് നവകോളനീകരണത്തിന്റെയോ മതാധിപത്യത്തിന്റെയോ വഴിയിലാണ് എത്തിച്ചേരുക. അഥവാ രണ്ടും പരസ്പരം ശക്തിപ്പെടുത്തുന്ന ഒരു നിലപാടിൽ.

മൂന്നാമത് ഒരാശയം കൂടി അന്നു രൂപപ്പെട്ടിരുന്നു. പ്രാദേശിക ഭാഷകളാണ് വിദ്യാഭ്യാസത്തിന്റെ മാധ്യമമായി ഉപയോഗിക്കേണ്ടത് എന്നതാണത്. അക്കാദമിക മേഖലയിലെ ഫെഡറലിസത്തിനു വേണ്ടിയുള്ള സമരം അന്നാണ് പ്രാദേശിക ഭാഷകൾക്കു വേണ്ടി വാദിച്ചുകൊണ്ട് ഈ നിലയിൽ ആരംഭിക്കുന്നത്. പ്രാഥമികമായി ജനഭാഷയിലാണ് വിദ്യാഭ്യാസം നടത്തേണ്ടത് എന്ന കാഴ്ചപ്പാട് കയ്യൊഴിഞ്ഞുകൊണ്ട് നമുക്ക് ഫെഡറലിസത്തെക്കുറിച്ച് അക്കാദമിക മേഖലയിലോ സമൂഹത്തിലോ സംസാരിക്കാൻ സാധ്യമല്ല.

മലയാളത്തിന് ഇന്ത്യൻ ഭാഷകളിൽ വെച്ച് മറ്റു ചില സവിശേഷതകളുമുണ്ട്. ഏറ്റവുമധികം ശതമാനം ആളുകൾ ഉപയോഗിക്കുന്ന സംസ്ഥാന ഔദ്യോഗിക ഭാഷ മലയാളമാണ്. 96.4 ശതമാനം ജനങ്ങൾ കേരളത്തിൽ മലയാളം ഉപയോഗിക്കുന്നു. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ഒരു ഭാഷയ്ക്ക് ഇത്രയധികം ശതമാനം ജനങ്ങളുടെ മാതൃഭാഷ എന്ന പദവിയില്ല. ഹിന്ദി സംസ്ഥാനങ്ങൾ പലതും 90 ശതമാനത്തിൽ താഴെ മാത്രമാണ് ഹിന്ദി മാതൃഭാഷയായിട്ടുള്ളവർ. തമിഴ്നാട്ടിൽ പോലും തമിഴ് 90 ശതമാനത്തിൽ താഴെ മാത്രം ജനങ്ങളുടെ മാതൃഭാഷയാണ്.

കേരളത്തിൽ മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് നാം ഒരു മേന്മയായി എടുത്തുകാട്ടുന്ന മതേതരത്വത്തിന്റെയും അടിസ്ഥാനം മലയാളമാണ്. കേരളത്തിലെ ഹിന്ദുവിന്റെയും മുസ്ലിമിന്റെയും ക്രിസ്ത്യാനിയുടെയും മാതൃഭാഷ ഒന്നു തന്നെയാണ്. തെരുവിൽ ആണുങ്ങൾ മതം പറഞ്ഞു കലഹിച്ചാൽ പോലും അമ്മയും ഉമ്മയും അമ്മച്ചിയും ഉപ്പും മുളകും പങ്കിടുന്ന ഭാഷ ഒന്നു തന്നെയാണ്. ഉത്തരേന്ത്യയിൽ ഇതല്ല സ്ഥിതി. ആന്ധ്ര പ്രദേശിൽ രവിശങ്കർ എന്ന തെലുങ്കു കവിയെ ഹൈദരബാദിലെ മുസ്ലിം അറിഞ്ഞുകൊള്ളണമെന്നില്ല. കാരണം അയാളുടെ മാതൃഭാഷ ഉർദുവാണ്. ബഷീറും ആശാനും വർക്കിയും എഴുതിയ ഭാഷ നമുക്ക് മതേതരമായ സാമൂഹ്യാനുഭൂതിയാണ് പ്രദാനം ചെയ്യുന്നത്. കേരളത്തെ ഒറ്റ സമൂഹമാക്കി നിർത്തുന്നതിൽ ഏറ്റവും നിർണായകമായ ശക്തി മാതൃഭാഷയാണെന്ന തിരിച്ചറിവുണ്ടായാൽ മാത്രമേ മതേതര ഫെഡറൽ സംവിധാനം നമുക്കു മുന്നോട്ടു കൊണ്ടുപോകാനുമാകൂ.




## മലയാളത്തിൽ ഉന്നതവിദ്യാഭ്യാസം സാധ്യമാണോ?

അറിവിന്, അറിവ് ആർജ്ജനത്തിന് മൂന്നു തലങ്ങളുണ്ടെന്ന് പറയാം. ഇൻഫർമേഷൻ, നോളജ്, അവേർനസ് (വിവരം, വിജ്ഞാനം, അവബോധം) എന്നിവ. അവബോധവും അനുഭൂതിയുമാകുമ്പോഴാണ് അറിവ് രാഷ്ട്രീയരൂപമാകുന്നത്. അറിവിനെ രാഷ്ട്രീയവൽക്കരിക്കുമ്പോഴാണ് ഒരു പ്രദേശത്തെ ഇതര വ്യവഹാരങ്ങളുമായി അതു പുലർത്തുന്ന ജൈവബന്ധവും വ്യക്തമാകുക. എങ്കിലും മലയാളം പോലെയുള്ള ഒരു ഭാഷയിൽ ഉന്നത വിദ്യാഭ്യാസം സാധ്യമാണോ? പഠനമാധ്യമത്തിന്റെ കാര്യത്തിൽ ഇംഗ്ലീഷാണ് ലോകഭാഷ എന്നാണ് നാം ധരിക്കുന്നത്. എന്നാൽ ഒരു ഘട്ടത്തിൽ ഇംഗ്ല

ണ്ടിൽ ഇംഗ്ലീഷ് പ്രാഥമികതലത്തിൽ പോലും പഠനമാധ്യമമായിരുന്നില്ല. രാഷ്ട്രീയ ഇടപെടൽ കൊണ്ടാണ് ഇംഗ്ലീഷും പഠനമാധ്യമമായി വികസിച്ചത്.

ഇംഗ്ലണ്ട് എ.ഡി 1066 ൽ ഫ്രഞ്ച് മാതൃഭാഷയായ നോർമൻകാരുടെ ആധിപത്യത്തിന് കീഴിലമർന്നിരുന്നു. തുടർന്ന് നാലുനൂറ്റാണ്ടുകൾ ഇംഗ്ലണ്ടിൽ ഫ്രഞ്ച് ആധിപത്യമായിരുന്നു. ലാറ്റിനും ഫ്രഞ്ചും കഴിഞ്ഞേ ഇംഗ്ലീഷ് ഭാഷയ്ക്ക് സ്ഥാനമുണ്ടായിരുന്നുള്ളു. വിജ്ഞാനഭാഷയെന്ന നിലയിൽ ഇംഗ്ലീഷിനെ സ്ഥാപിക്കാൻ അവർ നൂറ്റാണ്ടുകൾ പണിപ്പെട്ടിട്ടുണ്ട്.

ന്യൂട്ടന്റെ ആദ്യകൃതിയായ പ്രിൻസിപ്പിയ ലാറ്റിൻ ഭാഷയിലാണ് രചിച്ചത്. തുടർന്നു മാതൃഭാഷാ ബോധം വിജ്ഞാനമേഖലയിലേക്കും വ്യാപിച്ചതിനു ശേഷമാണ് പ്രകാശശാസ്ത്രം (ഒപ്റ്റിക്സ്) എന്ന കൃതി മാതൃഭാഷയായ ഇംഗ്ലീഷിൽ ന്യൂട്ടൻ പ്രസിദ്ധീകരിക്കുന്നത്. തുടർന്ന് 1706ൽ ലാറ്റിനിലേക്ക് അത് തിരിച്ച് വിവർത്തനം ചെയ്യുകയാണുണ്ടായത്. ഇംഗ്ലീഷ് ഭാഷാചരിത്രത്തിലെ വിച്ഛേദത്തിന് ഈ കൃതി കാരണമായെന്നാണ് കരുതപ്പെടുന്നത്. ലാറ്റിനിലെഴുതിയ പ്രിൻസിപ്പിയയാണ് ഇംഗ്ലീഷിലെഴുതിയ ഒപ്റ്റിക്സിനെക്കാൾ വായിച്ചു മനസ്സിലാക്കാൻ എളുപ്പം എന്ന വിമർശനം ന്യൂട്ടൻ തന്റെ കാലത്ത് കേട്ടിരുന്നു.




ന്യൂട്ടന്റെ കൃതി വരുന്നതിനും രണ്ടു നൂറ്റാണ്ടു മുമ്പ് ഗണിതയുക്തിഭാഷ (1530) എന്ന കൃതി കേരളത്തിൽ മലയാളത്തിൽ എഴുതപ്പെട്ടിരുന്നു. കേരളത്തിന്റെ ഭൗതികജീവിതത്തിലെ ശാസ്ത്രഭാഷയുടെ തുടർച്ചയായി ആ കൃതിയെ കണക്കാക്കാം. കേരളത്തിലെ ആശാരിമാർ ഏതുഭാഷയിലാണ് കെട്ടിടം പണിതിരുന്നത്? പെരുന്തച്ചന്റെ ഭാഷ ഏതായിരുന്നു? കാർഷിക സമൂഹത്തിനകത്തെ കേരളത്തിന്റെ ഉല്പാദനഭാഷ മലയാളമായിരുന്നു. വ്യാവസായിക വിപ്ലവത്തിന്റെ ഘട്ടത്തിലെത്തിയപ്പോൾ എന്തുകൊണ്ട് മലയാള ഭാഷയെ അതിനനുഗുണമായി വികസിപ്പിക്കാൻ കഴിഞ്ഞില്ല? ഉന്നത വിദ്യാഭ്യാസത്തിന്റെ മാധ്യമമായി മലയാളത്തെ ഉപയോഗിക്കാൻ കഴിയില്ല എന്ന ധാരണയാണ് അടിസ്ഥാനം.

മലയാളത്തിന്റെ ഭാവി എന്ന കെ. സേതുരാമന്റെ പുസ്തകത്തിൽ ലോകത്തിൽ എങ്ങിനെയൊക്കെ ഉന്നത വിദ്യാഭ്യാസത്തിന് മാതൃഭാഷ മാധ്യമമായി ഉപയോഗിച്ച സമൂഹങ്ങൾ സാമ്പത്തികമായി വികസിച്ചുവെന്നും അത് ഉപയോഗിക്കാൻ മടിച്ച സമൂഹങ്ങൾ എങ്ങിനെ സാമ്പത്തിക മേഖലയിൽ പാപ്പരായി എന്നും കാണിക്കുന്നുണ്ട്. സാമ്പത്തികശാസ്ത്രമാണ്, ഭാഷയല്ല സേതുരാമന്റെ അക്കാദമിക പഠനവിഷയം എന്നോർക്കുക. സാഹിത്യരചയിതാക്കളുടെ സ്വകാര്യ പ്രശ്നമാണ് മലയാളം എന്നതു വിട്ട് സാമ്പത്തിക ശാസ്ത്രജ്ഞൻ കൂടി കൈകാര്യം ചെയ്യേണ്ട മേഖലയാണ് മലയാളം എന്നു സ്ഥാപിക്കുന്ന കൃതിയാണ് സേതുരാമന്റേത്. മാതൃഭാഷ ഉന്നത വിദ്യാഭ്യാസത്തിന് ഉപയോഗിക്കുന്നില്ലെങ്കിൽ ആ സമൂഹം ഉയർന്ന സാമ്പത്തിക പദവി നേടുകയില്ല. കാർഷിക സർവകലാശാലയിൽ നിന്നു വരുന്ന ഒരു ഗവേഷണ പ്രബന്ധം കർഷകരിലെത്തണമെങ്കിൽ അത് മലയാളത്തിലാകണം. ആ ഗവേഷണഫലങ്ങൾ അതിന്റെ വിശദാംശത്തോടെ നേരിട്ട് കർഷകരിലെത്തണം. അത് അവരെ സൈദ്ധാന്തികമായും ബോധവൽക്കരിക്കുന്നു. അന്യഭാഷ വിട്ട് ഗവേഷണ പ്രബന്ധങ്ങൾ മാതൃഭാഷയിൽ രചിക്കപ്പെടുമ്പോൾ സ്കൂൾ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും കൂടി പ്രയോജനപ്പെടുന്നു. ഉന്നത വിദ്യാഭ്യാസത്തിന്റെ ഫലങ്ങൾ സ്കൂളിലേക്കും ചാക്രികമായി തിരിച്ചെത്തുന്നു. അവിടത്തെ പഠനത്തിന്റെ ഗുണനിലവാരം വർധിക്കുന്നു. റഫറൻസ് ഗ്രന്ഥങ്ങൾ മാതൃഭാഷയിൽ വരുന്നതോടെ സർവകലാശാലയിലെയും സ്കൂളിലെയും പുസ്തകങ്ങളുടെ എണ്ണം വർധിക്കുന്നു. ഇന്നത്തെ നാണയ വ്യവസ്ഥ പ്രകാരം ഒരു ഇംഗ്ലീഷ് പുസ്തകം വാങ്ങുന്ന വിലയ്ക്ക് അഞ്ചു മലയാള പുസ്തകം വാങ്ങാൻ കഴിയുന്നതാണ് കാരണം. തദ്ദേശ പുസ്തകവ്യവസായ

ത്തെയും അത് മുന്നോട്ടു നയിക്കുന്നു. മലയാളഭാഷയുടെ സാംസ്കാരിക മൂലധനവും കരുതൽ വിജ്ഞാനവും അതുവഴി വിജ്ഞാന കമ്പോളത്തിലെ അതിന്റെ വിനിമയ ശേഷിയും വർധിക്കുന്നു.

ആയിരത്തിലധികം കണ്ടുപിടുത്തങ്ങൾ നടത്തിയ തോമസ് അൽവാ എഡിസൻ ആകെ മൂന്നു മാസം മാത്രമേ സ്കൂളിൽ പോയിട്ടുള്ളൂ. അദ്ദേഹത്തിന് ഇംഗ്ലീഷ് എഴുതാനും വായിക്കാനുമറിയുന്നതുകൊണ്ട് തന്റെ ഭാഷയിൽ ശാസ്ത്രജ്ഞർ എഴുതിയ പുസ്തകങ്ങൾ വായിക്കാൻ കഴിഞ്ഞു. ഔപചാരിക വിദ്യാഭ്യാസത്തിനു പുറത്ത് ഏകലവ്യനായ അദ്ദേഹം ലോക പ്രസിദ്ധ ശാസ്ത്രജ്ഞനായി. നമ്മുടെ സമൂഹത്തിൽ വ്യവസ്ഥയ്ക്ക് പുറത്തു നില്ക്കുന്ന ഏകലവ്യന്മാരുടെ സ്ഥിതിയോ? അക്കാദമിക സംവിധാനം ഉല്പാദിപ്പിക്കുന്ന ഒരു വിജ്ഞാനത്തിലേക്കും അവർക്കു പ്രവേശനമില്ല. കാരണം അതു മറ്റൊരു ഭാഷയിലാണ്.

അതുകൊണ്ട് ഔപചാരിക വിദ്യാഭ്യാസത്തിനകത്തു വിജ്ഞാനമുണ്ടാക്കുന്നതിൽ മാത്രമല്ല, പുറത്തു വിജ്ഞാനം സൃഷ്ടിക്കുന്നതിനും മാതൃഭാഷാ വിമുഖമായ നമ്മുടെ ഉന്നത വിദ്യാഭ്യാസം പരാജയപ്പെടുന്നു. ചൈനയും ജപ്പാനും മാത്രമല്ല 9 ലക്ഷം ആളുകൾ സംസാരിക്കുന്ന എസ്തോണിയയിലെ എസ്തോണിയൻഭാഷ പോലും അവിടത്തെ മെഡിക്കൽ എഞ്ചിനിയറിംഗ് കോഴ്സുകളുടെ മാധ്യമമായി തീർന്നിരിക്കുന്നു. 350 ലക്ഷമുള്ള കേരളത്തിൽ ഉന്നത വിദ്യാഭ്യാസം മാതൃഭാഷയിലാക്കുന്നത് ചിന്തിക്കാൻ പോലും നാം സന്നദ്ധരല്ല.

വളർച്ച മുരടിച്ചു നിന്ന ഹീബ്രുവിനെ ഹീബ്രുസർവകലാശാല വഴി ആധുനികീകരിച്ച് വിജ്ഞാന മാധ്യമമാക്കി വികസിപ്പിച്ചാണ് അവർ കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ ശാസ്ത്രമേഖലയുൾപ്പെടെ പത്തുനോബൽ സമ്മാനം നേടിയത്. മലയാളസർവകലാശാല മലയാള അധ്യാപകർക്കു മാത്രമുള്ള സ്ഥലമല്ലെന്നും ശാസ്ത്ര സാങ്കേതിക വിഷയങ്ങൾ ഉൾപ്പെടെ മലയാള മാധ്യമത്തിൽ പഠിപ്പിക്കാനുള്ള സ്ഥാപനമാകണമെന്നുമാണ് ജനകീയ പ്രസ്ഥാനങ്ങൾ മുന്നോട്ടുവെച്ച ആശയം.

## ആദ്യത്തെ മാതൃഭാഷാ വിദ്യാഭ്യാസ പ്രഖ്യാപനം

150 വർഷം മുമ്പ് കേരളത്തിൽ വലിയൊരു പ്രഖ്യാപനം നടന്നു. ഭാഷാപരമായ ഒരു സ്വാതന്ത്ര്യ പ്രഖ്യാപനമായിരുന്നു അത്. കേരളത്തിന്റെ വിദ്യാഭ്യാസ മാധ്യമം, ഭരണഭാഷ, കോടതി ഭാഷ എല്ലാം മലയാളമാകണം എന്നതായിരുന്നു അത്. മലയാഴ്മയുടെ വ്യാകരണം എന്ന കൃതി രചിച്ച തദ്ദേശീയ പുരോഹിതനായ റവ. ജോർജ്ജ് മാത്തനാണ് കൊല്ലം കച്ചേരിയിൽ നടത്തിയ ഒരു പ്രസംഗത്തിൽ ഇത് പ്രഖ്യാപിക്കുന്നത്. 'ബാലാഭ്യസനത്തെക്കുറിച്ച് ഒരു പ്രസംഗം' എന്ന പേരിൽ ഇത് പിന്നീട് പ്രസിദ്ധീകരിക്കുകയും ചെയ്തു.

മാതൃഭാഷാ വിദ്യാഭ്യാസവും അന്യഭാഷാ വിദ്യാഭ്യാസവും തമ്മിലുള്ള വ്യത്യാസം ജോർജ്ജ് മാത്തൻ ചൂണ്ടിക്കാണിച്ചത് പദാർത്ഥപരവും ഭാവാർത്ഥപരവുമായവ വ്യത്യാസമായാണല്ലോ. ഭാവാർത്ഥത്തിൽ പ്രദേശം, പ്രാദേശിക ബന്ധങ്ങൾ എന്നിവ പ്രധാനമാകുന്നു. എല്ലാതരം അറിവിനും ഭാവാർത്ഥപരമായ തലമുണ്ട്. സനാവുള്ള മക്തി തങ്ങൾ കേരളത്തിലെ മുസ്ലിങ്ങളോട് പറഞ്ഞത് ഖുറാൻ മലയാളത്തിൽ പഠിച്ചില്ലെങ്കിൽ നിങ്ങൾ കാഫിറായി മാറിപ്പോകുമെന്നാണ്. ദൈവ വിചാരം ഹൃദയത്തിൽ തട്ടണമെങ്കിൽ മാതൃഭാഷയിലൂടെയാണ് കടന്നുവരേണ്ടത്. അതിനാൽ മലയാളം കേരളത്തിലെ മുസ്ലിങ്ങൾക്ക് മാതൃഭാഷ മാത്രമല്ല, ഈമാൻ നൽകുന്ന ഗുരുഭാഷ കൂടിയാണ് എന്നാണ് അദ്ദേഹം പറഞ്ഞത്.


മാതൃഭാഷയിൽ ഭാവാർത്ഥം തെളിയുന്നു, അന്യഭാഷയിൽ അത് തെളിയുന്നില്ല. നഴ്സിനെ സിസ്റ്റർ എന്നു വിളിക്കുമ്പോൾ അവിടെ പദാർഥം മാത്രമാണ് ഉള്ളത്. എന്നാൽ അതിന്റെ ഭാവാർത്ഥം കൂടി ലഭിക്കുന്നത് പെങ്ങളേ എന്നു വിളിക്കുമ്പോഴാണ്. ഇംഗ്ലീഷുകാരുടെ മനസ്സിൽ സിസ്റ്റർ എന്ന വിളിയിൽ അത് തെളിയുന്നു. മലയാളിക്ക് അത് തെളിയണമെങ്കിൽ പെങ്ങളേ എന്നു വിളിക്കണം. ഈ അർത്ഥമാണ് ഇംഗ്ലണ്ടിൽ ലഭിക്കുന്ന ബ്രിട്ടീഷ് മാതൃകയിലുള്ള ആശുപത്രിക്കകത്ത് അവിടത്തെ ഡോക്ടർ-രോഗി ബന്ധവും നഴ്സ്-രോഗി ബന്ധവും ഉണ്ടാകണമെങ്കിൽ ഇംഗ്ലീഷല്ല അതിന്റെ വഴി മലയാളമാണ്. സിസ്റ്റർ എന്നതും പെങ്ങൾ എന്നതും പദാർത്ഥപരമായി പര്യായ പദങ്ങളാണെങ്കിലും ഭാവാർത്ഥപരമായി വ്യത്യസ്തത പുലർത്തുന്നതാണ്. സാഹോദര്യത്തെ രക്തബന്ധുക്കൾക്കപ്പുറത്തേക്ക് കൊണ്ടുപോകുമ്പോഴാണ് ആന്തരികമായി ഒരാൾ സാമൂഹ്യജീവിയാകുന്നത്. പൊതുജീവിതം, സ്വകാര്യ ജീവിതം എന്ന വിഭജനം ഇല്ലാതാകുന്നു. അഖിലബാന്ധവൻ എന്ന് ഓരോ മനുഷ്യരെയും കുറിച്ച് അപ്പോഴേ പറയാൻ കഴിയൂ. വീട്ടുഭാഷയിൽ നിന്നു പൊതുവായ സാ

*റവ. ജോർജ്ജ് മാത്തൻ*



മൂഹ്യഭാഷയിലേക്ക് ഒരു തുടർച്ചയുണ്ടാകുന്നത് അപ്പോഴാണ്. മനസ്സംസ്കരണമാണ് ഉദ്ദേശിക്കുന്നതെങ്കിൽ സാമൂഹ്യവൽക്കരണമാണ് ഉദ്ദേശിക്കുന്നതെങ്കിൽ പുറത്തുനിന്നുള്ള വിജ്ഞാനങ്ങൾ വീട്ടിൽ ഉപയോഗിക്കുന്ന ഭാഷയിൽ കൂടി പകരണം. കേരളത്തിലെ വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണം പൊതു നവോത്ഥാനത്തോടൊപ്പമുള്ള സാംസ്കാരിക അജണ്ടയ്ക്കൊപ്പമാണ് വളർന്നത്.

ശ്രീനാരായണഗുരുവും കുമാരനാശാനും തലശ്ശേരിയിൽ ജഗന്നാഥ പ്രതിഷ്ഠയ്ക്ക് ചെന്നപ്പോൾ അവരെ തർക്കത്തിൽ തോല്പിക്കാൻ പണ്ഡിതനായ മണന്തല നീലകണ്ഠൻ മൂസത് സംസ്കൃതത്തിൽ തർക്കമാരംഭിച്ചപ്പോൾ അതുവേണ്ട പൊതുജനങ്ങൾക്ക് മനസ്സിലാകുന്ന മലയാളഭാഷയിൽ മതി എന്നാണ് അവർ പ്രതികരിച്ചത്.



അയ്യങ്കാളിയും ശ്രീനാരായണഗുരുവും ഇംഗ്ലീഷ് അറിയുന്നവരായിരുന്നില്ല. പാരമ്പര്യത്തെ വിച്ഛേദിക്കുന്നതിന് ഇത് തടസ്സമായില്ല. പാശ്ചാത്യ ലിബറലിസ്റ്റ് ആശയങ്ങൾ അവർ മാതൃഭാഷയിലൂടെ സ്വാംശീകരിച്ചു. വ്യക്തി/ സമൂഹം എന്ന വിഭജനത്തിനപ്പുറത്തേക്ക് പോയാണ് അവർ പൊതുജീവിത്തിലെത്തിച്ചേർന്നത്. ഭരണവും വിദ്യാഭ്യാസവും മാതൃഭാഷയിലാകണമെന്ന് വാദിച്ച അയ്യപ്പൻ ജാതിയെ ലംഘിക്കുന്നതിനുള്ള പ്രസ്ഥാനത്തെ സഹോദര സംഘം എന്നാണ് വിളിച്ചത്. വൈകാരിക വിദ്യാഭ്യാസം, സൗന്ദര്യാത്മക വിദ്യാഭ്യാസം ലഭിക്കണമെങ്കിൽ അതിന്റെ മാധ്യമം മാതൃഭാഷയാണ് എന്നാണ് ഇവരെല്ലാം ജീവിതം കൊണ്ടും വ്യക്തമാക്കിയത്.

കേരളമാതൃക എന്നതിന്റെ സാമൂഹ്യമായ അടിസ്ഥാനം 19 ാം നൂറ്റാണ്ടിന്റെ രണ്ടാംപകുതിയിൽ ഇങ്ങനെയാണ് ആരംഭിച്ചത്. അതിന്റെ അടിസ്ഥാനം ജനകീയ വിദ്യാഭ്യാസം എന്നത് നാട്ടുഭാഷാ വിദ്യാഭ്യസമാണ് എന്ന തിരിച്ചറിവിലാണ്. ഇതിന്റെ തുടർച്ചയിൽ നിന്നുകൊണ്ടു മാത്രമേ നമുക്ക് ഒരു കേരളീയ ബദലിനെ മുന്നോട്ടുവെക്കാനാകൂ.

ജോർജ്ജ് മാത്തൻ പ്രാഥമിക വിദ്യാഭ്യാസത്തിലാണ് ഊന്നിയതെങ്കിൽ രണ്ടു ദശകത്തിനുള്ളിൽ ഗുണ്ടർട്ടിന്റെ ശിഷ്യനായ ജോഹന്നസ് ഫ്രോൺ മേയർ ഉന്നത വിദ്യാഭ്യാസം തന്നെ മാതൃഭാഷയിലാക്കണെന്ന് വാദിക്കുന്നു. 1883 ൽ പ്രകൃതിശാസ്ത്രം എന്ന കൃതി ഫ്രോൺ മേയർ രചിക്കുന്നു. അതിൽ അദ്ദേഹം സൂചിപ്പിച്ചു വിട്ട ഒരു കാര്യം കേരളത്തിൽ വ്യവസായ വിപ്ലവം വരണമെങ്കിൽ ഉന്നത വിദ്യാഭ്യാസം മാതൃഭാഷയിലായിരിക്കണമെന്നാണ്. അതായത് അറിവ് കേരളത്തിന്റെ രീതിയിൽ വിഭാവനം ചെയ്താൽ മാത്രമേ കേരളത്തിന്റെ വിഭവങ്ങളെ വികസിപ്പിക്കാൻ കഴിയൂ. പ്രകൃതിശാസ്ത്രം എന്ന പുസ്തകത്തിൽ സർഫേസ് ടെൻഷന് വലിവു ബലം എന്നാണ് മേയർ വിവർത്തനം നൽകിയത്. ഈ നിലയിൽ അറിവിനെ ജനകീയവൽക്കരിക്കാനാണ് മലയാളത്തിൽ ഉന്നത വിദ്യാഭ്യാസത്തിനു വേണ്ട ശാസ്ത്രപുസ്തകമെഴുതിക്കൊണ്ട് അദ്ദേഹം ശ്രമിച്ചത്. 1867 ൽ പ്രാഥമിക വിദ്യാഭ്യാസം മാതൃഭാഷയിലകണമെന്ന് റവ. ജോർജ്ജ് മാത്തൻ പറയുകയും 1883ൽ ഉന്നത വിദ്യാഭ്യാസം മാതൃഭാഷയിലാക്കിക്കൊണ്ടേ കേരളത്തിന് ആധുനിക വിജ്ഞാനോല്പാദനം സാധ്യമാകുകയുള്ളൂ എന്നും വ്യവസായ വിപ്ലവം സൃഷ്ടിക്കാനും കഴിയൂ എന്നും പറഞ്ഞു വെച്ച വലിയൊരു ചർച്ച 19 ാം നൂറ്റാണ്ടിൽ ആരംഭിച്ചിരുന്നു എന്നും അതിന്റെ തുടർച്ചയിലാണ് കേരളത്തിലെ ആദ്യത്തെ സർവകലാശാലയെക്കുറിച്ചുള്ള ചർച്ച ആരംഭിച്ചതെന്നും ഇതു വ്യക്തമാക്കുന്നു.

1835 ൽ മെക്കാളെ നോട്ട് 1852-54 ൽ വുഡ്സ് ഡിസ്പാച്ച് അത് കഴിഞ്ഞ് 1882 ൽ ഹണ്ടർ കമ്മിഷൻ തിരുവിതാംകൂറിനെ കേന്ദ്രീകരിച്ച് ഒരു സാങ്കേതിക ശാസ്ത്രപഠന സ്ഥാപനം വേണമെന്ന് നിർദ്ദേശിച്ചിരുന്നു.

കേരളത്തിൽ ആദ്യമായി ഒരു സർവകലാശാല വേണമെന്ന് വാദിക്കുന്ന ആദ്യത്തെ മലയാളിയായ പ്രധാന അക്കാദമിക പണ്ഡിതൻ എ.ആർ.രാജരാജവർമ്മയാണ്. ആധുനിക കേരളത്തെ വിഭാവനം ചെയ്യുന്ന മലയവിലാസം 1895

ൽ എഴുതിയ ഈ കവിത തന്നെയാണ് ഒരു ശതകത്തിനു ശേഷം മലയാളത്തിനായി ഒരു സർവകലാശാലയും വിഭാവനം ചെയ്യുന്നത്. ഭാഷയെ തീവ്രമായി ഉയർന്ന് മലയാളിമനത്തെ അതായത് പ്രതിഫലിപ്പിക്കുന്ന രേഖയാണ് ഭാഷാഭിമാനം. വിദ്യാഭ്യാസ മണ്ഡലം സാമൂഹ്യഭാവനയുടെ ഒപ്പം അധികാരത്തിൽ നിന്നും ഒപ്പം സംസ്കൃതിയിൽ നിന്നും ഒപ്പം സൗന്ദര്യബോധത്തിൽ നിന്നും വ്യത്യസ്തമായിരുന്നില്ലെന്ന് ഇത് കാണിക്കുന്നു.

[illegible] ൽ ഏ.ആർ. പറഞ്ഞു, കേരളത്തിൽ മാതൃഭാഷയ്ക്കു വേണ്ടി ഒരു സർവകലാശാല വരണം എന്ന്. [illegible] ൽ സർവകലാശാലയ്ക്കു വേണ്ടിയുള്ള കമ്മിറ്റിയിൽ അദ്ദേഹം അംഗമാകുന്നു. അതിൽ നിർദ്ദേശങ്ങൾ വരുന്നു.

[illegible] ൽ കേരളത്തിൽ ഒരു സർവകലാശാല വേണമെന്ന് വാദിച്ചവർ ഭാഷയും സംസ്കാരവും പഠിപ്പിക്കുന്ന ഒരു സർവകലാശാല എന്നല്ല അർത്ഥമാക്കിയത്. അത് കേരളത്തെ സമഗ്രമായി വികസിപ്പിക്കാനുതകുന്നതായിരിക്കണം എന്നാണ് അവർ കരുതിയത്.

പല നിലയിലും ആധുനിക കേരളത്തെ വിഭാവനം ചെയ്തുകൊണ്ടാണ് കേരളത്തിലെ ആദ്യത്തെ സർവകലാശാല സ്ഥാപിക്കപ്പെടുന്നത്. [illegible] ൽ കൃഷ്ണപ്പിള്ളയുടെ നേതൃത്വത്തിൽ തിരുവിതാംകൂറിൽ സർവകലാശാല സ്ഥാപിക്കാൻ പുതിയൊരു കമ്മിറ്റി വരുന്നുണ്ട്. [illegible] ൽ ഫീസ് വർദ്ധനവിനെതിരെ തിരുവനന്തപുരത്തു വിദ്യാർത്ഥികൾ സമരരംഗത്തിറങ്ങിയത് സർവകലാശാല സ്ഥാപിക്കാനുള്ള തിരുവിതാംകൂർ രാജാവിന്റെ താത്പര്യത്തെ മന്ദഗതിയിലാക്കി. സർവകലാശാല കൂടുതൽ വലിയ സമരവേദിയാകും എന്നതായിരുന്നു ഭയം. കമ്മിറ്റി അംഗമായ ജോൺ മത്തായി ചർച്ചയ്ക്കു വേണ്ടി ശ്രീമൂലം തിരുനാളിനെ കാണാൻ പോയിരുന്നു. ശൂദ്രനായ ജോൺ മത്തായിയുടെ കൈ പിടിച്ചു കുലുക്കുന്നത് രാജാവിന് അഹിതമാകും. അദ്ദേഹത്തെ കൈപിടിച്ച് സ്വീകരിക്കാതിരിക്കാനും വയ്യ. അഹിതമായാൽ കുളിക്കണം. അതിനൊരു വഴി കണ്ടു. ഏതായാലും പ്രഭാതത്തിൽ കുളിക്കണം. അതുകൊണ്ട് ജോൺ മത്തായിക്ക് കിട്ടിയ സന്ദർശക സമയം രാവിലെ 5 മണിയാണ്. രാജാവിനു മതേതരമായ ഒരു ഹസ്തദാനം നൽകാൻ നിർബന്ധിതമാക്കിയത് ആദ്യ സർവകലാശാല സ്ഥാപിക്കലാണെന്നത് ശ്രദ്ധേയമായ സൂചന കൂടിയാണ്.

ആദ്യം സ്ഥാപിക്കപ്പെട്ട സർവകലാശാലയുടെ പേര് തിരുവിതാംകൂർ സർവകലാശാല എന്നാണെങ്കിലും തിരുവിതാംകൂറും കൊച്ചിയും മലബാറും ചേർന്ന് ആകെ കേരള സർവകലാശാലയാണ് തുടക്കത്തിൽ വിഭാവനം ചെയ്തിരുന്നത്. അതിന്റെ ലക്ഷ്യം കേരളീയരെ സൃഷ്ടിച്ച് വിഭജനത്തെ മറികടന്ന് മലയാളം എന്ന ഭാഷയെയും മലയാളി എന്ന ജനതയെയും മുൻനിർത്തി ഒരു വിജ്ഞാനസമ്പാദനകേന്ദ്രം സ്ഥാപിക്കലായിരുന്നു. അതിനു വേണ്ടിയുള്ള ചർച്ചകൾ അതിന്റെ കമ്മിറ്റി കേരളം മുഴുവൻ സഞ്ചരിച്ച് ആദ്യം തിരുവനന്തപുരമല്ല ആസ്ഥാനമായി ഉദ്ദേശിച്ചത്. തിരുവിതാംകൂറും കൊച്ചിയും മലബാറും ചേർന്ന ഭാവി കേരളത്തിന്റെ മധ്യഭാഗത്തു നിൽക്കുന്ന ആലുവയിലായിരുന്നു. പ്രവിശ്യകളും തമ്മിൽ ഏർപ്പെടുന്ന ബന്ധങ്ങൾക്കു നടുവിലുള്ള ഭൗമപരമായ തർക്കമാണ് ഈ സങ്കല്പത്തിന് വിലങ്ങു തടിയായത്. അങ്ങനെ [illegible] ൽ വന്ന സർവകലാശാല തിരുവിതാംകൂർ സർവകലാശാല മാത്രമായി.

ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസം തുടക്കം മുതലേ ചർച്ചയ്ക്കു വരുന്നുണ്ട്. കൃഷി, വ്യവസായം, മത്സ്യബന്ധനം ഉൾപ്പെടെയുള്ള വിഷയങ്ങൾ കേരളത്തിൽ മലയാളത്തിൽ പഠിപ്പിക്കുക എന്ന ലക്ഷ്യമുണ്ടായിരുന്നു. [illegible] ൽ വന്ന കമ്മിറ്റി പറഞ്ഞത് പുതിയ സർവകലാശാല ആവശ്യമില്ല. നിലവിലുള്ള കോളേജുകൾ തന്നെ ജനോപകാര പ്രദമായ രീതിയിൽ കാർഷിക വ്യാവസായിക പുരോഗതിക്കു വേണ്ടി പ്രവർത്തിക്കണം എന്നാണ്.

കേരളവികസനത്തിനു വേണ്ടിയുള്ള വലിയൊരു പരിപ്രേക്ഷ്യത്തോടു കൂടിയാണ് നവോത്ഥാന കേരളത്തിൽ ഉന്നത വിദ്യാഭ്യാസചിന്തയും ആരംഭിക്കുന്നത്. അധ്യാപനം രാഷ്ട്ര സേവനം, രാഷ്ട്രസേവനം ജീവിതലക്ഷ്യം എന്നു പറഞ്ഞുകൊണ്ട് അധ്യാപകർ സമരത്തിനിറങ്ങുന്ന അന്തരീക്ഷത്തിൽനിന്നായാണ് അക്കാദമികതയിൽ നിന്നുകൊണ്ടും ഒരു കേരളം സൃഷ്ടിക്കാനുള്ള സമരം നടക്കുന്നത്.



## സ്വാതന്ത്ര്യത്തിനു ശേഷം

1948 ൽ ഡോ. രാധാകൃഷ്ണന്റെ നേതൃത്വത്തിലുള്ള കമ്മീഷൻ ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസത്തിന്റെ മാധ്യമം എന്തായിരിക്കണമെന്ന കാര്യവും മുന്നോട്ടു വെച്ചു. അത് ഇന്ത്യൻ ഭാഷകളാകണം. ഡോ. രാധാകൃഷ്ണന്റെ കമ്മീഷനിൽ മേഘനാഥ് സാഹയെപ്പോലെ അത്യുന്നതരായ ശാസ്ത്രജ്ഞന്മാർ അംഗമാ

യിരുന്നു എന്നോർക്കണം. ഉന്നതരായ പല ശാസ്ത്രജ്ഞരും മാതൃഭാഷാ മാധ്യമത്തിനു വേണ്ടിയാണ് വാദിച്ചത്.

ഹിഗ്സ് ബോസോൺ എന്ന പേരിലറിയപ്പെടുന്ന ദൈവകണത്തിലെ ബോസോൺ എന്ന വാക്കിൽ ഒരു ഇന്ത്യക്കാരന്റെ പേരുൾപ്പെട്ടിട്ടുണ്ട്. അത് സത്യേന്ദ്രനാഥബോസാണ്. പോൾ ഡിറാക്കാണ് ബോസിന്റെ സംഭാവനകളുടെ വെളിച്ചത്തിൽ ബോസോൺ എന്ന് കണത്തിന് പേരു നൽകിയത്. ബോസിന്റെ പ്രബന്ധം ജർമൻ ഭാഷയിലേക്ക് വിവർത്തനം ചെയ്തത് ആൽബർട്ട് ഐൻസ്റ്റൈൻ തന്നെയായിരുന്നുവെന്നത് ശാസ്ത്രരംഗത്തെ അദ്ദേഹത്തിന്റെ ഔന്നത്യം എടുത്തു കാട്ടുന്നു. അദ്ദേഹം കൽക്കത്താ സർവകലാശാലയിൽ ബിരുദാനന്തര ബിരുദത്തിന് ഭൗതിക ശാസ്ത്രം പഠിപ്പിച്ചിരുന്നത് ബംഗാളി ഭാഷയിലാണ്, ഇംഗ്ലീഷിലല്ല.



ആൽബർട്ട് ഐൻസ്റ്റൈൻ

ബോസിന്റെ ശാസ്ത്രപ്രബന്ധങ്ങളുടെ സമാഹാരം പ്രസിദ്ധീകരിച്ചപ്പോൾ ഉന്നതമായ ശാസ്ത്രപ്രബന്ധങ്ങൾക്കൊപ്പം തുല്യപ്രാധാന്യത്തിൽ ഒരു പ്രബന്ധം കൂടി കാണാം. അത് ശാസ്ത്ര വിദ്യാഭ്യാസം മാതൃഭാഷയിലാകണം എന്നു വാദിക്കുന്ന പ്രബന്ധമാണ്. ശാസ്ത്രത്തിന്റെ വസ്തുനിഷ്ഠ ഭാവമാണ് മറ്റു പ്രബന്ധങ്ങളിലുള്ളതെങ്കിൽ അതിന്റെ ആത്മനിഷ്ഠതയാണ് 'മാതൃഭാഷയെപ്പറ്റി' എന്ന പ്രബന്ധത്തിൽ ബോസ് ചൂണ്ടിക്കാട്ടിയത്.

ഓക്സ്ഫോർഡ് സർവകലാശാലാ പ്രൊഫസറായിരുന്ന ഡോ.രാധാകൃഷ്ണനാണ് ഇന്ത്യയിലെ സർവകലാശാലാ വിദ്യാഭ്യാസം മാതൃഭാഷയിലാകണമെന്നുപറഞ്ഞതെങ്കിൽ ഓക്സ്ഫോർഡിൽ നിന്നു പുറത്തിറങ്ങിയ മറ്റൊരു ഇംഗ്ലീഷ് പ്രൊഫസർ മാതൃഭാഷയ്ക്കു വേണ്ടിയുള്ള പ്രക്ഷോഭത്തിനു തന്നെ നിമിത്തമായി. ഓക്സ്ഫോർഡിന്റെ ചരിത്രത്തിൽ ആദ്യമായി ഇംഗ്ലീഷ് സാഹിത്യത്തിന്റെ ബിരുദാനന്തര ബിരുദത്തിന് ഒന്നാം റാങ്കു നേടിയ വെള്ളക്കാരനല്ലാത്ത ആദ്യ വിദ്യാർത്ഥി വി.കെ.ഗോകക് ആണ് അത്. ജ്ഞാനപീഠ ജേതാവും ഇന്നത്തെ ഇഫ്ളുവിന്റെ ആദ്യരൂപമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിന്റെ ആദ്യ ഡയറക്ടറുമായിരുന്ന വി. കെ. ഗോകക്കിനെ കർണാടക സർക്കാർ പഠനമാധ്യമം എന്താകണമെന്ന കാര്യം പഠിച്ച് റിപ്പോർട്ട് ചെയ്യാൻ കമ്മീഷനായി നിയമിച്ചു. അദ്ദേഹം കൊടുത്ത റിപ്പോർട്ട് പഠനമാധ്യമം മാതൃഭാഷയാകണമെന്നാണ്. ഈ റിപ്പോർട്ട് നടപ്പാക്കാനാണ് കർണാടകയിൽ രാജ്കുമാർ ഉൾപ്പെടെയുള്ള സിനിമാ ലോകം കൂടി തെരുവിലിറങ്ങിക്കൊണ്ട് 1980കളിൽ ഗോകക് പ്രക്ഷോഭം പൊട്ടിപ്പുറപ്പെട്ടത്. യു.ആർ. അനന്തമൂർത്തി ഉൾപ്പെടെ ഇന്ത്യയിലെ പ്രമുഖരായ ഇംഗ്ലീഷ് അധ്യാപകരെല്ലാം മാതൃഭാഷാ മാധ്യമത്തിനു വേണ്ടി നിലപാടെടുത്തവരാണ്.

## സംസ്ഥാന രൂപീകരണത്തിന്റെ ഭാഷാടിസ്ഥാനം

ദേശീയസമരത്തിന്റെ തുടർച്ചയായി വന്ന ഒരു പ്രതിരോധസമരമാണ് ഇന്ത്യയിലെ ഭാഷാദേശീയതകളെ സൃഷ്ടിച്ചത്. യൂറോപ്യൻ ദേശീയതയുടെ വികാസം സാമ്രാജ്യത്വവുമായി കൂടി ബന്ധപ്പെട്ടതാണ്. ഇംഗ്ലീഷ് ദേശീയതയുടെ രൂപീകരണഘട്ടത്തിൽ ലണ്ടൻ പട്ടണത്തിന്റെ ഓഹരിയുടമകളിൽ 60 ശതമാനത്തിന്റെയും വരുമാനം അടിമക്കച്ചവടം വഴി ഉണ്ടാക്കിയെടുത്തതായിരുന്നു. ഈ നിലയിൽ യൂറോപ്യൻ ദേശീയ വികാസത്തിൽ അടിമക്കച്ചവടവും കൊളോണിയൽ ചൂഷണവും പങ്കുവഹിച്ചു.

യൂറോപ്പിന്റെ ദേശീയത ആധിപത്യത്തിന്റേതായിരുന്നെങ്കിൽ നമ്മുടേത് പ്രതിരോധത്തിന്റേതാണ്. സാമ്രാജ്യത്വത്തോട് ചാർച്ച സൂക്ഷിച്ച ബൂർഷ്വാവികാസത്തോട് മല്ലിട്ടുകൊണ്ടാണ് ജനകീയദേശീയത പ്രാദേശിക വിഭവങ്ങളെയും ഉല്പാദനത്തെയും മുൻനിർത്തി വളർന്നത്. അത് ഭാഷാദേശീയതയിലൂടെയാണ് പ്രകടമായത്. ഈ വൈരുധ്യമാണ് സാംസ്കാരികരംഗത്ത് ഏകഭാഷാദേശീയതയും ബഹുഭാഷാദേശീയതയുമായി പ്രകടമായത്. ജനകീയാധികാരം ബഹുഭാഷാദേശീയതയുമായി ബന്ധപ്പെട്ടിരിക്കുന്നു. ബൂർഷ്വാദേശീയത ഇന്ന് സൈനിക ദേശീയതയായി മാറുമ്പോൾ അതിനെ പ്രതിരോധിക്കേണ്ടതും ജനകീയ ദേശീയതയെ മുന്നോട്ടുവെച്ചുകൊണ്ടാണ്.

1948ലെ രാധാകൃഷ്ണൻ കമ്മിഷന്റെ കാലഘട്ടത്തിലാണ് ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന വിഭജനത്തെ കുറിച്ചുള്ള ചർച്ച നടക്കുന്നത്. 1928ൽത്തന്നെ എ.ഐ.സി.സി ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങൾ എന്ന നിലപാട് ഔപചാരികമായി അംഗീകരിച്ചിരുന്നു. മോത്തിലാൽ നെഹ്റു നേതൃത്വം കൊടുത്തതും സുഭാഷ് ചന്ദ്രബോസ് ഉൾപ്പെടെയുള്ളവർ അംഗങ്ങളുമായ കമ്മിറ്റിയാണ് ഈ ശുപാർശ വെച്ചത്. എന്നാൽ സ്വാതന്ത്ര്യാനന്തരം കോൺഗ്രസ് സർക്കാർ ഇതിൽ വേണ്ടത്ര വേഗത്തിലുള്ള നടപടികളെടുത്തില്ല.

സ്വാതന്ത്ര്യലബ്ധിക്കും ഇന്ത്യാവിഭജനത്തിനും ശേഷമുള്ള പത്തുവർഷക്കാ

ലം ഇന്ത്യയുടെ ചരിത്രത്തിലും ഇന്ത്യൻ ഭാഷകളുടെ ചരിത്രത്തിലും നിർണായകമായ ഘട്ടമായിരുന്നു. ഇതിന്റെ പ്രാധാന്യം ചരിത്ര രചനയിൽ വേണ്ടത്ര ശ്രദ്ധ പതിയാതെ പോയിട്ടുമുണ്ട്. 1857 –1947 കാലത്തെ ഒരു നൂറ്റാണ്ടു കാലം പോലെ നിർണായകമാണ് ഭാഷയുടെ രാഷ്ട്രീയ ചരിത്രത്തിൽ ഈ പത്തുവർഷക്കാലം. ഈ ഘട്ടത്തെ മനസ്സിലാക്കിയാൽ മാത്രമേ ഫെഡറലിസത്തെക്കുറിച്ച് നമുക്ക് ചർച്ച ചെയ്യാനുമാകൂ.

രാഷ്ട്രത്തിന്റെ ഭരണനടത്തിപ്പിനായുള്ള സാങ്കേതിക ഘടകങ്ങൾ എന്ന നിലവിട്ട് നൂറ്റാണ്ടുകളായി വികസിച്ചുവന്ന ഭാഷാസമൂഹങ്ങളുടെ രാഷ്ട്രീയ ഫലപ്രാപ്തി എന്ന സങ്കല്പം അർത്ഥം നേടുന്നത് ഇക്കാലത്താണ്. യൂറോപ്പിൽ ദേശരാഷ്ട്രങ്ങൾ രൂപപ്പെടുന്നതിനെടുത്ത നൂറ്റാണ്ടുകൾക്ക് തുല്യമാണ് ഇന്ത്യയിലെ ഭാഷാപ്രവിശ്യകളെ സംബന്ധിച്ചിടത്തോളം ഈ പത്തുവർഷങ്ങൾ.

കിഴക്ക് പശ്ചിമഘട്ടവും പടിഞ്ഞാറ് അറബിക്കടലും ഉള്ളതു കൊണ്ട് സ്വാഭാവികമായി സംഭവിച്ച ഒരു ഭൂമിശാസ്ത്ര പ്രക്രിയയല്ല രാഷ്ട്രീയ കേരളത്തിന്റെ രൂപീകരണം. ജനകീയ ഭാവനയുമായും രാഷ്ട്രീയ സമരവുമായും ബന്ധപ്പെട്ടാണത് ഉയർന്നുവരുന്നത്. മലയാളം എന്ന ഭാഷയെ മുൻനിർത്തി കേരളം എന്ന ഒരു സംസ്ഥാനം രൂപീകരിക്കണം എന്ന വാദം മാത്രമല്ല പത്തുവർഷക്കാലത്തിനുള്ളിൽ ഉയർന്നു വന്നിരുന്നത്. ദക്ഷിണേന്ത്യ ആകെ ചേർന്ന ഒരു സംസ്ഥാനം എന്ന വാദം പ്രബലമായിരുന്നു. ഗോകർണം മുതൽ കന്യാകുമാരി വരെ നീളുന്ന പഴയ പരശുരാമ കേരളമായിരുന്നു മുന്നിൽ വന്നിരുന്ന മറ്റൊരു നിർദ്ദേശം. സംസ്ഥാന രൂപീകരണം യാഥാർഥ്യമായപ്പോൾ വന്നത് ഈ നിലയിലുള്ള കേരളമല്ലെന്നതിനാൽ അതിനോട് വിയോജിച്ചവരുണ്ട്. ഇ.എം.എസ് പിന്നീട് ചൂണ്ടിക്കാണിച്ച ഒരു കാര്യമുണ്ട്. 1940-50 കാലത്ത് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചില നിലപാടുകൾ തെറ്റായിരുന്നുവെങ്കിലും അതിൽ നിർണായകമായ ഒരു നിലപാട് ശരിയായിരുന്നു. സംസ്ഥാനങ്ങൾ രൂപീകരിക്കേണ്ടത് ഭാഷാടിസ്ഥാനത്തിലായിരിക്കണമെന്നതാണ് ആ നിലപാട്. മത ജാതി വ്യത്യാസങ്ങൾക്കപ്പുറത്ത് ഒരു സമൂഹം ഒരു ആധുനിക ജനതയായിത്തീരുന്നത് ഭാഷയെ മുൻനിർത്തിയാണ് എന്നതാണത്.

മാതൃഭാഷയിലൂന്നിക്കൊണ്ടുള്ള വലിയ സമരത്തിന്റെ സൃഷ്ടിയാണ് കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ. മറാത്തിയെ മുൻനിർത്തി മഹാരാഷ്ട്ര സംസ്ഥാനം രൂപീകരിക്കാനുള്ള പ്രക്ഷോഭത്തിൽ പങ്കെടുത്ത് എ.കെ.ജി അറസ്റ്റ് ചെയ്യപ്പെട്ട് ജയിലിലായിരുന്നു.

ഭാഷാടിസ്ഥാനത്തിലുള്ള ദേശീയതകളുടെ വികാസത്തിന്റെ പരാജയം വർഗീയതയിലേക്കും രക്തച്ചൊരിച്ചിലേക്കും എത്താമെന്നുള്ളതിന്റെ ഉദാഹരണമാണു കാശ്മീർ. ദേശീയ സമരകാലത്ത് മതേതര ദേശീയത മുന്നോട്ടുവെച്ച ജനതയാണ് കാശ്മീരിലേത്. മുസ്ലിം നാഷണൽ കോൺഫറൻസ് എന്ന പേരുമാറ്റി ഷേയ്ക്ക് അബ്ദുള്ളയുടെ നേതൃത്വത്തിൽ നാഷണൽ കോൺഫറൻസ് വന്നു. അവർ മുന്നോട്ടുവെച്ച ഒരു പ്രധാന മുദ്രാവാക്യം കാശ്മീരി ഭാഷയുടെ വളർച്ചയായിരുന്നു. എന്നാൽ കൊളോണിയലിസത്തിന്റെ വിഭജന യുക്തി ഒരു ഭാഷാദേശീയതയെ രണ്ടു രാഷ്ട്രങ്ങളിലാക്കി വേർപെടുത്തി. കാശ്മീരി ഭാഷയുടെ വളർച്ച മുരടിച്ചു. മാതൃഭാഷയിൽ വികസിക്കേണ്ട ജനാധിപത്യപരമായ പൊതുമണ്ഡലം ഉയർന്നുവന്നില്ല. കാശ്മീരിൽ ഇന്ന് കാശ്മീരി ഭാഷയിൽ വർത്തമാന പത്രങ്ങൾ പോലുമില്ല. ജനത്തിനെ ആർക്കും ഹൈജാക്ക് ചെയ്യാവുന്ന അവസ്ഥയിലെത്തിയതിൽ കാശ്മീരി ഭാഷയ്ക്ക് സംഭവിച്ച തകർച്ചയ്ക്ക് വലിയ പങ്കുണ്ട്. അതേ സമയം മതത്തിൽ തുടങ്ങിയ കിഴക്കൻ പാക്കിസ്ഥാൻ ബംഗാളി ഭാഷയ്ക്കു വേണ്ടിയുള്ള സമരത്തിലൂടെ 1970 കളിൽ മതേതരമായ ഒരു രാഷ്ട്രമായി രൂപം മാറുകയും ചെയ്തു.

മാതൃഭാഷാ സംസ്ഥാനത്തിനു വേണ്ടി സമരം നടന്ന ആന്ധ്രയ്ക്ക് മാതൃഭാഷാ മാധ്യമ വിദ്യാഭ്യാസത്തെ തള്ളിയ അതേ ഘട്ടത്തിൽ തന്നെയാണ് ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന സങ്കല്പവും ഉപേക്ഷിക്കേണ്ടി വന്നത്. മാതൃഭാഷാ വിദ്യാലയങ്ങൾ അടച്ചുപൂട്ടുകയും അമേരിക്ക ലക്ഷ്യമാക്കിയുള്ള ഐ.ടി സാങ്കേതികനയത്തിലേക്ക് നീങ്ങുകയും ചെയ്ത ഘട്ടത്തിൽ തന്നെയാണ് ഇത് സംഭവിച്ചത്. രാഷ്ട്രീയം നഷ്ടപ്പെട്ട വികസന സങ്കല്പം ഒരു ജനതയുടെ സ്വത്വത്തെ തന്നെ ഇല്ലാതാക്കുമെന്നതിന്റെ ഉദാഹരണമാണ് തെലങ്കാനയായി വിഭജിക്കപ്പെട്ട ഇന്നത്തെ ആന്ധ്ര.

1948 ലെ രാധാകൃഷ്ണൻ കമ്മിഷനു ശേഷം 1950 ൽ ഭരണഘടന വന്നപ്പോൾ അതിന്റെ എട്ടാംപട്ടികയിൽ 18 ഭാഷകൾ (ഇപ്പോൾ 22 ഭാഷകൾ) ഉൾപ്പെടുത്തിയിരുന്നു. ഭാവിയിൽ ഭരണഭാഷ, കോടതി ഭാഷ,വിദ്യാഭ്യാസ മാധ്യമം എന്നിവയായി വികസിപ്പിക്കാൻ സാധ്യതയുള്ള, വികസിപ്പിക്കേണ്ട ഭാഷകൾ എന്ന നിലയിലാണ് അവ ഉൾക്കൊള്ളിച്ചത്. 1956 ൽ



ഡോ. എസ്. രാധാകൃഷ്ണൻ

ഭാഷാസംസ്ഥാനങ്ങൾ വന്നത് ഈ സങ്കല്പത്തിന് കൂടുതൽ ശക്തി കൊടുത്തു.

ഉന്നതവിദ്യാഭ്യാസ മാധ്യമമായി ഉപയോഗിക്കാവുന്ന നിലയിൽ ഇന്ത്യൻ ഭാഷകളെ വിജ്ഞാനഭാഷകളായി വികസിപ്പിക്കാൻ കേന്ദ്രസർക്കാറിന്റെ തന്നെ പദ്ധതിയും ഈ ഘട്ടത്തിലാണ് വന്നത്.

1955-1958 കാലത്ത് ഇന്ത്യയിൽ മൂന്ന് കമ്മിഷനുകൾ വരുന്നുണ്ട്. സംസ്ഥാന പുനഃസംഘടനാകമ്മിഷൻ, ഔദ്യോഗിക ഭാഷാകമ്മിഷൻ, സംസ്കൃത കമ്മിഷൻ എന്നിവയാണവ. സുനീതികുമാർ ചാറ്റർജിയായിരുന്നു സംസ്കൃത കമ്മിഷന്റെ അധ്യക്ഷൻ. ഹിന്ദി, സംസ്കൃതം, ഇന്ത്യൻ ഭാഷകൾ എന്നിങ്ങനെ മൂന്നു തട്ടുകളായാണ് അന്ന് ഭാഷാനയത്തെപ്പറ്റിയുള്ള ചർച്ച നടന്നത്. ഇതിൽ ഫെഡറലിസവുമായും ജനകീയ രാഷ്ട്രീയവുമായും ചേർന്നുപോയത് ആധുനിക ഇന്ത്യൻ ഭാഷകളെ മുൻനിർത്തിയുള്ള ചർച്ചകളാണ്.

ഒരു വാദമുയർന്നത് ഹിന്ദിയായിരിക്കണം ഉന്നത വിദ്യാഭ്യാസത്തിന്റെ മാധ്യമമായിരിക്കേണ്ടത് എന്നാണ്. സമസ്ത കേരള സാഹിത്യപരിഷത്തു പോലും ഒരു ഘട്ടത്തിൽ ഇതിനനുകൂല നിലാപാടെടുത്തതും താൻ അതിനെ വിമർശിച്ച് മലയാളമാകണം ഉന്നത വിദ്യാഭ്യാസത്തിന്റെ മാധ്യമം എന്നു വാദിച്ചതും ജി.ശങ്കരക്കുറുപ്പ് വിവരിച്ചിട്ടുണ്ട്. പഠനമാധ്യമം ഇംഗ്ലീഷോ ഹിന്ദിയുമോ പോലുമാകുന്നതിന് പിന്തുണയ്ക്കുകയും മലയാളമാകുമ്പോൾ എതിർക്കുകയും ചെയ്യുന്ന പ്രവണത അന്നേയുണ്ടായിരുന്നു എന്നാണിത് കാണിക്കുന്നത്. ഭാഷാപരമായും പ്രദേശപരമായുമുള്ള അധമബോധം അന്നും ഇന്നും മലയാളിക്കുണ്ട്. ആര്യാധിനിവേശവും കോളനീഭരണവും സംസ്കൃത കേന്ദ്രിതവും ഇംഗ്ലീഷ് കേന്ദ്രിതവുമായ പിതൃസ്വരൂപങ്ങളായി മലയാളിയുടെ ഉപബോധത്തിൽ ഇന്നും നിലനില്ക്കുന്നു. ഇന്ത്യയിലേക്കുള്ള ചുവടുവെപ്പ് ഹിന്ദിക്കോ സംസ്കൃതത്തിനോ പ്രജയായിക്കൊണ്ടാണെന്നും അന്തർദ്ദേശീയ ലോകത്തിലേക്കുള്ള ചുവടുവെപ്പ് ഇംഗ്ലീഷിന് പ്രജയായിക്കൊണ്ടുമാണെന്നതാണ് പ്രാജാത്വരൂപീകരണത്തിന്റെ ഈ പ്രതീകക്രമം. അബോധത്തെപ്പോലും ഇളക്കി മറിക്കുന്ന രാഷ്ട്രീയ സമരം കൊണ്ടു മാത്രമേ ഈ ആദിരൂപത്തെ മലയാളിയുടെ മനസ്സിൽ നിന്നു കളയാൻ കഴിയൂ. ബഹുഭാഷകളുടെ ഇന്ത്യയെയും ലോകത്തെയും സങ്കല്പിക്കുമ്പോഴേ ദേശീയബോധവും അന്തർദ്ദേശീയ ബോധവും ജനായത്തപരമാകൂ.



ജി. ശങ്കരക്കുറുപ്പ്

മേൽപ്പറഞ്ഞ മൂന്നു കമ്മിഷനുകളിൽ സംസ്ഥാന പുനഃസംഘടനാ കമ്മിഷനാണ് മാതൃഭാഷാരാഷ്ട്രീയം മുന്നോട്ടുവെച്ചത്. ഇന്ന് കേന്ദ്രീകൃത പ്രവണത ഏകപക്ഷീയമായി ഹിന്ദിയെയും സംസ്കൃതത്തെയും മുന്നോട്ടുവെക്കുന്നതായും കാണാം. ഓറിയന്റലിസത്തിന്റെ തുടർച്ചയിൽ നില്ക്കുന്ന ഒരു ഇന്ത്യയുമാണത്. ഫെഡറലിസത്തെ മുൻനിർത്തിയുള്ള ചോദ്യം ഇതിൽ ഏത് ഇന്ത്യ വേണം എന്നതാണ്. ഏകഭാഷാ ഇന്ത്യയോ ബഹുഭാഷാ ഇന്ത്യയോ? സാംസ്കാരിക ബഹുത്വം അംഗീകരിക്കപ്പെടണമെങ്കിൽ ഭാഷാബഹുത്വവും അംഗീകരിക്കപ്പെടണം.

മാതൃഭാഷാസമരം മതേതര മൂല്യങ്ങളാണ് ലോകത്ത് എല്ലായിത്തും സൃഷ്ടിച്ചത്. കേരളവും ബംഗാളും കഴിഞ്ഞാൽ ഹിന്ദുത്വത്തെ തടുത്തുനിർത്തുന്ന ഒരു സംസ്ഥാനം തമിഴ്നാട് മാത്രമാണ്. 1965ൽ തമിഴ് നാട്ടിൽ ഭക്തവത്സലത്തിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ് സർക്കാർ ഹിന്ദി അടിച്ചേല്പിക്കുന്നതിനെതിരെ നടന്ന സമരമാണ് ഇന്നത്തെ തമിഴ് നാട്ടിലെ രാഷ്ട്രീയ സമവാക്യം സൃഷ്ടിച്ചത്. പിന്നീട് ദ്രാവിഡ പാർട്ടികളല്ലാതെ കോൺഗ്രസ് അധികാരത്തിലെത്തുകയുണ്ടായില്ല. കോൺഗ്രസിൽ നിന്ന് ഹിന്ദുത്വത്തിലേക്കുള്ള മാറ്റവും അതിനാൽ സംഭവിച്ചില്ല. കിഴക്കൻ പാകിസ്ഥാനിൽ നടന്ന മാതൃഭാഷാസമരമാണ് ബംഗ്ലാദേശ് എന്ന സെക്കുലർ രാഷ്ട്രത്തെ സൃഷ്ടിച്ചത്. 1952 ഫെബ്രു. 21ന് ഡാക്കാ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികളാണ് മാതൃഭാഷാ സമരത്തിൽ രക്തസാക്ഷികളായതും. ആ ദിനമാണ് പിന്നീട് ഐക്യരാഷ്ട്രസഭ ലോക മാതൃഭാഷാദിനമായി പ്രഖ്യാപിച്ചതും.

കൊളോണിയൽ കാലഘട്ടത്തിൽ തന്നെ ഇന്ത്യൻ ഭാഷകളിൽ ഉന്നത വിദ്യാഭ്യാസം നടത്താനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. 1860 കളിൽ സർ സയ്യിദ് അഹമ്മദ് ഖാൻ ബ്രിട്ടീഷ് അധികാരികളോട് ആവശ്യപ്പെട്ടത് മാതൃഭാഷയായ ഉർദുവിൽ പഠിപ്പിക്കാനുള്ള ഉന്നത സ്ഥാപനത്തിനുള്ള അനുവാദത്തിനാണ്. ഉസ്മാനിയ സർവകലാശാല 1918-ൽ ഉർദു മാധ്യമത്തിൽ പഠിക്കുന്നതിനായി സ്ഥാപിക്കപ്പെട്ടപ്പോൾ അതിനെ അഭിനന്ദിച്ചു കത്തെഴുതിയത് രവീന്ദ്രനാഥ ടാഗോറാണ്. 1916 ൽ ബനാറസ് ഹിന്ദു സർവകലാശാല സ്ഥാപിച്ചപ്പോൾ ഉദ്ഘാടനച്ചടങ്ങിൽ മഹാത്മാഗാന്ധി പ്രസംഗിച്ചു. മാതൃഭാഷാ മാധ്യമത്തിലാകണം സർവകലാശാലാ വിദ്യാഭ്യാസം എന്നാണ് ഗാന്ധി പ്രസംഗിച്ചത്. അതോടെ വൈസ്റോയി അടക്കമുള്ളവർ ആ യോഗത്തിൽ നിന്ന് എഴുന്നേറ്റുപോയി.

സ്വന്തം നാട്ടിൽ അന്യഭാഷാ മാധ്യ

മത്തിൽ പഠിക്കുന്നയാൾ നാട്ടിൽ പ്രവാസിയാണെന്നാണ് ഗാന്ധിജി പറഞ്ഞത്. എന്റെ സത്യാന്വേഷണ പരീക്ഷണങ്ങളും ഹിന്ദുസ്വരാജും മാതൃഭാഷയായ ഗുജറാത്തിയിലാണ് ഗാന്ധിജി എഴുതിയത്. 1849 മുതൽ രാജ്യം വിട്ടു താമസിച്ച മാർക്സ് അടുത്ത 3 വർഷം പുറത്താണ് താമസിച്ചതെങ്കിലും നോക്കിയ രേഖകൾ മിക്കവാറും ഇംഗ്ലീഷിലാണെങ്കിലും മൂലധനം എഴുതിയത് മാതൃഭാഷയായ ജർമ്മനിലാണ്.

രണ്ടുപേരും ജനകീയ ദേശീയതയുടെ വക്താക്കളായതുകൊണ്ടാണിത്. ജനതയുടെ ഹൃദയത്തിലേക്കുള്ള വഴി മാതൃഭാഷയിലൂടെയാണ് എന്നാണ് രണ്ടുപേരും കരുതിയത്. ഹൃദയത്തിൽ നിന്നു വരുന്ന ആശയങ്ങൾ മാതൃഭാഷയിൽക്കൂടിയാവും എന്നതുമാണത് കാണിച്ചത്.

1950 കളുടെ ഒടുവിൽ ഇന്ത്യൻ ഭാഷകൾ ഉന്നത വിദ്യാഭ്യാസ മാധ്യമമാക്കാനുള്ള ശ്രമങ്ങൾ നടക്കുന്നു. 1964-66-ലെ കോത്താരി കമ്മിഷനും മാതൃഭാഷാ മാധ്യമം പ്രാഥമിക തലം മുതൽ സർവകലാശാല തലം വരെ വേണമെന്നാണ് വാദിച്ചത്. 1957 ൽ തിരുവിതാംകൂർ സർവകലാശാല കേരളസർവകലാശാലയായി മാറിത്തീരുമ്പോൾ അതിന്റെ ലക്ഷ്യം അതുമായി ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളും മാതൃഭാഷാമാധ്യമത്തിൽ പഠിപ്പിക്കുന്നവയാക്കണം എന്നതാണ്.

1968ൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കപ്പെടുന്നത് ഇതിന്റെ തുടർച്ചയിലാണ്. സർവകലാശാലാ വിദ്യാഭ്യാസത്തിനു പറ്റുന്ന പാഠപുസ്തകങ്ങൾ ഉണ്ടാക്കലാണ് അതിന്റെ സ്ഥാപിത ലക്ഷ്യം. ആദ്യം ഇറക്കിയത് ശാസ്ത്രവുമായി ബന്ധപ്പെട്ട പദങ്ങൾ പരിചയപ്പെടുത്തുന്ന വിജ്ഞാന ശബ്ദാവലിയാണ്. പക്ഷേ അതിൽ പദനിർമിതി സംബന്ധമായ ഒരു തെറ്റിദ്ധാരണയുണ്ടായിരുന്നു. ഇന്ത്യൻ ഭാഷകളെ മുഴുവൻ സംസ്കൃത പ്രകൃതിയിലുള്ള പദങ്ങൾ കൊണ്ട് ബന്ധിപ്പിക്കാൻ കഴിയും എന്നുള്ളതായിരുന്നു അത്. സാങ്കേതിക പദങ്ങൾക്ക് ഈ നയം വരുമ്പോഴാണ് ബോയിലിംഗ് പോയിന്റ് ക്വഥനാങ്കമാകുന്നത്. (ഭരണഘടന നോക്കുക). ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകങ്ങൾ ദുർഗ്രഹമായത് അങ്ങനെയാണ്. 1996 ൽ ഈ നയം മാറ്റി. സാങ്കേതിക പദങ്ങൾ വൈദേശിക ഭാഷയിലുള്ളത് അതേ പോലെ സ്വീകരിക്കാം എന്ന നയത്തിലെത്തി. നല്ല മലയാളപദങ്ങൾ പിന്നീട് കണ്ടെടുത്തു. ക്വഥനാങ്കം തിളനിലയ്ക്ക് വഴി മാറി.

ബലം പിടിച്ച് സംസ്കൃതീകരിച്ച ഭാഷ വേണ്ട. സ്വിച്ചിന്റെ മലയാളം എന്താണ് എന്ന് ഇപ്പോഴും ചോദിക്കുന്നവരുണ്ട്. സ്വിച്ചിന്റെ മലയാളം സ്വിച്ച് തന്നെ. വേണമെങ്കിൽ അതിനോടൊപ്പം ലളിതമായ മലയാളപദം കൂടി ഉപയോഗിക്കാമെന്നു മാത്രം. കയറിന്റെ ഇംഗ്ലീഷെന്താണ്? കയർ തന്നെ. കൊയർ എന്നാകും ഇംഗ്ലീഷ് രീതിയിൽ ഉച്ചാരണം എന്നു മാത്രം. ചക്കയുടെ ഇംഗ്ലീഷോ? ചക്ക തന്നെ. ജാക്ക് ഫ്രൂട്ട് എന്നാകുമെന്ന് മാത്രം. ആ നിലയിൽ ആപ്പിളിന്റെ മലയാളം ആപ്പിൾ തന്നെ.

പരസ്പരവിനിമയത്തോടെ മറ്റു ഭാഷകളുമായി കൊടുത്തും വാങ്ങിയും വളരുന്നതാണ് ഭാഷ. ഒരു ഭാഷയിലെ നിലവിലുള്ള വാക്കിനെ ഇല്ലാതാക്കിയാണ് പുതിയൊരു ഭാഷയിലെ വാക്ക് വരുന്നതെങ്കിൽ അത് ഭാഷാധിനിവേശവും സ്വന്തം ഭാഷയിലില്ലാത്ത വാക്കാണ് കടന്നുവരുന്നതെങ്കിൽ ഭാഷാസമ്പർക്കവുമാണ്. രണ്ടും രണ്ടു കാര്യങ്ങളാണ്.

1975 വരെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകങ്ങൾ ഇറക്കിയിട്ടും പത്താം ക്ലാസിനപ്പുറം മലയാളം പഠനമാധ്യമമായില്ല. എൻ.വി.കൃഷ്ണവാര്യരുടെ നേതൃത്വത്തിലുള്ള സമരോത്സുകമായ ഇടപെടൽ കൊണ്ടാണ് പ്രീഡിഗ്രി മലയാളത്തിലെഴുതാമെന്നു കേരളത്തിലെ സർവകലാശാലകൾ അംഗീകരിച്ചത്. അടുത്ത വർഷംബിരുദതലം വരെ മലയാളത്തിലെഴുതാമെന്നുള്ള തീരുമാനവും എടുപ്പിച്ചു.

എന്നാൽ തുടർന്ന് ഇക്കാര്യത്തിൽ പുരോഗതിയുണ്ടായില്ല. ബിരുദം കഴിഞ്ഞ് ബിരുദാനന്തരതലത്തിലും മലയാള മാധ്യമം സാധ്യമാക്കാനുള്ള സംഘടിത ശ്രമം ഉണ്ടായില്ല.

## കേരളമാതൃക


കേരളമാതൃകയെക്കുറിച്ചുള്ള ധാരണ വരുന്നത് 1970കളുടെ മധ്യത്തിലാണ്. യു. എന്നിന്റെ മുൻകയ്യിൽ കെ.എൻ.രാജിന്റെ നേതൃത്വത്തിലുള്ള പഠനസമിതിയുടെ റിപ്പോർട്ടാണ് കേരളമാതൃക എന്ന സങ്കല്പത്തിലേക്ക് നയിക്കുന്നത്. ആളോഹരി വരുമാനം കുറഞ്ഞിട്ടും കേരളം വികസിത രാജ്യങ്ങൾക്കൊപ്പമുള്ള മാനവവികസന സൂചിക കാണിക്കുന്നു എന്നതാണ് അതിന്റെ അനന്യത. അതിന്റെ അടിസ്ഥാനം കേരളത്തിലെ നിരന്തരമായ ബഹുജന ഇടപെടലാണെന്നും വന്നു. അമർത്യ സെന്നും മറ്റും പിന്തുണയ്ക്കുന്ന ഈ കാഴ്ചപ്പാട് പബ്ലിക് ആക്ഷൻ തിയറി എന്നറിയപ്പെടുന്നു.

എന്നാൽ കേരളമാതൃകയ്ക്കു നേരെ പിൽക്കാലത്ത് വിമർശനവും വന്നു. വ്യവസായവികാസത്തിന്റെ അഭാവമാണ് അതിലൊന്ന്. വിദേശ തൊഴിൽ കമ്പോ



സർ സയ്യിദ് അഹമ്മദ് ഖാൻ

രവീന്ദ്രനാഥ ടാഗോർ



ളത്തെ ആശ്രയിച്ചാണ് കേരളത്തിന്റെ വികസന മാതൃക നില്ക്കുന്നത് എന്നും അത് സ്ഥായിയല്ല എന്നുമാണ് മറ്റൊന്ന്.

കേരളമാതൃകയുടെ ഗുണപരമായ അംശങ്ങൾ ഉയർത്തിപ്പിടിക്കുമ്പോൾ തന്നെ അതിനെ സ്ഥായിയായ പുരോഗതിയാക്കി നിലനിർത്താനുള്ള ചിന്തകൾ കൂടിയാണ് നവകേരള സങ്കല്പം ഉൾക്കൊള്ളേണ്ടത്. ഗൾഫിലായാലും അമേരിക്കയിലായാലും തൊഴിലവസരങ്ങൾ സ്ഥായിയല്ല എന്ന അപകട സൂചന വന്നു കഴിഞ്ഞു. നിതാഖാത്ത് മുതൽ പല നിലയിലുള്ള സ്വദേശിവൽക്കരണം ഇത്തരം രാജ്യങ്ങളിൽ നടക്കുന്നു. ഇത് ആവുന്നിടത്തോളം സ്വാശ്രിതമായ കേരളത്തെക്കുറിച്ചും ഇന്ത്യയ്ക്കകത്തു തന്നെയുള്ള തൊഴിൽ സാധ്യതയെക്കുറിച്ചും ആലോചിക്കാൻ പ്രേരിപ്പിക്കുന്നുണ്ട്. മേയ്ക്ക് ഇൻ ഇന്ത്യ എന്ന മുദ്രാവാക്യത്തെ റിസർവ് ബാങ്ക് ഗവർണറായിരുന്ന രംഗരാജൻ മേക്ക് ഫോർ ഇന്ത്യ



എന്ന് വികസിപ്പിച്ചതും ഓർക്കാം.

ആശ്രിത സമ്പദ് വ്യവസ്ഥയ്ക്ക് വികസിക്കാൻ കഴിയില്ല എന്ന ആന്ദ്രെ ഗുന്തർ ഫ്രാങ്കിന്റെ അവികാസത്തിന്റെ വികാസം (development of underdevelopment) എന്ന സങ്കല്പം ഇവിടെ പ്രസക്തമാണ്. വൈദേശികമായ ഒന്നിനെ ആശ്രയിച്ചുകൊണ്ട് ഒരു സമൂഹം വികസിക്കാൻ പോയാൽ അവികാസമാകും ആത്യന്തികഫലം. ഇത് ഭാഷയ്ക്കും പ്രസക്തമാണ്. ഒരന്യഭാഷയെ മുൻനിർത്തിയാണ് വികസനം മുന്നോട്ടുവെക്കുന്നതെങ്കിൽ സ്വന്തം ഭാഷയുടെ വളർച്ച മുരടിക്കും. അത് പ്രാകൃതഭാഷയാകും. സ്വകീയമായ ഉല്പാദന വികാസത്തോടൊപ്പം വേണം ഭാഷയും പുതിയ മേഖലകളിലേക്ക് വളരാൻ. ഉന്നത വിദ്യാഭ്യാസത്തിലും വിശകലനാത്മക ചിന്തയിലും എല്ലാ തരത്തിലുള്ള വിജ്ഞാനോല്പാദനത്തിലും ഭാഷ ഉപയോഗിക്കുമ്പോഴാണ് അത് വികസിക്കുന്നത്.

ഭാഷാമരണമല്ല, ഭാഷയുടെ വളർച്ചാമുരടിപ്പാണ് മലയാളം നേരിടുന്ന പ്രശ്നം. വിജ്ഞാനത്തിന്റെയും സാമൂഹ്യപ്രയോഗത്തിന്റെയും സർവമേഖലയിലേക്കും ഭാഷയെ തുറന്നു വിട്ടുകൊണ്ടേ ഈ മുരടിപ്പിനെ മറികടക്കാനാവൂ. മാതൃഭാഷയുടെ മുരടിപ്പ് ഒരു സമൂഹത്തിലെ ഏറ്റവും അടിസ്ഥാന ജനവിഭാഗങ്ങളുടെ ആന്തരിക വളർച്ചയുടെ മുരടിപ്പായിരിക്കും. അടിസ്ഥാന ഉല്പാദന ശക്തികളുടെ മുരടിപ്പു കൂടിയാകും അത്.

## ഉല്പാദനഭാവനയും ഉപഭോഗഭാവനയും

അഭ്യസ്ത വിദ്യരുടെ സമൂഹത്തിൽ വളർച്ചാ മുരടിപ്പും മസ്തിഷ്ക ചോർച്ചയും ബന്ധപ്പെട്ടിരിക്കുന്നു. വിദേശ കമ്പോളം മാത്രം ലക്ഷ്യമാക്കി വിദ്യാർത്ഥികളെ പഠിപ്പിച്ചെടുക്കുമ്പോൾ നാട്ടിൽ ബാക്കിയാവുന്നത് അന്യവൽക്കരിക്കപ്പെട്ട യുവത്വമാകും.

സ്വാശ്രയകേരളം സൃഷ്ടിക്കണമെങ്കിൽ കേരളത്തിന്റെ ഉല്പാദന മേഖലയുടെ ഭാഷ മലയാളമാകണം. ന്യൂനപക്ഷ ഭാഷകളും ഗോത്ര ഭാഷകളും കൂടി ആ നിലയിൽ പരമാവധി വികസിപ്പിക്കാൻ ശ്രമിക്കണം.

മലയാളിയെ സംബന്ധിച്ചിടത്തോളം ഇംഗ്ലീഷിൽ വരുന്ന ഭാവന ഉപഭോഗ ഭാവനയാണ്. എല്ലാം ഏകപക്ഷീയമായി ഉപഭോഗം ചെയ്യാനുള്ളതാണ് എന്നു കരുതുന്ന ഉപഭോഗകർത്തൃത്വങ്ങളെ മാത്രമേ അതുകൊണ്ട് ഉണ്ടാക്കാനാവൂ. മലയാളത്തെ ഉല്പാദനഭാവനയ്ക്കടിസ്ഥാനമായി സ്വീകരിച്ചുകൊണ്ടുള്ള ഒരു ഭാഷാനയത്തിന് ഇംഗ്ലീഷുൾപ്പെടെയുള്ള ഭാഷകളെ ഉല്പാദനക്ഷമവും ജനോപകാരപ്രദമായ രീതിയിൽ ആസൂത്രണം ചെയ്യാൻ കഴിയും.

എന്തുകൊണ്ട് കേരളത്തിൽ കുറ്റമറ്റതും എല്ലാവർക്കും ഉപയോഗിക്കാൻ കഴിയുന്നതുമായ ഒരു തെങ്ങുകയറ്റയന്ത്രം ഉണ്ടാകുന്നില്ല? ചന്ദ്രനിൽ ജലം കണ്ടെത്തുകയും ബ്രഹ്മോസ് വിക്ഷേപിക്കാൻ യോഗ്യത നേടുകയും ചെയ്യുന്ന രാജ്യത്തിന്റെ മുൻഗണനകൾ എന്തു കൊണ്ട് ഈ നിലയിലാകുന്നു?

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുൾപ്പെടെയുള്ള സർവകലാശാലകൾ നമുക്കുണ്ട്. നമ്മുടെ ഗവേഷണത്തിന്റെ മാനദണ്ഡം മുഴുവൻ യൂറോപ്യനാണ്. നമ്മുടെ ഗവേഷണ പദ്ധതികൾ, പ്രോജക്ടുകൾ യൂറോപ്യൻ മാതൃകയിലാണ്.

സംഘകാലം മുതൽക്കേ നമ്മുടെ സാഹിത്യത്തിൽ കായ്ച്ചുനില്ക്കുന്ന ചക്ക നമ്മുടെ ഗവേഷണഭാവനയെ ഉത്തേജിപ്പിച്ചിട്ടില്ല. കേരളത്തിൽ ചക്കയെക്കുറിച്ച് ഗവേഷണം നടത്തി അതിനെ മൂല്യവർധിത എന്നു പഠിപ്പിച്ചുകൊണ്ടിരിക്കുന്നത് ആരാണ്? സർവകലാശാലകളാണോ? പഴയ കുറെ ഗാന്ധിയന്മാർ, സന്നദ്ധ പരിസ്ഥിതി പ്രവർത്തകർ, ഭാവനാശാലിനികളായ കുറെ വീട്ടമ്മമാർ. പ്രമേഹത്തിനു നല്ലതാണ് ചക്ക എന്ന് ഇപ്പോൾ ചർച്ച നടക്കുന്നു. കേരളത്തിലെ കാർഷിക വിഭവങ്ങളെ മൂല്യവർധിത വ്യാവസായികോല്പന്നങ്ങളാക്കി മാറ്റണമെങ്കിൽ ചക്കയിൽനിന്നും മാങ്ങയിൽ നിന്നും തേങ്ങയിൽ നിന്നും നമ്മുടെ ഭാവന തുടങ്ങണം. ഉല്പാദനഭാവനയുടെ അപകോളനീകരണം നടക്കണം.

സ്വസ്ഥലരാശിയിലേക്ക് ഇപ്പോൾ അന്യവൽക്കരിക്കപ്പെട്ട ഉല്പാദന ഭാവന തിരിച്ചുവരണം. മാതൃഭാഷയിൽ ചിന്തിച്ച ഫിലിപ്പൈൻസുകാരും ഇന്തോനേഷ്യക്കാരും മറ്റുമാണ് തേങ്ങയിൽനിന്നു നീര ഉണ്ടാക്കാമെന്നു കണ്ടുപിടിച്ചത്. കേരവൃക്ഷത്തിന്റെ നാട്ടിലെ കേരളീയരല്ല. കേരളം എന്ന പേര് നാട്ടിന് നൽകിയ നമ്മളല്ല കേരത്തെ, തേങ്ങയെ വ്യവസായ യുഗത്തിലേക്ക് നയിച്ചത്.

ഉല്പാദന ഭാവനയിൽ ഭാഷ ഒരു മധ്യസ്ഥനായി പ്രവർത്തിക്കുന്നു. തേങ്ങയുമായി ബന്ധപ്പെട്ട് ഇംഗ്ലീഷിൽ എത്ര വാക്കുകളുണ്ടാക്കാം? കോക്കനട്ട്, കോക്കനട്ട് ട്രീ, ടെൻഡർ കോക്കനട്ട്...... കഴിഞ്ഞു. എന്നാൽ മലയാളിയുടെ ഭാഷാഭാവനയിൽ ഒരു ആശയ പ്രപഞ്ചവും ഉല്പാദന പ്രപഞ്ചവും കൂടിയാണ്. ഒരു ജനതയുടെ ജീവിതവും അധ്വാനരീതിയും ഉല്പാദനവുമെല്ലാം അതിലുണ്ട്. അവർ കൈകാര്യം ചെയ്ത വാക്കുകളിലുണ്ട്. ഈ ഭാവനയെ പിന്തുടർന്നുകൊണ്ടു മാത്രമേ ഒരു സ്വാശ്രയകേരളത്തെ സങ്കല്പിക്കാനാവൂ.

ഇതിന് മാതൃഭാഷാ മാധ്യമത്തിൽ ഗവേഷണം നടത്താൻ കഴിയണം. ഇന്നത്തെ നിലയിൽ എല്ലാ ഗവേഷണവും ഒറ്റയടിക്ക് മലയാളത്തിലേക്ക് കൊണ്ടുവരേണ്ടതില്ല. മലയാളത്തിൽ ശാസ്ത്ര സാങ്കേതിക മേഖലയിൽ ഗവേഷണം നടത്താൻ കഴിയുന്നവർക്ക്, അതിൽ താത്പര്യമുള്ളവർക്ക് ആ നിലയിൽ ഗവേഷണം നടത്താൻ അനുമതിയും പിന്തുണയും പ്രോത്സാഹനവും നൽകണം. അതിനുള്ള പുസ്തകങ്ങൾ മലയാളത്തിൽ ലഭ്യമാക്കുകയും വേണം. ഇത് സംഭവിക്കുന്നില്ലെങ്കിൽ അവികാസത്തിന്റെ വികാസം തുടരും.

കാർഷിക യുഗത്തിൽ നിന്നു വ്യാവസായിക യുഗത്തിലേയ്ക്ക് മലയാളി മാറിയപ്പോൾ തെങ്ങുകയറ്റമൊഴിച്ചു മിക്കവാറും എല്ലാം മാറി. വ്യവസായ യുഗത്തിലേക്കുള്ള മാറ്റം ജാതിവ്യവസ്ഥയിൽ മാറ്റം വരുത്തിയിട്ടുണ്ട്. ബാറ്റ കമ്പനിയിലെ ചെരുപ്പുണ്ടാക്കുന്നവനെ നാമാരും ചെരുപ്പുകുത്തിയെന്നു വിളിക്കുകയില്ല. ആധുനിക റയോൺസ് സ്ഥാപനത്തിലെ തൊഴിലാളിയെ പഴയ നെയ്ത്തുകാരുടെ ജാതിപ്പേരിട്ട് വിളിക്കുന്നില്ല.

പക്ഷേ ഇന്നും തെങ്ങുകയറ്റത്തൊഴിലാളിയെ ജാതിപ്പേരിട്ടാണ് വിളിക്കുന്നത്. കാർഷിക-കൈത്തൊഴിൽ-കര കൗശല ഘട്ടത്തിലെ മറ്റ് അധ്വാനമേഖലകൾ വ്യാവസായിക ഘട്ടത്തിൽ ആധുനികവൽക്ക



രിക്കപ്പെടുകയും അത്തരം തൊഴിലുകൾ ജാതീതരവും മതേതരവും ലിംഗേതരവുമായി വികസിക്കുകയും ചെയ്യുമ്പോൾ തെങ്ങുകയറ്റം ജാതി മുദ്രയോടെ, കാർഷിക ജാതി അടിമത്ത കാലത്തിന്റെ മുദ്രയോടെ മുരടിച്ചു നിൽക്കുന്നു. മറ്റു മിക്ക കൈത്തൊഴിൽ മേഖലയുടെയും ആധുനികീകരണം യൂറോപ്യന്മാർ നടത്തി. അത് നാം പകർത്തി. നല്ലത്. എന്നാൽ നമ്മുടെ അധ്വാനമായ തെങ്ങുകയറ്റത്തെ നാം ആധുനികവൽക്കരിച്ചില്ല.

ഗവേഷണപ്രബന്ധങ്ങൾക്ക് അധ്യാപകരുടെ പ്രമോഷനുമായി ബന്ധപ്പെട്ട് എ.പി.ഐ (അക്കാദമിക് പെർഫോമൻസ് ഇൻഡിക്കേറ്റർ) സ്കോറുകൾ സങ്കല്പിച്ചിട്ടുണ്ട്. നമ്മുടെ നാട്ടിന് ഒരു പ്രയോജനവുമില്ലാത്ത ഗവേഷണമാണ് നടത്തുന്നതെങ്കിൽ അത് അന്താരാഷ്



ട്ര ഗവേഷണമാണ്. ആ പ്രബന്ധത്തിന് എ.പി.ഐ സ്കോർ 25 ആണ്. നമ്മുടെ നാടിനുവേണ്ട വിഷയത്തെക്കുറിച്ചാണ് പ്രബന്ധമെങ്കിൽ 5 മാർക്ക് അഥവാ മാർക്കൊന്നുമില്ല. ചക്കയെകുറിച്ചാണ് ഗവേഷണമെങ്കിൽ മാർക്കില്ല. ഞാൻ ആർട്ടിക്കിലെ മഞ്ഞിനെക്കുറിച്ചാണ് ഗവേഷണം നടത്തുന്നതെങ്കിൽ അത് അന്താരാഷ്ട്ര ഗവേഷണമാണ്. ഫുൾ മാർക്കാണ്. അന്തർദ്ദേശീയ ഗവേഷണം എന്നറിയപ്പെടുന്നത് യൂറോ-അമേരിക്കൻ കമ്പനികളുടെ താത്പര്യത്തിൽ നടത്തുന്ന ഗവേഷണമാണ്. അവരുടെ മുൻഗണനാക്രമമനുസരിച്ച് ആ ഘടനയിൽ പ്രവർത്തിച്ചാൽ മാത്രമേ അത്തരം സ്ഥാപനങ്ങൾ നമ്മുടെ ഗവേഷണത്തെ അംഗീകരിക്കൂ.

മാനവികശാസ്ത്ര മേഖലയിലും സാമൂഹ്യശാസ്ത്രമേഖലയിലും മാത്രമല്ല, പ്രകൃതിശാസ്ത്രത്തിന്റെ മേഖലയിലും സ്ഥലപരമായ രാഷ്ട്രീയ ബലതന്ത്രം പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യമേഖലയിലെ ഗവേഷണം കേരളത്തിലെ രോഗങ്ങളെക്കുറിച്ചാണോ അതോ ഇവിടെ സാമാന്യമല്ലാത്ത രോഗങ്ങളെക്കുറിച്ചാണോ എന്നിടത്ത് ഈ പ്രശ്നം കടന്നുവരുന്നു.

അടിസ്ഥാന ഗവേഷണ മേഖലയ്ക്ക് അന്താരാഷ്ട്രീയമായ ഒരു പൊതുതലമുണ്ടെന്നു വാദിക്കാം. എന്നാൽ അത്തരം അടിസ്ഥാന ഗവേഷണങ്ങൾ നടത്തേണ്ട സ്ഥലം നമ്മുടേതല്ല എന്നു നാം തീർച്ചപ്പെടുത്തിയിട്ടുണ്ട്. പുറത്ത് നടന്നതിന്റെ പ്രയോഗ മണ്ഡലമായി അഥവാ രണ്ടാംകിട അനുവർത്തനത്തിന്റെ സ്ഥലമായാണ് നാം നമ്മുടെ നാടിനെ സങ്കല്പിച്ചുവെച്ചിട്ടുള്ളത്. പൊതുവായ ഒരു ആത്മവിശ്വാസത്തിന്റെ വീണ്ടെടുപ്പിലൂടെ മാത്രമേ നമ്മുടെ സ്ഥലത്തെ അടിസ്ഥാന ഗവേഷണത്തിന്റെ ഇടമായും നമുക്ക് സങ്കല്പിക്കാനാവൂ. കേവല സാങ്കേതിക വിദഗ്ധർക്ക് വിദ്യാഭ്യാസം വിട്ടുകൊടുത്താൽ അവർ കമ്പോളയുക്തി മാത്രമേ മുന്നോട്ടു വെക്കൂ.

യൂറോപ്പിൽ തെങ്ങില്ലാത്തതുകൊണ്ട് യൂറോപ്യൻ ഉല്പാദന ഭാവനയിൽ തെങ്ങുകയറ്റ യന്ത്രം തെളിയുകയില്ല. അത് തെളിയേണ്ടത് നമ്മുടെ ഗവേഷകരുടെ ഭാവനയിലാണ്. യൂറോ-അമേരിക്കൻ ഭാവന കൊണ്ട് സ്വദേശം മറച്ചുപിടിക്കപ്പെട്ട നമ്മുടെ ഇംഗ്ലീഷ് മാധ്യമ, യൂറോകേന്ദ്രിത കരിക്കുലത്തിലൂടെ കടന്നുവരുന്ന നമ്മുടെ ഗവേഷകരുടെ ഭാവനയിലും തേങ്ങയും തെങ്ങും തെളിയുന്നില്ലെന്നതാണ് വസ്തുത. കോളനീകരിക്കപ്പെട്ട ഭാവനയാണ് നമ്മുടെ ഗവേഷണഭാവന. ഇതിനെ അപകോളനീകരിക്കണമെങ്കിൽ ഉല്പാദന,ഗവേഷണ, വികസന ചിന്തകളുടെ മാധ്യമമായി മാതൃഭാഷ മാറേണ്ടിയിരിക്കുന്നു.

കുറ്റമറ്റതും എളുപ്പത്തിലുപയോഗിക്കാവുന്നതുമായ ഒരു തെങ്ങുകയറ്റ യന്ത്രം കണ്ടുപിടിച്ചിരുന്നെങ്കിൽ സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ ജാതി വ്യത്യാസമില്ലാതെ യുവാക്കൾ അന്തസ്സോടെ ആധുനിക വേഷവിധാനങ്ങളോടെ ചെയ്യുന്ന ആധുനികതൊഴിലായി തെങ്ങുകയറ്റം മാറുമായിരുന്നു.

മുതലാളിത്തവും വ്യവസായ വിപ്ലവവുമുണ്ടാക്കേണ്ട ആധുനികീകരണം ഈ നിലയിൽ ഭാഗികമായി പരാജയപ്പെട്ടതാണ് പ്രതിലോമ ചിന്തകൾ നമ്മുടെ സമൂഹത്തിൽ വേരുപിടിക്കാനുള്ള ഒരു കാരണം.

നാം എന്തിനാണ് ഗവേഷണം നടത്തുന്നത് എന്ന ചോദ്യത്തിന് അത് പൊതുസമൂഹത്തിനു വേണ്ടിയാണ് എന്ന് ഉത്തരം പറഞ്ഞാൽ സർവ കലാശാലകൾ ജനകീയമാവും. സർവകലാശാലയ്ക്കു നേരെയുള്ള അക്രമണത്തെ ജനങ്ങൾ നേരിട്ടിറങ്ങി പ്രതിരോധിക്കും. ഇന്ന് ജനങ്ങൾ അതു ചെയ്യാത്തത് സർവകലാശാലകൾക്ക് തങ്ങളുടെ ഉല്പാദന ജീവിതത്തിൽ എന്തെങ്കിലും പങ്കുള്ളതായി സാധാരണക്കാരായ ആളുകൾക്ക് അനുഭവപ്പെടാത്തതുകൊണ്ടുകൂടിയാണ്.


ചക്കയുടെ മൂല്യവർധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള സൂത്രം കേരള സർവകലാശാലയിൽ നിന്നാണെന്നോ കൊച്ചി സർവ കലാശാലയിൽ നിന്നാണെന്നോ വന്നാൽ തൊഴിലാളികളും കൃഷിക്കാരും സർവകലാശാലയ്ക്കു പിന്നിൽ അണിനിരക്കും.

ഭരണസ്ഥാപനങ്ങൾ പോലെ, ബാങ്കുകൾ പോലെ നമ്മുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ഭാഷാപരമായ അകലം കൊണ്ടു ജനങ്ങളിൽ നിന്ന് അകന്നിരിക്കുന്നു. എസ്.ബി.ടി എല്ലാ തൊഴിൽ പരീക്ഷകളും ഇംഗ്ലീഷിൽ മാത്രം നടത്തുകയും മലയാളം മാത്രമറിയുന്ന മലയാളിക്ക് കേരളത്തിന്റെ ഈ ബാങ്കിൽ തൊഴിലാളി എന്ന നിലയിൽ പ്രവേശനം ഇല്ലാതിരിക്കുകയും ചെയ്ത സാഹചര്യമാണ് എസ്.ബി.ഐയിലെ ലയനത്തിന്റെ പ്രശ്നം മലയാളി ആഴത്തിൽ അനുഭവിക്കാൻ കഴിയാതെ പോയതിന്റെ ഒരു കാരണം. സിവിൽ സർവീസ് പരീക്ഷകൾ പോലും മലയാളത്തിൽ എഴുതാമെന്നിരിക്കെ കേരളത്തിലെ പി.എസ്.സി പരീക്ഷകൾ പലതും ഇംഗ്ലീഷ് മാധ്യമത്തിൽ മാത്രമാണ് നടത്തുന്നത്. ഇപ്പോൾ കേരള ഭരണസർവീസ് എന്ന പുതിയ സംവിധാനം പ്രഖ്യാപിക്കപ്പെട്ടിരിക്കുകയാണല്ലോ. അതിലേക്കുള്ള പ്രവേശന പരീക്ഷയുടെ മാധ്യമം ഇംഗ്ലീഷ് മാത്രമായിരിക്കുമോ? കേന്ദ്ര പരീക്ഷ മലയാളത്തിലെഴുതാമെന്നിരിക്കെ കേരള പരീക്ഷയുടെ മാധ്യമം ഇംഗ്ലീഷ് മാത്രമാകുമോ? അങ്ങനെയെങ്കിൽ കേരള പി.എസ്.സി എന്ന സ്ഥാപനം യു.പി.എസ്.സിയിൽ ലയിക്കുന്നതാണ് ഈ നിലയിൽ മലയാള മാധ്യമത്തിൽ എഴുതാൻ താത്പര്യമുള്ള ഉദ്യോഗാർഥിക്ക് ഗുണകരമാകുക. അതിന്റെ അപകടങ്ങളെ സൈദ്ധാന്തികമായി വിശദീകരിച്ചതു കൊണ്ടു കാര്യമില്ല. ജനതയുടെ അനുഭവത്തിൽ കേന്ദ്രീകരണമായി വരുന്ന വികേന്ദ്രീകരണം വികേന്ദ്രീകരണമല്ല. മറ്റൊരു തരം കേന്ദ്രീകരണം തന്നെയാണ്.

## മലയാള സങ്കല്പത്തിന്റെ ശോഷണം

നവോത്ഥാനത്തിന്റെയും ദേശീയ പ്രസ്ഥാനത്തിന്റെയും തുടർച്ചയിലുള്ള മാതൃഭാഷാ പ്രവർത്തനങ്ങൾ എഴുപതുകളുടെ രണ്ടാം പകുതിയോടെ ഏകദേശം നിശ്ചലാവസ്ഥയിലാകുന്നതാണ് കാണുന്നത്. ഭരണഭാഷ മലയാളമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് മാത്രമാണ് അല്പമെങ്കിലും പുരോഗതിയുണ്ടായത്. മലയാളം കേവലം സാഹിത്യഭാഷ മാത്രമാണെന്ന ധാരണയ്ക്ക് ബലം വെച്ചതും ഈ ഘട്ടത്തിലാണ്. സാഹിത്യരചിതാക്കളുടെയും ഭാഷാധ്യാപകരുടെയും അജണ്ടയായി ഒതുങ്ങാൻ തുടങ്ങി. കേരളവികസനത്തിന്റെ അജണ്ട ,കേരളത്തിന്റെ ജനാധിപത്യവൽക്കരണത്തിന്റെ അജണ്ട ബഹുഭാഷാ ഇന്ത്യയുടെ നിർമിതിയുടെ മുദ്രാവാക്യം, സർവവിഷയങ്ങളും മാതൃഭാഷയിൽ കൈകാര്യം ചെയ്യാനുള്ള ശേഷി ആർജ്ജിക്കാനുള്ള സമരം എന്നതുമാറി മലയാള സാഹിത്യകാരന്മാരുടെയും മലയാളം അധ്യാപകരുടെയും ഒരു അജണ്ടയായി ഒതുക്കപ്പെട്ടു. വിദ്യാഭ്യാസം ജനകീയമാക്കുക എന്ന കാഴ്ചപ്പാടും പിന്നോട്ടുപോയി.

2008 ൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ രേഖയിൽ യു.ആർ.അനന്തമൂർത്തി ഗവേഷണ പ്രബന്ധങ്ങൾ ഉൾപ്പെടെ മലയാളത്തിൽ സമർപ്പിക്കാൻ കഴിയണം എന്നു പറഞ്ഞപ്പോഴാണ്



ഉന്നത വിദ്യാഭ്യാസ മേഖലയിലെ മാതൃഭാഷയ്ക്ക് വീണ്ടും ജീവൻ വെച്ചത്. പക്ഷെ ഈ നിർദ്ദേശം ഒരിക്കലും ഏറ്റെടുക്കപ്പെടുകയുണ്ടായില്ല.

ഇപ്പോൾ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടന പത്രികയിൽ പറഞ്ഞിരിക്കുന്നത് മാതൃഭാഷാ മാധ്യമത്തിൽ ബിരുദാനന്തര ബിരുദവും ഗവേഷണവും നടത്താനുള്ള അനുവാദമുണ്ടായിരിക്കുമെന്നാണ്. എഴുപതുകളുടെ മധ്യത്തിൽ വെച്ചു നഷ്ടപ്പെട്ടുപോയ ഈ അജണ്ട ഇന്ന് നവകേരള സൃഷ്ടിയെ സംബന്ധിച്ച പുതിയ സ്വപ്നവുമായി ചേർന്നാണ് തിരിച്ചുവരുന്നത്. കേരളം അറുപതു വർഷം പിന്നിടുമ്പോൾ അധ്യാപക പ്രസ്ഥാനത്തെ പൊതുജനജീവിതവുമായി അടുപ്പിച്ചു നിർത്തിയ ആർ.ആർ.സിയുടെ ഓർമയോടുചെയ്യുന്ന വലിയൊരു ആദരവാകും അത്. നമ്മുടെ ഉല്പാദനഭാവന തിരിച്ചുപിടിക്കാനും നവകേരളം കെട്ടിപ്പടുക്കാനുമുള്ള സമരത്തിൽ ഉന്നത വിദ്യാഭ്യാസമേഖലയിലെ രാഷ്ട്രീയനയത്തിന്റെ ഭാഗമാകണം അത്.

# കേന്ദ്രീകരണം: വൈവിധ്യം നശിപ്പിക്കും ഫെഡറലിസം ദുർബലപ്പെടുത്തും വെങ്കിടേഷ് ആത്രേയ

ഇന്ത്യൻ ദേശീയതയുടെ പരമപ്രധാനമായ സ്വഭാവം അതിൽ അടങ്ങിയിരിക്കുന്ന വിവിധ സാമൂഹിക വർഗ്ഗങ്ങൾ കാത്തുസൂക്ഷിക്കുന്ന അതിന്റെ വൈവിധ്യം ആണ്. ഇന്ത്യയുടെ സാമ്രാജ്യത്വ വിരുദ്ധ പാരമ്പര്യത്തിൽ അധിഷ്ഠിതമായ ദേശീയത ഇന്ന് തിരസ്കരിക്കപ്പെട്ടിരിക്കുന്നു. എങ്ങനെയാണ് ഇന്ത്യയുടെ ദേശീയപ്രസ്ഥാനം ഈ സാമൂഹിക സാംസ്കാരിക വൈജാത്യങ്ങളെ ഒരേ കുടകീഴിൽ അണിനിരത്തിയതെന്ന ചർച്ച ഇന്ന് ഏറെ മുന്നോട്ടുപോയിട്ടുണ്ട്. ഇന്ത്യൻ ദേശീയത തകരാതെ നിലനിൽക്കണമെങ്കിൽ ഈ സാമൂഹിക വൈവിധ്യങ്ങളെ അംഗീകരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ഒരു ഭരണസംവിധാനം നമുക്ക് അനിവാര്യമാണ്. ഇന്നത്തെ ഭരണകൂടം ജനങ്ങൾക്ക് മേൽ അടിച്ചേല്പിക്കുന്നതുപോലെ ഒറ്റ സംസ്കാരമോ ജീവിതരീതിയോ ഒറ്റ ദേശീയതയോ ഉള്ള ഒരു രാജ്യമല്ല ഇന്ത്യ. കാശ്മീർ മുതൽ കന്യാകുമാരി വരെ വ്യത്യസ്തങ്ങളായ വിവിധ ഉപദേശീയതകൾ കൂടിച്ചേർന്ന ഒരു വൈവിധ്യമാണ് ഇന്ത്യ. ഈ വൈജാത്യങ്ങളെ അംഗീകരിക്കുകയും സംരക്ഷിക്കുകയും വേണം. അതിലൂടെ മാത്രമേ ഈ ഉപദേശീയതകൾ സംരക്ഷിക്കപ്പെടുകയുള്ളൂ. കറൻസി പിൻവലിക്കൽ മുതൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് പിന്തുടരുന്ന നടപടികൾ വരെ മുന്നോട്ടുവയ്ക്കുന്നത് ആഗോള മൂലധന താല്പര്യത്തിനു വഴങ്ങി ഇന്ത്യയെ കേന്ദ്രീകൃതമായ ഒരു സംവിധാനമായി മാറ്റാനുള്ള ഇന്നത്തെ ബി ജെ പി ഗവണ്മെന്റ് പിന്തുടരുന്ന അപകടകരമായ ഒരു കേന്ദ്രീകരണ പ്രവണതയാണ്.

ആഗോള മൂലധന ശക്തികളുടെ താല്പര്യമാണ് ആഗോളവൽക്കരണ നയങ്ങളിലൂടെ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി രാജ്യമെമ്പാടും തൊഴിലെടുക്കാൻ സാധിക്കുന്ന ഏകീകൃത സ്വഭാവമുള്ള ഒരു തൊഴിൽ സേന ആവശ്യമാണ്. ഏകീകൃതമായ ഉല്പാദനം ഏകശിലാ സ്വഭാവമുള്ള ഒരു തൊഴിൽ സേനക്കുള്ള ആവശ്യം മുന്നോട്ടുവയ്ക്കുന്നു. ഇതാകട്ടെ ആഗോള മൂലധനത്തിന്റെ ലാഭം വർദ്ധിപ്പിക്കുന്നതിനുള്ള ഉപാധിയുമാണ്. രാജ്യമെമ്പാടും നടപ്പാക്കിയ ജി എസ് ടി, നോട്ടു പിൻവലിക്കൽ സിലബസ് ഏകീകരണം തുടങ്ങിയ കേന്ദ്ര സർക്കാർ നയങ്ങൾ ഇതിനെല്ലാം ഉദാഹരണമാണ്.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ അടക്കം നടപ്പാക്കുന്ന നയങ്ങൾ രാജ്യത്തിന്റെ വൈവിധ്യം കണക്കിലെടുക്കുന്നവ ആയിരിക്കണം. രാജ്യം ഒന്നടങ്കം ഏകീകൃതമായ ഒരു സിലബസ് എന്ന കാഴ്ചപ്പാടിലേക്കാണ് സർക്കാർ നീങ്ങിക്കൊണ്ടിരിക്കുന്നത്. ഓരോ സംസ്ഥാനത്തിനും ആ സംസ്ഥാനത്തിന്റെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ കാഴ്ചപ്പാടുകളിൽ ഊന്നിയ തനതായ ബോധനരീതി എന്ന കാഴ്ച്ചപ്പാട് തിരസ്കരിക്കപ്പെട്ടിരിക്കുന്നു. വിവിധങ്ങളായ സംസ്കാരങ്ങളും ജീവിത രീതികളും പിന്തുടരുന്ന ഒരു വലിയ ജനവിഭാഗത്തിന് മുകളിൽ ഏക ശിലാരൂപത്തിലുള്ള ഒരു ബോധനപ്രക്രിയ അടിച്ചേല്പ്പിക്കുന്നത് ബോധപൂർവമാണ്. വികേന്ദ്രീകൃത സംവിധാനങ്ങൾ കൊണ്ട് മാത്രമേ വികസനത്തിൽ നിന്ന് അകറ്റി നിർത്തിയവരെയും പാർശ്വവത്കൃതരെയും ഉൾച്ചേർക്കുന്ന ഒരു വികസന രീതി കൊണ്ടുവരാൻ സാധിക്കുകയുള്ളൂ എന്ന സത്യം വിസ്മൃതമാകുന്നു. ഈ കേന്ദ്രീകരണത്തിനുള്ള അപകടകരമായ ശ്രമത്തെ നാം ചെറുത്ത് തോല്പിക്കേണ്ടിയിരിക്കുന്നു.



ജനകീയാസൂത്രണം ഫലപ്രദമായി എങ്ങനെ നടപ്പിലാക്കാം എന്നതടക്കം ഉള്ള ഒട്ടേറെ മാതൃകകൾ ഇന്ത്യക്കു മുൻപിൽ അവതരിപ്പിച്ചവരാണ് കേരളീയർ. സംസ്ഥാനങ്ങളിലേക്ക് കൂടുതൽ വിഭവങ്ങൾ നല്കി വികേന്ദ്രീകൃത വികസനം സാധ്യമാക്കാൻ ഉതകുന്ന വിധത്തിൽ രാഷ്ട്രസമ്പത്തിന്റെ ന്യായമായ വിഹിതം ഉടനടി വിതരണം ചെയ്യണമെന്ന് അവകാശവാദം ഉന്നയിച്ചവർ ആണ് കേരളീയർ. ഇന്ന് രാജ്യം കടന്നുപോകുന്ന ദശാസന്ധികളിലെല്ലാം കേരളത്തിന് ഒരുപാട് കാര്യങ്ങൾ ചെയ്യാനുണ്ട്. ജനാധിപത്യ മൂല്യങ്ങളുടെയും, ഫെഡറൽ ഭരണക്രമത്തിന്റെയും എക്കാലത്തെയും സംരക്ഷകർ ആയിരുന്നു മലയാളികൾ. നിലനിൽക്കുന്ന ഭീതിതമായ അന്തരീക്ഷത്തിൽ ചെറുത്ത് നിൽപ്പിന്റെ വ്യത്യസ്തമായ ശബ്ദം ഉയർത്താനുള്ള അനുകൂലമായ സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങൾ ഉള്ളത് കേരളത്തിനുമാത്രമാണ് എന്ന് മറക്കരുത്. ചരിത്രത്തിൽ രേഖപ്പെടുത്താൻ പോകുന്ന ആ സമരത്തിന്റെ നേതൃസ്ഥാനം കേരളത്തിന് ആയിരിക്കും. അങ്ങിനെ ഒരു സമരം ഇന്ത്യയിലെ ഇടതുപക്ഷ മനസ്സുള്ളവരുടെ ബാധ്യതയാണ് എന്ന സത്യം തിരിച്ചറിയണം. ഈ അവസരത്തിലാണ് എകെപിസിടിഎ 59-ാം സംസ്ഥാന സമ്മേളനത്തിന്റെ 'കേന്ദ്രീകരണം അവസാനിപ്പിക്കുക, ഫെഡറലിസം ശക്തിപ്പെടുത്തുക' എന്ന മുദ്രാവാക്യം ഏറെ പ്രസക്തമാകുന്നത്.



# നോട്ടുനിരോധനം

## ഇന്ത്യയുടെ സാമ്പത്തികരംഗത്തും സാമൂഹികരംഗത്തും വരുത്തിയ പ്രത്യാഘാതങ്ങൾ

ഡോ. അനിൽവർമ്മ
ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്



ജനങ്ങൾ പണം കൈവശം വയ്ക്കുന്നത് പ്രധാനമായും മൂന്ന് തരം സാമ്പത്തിക ഉദ്ദേശങ്ങൾ നിറവേറ്റാനാണ്. ക്രയവിക്രയം നടത്തുക (Transaction motive), പെട്ടെന്നുണ്ടാവുന്ന ചോദനം നിറവേറ്റുക (Precautionary Motive), ഊഹമൂലധനമായി ഉപയോഗിക്കുക (Speculative Motive) എന്നിവയാണ് ഈ മൂന്ന് തരം സാമ്പത്തിക ഉദ്ദേശങ്ങൾ. ഇതിൽ ക്രയവിക്രയം നടത്താനുള്ള, ദ്രവരൂപത്തിൽ സൂക്ഷിച്ചിരിക്കുന്ന പണം മൊത്തം ഫലപ്രദമായ ചോദന (Effective demand) നെ നിർണ്ണയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഘടകം ആണ്. ജനങ്ങൾ ക്രിയവിക്രയത്തിനുള്ള ദ്രവരൂപത്തിൽ ഉള്ള പണം നോട്ടു നിരോധന ഫലമായി 2016 നവംബർ ഡിസംബർ മാസങ്ങളിൽ വൻതോതിൽ കുറഞ്ഞിട്ടുണ്ട്. ഇത് ഫലപ്രദമായ ചോദനത്തിൽ ഇടിവ് വരുത്തുകയും സമ്പദ്വ്യവസ്ഥയെ പ്രതിസന്ധിയിലേക്ക് നീളുന്ന ഒരു മാന്ദ്യത്തിലേക്ക് തള്ളിവിടുകയും ചെയ്തു.

പണത്തിന്റെ വിതരണത്തിലുള്ള വർദ്ധനവ്/കുറവ്, സാമ്പത്തിക വളർച്ചാനിരക്ക്, വിലനിലവാരം, തൊഴിൽലഭ്യത തുടങ്ങിയ സാമ്പത്തിക കാര്യങ്ങൾ എല്ലാം തന്നെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. 1999 മുതൽ 2000 വരെ ഇന്ത്യ ഭരിച്ച എൻ.ഡി.എ. ഗവൺമെന്റിന്റെയും 2004 മുതൽ 2010 വരെ ഇന്ത്യ ഭരിച്ച യു.പി.എ. സർക്കാരിന്റെയും കാലത്തെ സാമ്പത്തിക സ്ഥിതി ഈ പരസ്പര ബന്ധത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച എസ്. ഗുരുമൂർത്തി പറയുന്നതു നോക്കുക.

(ദി ഹിന്ദു ഡിസംബർ 13, 2016) 2004ൽ മൊത്തം പ്രചാരത്തിലുണ്ടായിരുന്ന കറൻസിയുടെ 34% ആയിരുന്ന ഉയർന്ന ഡിനോമിനേഷൻ നോട്ടുകൾ (500-1000 നോട്ടുകൾ) 2010ൽ 79% ആയി വർദ്ധിച്ചു. 2016 നവംബർ 8ന് ഇത് 87% ആയി വർദ്ധിച്ചു. അതായത് 2004 -2010 കാലയളവിൽ പ്രതിവർഷം ശരാശരി 51% ആയിരുന്നു വർദ്ധന. 2013-14ൽ ആകട്ടെ വർദ്ധന 63% ആയിരുന്നു. യു.പി.എ. ഭരണകാലത്ത് ഉയർന്ന ഡിനോമിനേഷനിലുള്ള പണത്തിന്റെ അളവിൽ ഇത്രയും ഉയർന്ന വർദ്ധനവ് ആണ് ഈ നോട്ടുകൾ ഇന്ത്യയിൽ അടിസ്ഥാന കറൻസി ആയി മാറാൻ കാരണം എന്നാണ് ഗുരുമൂർത്തി അഭിപ്രായപ്പെടുന്നത്. കൂടാതെ ഈ വളർച്ചയിൽ ഏറെ ദുരൂഹമായ മറ്റൊരു കാര്യം 1000 രൂപയുടെ 6 ലക്ഷം കോടി രൂപയുടെ നോട്ടുകൾ അവ പുറത്തിറക്കിയതിൽ പിന്നെ ബാങ്കുകളിൽ ഒരിക്കൽപ്പോലും തിരികെ വന്നിട്ടില്ല എന്ന RBI-യുടെ വെളിപ്പെടുത്തൽ ആണ്. ഈ പണം ഹവാലാ ഇടപാടുകൾ വഴി വിദേശത്തെത്തിക്കുകയും, നികുതി സത്രങ്ങൾ വഴി ഇന്ത്യയിലേക്ക് റൗണ്ട് ട്രിപ്പ് നടത്തുകയും ചെയ്തിട്ടുണ്ട് എന്നാണ് ഗുരുമൂർത്തി അഭിപ്രായപ്പെടുന്നത്.

## ഉല്പാദന മേഖല

വസ്തുക്കൾവാങ്ങാൻ പണമില്ലാത്ത അവസ്ഥ നിലനിന്നതിനാൽ ആദ്യകാലത്ത് ചില്ലറ വ്യാപാരരംഗത്ത് ഉടലെടുത്ത ചോദന പ്രതിസന്ധി ഇന്ന് ഉല്പാദന രംഗത്തെയും കാര്യമായി ബാധിച്ചിട്ടുണ്ട്. ചെറുകിട ഉല്പാദകരും വൻകിട ഉല്പാദകരും അവരുടെ ഉല്പാദനം കുറയ്ക്കുന്നത് വലിയ തൊഴിൽ നഷ്ടം ഉണ്ടാക്കിയിട്ടുണ്ട്. ചെറുകിട ഉല്പാദകർ ചെറിയ മൂലധന നിക്ഷേപകരും കുറഞ്ഞ തൊഴിൽ ദാതാക്കളുമാണ്. കുറഞ്ഞ മൂലധന തൊഴിൽ അനുപാത (Capital labour ratio)ത്തിൽ ഉല്പാദനം നടത്തുന്ന ഉല്പാദന യൂണിറ്റുകളാണിവ. ആധുനിക മുതലാളിത്ത ഉല്പാദന രീതിയിൽ അന്തിമ ഉല്പന്നത്തിന്റെ ഒരു ഘട്ടമോ അതിന്റെ ഉപോല്പന്നങ്ങളോ നിർമ്മിക്കുന്ന ഉല്പാദന യൂണിറ്റുകളെയാണ് ചെറുകിട ഉല്പാദനയൂണിറ്റുകൾ എന്നതുകൊണ്ട് ഇവിടെ അർത്ഥമാക്കുന്നത്.

ചെരുപ്പ്/തുണി/ആഭരണങ്ങൾ തുടങ്ങിയ ഉല്പന്നങ്ങളുടെ ഉപഭോഗം കുറച്ചുദിവസത്തേക്ക് മാറ്റി വയ്ക്കാൻ സാധിക്കുന്ന ഒന്നാണ്. അതായത് അത്തരം ഉല്പന്നങ്ങൾ അരിയോ പച്ചക്കറികളോ പോലെ അത്യാവശ്യസാധനങ്ങൾ (Necessaries) അല്ല. അതുകൊണ്ട് തന്നെ നോട്ട്നിരോധനം കഴിഞ്ഞ നവംബർ 8ന് ശേഷം ഉണ്ടായ ആഴ്ചകളിൽ ഇത്തരം സാധാരണ ഉല്പന്നങ്ങളുടെ ഉപഭോഗം ഗണ്യമായി കുറയ്ക്കുകയുണ്ടായി. ഇത്തരം ഉല്പന്നങ്ങളിൽ പലതും സ്കൂൾ തുറക്കുന്ന സമയത്തും മഴക്കാലത്തുമൊക്കെ ഉയർന്ന ചോദനം പ്രദർശിപ്പിക്കുന്ന ചാക്രികചോദനം (സൈക്ലിക്കൽ ഡിമാന്റ്) ഉള്ള ഉല്പന്നങ്ങൾ ആണ്. അതായത് ഒരു വർഷത്തിൽ ഏതാനും ദിവസങ്ങളിൽ ഇത്തരം ഉല്പന്നങ്ങൾക്ക് ഉയർന്ന ചോദനവും (Peak period) മറ്റു സമയങ്ങളിൽ ഇവയ്ക്ക് താഴ്ന്ന ചോദനവും ആയിരിക്കും (Off Peak period). താരതമ്യേന താഴ്ന്ന ചോദനം നിലനിന്ന സമയത്താണ് നോട്ടുനിരോധനനടപടി പ്രഖ്യാപിച്ചത്. പഴയ 500/1000 രൂപ നോട്ടുകൾ വാങ്ങാൻ കച്ചവടക്കാർ വിസമ്മതിച്ചുതുടങ്ങി. കയ്യിൽ മതിയായ ചില്ലറ ഇല്ലാത്തതിനാലും പണലഭ്യത ചുരുങ്ങിയതിനാലും 100/50/20/10 രൂപ നോട്ടുകളുടെ കൈമാറ്റ വേഗം ദ്രുതഗതിയിൽ ഉയരാത്തതിനാലും ഫലപ്രദമായ ചോദനം നവംബർ ഡിസംബർ മാസങ്ങളിൽ കൂപ്പുകുത്തി. ഇത് ഈ ഉല്പന്നങ്ങളുടെ നിർമ്മാതാക്കളെ ദോഷകരമായി ബാധിച്ചു. ഇനി ഉയർന്ന ചോദനം ഉണ്ടാകാനിടയുള്ള മാസങ്ങളിൽ ഈ നഷ്ടം പരിഹരിക്കാനാവുമെന്ന ശുഭാപ്തിവിശ്വാസമാണ് ഈ ഉല്പാദകർക്ക് ഇപ്പോൾ ഉള്ളത്. അവരുടെ പ്രതീക്ഷക്കൊത്ത് കാര്യങ്ങൾ ഉയർന്നില്ല എങ്കിൽ വൻകിട ഉല്പാദകർ അടക്കമുള്ള ഒരു വലിയ വിഭാഗം അവരുടെ സാമ്പത്തിക പ്രവർത്തനത്തിൽ നിന്നും ബഹിഷ്കൃതരാവും.

ജനങ്ങളുടെ ക്രയശേഷിയിൽ വന്ന കുറവിന്റെ ഫലമായി ഉണ്ടായ ചോദന നഷ്ടം ഉല്പാദനം കുറച്ചു. ഉല്പാദനത്തിലെ കുറവ് ഒരു വലിയ വിഭാഗം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമാകുന്ന സ്ഥിതിവിശേഷം സൃഷ്ടിച്ചു. 1930കളിലെ മഹാമാന്ദ്യത്തിന് സമമായ ഈ ചാക്രിക പ്രതിസന്ധിയെന്ന ആശയത്തിന് ഉപോല്ബലകമായ തെളിവുകളാണ് കോഴിക്കോട് കേന്ദ്രീകരിച്ച് നടത്തിയ ചില അഭിമുഖങ്ങളിൽ നിന്നും ലഭിച്ചത്.

കേരളത്തിലെ വൻകിട ഉല്പാദന മേഖലയിലെ ചില ഉല്പാദന യൂണിറ്റുകളുമായി നടത്തിയ മുഖാമുഖത്തിൽ അത്തരം യൂണിറ്റുകൾ അഭിമുഖീകരിക്കുന്ന ഉല്പാദനനഷ്ടത്തെയും തൊഴിൽ നഷ്ടത്തെയും കുറിച്ച് അറിയാൻ സാധിച്ചു. പല യൂണിറ്റുകൾക്കും 50% ഏറെ ഉല്പാദനക്കുറവ് വരുത്തേണ്ടതായി വന്നിട്ടുണ്ട്. പ്രധാനമായും ചെരുപ്പ്, തുണി തുടങ്ങിയ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾ ആണ് ഇവ. ഇതിൽ ചില ഉല്പാദനയൂണിറ്റുകൾക്ക് 50-60% വരെ തൊഴിൽ കുറയ്ക്കേണ്ടതായി വന്നിട്ടുണ്ട്. കോഴിക്കോട് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന തടി, ഓട്, ചെരുപ്പ് വ്യവസായങ്ങളിൽ ഈ ഉല്പാദന-തൊഴിൽ നഷ്ടം വലിയ രീതിയിൽ ഉണ്ടായിട്ടുണ്ട്.

നോട്ടുനിരോധനം ഇത്തരത്തിൽ വലിയ നഷ്ടം ഉണ്ടാക്കുമെന്ന തികഞ്ഞ ധാരണ ഇത്തരം വൻകിട ഉല്പാദന യൂണിറ്റുകൾക്ക് ഉണ്ട് എന്നാണ് മുഖാമുഖത്തിൽനിന്നും അറിയാൻ സാധിക്കുന്നത്. സ്വതന്ത്രഇന്ത്യ കണ്ട ഏറ്റവും വിനാശകരവും ബുദ്ധിശൂന്യവുമായ തീരുമാനമാണിതെന്നാണ് ബഹുഭൂരിപക്ഷം വൻകിട ഉല്പാദകരും അഭിപ്രായപ്പെടുന്നത്. പക്ഷേ ഈ നടപടിയെക്കുറിച്ച് കൂടുതലൊന്നും ചർച്ച ചെയ്യേണ്ടതില്ല എന്നും പണരഹിത സമ്പദ് വ്യവസ്ഥ തുറന്നിടുന്ന വിപുലമായ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി ഈ പ്രതിസന്ധിയെ മറികടക്കാമെന്നുമാണ് അവരുടെ കണക്കുകൂട്ടൽ. ഇത്തരം നടപടികളെ പോസ്റ്റ്മാർട്ടം ചെയ്യാതെ നൂതനമായ വിപണന തന്ത്രങ്ങൾ ഉപയോഗിച്ച് വൻകിട മൂലധന ശക്തികൾ ചെറുകിട വ്യാപാരരംഗത്ത് കടന്നുവരുന്നത് തടയാനാവുമെന്നും, തങ്ങളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാനാവുമെന്നും, മാന്ദ്യത്തെ മറികടക്കാനാവുമെന്നുമാണ് ഇക്കൂട്ടരുടെ അഭിപ്രായം. ഇത് മുതലാളിത്തത്തിന്റെ അടിസ്ഥാന സ്വഭാവമാണ് പുറത്തുകൊണ്ടുവരുന്നത്. ഉല്പാദനപ്രതിസന്ധിയെ തരണം ചെയ്യാനുള്ള എല്ലാ വിപണിസാദ്ധ്യതയെയും പരിപൂർണ്ണമായി പ്രയോജനപ്പെടുത്തിക്കൊണ്ട്, പ്രതിസന്ധി മറികടന്ന് മുന്നോട്ടുപോകാനുള്ള പ്രവണതയാണ് വൻകിട ഉല്പാദകർക്ക് ഉള്ളത്. ദീർഘകാലയളവിൽ ഇത് സാദ്ധ്യമാണെങ്കിലും ആരുടെ നഷ്ട


മാണ് ഈ ഉല്പാദനപ്രതിസന്ധി തരണം ചെയ്യാൻ ഈ വൻകിട ഉല്പാദകരെ സഹായിക്കുന്നത് എന്നു ചിന്തിക്കണം. തൊഴിൽ നഷ്ടമായി ഇന്ത്യയുടെ കരുതൽ തൊഴിൽ ശേഖരത്തിലേക്ക് കൂട്ടിച്ചേർക്കപ്പെട്ട ഒരു വലിയ വിഭാഗം ജനതയുടെയും അവരെ ആശ്രയിച്ച് കഴിയുന്ന കുടുംബങ്ങളുടെയും ജീവിതപ്രയാസങ്ങൾ ഹ്രസ്വകാലയളവിലെങ്കിലും ഇന്ത്യയിൽ സാമൂഹിക-സാമ്പത്തിക പ്രതിസന്ധിക്ക് കാരണമാകും.

വൻകിട ഉല്പാദന യൂണിറ്റുകളിലെ ഈ സാമ്പത്തിക പ്രതിസന്ധി ഉടലെടുക്കുന്നത് ചെറുകിട ഉല്പാദനയൂണിറ്റിലെ ചോദന പ്രതിസന്ധിയിൽ നിന്നാണ്. ചെരുപ്പ് നിർമ്മിക്കുന്ന ഒരു വൻകിട ഉല്പാദനസ്ഥാപനം എടുക്കുക. അതിന്റെ പ്രവർത്തനം വികേന്ദ്രീകൃതമായ രീതിയിലാണ് സംഘടിപ്പിക്കപ്പെട്ടിരിക്കുന്നത്. ഈ രീതിയിൽ സംഘടിയ്ക്കപ്പെട്ട ഉല്പാദന പ്രക്രിയയിൽ ഉടലെടുക്കുന്ന മാന്ദ്യം എങ്ങിനെയാണ് വളരുന്നത് എന്ന് നോക്കാം. കോഴിക്കോട്ടെ ചെരുപ്പ് നിർമ്മാതാക്കളുടെ അനുബന്ധയൂണിറ്റുകൾ ആയി 1000 യൂണിറ്റുകൾ വരെ പ്രവർത്തിക്കുന്നുണ്ട്.

ശരാശരി 5-6 തൊഴിലാളികൾ ഉള്ള ഇത്തരം യൂണിറ്റുകളിൽ 80% ത്തോളം കുറച്ചുകാലത്തേക്കെങ്കിലും അടച്ചിടേണ്ട ഒരു സ്ഥിതിവിശേഷം നോട്ടുനിരോധനത്തെതുടർന്ന് ഉടലെടുത്തിട്ടുണ്ട്. നോട്ടുനിരോധനത്തിന്റെ ഫലമായി ഈ ചെറുകിട ഉല്പാദന യൂണിറ്റുകൾ മിക്കതും അനുഭവിച്ച വലിയരീതിയിലുള്ള പ്രവർത്തന മൂലധന മുരടിപ്പ് (Working Capital Crunch) ആണ് കാരണം.അഞ്ചോ ആറോ തൊഴിലാളികളെ വച്ച് തികച്ചും അനൗപചാരികമായി സംഘടിപ്പിക്കുന്ന ഈ ഉല്പാദനയൂണിറ്റുകൾ അടച്ചിടുന്നത് തൊഴിൽ നഷ്ടം ഉണ്ടാക്കി. ഇവയിൽ തൊഴിലെടുത്തിരുന്ന അന്യസംസ്ഥാനതൊഴിലാളികൾ അടക്കമുള്ളവരുടെ കുടുംബങ്ങളെ ഈ നടപടി ദോഷകരമായി ബാധിച്ചു. പല ഉല്പാദനശാലകളിലെയും 50% അധികം അന്യസംസ്ഥാനത്തൊഴിലാളികൾ അവരുടെ ഗ്രാമങ്ങളിലേക്ക് തിരികെ പോയിട്ടുണ്ട്.


## തൊഴിൽരംഗം

2011-12ലെ ഇന്ത്യയിലെ തൊഴിലിനെ സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ (Nsso 68th Round) 2000 ലെ സ്ഥിതിവിവരക്കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ തമിഴ്നാട് പോലെയുള്ള ഏതാനും ചില സംസ്ഥാനങ്ങളെ മാറ്റിനിർത്തിയാൽ ബഹുഭൂരിപക്ഷം സം



സ്ഥാനങ്ങളിലും സ്വയം തൊഴിൽ (Self Employment) വിഭാഗം വർദ്ധിച്ചിട്ടുണ്ട് എന്ന് കാണാനാകും. കാഷ്വൽ തൊഴിലാളികളുടെ (കൂലിപ്പണിക്കാരുടെ) എണ്ണവും ഇക്കാലയളവിൽ വൻതോതിൽ വർദ്ധിച്ചിട്ടുണ്ട്. ഒരു രാജ്യത്തിന്റെ ഉയർന്ന വളർച്ച ഈ രണ്ടു തൊഴിൽ വിഭാഗങ്ങളെ കുറച്ചുകൊണ്ടുവരുന്നതിനാണ് ശ്രമിക്കേണ്ടത്. പക്ഷെ ഇന്ത്യയിൽ കാഷ്വൽ-സ്വയംതൊഴിൽ വിഭാഗത്തിലുള്ള തൊഴിലാളികളുടെ എണ്ണം വർദ്ധിക്കുന്നതിന് കാരണം പിൻതുടരുന്ന വളർച്ചാനിരക്കിന്റെ സ്വഭാവം സംഘടിതമേഖലയിൽനിന്നും ബഹുഭൂരിപക്ഷത്തെ അസംഘടിത മേഖലയിലെ താല്കാലിക കരാർ തൊഴിലുകളിലേക്കും സ്വയം തൊഴിൽവിഭാഗത്തിലേക്കും പിൻതള്ളുന്ന ഒന്നാണ് എന്നതിലാണ്. മാത്രമല്ല കാർഷികമേഖലക്ക് പുറത്തുള്ള സ്വയം തൊഴിൽ മേഖലയിൽ ജോലിചെയ്യുന്ന ബഹുഭൂരിപക്ഷം ആളുകളും കർഷകതൊഴിലാളികളോ ആദായകരമല്ലാത്ത കാർഷികവൃത്തി ഉപേക്ഷിച്ച് ഈ മേഖലയിൽവന്നവരോ ആണ്. (വിജയകുമാർ, 2016)

കേരളം പോലെയുള്ള സംസ്ഥാനങ്ങളിലേക്ക്, ഉത്തരേന്ത്യയിലെ ബംഗാൾ, ഒറീസ്സ, ബീഹാർ, ആസാം, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും വർദ്ധിച്ച തോതിലുള്ള അവിദഗ്ധ തൊഴിലാളികളുടെ കുടിയേറ്റം ഉണ്ടായിട്ടുണ്ട്. 70-കളിൽ കേരളത്തിലെ അവിദഗ്ധ തൊഴിലാളികൾ ഗൾഫ് രാജ്യങ്ങളിലേക്ക് കുടിയേറുകയും ഈ രംഗത്തെ കൂലി ഉയരുകയും ചെയ്തത് ഒരു കാരണമാണ്. 2000ത്തോടുകൂടി കേരളത്തിന്റെ ആഭ്യന്തര ഉല്പാദനത്തിൽ വന്ന വർദ്ധനവ്, ഗൾഫ് പണം തുടങ്ങിയവ മൂലം നിർമ്മാണ കാർഷിക രംഗങ്ങളിൽ കൂടുതൽ അവിദഗ്ധ ജോലിക്കാരെ ആവശ്യമായി വന്നു. ഇതിനെല്ലാം



പുറമേ മറ്റൊരു കാരണം, ഈ തൊഴിലാളികൾ അവരുടെ നാട്ടിൽ അനുഭവിക്കുന്ന ജീവിത പ്രയാസങ്ങൾ ആണ്. വരുമാനശോഷണം അല്ലെങ്കിൽ വരുമാനത്തിൽവരുന്ന കുറവ് പ്രധാനമായും തൊഴിലില്ലായ്മമൂലം ഉണ്ടാകുന്നതാണ്. ഈ തൊഴിലില്ലായ്മക്ക് ഏറ്റവും പ്രധാനപ്പെട്ട കാരണം കാർഷികമേഖല നേരിടുന്ന ഉല്പാദന പ്രതിസന്ധി തന്നെയാണ്. രണ്ടാമതായി സർക്കാരിന്റെ ഫലപ്രദമായ ഇടപെടൽ എല്ലാ മേഖലയിലും കുറഞ്ഞുവരുകയാണ്. ധനകാര്യ മാനേജ്മെന്റിന്റെ പേരിൽ ധനകമ്മി കുറയ്ക്കാനുള്ള വലതുപക്ഷ സർക്കാർ കീഴ്വഴക്കങ്ങൾ നടപ്പാക്കാൻ ചെലവ് ചുരുക്കൽ നടപടികൾ (Austirity Measures) ആണിവർ പിൻതുടരുന്നത്. ഉദാഹരണമായി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി പ്രകാരം, തൊഴിലാളികൾ കേരളത്തിലേക്ക് വരുന്ന പ്രദേശങ്ങളിൽ നല്കാനായ തൊഴിലിന്റെ സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ചാൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി തുച്ഛമായ തൊഴിൽദിനങ്ങളാണ്, ചില സംസ്ഥാനങ്ങൾക്ക് നൽകാനായിട്ടുള്ളത് എന്ന് മനസ്സിലാകും. യഥാർത്ഥത്തിൽ ഗ്രാമീണമേഖലയിലെ ഈ തൊഴിലില്ലായ്മയും, വരുമാന ശോഷണവുമാണ് ഇത്രയും ദീർഘദൂരം കുടിയേറ്റം നടത്താൻ തൊഴിലാളികളെ പ്രേരിപ്പിച്ച ഘടകം.

കണക്കുകൾ പ്രകാരം 1800 കോടിയോളം രൂപ, ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമായി കൂലി കുടിശ്ശികയായി നല്കാൻ ബാക്കിയുണ്ട് NDA സർക്കാർ അധികാരത്തിലേറിയതിനുശേഷം അവതരിപ്പിച്ച ആദ്യ രണ്ടു ബജറ്റുകളിൽ, ഈ പദ്ധതിക്ക് അധികമായി വിഭാവനം ചെയ്ത തുക തുച്ഛമാണ്. (Rs.36,000 കോടി 2014-15 ലും 38,000 കോടി 2015-16ലും). ഇത് ഗ്രാമീണ മേഖലയിലെ കരുതൽ തൊഴിൽ ശേഖരം (Reserve Army of Labour) വർദ്ധിപ്പിച്ചിട്ടുണ്ട്. മുതലാളിത്ത സർക്കാരുകൾ ഇത്തരം കരുതൽ തൊഴിൽശേഖരത്തെ ഇല്ലായ്മ ചെയ്യാനുള്ള ബോധപൂർവ്വമായ ശ്രമം നടത്താൻ സന്നദ്ധരായിരിക്കുകയില്ല. കാരണം അത്തരം തൊഴിൽ ശേഖരത്തെ അടിസ്ഥാന ഉല്പാദനമേഖലയിൽ കൂലി കുറച്ചു നിർത്തുന്നതിനുള്ള ഉപാധിയായി ഉപയോഗിക്കാം എന്നതുകൊണ്ടു തന്നെ. ഇത്തരത്തിൽ അടിസ്ഥാന മേഖലയിലെ കുറഞ്ഞ കൂലി ഉല്പാദനത്തിന്റെ എല്ലാ മേഖലകളിലും ഉയർന്ന ലാഭം നേടാൻ മുതലാളിത്ത രീതിയിൽ സംഘടിപ്പിക്കപ്പെട്ട ഉല്പാദന സംരംഭങ്ങൾക്ക് സാധിക്കുന്നു. ആ മേഖലകളിലെല്ലാം കുറഞ്ഞ ചെലവിൽ ഉല്പാദനം നടത്താനാവും എന്നതാണ് ഇതിന് കാരണം. അത്രയും തൊഴിലില്ലായ്മയും ഗ്രാമീണ വരുമാനശോഷണവും നിലനിൽക്കുന്ന ഗ്രാമങ്ങളിലേക്കാണ് കേരളത്തിൽ തൊഴിലെടുത്ത അന്യസംസ്ഥാന തൊഴിലാളികൾ തിരികെ പോകുന്നത്. ഇവരുടെ പിൻമാറ്റം കേരളത്തിന്റെ സമ്പദ് രംഗത്ത് വരുത്തുന്ന പ്രത്യാഘാതങ്ങൾ വിശദമായി പഠനവിധേയമാക്കേണ്ടതുണ്ട്.

ഗ്രാമീണ കർഷകതൊഴിലാളികളെയാണ് നോട്ടുനിരോധനം പ്രതികൂലമായി ഏറെ ബാധിച്ചത്. നവംബർ മുതൽ ജനുവരിവരെയുള്ള മാസങ്ങളിൽ കൂലിത്തൊഴിലിന്റെ ലഭ്യത നോട്ടുനിരോധനത്തിന് മുൻപുള്ള കാലയളവിനെ അപേക്ഷിച്ച് 50-75% വരെ കുറഞ്ഞതായി അന്വേഷണത്തിൽ ബോധ്യമായിട്ടുണ്ട്. ഇതിലേറെയും നോട്ടുനിരോധന ഫലമായി ചില്ലറയുടെ ലഭ്യതയിലുണ്ടായ കുറവ് മൂലം കൂലിനല്കാനില്ലാത്ത അവസ്ഥമൂലം ഉണ്ടായതാണ്. ഉല്പാദനരംഗത്തെ മാന്ദ്യവും കൂലിത്തൊഴിലിനെ ബാധിച്ചു. കൂലികൊടുക്കുന്നതിന് നേരിട്ട കാലതാമസം കൂലിത്തൊഴിൽ മാത്രം വരുമാനമാർഗ്ഗമായുള്ള കർഷകതൊഴിലാളികളെയും മറ്റുതൊഴിലാളികളെയും അവരെ ആശ്രയിച്ചു കഴിയുന്നവരെയും ദോഷകരമായി ബാധിച്ചു.

ചെറുകിട വ്യാപാര രംഗത്തേക്കുള്ള പ്രധാനശൃംഖല മുറിയുന്നതുമൂലവും, ചെറുകിട ഉല്പാദനരംഗം ഉല്പാദനം നിർത്തുന്നതുമൂലവും കാർഷിക ഉല്പാദനം തകരുന്നതുമൂലവും അവിദഗ്ധ തൊഴിൽ സാഹചര്യങ്ങൾ കുറഞ്ഞ് ഗ്രാമീണ മേഖലയിലടക്കമുള്ള സാമ്പത്തിക മേഖലകളിൽ കരുതൽ തൊഴിൽ ശേഖരം ഗ്രാമീണ രംഗത്തെ

സാമ്പത്തിക പ്രവർത്തനങ്ങളെയും, തൊഴിലിനെയും പ്രതികൂലമായി ബാധിക്കുന്ന ഒരു സാമ്പത്തിക പ്രതിസന്ധി എങ്ങിനെയാണ് രൂപപ്പെട്ടുവരുന്നത് എന്ന് മനസ്സിലാകും. 1930കൾ മുതൽ 2008 വരെ ചെറുതും വലുതുമായ ഒട്ടേറെ സാമ്പത്തിക പ്രതിസന്ധികളിലൂടെ മുതലാളിത്ത സമ്പദ്‌വ്യവസ്ഥകൾ കടന്നുപോയിട്ടുണ്ട്. എന്നാൽ ഈ പ്രതിസന്ധികൾ എല്ലാം സമ്പദ്‌വ്യവസ്ഥയുടെ മേൽക്കൂരയിൽ നിന്നും ആരംഭിച്ച് കീഴ്പോട്ട് പടരുന്ന (Top to bottom) സാമ്പത്തിക പ്രതിസന്ധികൾ ആയിരുന്നു. എന്നാൽ ഇന്ത്യയിൽ ഇന്ന് സംജാതമായിരിക്കുന്ന സാമ്പത്തികപ്രതിസന്ധി സമ്പദ് വ്യവസ്ഥയുടെ താഴെ തട്ടിൽനിന്നും ആരംഭിച്ചു മേല്പോട്ടു പടരുന്ന (from bottom to top) ഒരു സാമ്പത്തിക പ്രതിസന്ധിയാണെന്ന് കാണാനാകും. ഈ പ്രത്യേകത കാരണം, ഇതിനെ ഒരു സാമ്പത്തിക പ്രതിസന്ധിയായി വിലയിരുത്താൻപോലും ഭരണകൂടമോ അതിനെ നിയന്ത്രിക്കുന്ന കോർപ്പറേറ്റുകളോ ആദ്യഘട്ടങ്ങളിൽ തയ്യാറാകാനിടയില്ല എന്ന ദുരന്തവും നമ്മെ കാത്തിരിക്കുന്നു.

**മൊത്തം ആഭ്യന്തര ഉല്പാദനം :** M1 കറൻസിയുടെ കൈമാറ്റവേഗം 5.2 എന്നാണ് RBIയുടെ കണക്കുകൾ സൂചിപ്പിക്കുന്നത്. കൈമാറ്റവേഗം എന്നാൽ ഒരു കറൻസി യൂണിറ്റ് ഒരു നിശ്ചിത സമയത്തിൽ കൈമറിയുന്നതിന്റെ എണ്ണമാണ്. അതായത് M1 കറൻസി ഒരു നിശ്ചിത സമയത്തിനുള്ളിൽ 5.2 തവണ കൈമറിയുന്നു എന്നാണ് RBI-യുടെ കണക്ക്. 1716.5 കോടി 500 രൂപ നോട്ടുകളും 685.8 കോടി 1000 രൂപ നോട്ടുകളും 5.2 തവണ ഒരു നിശ്ചിത കാലയളവിൽ കൈമറിഞ്ഞാണ് 136 കോടി വരുന്ന ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉത്പാദനത്തിൽ ചോദനം (Demand) ഉണ്ടാകുന്നത്. ഈ പണം പിൻവലിക്കുന്നതിലൂടെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന് മുകളിലുള്ള ഫലപ്രദമായ ചോദന (effective demand) ത്തിൽ വൻ ഇടിവ് രേഖപ്പെടുത്തുന്നു.

ചോദനത്തിൽ വരുന്ന ഇടിവിന്റെ ഗുണകങ്ങളായാണ് ഉല്പാദനത്തിൽ ഇടിവ് വരുത്തുക എന്ന് വിഖ്യാത സാമ്പത്തിക ശാസ്ത്രജ്ഞനായ ജെ. എം. കെയിൻസ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ സിദ്ധാന്തത്തെ പിൻപറ്റി, ഇന്ത്യയുടെ സാമ്പത്തികരംഗത്ത് നോട്ടു നിരോധനം വരുത്താനിടയുള്ള വലിയ സാമ്പത്തിക പ്രതിസന്ധിയുടെ ഒരു സൈദ്ധാന്തിക അവലോകനം ഇക്കണോമിക് ആന്റ് പൊളിറ്റിക്കൽ വീക്കിലിയിൽ ഡോ. ദീപാങ്കർ ഗുപ്ത നടത്തിയിട്ടുണ്ട്. ഡിമോണിറ്റൈസേഷനുമായി ബന്ധപ്പെട്ട എല്ലാ സാഹചര്യങ്ങളെയും സമഗ്രമായി പരിഗണിക്കുന്ന ആ സൈദ്ധാന്തിക അവലോകനം വരാനിരിക്കുന്ന കൊടിയ സാമ്പത്തിക പ്രതിസന്ധിയുടെ വ്യക്തമായ ചിത്രം നമുക്ക് മുന്നിൽ വരച്ചിടുന്നു.

ഹ്രസ്വകാലയളവിലുള്ള ഈ സാമ്പത്തിക പ്രതിസന്ധിയെ ദീർഘകാലയളവിൽ തരണം ചെയ്യാനാവുമെന്നതാണ് മറ്റൊരുവാദം. എന്നാൽ ജെ.എം. കെയിൻസിന്റെ അഭിപ്രായത്തിൽ ദീർഘകാലയളവിൽ നാം എല്ലാം മരിച്ചിരിക്കും എന്നതാണ് സത്യം. നിരോധിക്കപ്പെട്ട 15.44 ലക്ഷം കോടി കറൻസിയിൽ 5 ലക്ഷം കോടി കറൻസി തിരികെ വരികയില്ല എന്നും അത് റിസർവ്വ് ബാങ്കിന്റെ ബാദ്ധ്യതകളിൽ ഇടിവ് വരുത്തുകയും ആ കുറവ് ആസ്തിയായി പരിഗണിച്ച് പുതിയ കറൻസി അടിച്ചിറക്കി കേന്ദ്രസർക്കാരിന് നല്കി കമ്മി പരിഹരിക്കാം എന്നതുമായിരുന്നു ഈ വാദത്തിന്റെ അടിസ്ഥാനം. ഈ വാദം സൈദ്ധാന്തികമായും ഉപോദ്ബലകമായ തെളിവുകളുടെ അടിസ്ഥാനത്തിലും തെറ്റാണ് എന്ന് ഇന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു.

2016-17ലെ സാമ്പത്തികവളർച്ചാനിരക്ക് 11% ആണെന്നാണ് കേന്ദ്രബഡ്ജറ്റ് വിഭാവനം ചെയ്യുന്നത്. യഥാർത്ഥ GDP നിരക്ക് 7 മുതൽ 7.5% വരെ ആകുമെന്നാണ് വിലയിരുത്തൽ. നോട്ടുനിരോധനത്തിനു ശേഷം 5%ത്തിൽ കവിഞ്ഞ യഥാർത്ഥ GDP വളർച്ചാനിരക്ക് നേടാനാവുകയില്ല എന്നാണ് വിലയിരുത്തപ്പെട്ടിരിക്കുന്നത്. (കേരളാ ആസൂത്രണ ബോർഡ്, 2017) രാജ്യത്തെ പ്രമുഖ ഏജൻസികളും ഐ.എം.എഫ്. പോലെയുള്ള അന്താരാഷ്ട്ര ഏജൻസികളും, ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉല്പാദനത്തിൽ വരാനിരിക്കുന്ന വലിയ ഇടിവിന്റെ ചിത്രം നല്കാൻ ശ്രമിച്ചിട്ടുണ്ട്. ദ്രുതഗതിയിൽ വളർന്നുകൊണ്ടിരിക്കുന്ന ആഭ്യന്തര കമ്പോളത്തിന്റെ വളർച്ചാനിരക്കിന് വലിയ ആഘാതമേല്പിക്കാൻ ഉതകുന്നതാണ് നോട്ടുനിരോധനം എന്നാണ് ഈ കണക്കുകൾ എല്ലാം സൂചിപ്പിക്കുന്നത്.

**റിയൽ എസ്റ്റേറ്റ് :** റിയൽ എസ്റ്റേറ്റ് മേഖലയിൽ കണക്കിൽ കാണിക്കാത്ത പണം സൂക്ഷിക്കുകയും നേട്ടമുണ്ടാക്കുകയും ചെയ്തവർക്ക് വളരെ ഹ്രസ്വകാലയളവിൽ അവരുടെ സാമ്പത്തിക പ്രക്രിയയെ പിന്നോട്ടടിക്കുന്ന ഒരു നടപടിയായി നോട്ടു നിരോധനത്തെ കാണാൻ സാധിക്കും. അതുകൊണ്ടുതന്നെ ഈ മേഖലയിലെ നിക്ഷേപങ്ങളും പ്രവർത്തനങ്ങളും താൽക്കാലികമായി കുറയാൻ സാദ്ധ്യതയുണ്ട്. എന്നാൽ കാർഷികേതര സ്വയം തൊഴിൽ സംരംഭങ്ങളിലെ ഏറ്റവും വലിയ തൊഴിൽ ദാതാവായ നിർമ്മാണ മേഖലയെ റിയൽ എസ്റ്റേറ്റ് മേഖലയിൽ ഉണ്ടാകുന്ന ഈ പ്രതിസന്ധി ദോഷകരമായി ബാധിക്കും. ഇത് ഈ മേഖലയിലെ തൊഴിലിലും മറ്റു പ്രവർത്തനങ്ങളും ദീർഘകാലയളവിൽ മന്ദീഭവിക്കുന്നതിന് കാരണമാകും. കേരളംപോലെയുള്ള സംസ്ഥാനങ്ങളുടെ ഉയർന്ന സാമ്പത്തികവളർച്ചാ നിരക്കിനും തൊഴിലിനും പ്രാധാന്യം ലഭിച്ച ഏറ്റവും പ്രധാന മേഖലയായിരുന്നു നിർമ്മാണ



മേഖല. ഈ മേഖലയുടെ പ്രതിസന്ധി മൊത്തം സമ്പദ്‌വ്യവസ്ഥയെയും ജനജീവിതത്തെയും ഏറെ ദോഷകരമായി ബാധിക്കും.

**ജനങ്ങളുടെ ക്രയശേഷി:** ജനങ്ങളുടെ ക്രയശേഷി ഹ്രസ്വകാലയളവിൽ വൻതോതിൽ കുറയുന്നതിന് നോട്ടുനിരോധനം കാരണമായിട്ടുണ്ട്. എന്നാൽ ദീർഘകാലയളവിൽ ക്രയശേഷിയിലുണ്ടാവുന്ന ഈ കുറവ് പുതിയ നോട്ടുകൾ അച്ചടിച്ച് ഇറക്കുന്നതുവഴി പരിഹരിക്കപ്പെട്ടേക്കാം. എങ്കിലും ജനങ്ങൾ അവരുടെ ക്രയശേഷി വിനിയോഗിക്കുന്ന രീതിയിൽ ഒട്ടേറെ മാറ്റങ്ങൾ ഉണ്ടാകാനുള്ള സാധ്യതയുണ്ട്. പണമുപയോഗിച്ചുള്ള ക്രയവിക്രയങ്ങൾ പൊതുവെ കുറഞ്ഞ് പണരഹിതമോ പണത്തിന് പകരം വയ്ക്കാവുന്ന മറ്റ് അടുത്ത പണമോ (Near Money) കൂടുതലായി ആശ്രയിക്കപ്പെടാനിടയുണ്ട്. ഇത്തരം കൈമാറ്റ വ്യവസ്ഥകളും അതുകൈകാര്യം ചെയ്യുന്ന സേവനദാതാക്കളും ആയി സേവന പ്രവർത്തനങ്ങളുടെ വളരെ വിപുലമായ ഒരു പുതിയ കമ്പോളം ഉയർന്നുവരുന്നതിന് ഇത് സഹായകരമാകും. ചെക്ക്, ഡെബിറ്റ് കാർഡുകൾ, ക്രെഡിറ്റ് കാർഡുകൾ, മൊബൈൽ വാലറ്റുകൾ തുടങ്ങിയവയുമായി ബന്ധപ്പെടുന്ന ഈ കമ്പോളം യഥാർത്ഥത്തിൽ ഗുണം ചെയ്യുന്നത് മുൻപ് സൂചിപ്പിച്ച കേവലം 10% ജനതയ്ക്ക് മാത്രമാണ്.

**ഈടുനില്കുന്ന ഉപഭോഗവസ്തുക്കൾ:** ജനങ്ങളുടെ ക്രയശേഷി കൂടുതലായി വിനിയോഗിക്കാൻ സാദ്ധ്യതയുള്ളത് ഈടുനിൽക്കുന്ന ഉപഭോഗവസ്തുക്കളിലേക്കാണ്. താൽക്കാലിക മാന്ദ്യം ഇത്തരം വസ്തുക്കളുടെ ചോദനം കുറയ്ക്കുകയും അവ കെട്ടിക്കിടക്കുന്ന അവസ്ഥ ഉണ്ടാക്കുകയും ചെയ്യും. ഇത്തരം ഉല്പന്നങ്ങൾ വാങ്ങാനുള്ള ഇ.എം.ഐ. വ്യവസ്ഥകൾ ലഘൂകരിക്കപ്പെടാനും സാധ്യതയുണ്ട്. നോട്ടുനിരോധനഫലമായി ബാങ്കുകളിൽ കുമിഞ്ഞുകൂടിയ നിക്ഷേപങ്ങൾ പലിശനിരക്ക് കുറയ്ക്കാൻ ബാങ്കുകളെ പ്രേരിപ്പിക്കും. കുറഞ്ഞ പലിശനിരക്ക് ഉല്പാദന മേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് ഉപകരിക്കാനിടയില്ല. കാരണം സ്വകാര്യ ഉല്പാദകർക്ക് കമ്പോളത്തിൽ വിശ്വാസമില്ല എന്നതുകൊണ്ടുതന്നെ. അപ്പോൾ കുറഞ്ഞ പലിശനിരക്ക് ഉയർന്ന ഉപഭോഗത്തിലേക്കാണ് നയിക്കുക. ഇത് ഈടുനില്കുന്ന ഉപഭോഗവസ്തുക്കളുടെ ഉപഭോഗം വർദ്ധിപ്പിക്കും. ഈടുനില്കുന്ന ഉപഭോഗവസ്തുക്കളുടെ ചില്ലറ വിൽപനയിൽ വൻ കുതിച്ചുചാട്ടത്തിന് ഇത് വഴിയൊരുക്കും. ടി.വി., ഫ്രിഡ്ജ്, വാഷിങ്ങ് മെഷീൻ തുടങ്ങിയ ഉല്പന്നങ്ങൾ കുടുതലായി വിറ്റഴിക്കപ്പെടാനുള്ള സാദ്ധ്യതയുണ്ട്. അന്താരാഷ്ട്ര കോർപ്പറേറ്റുകളുടെ ഉല്പന്നങ്ങൾ മാത്രം സുലഭമായ ഇന്ത്യയിൽ എൽ.ജി., സാംസങ് തുടങ്ങിയ ബഹുരാഷ്ട്രകുത്തകകൾക്ക് ഇത് ഏറെ ഗുണം ചെയ്യും. ആഭ്യന്തര ഉല്പാദന മേഖലയെ അന്താരാഷ്ട്ര കോർപ്പറേറ്റുകളുടെ ഉല്പാദനം കൊണ്ടു പകരം വയ്ക്കുക മാത്രമല്ല, ഉപഭോക്താക്കളുടെ കടം വർദ്ധിക്കുന്നതിനും ഇതു കാരണമായേക്കാം എന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ഈടുനില്കുന്ന ഉപഭോക്തൃവസ്തുക്കളുടെ ഉയർന്ന ചോദനം അന്താരാഷ്ട്ര കോർപ്പറേറ്റുകൾ നിയന്ത്രിക്കുന്ന അവസ്ഥ രാജ്യത്തിന്റെ കയറ്റുമതി സാദ്ധ്യതകൾക്ക് മങ്ങലേൽക്കുന്നതുകൊണ്ടുതന്നെ വ്യാപാരകമ്മി ഉയരാനും സാദ്ധ്യതയുണ്ട്.

**ബാങ്കുകളിലെ നിക്ഷേപവും പ്രതിസന്ധി പരിഹാര മാർഗ്ഗങ്ങളും**

ദീർഘകാലയളവിൽ സാമ്പത്തികരംഗം മെച്ചപ്പെടുമെന്ന വാദത്തിന് മറ്റൊരാധാരം, ബാങ്കുകളിൽ കുമിഞ്ഞുകൂടുന്ന തുകയാണ്. ആഭ്യന്തര ഉല്പാദനത്തിന്റെ 0.5 മുതൽ 1.4% വരെ ലിക്വിഡിറ്റി വർദ്ധിക്കും എന്നാണ് കരുതുന്നത്. ഇത് ബാങ്കുകളുടെ പലിശനിരക്ക് കുറയും എന്നും കുറഞ്ഞ പലിശനിരക്ക് ഉയർന്ന നിക്ഷേപത്തിന് കാരണമാകുന്നത് വഴി ദീർഘകാലയളവിൽ സാമ്പത്തികരംഗം രക്ഷപ്രാപിക്കും എന്നുമാണ് വാദം.

ബാങ്കുകളുമായി ബന്ധപ്പെടുന്നവർ നിക്ഷേപകരും, ബാങ്കിൽ നിന്നും ലോൺ എടുത്ത് നിക്ഷേപം നടത്തി ഉല്പാദനം നടത്തുന്നവരുമാണ്. ഒന്നാമത്തെ കൂട്ടരെ സംബന്ധിച്ച് താഴ്ന്ന പലിശനിരക്ക് ഗുണകരമല്ല. താഴ്ന്ന പലിശനിരക്ക് പണം കയ്യിൽ സൂക്ഷിക്കാനുള്ള പ്രോത്സാഹനം നല്കും. താഴ്ന്ന പലിശനിരക്ക് നിലവിലുള്ള ജപ്പാനിൽ 2000ത്തോടുകൂടി പലിശനിരക്ക് 0% ആയി കുറച്ചപ്പോൾ ജനങ്ങൾ അവരുടെ സമ്പാദ്യം ദ്രവരൂപത്തിൽ കയ്യിൽ സൂക്ഷിക്കാൻ ശ്രമിച്ചു. ഇത് 'ലിക്വിഡിറ്റി ട്രാപ്പ്' എന്ന് കെയിൻസ് വിളിച്ച സാമ്പത്തികാവസ്ഥയ്ക്ക് കാരണമായി. ജപ്പാന്റെ സാമ്പത്തികരംഗം വലിയ മാന്ദ്യത്തിലേക്ക് വഴുതിവീണ അവസ്ഥ ഉണ്ടായി. ജനങ്ങളുടെ ക്രയശേഷി വർദ്ധിപ്പിക്കുന്ന വിധത്തിൽ പണം ഉപകരിച്ചെങ്കിലും ഈ പണം ഉല്പാദനത്തിനോ സാമ്പത്തിക വളർച്ചയ്ക്കോ മുതൽകൂട്ടായില്ല. മറ്റൊരു കൂട്ടർ ഉല്പാദനം നടത്താനായി ലോൺ എടുത്ത് നിക്ഷേപം നടത്തുന്നവരാണ്. സാമ്പത്തികശാസ്ത്ര സിദ്ധാന്തപ്രകാരം പലിശനിലക്ക് മാത്രമല്ല നിക്ഷേപത്തെ നിർണ്ണയിക്കുന്നത്. പ്രധാനപ്പെട്ട മറ്റൊരു ഘടകം നിക്ഷേപകരുടെ പ്രതീക്ഷകളാണ്. അവകാശപ്പെടുന്നതുപോലെ ബാങ്കുകളുടെ പലിശ 2%ഓളം താഴ്ന്നു എന്നിരിക്കട്ടെ. സേവിങ്ങ് ബാങ്ക് നിക്ഷേപങ്ങൾ ക്രമാതീതമായി ഉയരുന്നത് ബാങ്കുകളുടെ ബാദ്ധ്യതയാണ് വർദ്ധിപ്പിക്കുന്നത്. ഈ നിക്ഷേപങ്ങൾക്ക് എല്ലാം പലിശ നല്കേണ്ട ബാദ്ധ്യത ബാങ്കുകൾക്ക് അധികഭാരമായി മാറും. ലോൺ എടുത്തുള്ള നിക്ഷേപങ്ങൾ വൻതോതിൽ വർദ്ധിക്കാൻ ഇടയില്ലാത്ത സാഹചര്യവും നിലവിലുണ്ട്. അതുകൊണ്ടുതന്നെ ബാങ്കുകൾ മേൽ സൂചിപ്പിച്ച കോർപ്പറേറ്റുകൾക്ക് കുറഞ്ഞ പലിശയിൽ ലോൺ നൽകാൻ നിർബന്ധിതരാവും. ബാങ്കുകൾ പൊതുജനങ്ങൾക്ക് നല്കുന്ന ഉപഭോഗവായ്പകളുടെ വ്യവസ്ഥകൾ ഉദാരമാക്കാനും സാദ്ധ്യതയുണ്ട്. ഇത് സഹായിക്കുന്നത് ഇന്നത്തെ ഇന്ത്യൻ കമ്പോളത്തിൽ ഉപഭോഗവസ്തുക്കൾ ഉല്പാദിപ്പിക്കുന്ന എൽ.ജി. പാനസോണിക്ക്, സോണി തുടങ്ങിയ കമ്പനികളെയാണ്.ഇവയിൽ ബഹുഭൂരിപക്ഷം കമ്പനികളും വിദേശ കമ്പനികളാണെന്ന കാര്യം വിസ്മരിക്കരുത്. 1991ലെ കമ്പോള കേന്ദ്രീകൃത നവലിബറൽ പരിഷ്കാര പരിണതി ആഭ്യന്തര ഉല്പാദനത്തെ എങ്ങനെ വിദേശകമ്പനികളുടെ ഉല്പാദനം കൊണ്ട് പകരം വച്ചു എന്നതിന്റെ ഉദാഹരണമാണ് ഇന്ത്യയിലെ ഉപഭോഗവസ്തുക്കളുടെ കമ്പോളം കാട്ടിത്തരുന്നത്.

ആഭ്യന്തരവായ്പ, ഊഹമൂലധനത്തിന് പ്രാധാന്യം നല്കുന്ന ഉപഭോഗവസ്തുനിർമ്മാതാക്കൾക്കും കോർപ്പറേറ്റുകൾക്കും ഗുണകരമാകുന്ന വിധത്തിൽ വിതര

## നോട്ടുനിരോധനത്തിന്റെ പ്രത്യാഘാതങ്ങൾ

| സാമ്പത്തിക സൂചകം | ഹ്രസ്വകാലയള വിലുള്ള Impact | ദീർഘകാലയളവ് | മൊത്തം |
|---|---|---|---|
| മൊത്തം ആഭ്യന്തര ഉല്പാദനം | കുറയും | വലിയ വർദ്ധനവ് ഉണ്ടാകില്ല | കുറയും |
| വളർച്ചാനിരക്ക് | കുറയും | വലിയ വർദ്ധനവ് ഉണ്ടാകില്ല | കുറയും |
| ലിക്വിഡിറ്റി | കുറയും | കുറയും | കുറയും |
| പണചംക്രമണം | കുറയും | കുറയും | കുറയും |
| ധനകമ്മി | വർദ്ധിക്കും | വർദ്ധിക്കും | വർദ്ധിക്കും |
| വ്യാപാരകമ്മി | വർദ്ധിക്കും | വർദ്ധിക്കും | വർദ്ധിക്കും |
| പണരഹിത ക്രയവിക്രയങ്ങൾ | വർദ്ധിക്കും | വർദ്ധിക്കും | വർദ്ധിക്കും |
| അസമത്വം | വർദ്ധിക്കും | വർദ്ധിക്കും | വർദ്ധിക്കും |
| തൊഴിലില്ലായ്മ | വർദ്ധിക്കും | വർദ്ധിക്കും | വർദ്ധിക്കും |
| സർക്കാർ ചിലവുകൾ | കുറയും | കുറയും | കുറയും |

ണം ചെയ്യുന്നത് ബാങ്കുകളുടെ കിട്ടാക്കടം വർദ്ധിക്കുന്നതിന് മാത്രമേ കാരണമാകുകയുള്ളൂ.

ബാങ്കുകളിൽ കുമിഞ്ഞുകൂടുന്ന പണം അദാനിയെയും, റിലയൻസിനെയും പോലെയുള്ള വൻകിട കോർപ്പറേറ്റുകൾക്ക് വികസിച്ചുകൊണ്ടിരിക്കുന്ന നിർമ്മാണ, വിവരസാങ്കേതിക 2%ന് ലോൺ എടുത്ത് നിക്ഷേപം നടത്തുന്ന ഒരാൾക്ക് മൂന്നു ശതമാനം ലാഭമെങ്കിലും ലഭിക്കേണ്ടതായിവരും. അടിയിൽ നിന്ന് മുകളിലേക്ക് പടരുന്ന സാമ്പത്തിക പ്രതിസന്ധി സമ്പദ്വ്യവസ്ഥയെ ബാധിക്കുന്ന അവസ്ഥയിൽ ഒരു സ്വകാര്യനിക്ഷേപകനും സമ്പദ്വ്യവസ്ഥയിൽ ലോൺ എടുത്ത് നിക്ഷേപിക്കുവാൻ ഇഷ്ടപ്പെടുകയില്ല. ഭാവിയിലെ ലാഭത്തിലുള്ള പ്രതീക്ഷയില്ലായ്മയാണ് ഇതിന് കാരണം. അതുകൊണ്ട് സമ്പദ്വ്യവസ്ഥ മെച്ചപ്പെടണമെങ്കിൽ ഗവൺമെന്റ് നിക്ഷേപങ്ങൾ ഉയർന്നുവരണം. എന്നാൽ, ഡിമോണിറ്റൈസേഷൻ മൂലം ബാങ്കിലെത്തില്ല എന്ന് സർക്കാർ പ്രതീക്ഷിച്ച 5 ലക്ഷം കോടിയിൽ ബഹുഭൂരിപക്ഷം പണം തിരിച്ചെത്തി എന്നതിനാൽ ഗവൺമെന്റ് മേൽനോട്ടത്തിലുള്ള നിക്ഷേപങ്ങൾ വലിയതോതിൽ ഉണ്ടാവാൻ ഇടയില്ല.

ഇത് പ്രതിസന്ധിക്ക് ആക്കം കൂട്ടും എന്ന കാര്യത്തിൽ സംശയമില്ല. വിദ്യ, റിയൽ എസ്റ്റേറ്റ് മേഖലകളിൽ നിക്ഷേപം നടത്താൻ ഉപകരിക്കും. ഈ നിക്ഷേപങ്ങൾ കുമിളകേന്ദ്രീകൃതമായ വളർച്ച (Bubbles lead growth) നിർമ്മിക്കുകയും, ഗ്രാമീണ മേഖലയിലടക്കമുള്ളവരുടെ ഭൂമി ചുളുവിലയ്ക്ക് കോർപ്പറേറ്റുകൾ കയ്യടക്കുന്ന സ്ഥിതിവിശേഷം ഉണ്ടാകുകയും ചെയ്യും. ആസ്തിയിലും വരുമാനത്തിലും ഇന്ത്യയിൽ ഇന്ന് നിലനിൽകുന്ന വർദ്ധിച്ച തോതിലുള്ള അസമത്വത്തിന്റെ തോത് ദ്രുതഗതിയിൽ വർദ്ധിക്കുന്നതിന് ഇത് വഴിയൊരുക്കും.

നോട്ടുനിരോധനത്തിന്റെ പ്രത്യാഘാതങ്ങളുടെ ഒരു സംക്ഷിപ്തരൂപമാണ് മുകളിൽ പട്ടികയിൽ നല്കിയിട്ടുള്ളത്. ഇന്ത്യൻ സമ്പദ്വ്യവസ്ഥയെ നോട്ടുനിരോധനം എങ്ങിനെ ബാധിക്കുമെന്ന് ഈ പട്ടികയിൽ നിന്ന് മനസ്സിലാക്കാം. നോട്ടുനിരോധനം ഇന്ത്യയുടെ സമ്പദ് വ്യവസ്ഥയിൽ അടിയിൽനിന്ന് മുകളിലേക്ക് പടരുന്ന ഒരു Reverse പ്രതിസന്ധിക്ക് തുടക്കമിട്ടിരിക്കുന്നത് ഏതു വിധമാണെന്ന് ഇവിടെ വിശദമായി പരിശോധിക്കുകയാണ് നമ്മൾ ചെയ്തത്. ഈ പ്രതിസന്ധി 90%ഓളം വരുന്ന അടിസ്ഥാന ജനവിഭാഗത്തിന്റെ സ്വാഭാവികമായ സാമ്പത്തിക പ്രവർത്തനങ്ങളെ ഭാഗികമായോ പൂർണ്ണമായോ നശിപ്പിക്കുകയും ആ മൂല്യം 10% വരുന്ന വരേണ്യവർഗ്ഗത്തിന്റെ പ്രവർത്തനങ്ങളിലേക്ക് ഉൾച്ചേർക്കുകയും ചെയ്യും. ചോദനവും പ്രദാനവും തമ്മിലുള്ള അസന്തുലിതാവസ്ഥ സൃഷ്ടിക്കുന്ന കമ്പോള പ്രതിസന്ധി ഏതെങ്കിലും ഒരവസരത്തിൽ പരിഹരിക്കപ്പെട്ടാലും സാമൂഹിക അസമത്വം വർദ്ധിതമായ രീതിയിൽ തുടരും എന്നുതന്നെയാണ് നാം മനസ്സിലാക്കേണ്ടത്. 2008ലെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് അമേരിക്കയടക്കമുള്ള സാമ്പത്തിക ശക്തികൾ കരകയറിയെന്ന് അവകാശപ്പെടുന്നുണ്ട്. ലോകം മുഴുവനുമുള്ള സാധാരണ നിക്ഷേപകർ അവരുടെ എണ്ണിച്ചുട്ട അപ്പം പോലെ സൂക്ഷിച്ചപണം, കുഴപ്പമുണ്ടാക്കിയ കൊളാറ്ററൽ ഡെബ്റ്റ് ഒബ്ലിഗേഷൻസ് (CDOs) എന്ന ധനകാര്യ ഇൻസ്ട്രുമെന്റിൽ നിക്ഷേപിച്ചിരുന്നു. ഈ പണം അമേരിക്കയിലെ ഭവനവിൽപനക്കാരുടെയും, ദല്ലാൾമാരുടെയും കയ്യിലാണ് എത്തിയിരിക്കുന്നത്. ഓരോ പ്രതിസന്ധിയും ഇത്തരത്തിൽ 10% വരുന്ന ഇടത്തരം മേൽത്തരം ജനവിഭാഗങ്ങളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും 90% വരുന്ന സാധാരണ ജനവിഭാഗങ്ങളുടെ സാമ്പത്തികനില മോശമാകുന്നതിനും കാരണമാകുന്നുണ്ട്. നോട്ടുനിരോധനം ഇന്ത്യയുടെ സാമ്പത്തിക രംഗത്ത് വരുത്തുന്ന പ്രതിസന്ധിയും മേൽ സൂചിപ്പിച്ച 10% അതീവ ധനികരുടെ സമ്പത്ത് വർദ്ധിക്കുന്ന ഒരു പ്രതിസന്ധിക്ക് തുടക്കമിട്ടിരിക്കുന്നു.

### എ.കെ.പി.സി.ടി.എ 59–ാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് നടത്തിയ ഉപന്യാസ മത്സരത്തിൽ സമ്മാനാർഹമായ ലേഖനം

# ഇന്ത്യൻ ജനാധിപത്യം വെല്ലുവിളികളും പ്രതീക്ഷകളും

**അഭിലാഷ് ടി.**
എസ്.എൻ. കോളേജ്, കൊല്ലം




ചിന്തകളിലെ നിസ്വാർത്ഥത അഥവാ രാഷ്ട്രീയതയാണ് ഏതൊരു സമൂഹത്തെയും മികവുറ്റതും സർഗ്ഗാത്മകവുമാക്കുന്നത്. നീതിബോധവും രാഷ്ട്രീയ ഇച്ഛാശക്തിയും ജനാധിപത്യസംവിധാനവും കാര്യക്ഷമമാകുമ്പോൾ മാത്രമേ മേൽപറഞ്ഞ കാര്യങ്ങൾ കൈവരിക്കാൻ ഏതൊരു സമൂഹത്തിനും സാധിക്കുകയുള്ളൂ. ദൗർഭാഗ്യവശാൽ മതഭീകരതയുടെ ഭയാനകത തീവ്രമാകുന്ന ഇന്ത്യൻ സമകാലികരംഗത്ത് മസ്തിഷ്കങ്ങൾ ചിന്തിക്കരുതെന്നും, നാവുകൾ ശബ്ദമുയർത്തരുതെന്നുമുള്ള ശാഠ്യം അധികാര കേന്ദ്രങ്ങൾ അടിച്ചേൽപ്പിക്കുന്ന കാലത്താണ് നാം ജീവിക്കുന്നത്.

ആത്മഹത്യാപരമായ മൗനത്തിന്റെ പുറ്റുകളിലാണ് ഫാഷിസം ഫണമൊളിപ്പിച്ച് വളരുന്നതെന്നിരിക്കെ കാട്ടുനീതിയുടെ നരഭോജിത്തരത്തിന് തടയിടാൻ യുക്തിചിന്തയോടെ ജീവിക്കാൻ വർത്തമാനകാലം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നതിനിടയിലാണ് നാം ഓരോരുത്തരും മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. ആവേശഭരിതമായ ഇന്ത്യൻ യുവത്വത്തെ കാലോചിതമായി ആകർഷിച്ച് മികച്ച സാമൂഹിക വിദ്യാഭ്യാസത്തിലൂടെ വ്യക്തമായ പുരോഗമനബോധം പകർന്ന് ഉന്നതിയിലേക്ക് നയിക്കുമ്പോഴാണ് നമ്മുടെ രാഷ്ട്രത്തിനും അതിന്റെ വ്യത്യസ്തങ്ങളായ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാനാവുന്നത്. എന്നാൽ നിലവിൽ ഇന്ത്യൻ ഭരണഘടന അതിന്റെ സർവ്വപരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണെങ്കിലും മുന്നോട്ടു വയ്ക്കുന്ന സ്വതന്ത്ര, പരമാധികാര, മതേതര, ജനാധിപത്യ, സോഷ്യലിസ്റ്റ്, റിപ്പബ്ലിക് എന്ന സങ്കല്പത്തിന്റെ ഹൃദയം കുത്തിച്ചോർക്കുന്ന ഭീകരമായ അതിക്രമത്തിനാണ് നമ്മുടെ സാമൂഹിക പരിസരം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. ജനാധിപത്യത്തിൽ നിന്നും മതേതരത്വത്തെ പടിയടച്ച് പുറത്താക്കുമ്പോൾ ആസുരതയുടെ മതഭ്രാന്ത് കലിതുള്ളുകയും, അസഹിഷ്ണുതയുടെ വാൾതലപ്പുകളും തോക്കിൻ കുഴലുകളും പുരോഗമന മതേതരചിന്തകളുടെ ചോരതുള്ളികൾക്കുവേണ്ടി നാവുനീട്ടി നടക്കുകയും ചെയ്യുന്ന ഘട്ടത്തിലാണ് നമ്മുടെ പൗരസമൂഹം ജീവിച്ചുപോകുന്നത്.

കപടദേശസ്നേഹത്തിന്റെ തൊലിയുരിച്ചുകാട്ടി, ജാതിവിവേചനങ്ങളുടെ നേരെ ഉയർന്നുവരുന്ന പ്രതിഷേധത്തിന്റെ കൊടുങ്കാറ്റുകൾക്കൊപ്പം നിന്ന്, സവർണ്ണഫാസിസത്തിന്റെ അടിത്തറയിളക്കിമാറ്റി, ഭരണഘടന ഉറപ്പുതരുന്ന ജനാ

തിപത്യത്തിനും, സ്വാതന്ത്ര്യത്തിനും, പൗരാവകാശങ്ങൾക്കും വേണ്ടിയുള്ള വിശാല വേദികൾ സൃഷ്ടിക്കാൻ നമുക്കിന്നാകുന്നില്ലെങ്കിൽ, അധമസംസ്കാരത്തിന്റെ കരാള രൂപികൾ പൗരസമൂഹത്തിന് പ്രകാശഗോപുരമാകേണ്ട നക്ഷത്രപ്രതിഭകളെ നിഷ്കാസനം ചെയ്തുകൊണ്ടേയിരിക്കും. ഭരണഘടനാപരമായ മൗലികാവകാശങ്ങളുടെ ലംഘനങ്ങൾ നാൾക്കുനാൾ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന ഭരണകൂടത്തിന്റെ അതിക്രമങ്ങൾ സാമൂഹികജീവിതത്തിന്റെ സുസ്ഥിരതയ്ക്കുനേരെ കടുത്തവെല്ലുവിളികൾ ഉയർത്തിക്കൊണ്ടിരിക്കുകയാണ്. കൂടാതെ മൂലധനാധിപത്യത്തിന്റെ ഹൃദയമില്ലാത്ത ചൂഷണത്തിന് ഒരു തലമുറയുടെ വർത്തമാനവും ഭാവിയും നിഷ്കരുണം വിട്ടുകൊടുക്കുന്ന നിലപാടുകളും ഏറെ ആശങ്കജനിപ്പിക്കുകയുമാണിന്ന്.



ഉണർത്തിയെടുക്കാൻ നമുക്കാവണം. വർഗ്ഗീയതയുടെ വാൾമുനകൾ തേച്ചുമിനുക്കികൊണ്ട് സാമൂഹ്യവിരുദ്ധശക്തികൾ ആസൂത്രിതമായി നീങ്ങുന്നതിന്റെ ഉദാഹരണങ്ങൾ കൂടിയായിരുന്നു രോഹിത് വെമുലയും ഒമർ ഖാലിദും കനയ്യ കുമാറും കൽബുർഗിയും പെരുമാൾ മുരുകനുമടക്കം ഇന്നലെകളിൽ നാം കണ്ടതെല്ലാം.


അസമത്വത്തിന്റെ മൂലധനചൂഷണത്തിനെതിരെ ജനങ്ങളെ കൈപിടിച്ച് നടത്തേണ്ട പൗരബോധമുള്ള രാഷ്ട്രീയപ്രസ്ഥാനങ്ങൾ സമരമുഖങ്ങളിൽനിന്ന് അന്യവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുമ്പോൾ നൂറുകോടിയിൽപ്പരം വരുന്ന ഇന്ത്യൻ മനുഷ്യസഞ്ചയത്തെ അഭിസംബോധന ചെയ്തുകൊണ്ട്, മൂലധന രാഷ്ട്രീയാധികാരത്തെ പിച്ചിചീന്തി, അതിന് കുഴലൂതുന്ന വർഗ്ഗീയ ഫാസിസത്തെ തുറന്നു കാട്ടാൻ നമ്മുടെ പുരോഗമനപ്രസ്ഥാനങ്ങൾക്ക് കഴിയേണ്ടതുണ്ടെന്ന കാര്യത്തിൽ തർക്കമൊന്നുമില്ല.

അശാന്തിയും അസഹിഷ്ണുതകളും മൃഗനഖങ്ങൾ കൊണ്ടു മാന്തിക്കീറിയ ഇന്ത്യയുടെ സാമൂഹ്യശരീരത്തിൽ ഫാസിസ്റ്റ് പരീക്ഷണങ്ങൾ ദിനംപ്രതി എന്നോണം വർദ്ധിച്ചു വരികയാണ്. സർഗ്ഗാത്മകതയുടെ കടലിരമ്പുന്ന, അസ്വാതന്ത്ര്യത്തിന്റെ ചങ്ങലകൾ പൊട്ടിച്ചെറിയുന്ന, കൊടുങ്കാറ്റുകൾ മുളച്ചുപൊന്തേണ്ട നമ്മുടെ ജനാധിപത്യത്തിലെ പൊതുഇടങ്ങളെ നിശബ്ദമാക്കി മാറ്റിയാൽ ജാതി-മത-വർഗ്ഗീയ-മൂലധനകോമരങ്ങൾ സുരക്ഷിതമാകുന്നുവെന്നു കരുതുന്നുവെങ്കിൽ അത് സമഗ്രമായൊരു ചരിത്ര പഠനത്തിന്റെ അഭാവം ഒന്നുകൊണ്ടു മാത്രമാണെന്ന് കാലം തെളിയിക്കാതെ കടന്നുപോകില്ലെന്നു ജനതയെ ബോദ്ധ്യപ്പെടുത്താൻ നമുക്കാവേണ്ടതുണ്ട്.

ചാതുർവർണ്യത്തിന്റെ പൈശാചിക ശ്രേണികളിൽ ഒരിടത്തും സ്ഥാനം ലഭിച്ചിട്ടില്ലാത്ത ദളിതനെ സവർണ്ണാധിപത്യത്തിന്റെ ഭരണരൂപങ്ങൾ ശ്വാസംമുട്ടിച്ച് കൊലപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അസ്വാതന്ത്ര്യത്തിൽ കിടക്കുന്ന പിന്നോക്ക-ദളിത്-ന്യൂനപക്ഷ ജനവിഭാഗത്തെയും ഒപ്പം ആലസ്യത്തിലാണ്ടുപോയ ഭൂരിപക്ഷ ജനവിഭാഗത്തെയും കലഹത്തിലേക്ക്

കോളോണിയൽ ഭരണകൂടം സ്വാതന്ത്ര്യസമരത്തെ എത്ര മനുഷ്യത്വരഹിതമായിട്ടാണോ നേരിട്ടത് അതിനേക്കാൾ മോശമായിട്ടാണ് അധിനിവേശാനന്തര ഇന്ത്യൻ ഭരണകൂടങ്ങളിൽനിന്നും ജനാധിപത്യത്തോടുള്ള നയസമീപനങ്ങളുണ്ടായത്. ഒപ്പം ദേശവിരുദ്ധമായ ഇന്ത്യൻമുതലാളിത്തം ഇന്ദ്രിയങ്ങൾക്ക് തുരുമ്പെടുക്കാത്ത യുവചൈതന്യത്തെ തച്ചുതകർക്കാനുള്ള വെമ്പലിൽ പരക്കംപാകയുമാണ്. ഇത്തരമൊരുഘട്ടത്തിൽ ഒരു പുതിയ ജനപക്ഷ രാഷ്ട്രീയ സംസ്കാരത്തിന് കൃത്യമായ നിർവ്വചനം നൽകി മൂലധനരാഷ്ട്രീയത്തിനെതിരെ ബദൽരാഷ്ട്രീയം രൂപപ്പെടുത്തുന്നതിനുള്ള സമരപരിസരം സൃഷ്ടിച്ചെടുക്കേണ്ടതുണ്ട്.

ബഹുമുഖ ചൂഷണങ്ങൾ അവകാശമായി അംഗീകരിച്ചു കൊടുക്കുന്ന ഒരു ജനാധിപത്യ വൈകൃതത്തിലാണ് നാം ഇന്നു ജീവിക്കുന്നത്. ഭരണകൂടം ജനക്ഷേമ പ്രവർത്തനങ്ങളിൽ നിന്നു നാൾക്കുനാൾ പിന്മാറിക്കൊണ്ടിരിക്കുകയും സ്വകാര്യ മൂലധനമാഫിയകൾ കംമ്പോളത്തിന്റെ ലാഭമുദ്രാവാക്യങ്ങളുമായി കലപിലകൂടുകയും ചെയ്യുമ്പോൾ രാഷ്



ട്രപുനർനിർമ്മാണത്തിന്റെ ഭാവിയെന്തെന്നത് ഗൗരവമായി ചർച്ച ചെയ്യേണ്ടതുണ്ട്. എങ്കിലും, ഇന്നു രാജ്യത്തിന്റെ പല ഭാഗങ്ങളിൽ നടക്കുന്ന ജനമുന്നേറ്റങ്ങൾ, നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പ്രകൃതിവിഭവങ്ങളുടെ കാര്യത്തിലുള്ള സാമൂഹികവ്യഗ്രത, കാർഷിക സ്രോതസ്സുകളുടെ ഉപയോഗപ്പെടുത്തൽ, സമത്വത്തിലും നീതിയിലും അധിഷ്ഠിതമായ സുസ്ഥിര വികസനം തുടങ്ങിയവയെല്ലാം കൃത്യമായ അഭിസംബോധനയോടെ ഇന്ത്യൻ ഇടതുപക്ഷവും, മനുഷ്യാവകാശ പ്രവർത്തകരും, പരിസ്ഥിതി പ്രവർത്തകരും, വികസനവാദികളും കൈകോർത്തുകൊണ്ടു നടത്തുന്ന ശ്രമങ്ങൾ നാം കുറച്ചുകണ്ടുകൂടാ.

യുക്തിബോധങ്ങളിൽ പടുത്തുയർത്തിയ ഇന്ത്യൻ നവോത്ഥാന സംസ്കാരം ഇന്ന് അന്ധവിശ്വാസത്തിന്റെയും, ഭക്തിവ്യവസായത്തിന്റെയും മതവർഗ്ഗീയതയുടെയും വിളനിലമായി മാറ്റപ്പെടുകയും ശാസ്ത്രചിന്തകൾക്ക് ശവക്കുഴിതോണ്ടി ജാതിമതസ്വത്വങ്ങളുടെ ഫ്യൂഡൽ പുനരുദ്ധാനങ്ങൾ സംഘടിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയുമാണ്. രവീന്ദ്രനാഥടാഗോറിനെയും മഹാത്മാഗാന്ധിയെയുമെല്ലാം തള്ളിതാഴെയിട്ട് അംബാനിയും ബിർളയും സാംപിട്രോഡമാരും അലറിയെത്തുന്ന ഇന്ത്യൻ സാമൂഹികപരിസരത്ത് ജനാധിപത്യമൂല്യങ്ങൾ നിലനിർത്താൻ ആശയാധിഷ്ഠിതമായ ജനകീയ പോരാട്ടങ്ങൾ തുടർന്നു നാം എന്നിരുന്നാലും അധികാരത്തിന്റെ ഭ്രാന്തിളകിയ മർദ്ദനോപകരണങ്ങൾക്കു മുന്നിൽ നിരവധിപേരുടെ ജീവനും ജീവിതവും ഹോമിക്കപ്പെട്ടിട്ടുണ്ടെന്ന കാര്യം നാം വിസ്മരിച്ചുംകൂടാ.

കപടജനാധിപത്യത്തിന്റെ മേലങ്കിയണിയുന്ന അസംബന്ധവാദികൾ ഏറെയുള്ള ഇന്ത്യൻ സാമൂഹിക പരിസരത്തുനിന്ന് ജനവിരുദ്ധ അധികാരങ്ങളെ അകറ്റിനിർത്തിക്കൊണ്ട് ജനങ്ങളെ അണിനിരത്തിയുള്ള സാഹസിക സഹന സമരങ്ങൾക്ക് ഇനി ഒട്ടുംതന്നെ വൈകിക്കൂടാ. ഭൂതകാലങ്ങൾ മായ്ച്ചെഴുതികൊണ്ടിരിക്കുന്ന സാമൂഹ്യ ശൂന്യതയിൽ അസ്ഥിവാരമിടുന്ന ഭരണകൂടങ്ങൾക്ക് ചരിത്രത്തിൽ സ്ഥായിയായി നിലനിൽക്കാൻ കഴിയില്ലെങ്കിലും ഒരു തലമുറയെ മുഴുവൻ വിളക്കുകൾ ഊതിക്കെടുത്തി വറചട്ടിയിലിട്ട് നിലവിളിപ്പിക്കാൻ കഴിഞ്ഞേക്കും. അതുകൊണ്ടുതന്നെ ഇന്ത്യൻ ജനാധിപത്യത്തിലെ വരുംകാല ദിനങ്ങളുടെ ഹൃദയമിടിപ്പുകൾ ശ്രദ്ധയോടെ കാതോർക്കേണ്ടതായിട്ടുണ്ട്. കോർപ്പറേറ്റ്-വലതുപക്ഷത്തിന്റെ മാധ്യമമാഫിയകൾ സൃഷ്ടിക്കുന്ന ഗിബൽസിയൻ സമ്മതിനിർമ്മാണങ്ങൾ ജനകീയ പ്രശ്നങ്ങളിൽ നിന്ന് ബഹുദൂരം അകലെയാണെന്ന കാര്യത്തിൽ രണ്ടുപക്ഷമില്ല. ഒപ്പം ബഹുസാംസ്കാരിതയുടെ ഇന്ത്യൻ പിന്നാമ്പുറങ്ങളെ മതാന്ധതയുടെ ദണ്ഡുകൾകൊണ്ട് പ്രഹരിക്കുന്ന കാഴ്ചയും നാം ജാഗ്രതയുടെ മൂന്നാംകണ്ണ് തുറന്നുപിടിച്ച് കാണേണ്ടതായിട്ടുണ്ട്.

സമയഘടികാരങ്ങളുടെ ഭ്രമണരാശിയിൽ മതവർഗ്ഗീയതയുടെ പാറ്റന്റ് കരസ്ഥമാക്കി ജീവിതം ഇങ്ങനെയൊക്കെമാത്രമേ ആകാവൂ എന്ന് ശാഠ്യം പിടിക്കുന്ന അധികാരശക്തികളാണ് ഇന്ന് നമ്മുടെ ജനാധിപത്യത്തിൽ മനുഷ്യജീവിതത്തിന് നിർവ്വചനം നൽകികൊണ്ടിരിക്കുന്നത്. ഹൈന്ദവ



വർണ്ണാശ്രമധർമ്മങ്ങളുടെ പ്രഖ്യാപനങ്ങളുമായി മുന്നോട്ടുപോകുന്ന ഇന്നത്തെ ദേശീയഭരണകൂടം ഭരണഘടന മുന്നോട്ടുവയ്ക്കുന്ന ശാസ്ത്രാവബോധവും മതേതരജനാധിപത്യ സ്വഭാവങ്ങളും ഉടലോടെ കുഴിച്ചുമൂടാനുള്ള വെമ്പലിലാണ്. അത്തരമൊരു സാഹചര്യത്തിൽ നാം അഭിസംബോധനചെയ്യേണ്ട നിരവധിപ്രശ്നങ്ങളിൽ ലിംഗം, ജാതി, ലൈംഗികത, പരിസ്ഥിതി തുടങ്ങിയ സംവാദങ്ങളിൽ അതീവ അക്കാദമിക ഗൗരവം പുലർത്തേണ്ടതായിട്ടുണ്ട്. ഒപ്പം ജാതി-മത-വംശ-വർഗ്ഗീയ സംഘർഷങ്ങൾ സംജാതമാകുന്ന നിലവിലെ അരാഷ്ട്രീയ സാമൂഹികക്രമത്തിൽ ജനകീയബോധത്തിന്റെ പുതിയ രാഷ്ട്രീയസംസ്കാരം സൃഷ്ടിച്ചെടുക്കേണ്ടതുണ്ട്. അത്തരം ബോധങ്ങളുടെ നിർമ്മാണം രാജ്യത്തിനകത്ത് വർദ്ധിച്ചുവരുന്ന വിഘടന-വിധ്വംസകവാദങ്ങളും, അക്രമണോത്സുക മാവോയിസവും, മണ്ണിന്റെ മക്കൾവാദവും നിരുൽസാഹപ്പെടുത്തപ്പെടുക തന്നെ ചെയ്യും.

ജാതിക്കോമരങ്ങളും, മതമേധാവിത്വവും നിറഞ്ഞാടുന്ന ഇന്ത്യൻ പരിസരത്ത് അനീതിയുടെ മനുസ്മൃതിതീട്ടൂരങ്ങളും, മതമൗലികവാദികളുടെ പ്രാകൃതകുറുപ്പടികളും, അധികാരപ്രമത്തത നിറഞ്ഞ ഇടയലേഖനങ്ങളും തൃണവൽക്കരിക്കാനുള്ള ഇച്ഛാശക്തിവീണ്ടെടുക്കാൻ ഒരുജനതയെന്ന നിലയിൽ നമുക്ക് സാധിക്കേണ്ടതുണ്ട്. സാംസ്കാരിക വൈവിധ്യം നിറഞ്ഞാടുന്ന സാമൂഹിക ചുറ്റുപാടിൽ യൂണിഫോം സിവിൽകോഡും, ഏകസിലബസ് ബോധന-മൂല്യനിർണയ രീതികളും നടപ്പിലാക്കാനുള്ള ഭരണകൂടത്തിന്റെ ശ്രമം ജനാധിപത്യത്തിലേക്കുള്ള പൗരസമൂഹത്തിന്റെ വളർച്ചയെ ബോധപൂർവ്വം തടയുകയുമാണ് ചെയ്യുന്നത്. കൂടാതെ പ്രാദേശിക സംസ്കാരങ്ങളെയും പാരമ്പര്യ അറിവുകളെയും തച്ചുതകർക്കുക എന്ന ഗൂഢോദ്ദേശം കൂടി അതിനു പിന്നിലുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.


കൊളോണിയൽ കാലഘട്ടത്തിന്റെ അധികാരരതികളിൽ നിന്നും ഇന്ത്യൻ ജനാധിപത്യത്തിലേക്കുള്ള ദൂരം യഥാർത്ഥത്തിൽ സ്വാതന്ത്ര്യത്തിലേക്കുള്ള ദൂരം കൂടിയായിരുന്നു. അടച്ചിട്ട മുറികളിലെ ജനാധിപത്യസംവാദങ്ങൾക്കുമപ്പുറം അത് ദേശീയതലത്തിൽ അങ്ങോളമിങ്ങോളം ജനകീയാവകാശപ്രഖ്യാപനങ്ങളുടെയും, പ്രതിരോധബോധങ്ങളുടെയും ഗർജ്ജനമായി മാറേണ്ട കാലം അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നു. അത്തരമൊരു സമരബോധം പൗരസമൂഹത്തിനകത്ത് നിർമ്മിച്ചെടുക്കാനാവുമ്പോൾ അത് ഒരു ശരാശരി ഇന്ത്യൻ മനുഷ്യന്റെ അന്തസ്സിന്റെയും മനുഷ്യത്വത്തിന്റെയും തലംകൂടിയായി മാറുമെന്നകാര്യത്തിൽ യാതൊരുതർക്കവുമില്ല. ഉൾക്കാമ്പില്ലാത്ത മനുഷ്യബന്ധങ്ങളുടെ കപടസംസ്കാരം പ്രവഹിപ്പിക്കുന്ന നിലവിലെ പൗരസമൂഹത്തിൽനിന്നും ജനിക്കപ്പെടുന്ന ഭരണകൂടം പൊതുജനത്തിനു നൽകുന്ന സത്തയെന്തെന്ന് വിമർശനബുദ്ധിയോടെ നാം വിലയിരുത്തേണ്ടതും കൂടിയുണ്ട്.


ദേശീയതയെ ദുരുപയോഗം ചെയ്തുകൊണ്ടാണ് ഇന്ന് ഇന്ത്യയിൽ

ഫാഷിസ്റ്റുകൾ രാഷ്ട്രീയാധിപത്യം സ്ഥാപിച്ചുകൊണ്ടിരിക്കുന്നത്. ഹിറ്റ്ലറും മുസോളിനിയും പരീക്ഷിച്ച അതേ പദ്ധതികൾ തന്നെയാണ് നമ്മുടെ രാജ്യത്തിനകത്തും സംഘപരിവാർ ശക്തികൾ നടത്തിക്കൊണ്ടിരിക്കുന്നത്. ദേശാഭിമാനം, ദേശസ്നേഹം, ദേശീയത തുടങ്ങിയ പദങ്ങൾക്കുപിറകിൽ ഒളിഞ്ഞിരിക്കുന്ന വംശവിദ്വേഷവും, അപരവത്കരണവും, തീവ്രമതവികാരങ്ങളും മറനീക്കി ഹീനമായ രീതിയിൽ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. ദളിത് വിഭാഗത്തോടും അംബേദ്കറിസത്തോടും കടുത്ത ശത്രുത വച്ചുപുലർത്തുന്ന അത്തരം തീവ്ര മത-മതമൗലിക നേതൃത്വങ്ങൾ ആസൂത്രിതമായ വംശഹത്യകളിലൂടെ സമീപകാല ചരിത്രത്തിൽ ഇടംപിടിച്ചതായി കാണാം. അതുകൊണ്ടു തന്നെ ദേശസ്നേഹം എന്നത് ആസൂത്രിതമായ നരഹത്യകളും കൊലപാതകപരമ്പരകളും നടത്തുന്നവരെ വിമർശിക്കുന്ന പുരോഗമനചിന്താഗതിക്കാർക്കെതിരെ നഗ്നമായ അക്രമണങ്ങൾ ഫാഷിസ്റ്റ് രീതിശാസ്ത്രത്തിലെ അനേകം ആയുധങ്ങളിൽ ഏറ്റവും മൂർച്ചയുള്ള ഒന്നായി മാറ്റപ്പെട്ടുകൊണ്ടിരിക്കുകയുമാണ്. സാർവ്വദേശീയ സാഹോദര്യത്തിലും സഹവർത്തിത്വത്തിലും അധിഷ്ഠിതമായിരിക്കണം ദേശസ്നേഹം എന്ന രവീന്ദ്രനാഥടാഗോറിന്റെ വാക്കുകൾ ഇന്ന് ഏറെ പ്രസക്തമായിക്കൊണ്ടിരിക്കുകയാണ്. ചിന്താപരമായ ബഹുസ്വരതയുടെയും വൈവിധ്യത്തിന്റെയും ഇടങ്ങൾ സൃഷ്ടിച്ചുകൊണ്ട് ജനാധിപത്യത്തെ ക്രിയാത്മകവത്ക്കരിച്ച് അനധികൃതമായി കടന്നുകയറി കുഴപ്പമുണ്ടാക്കുന്ന അധികാരകേന്ദ്രങ്ങളെ നിലയ്ക്കുനിർത്താൻ നമ്മുടെ പൗരസമൂഹത്തിന് ഇനിയും ഏറെ സാധിക്കേണ്ടതുണ്ട്.

വർഗ്ഗീയ ശക്തികളുടെ ഫാഷിസ്റ്റ് സംസ്കാരത്തിന് തടയിടുന്നതിനോടൊപ്പം തന്നെ കമ്പോളത്തിന് കീഴടങ്ങുന്ന ഇന്ത്യൻ ഭരണകൂട നിലപാടിനെതിരെ ജനങ്ങളെ അണിനിരത്താനും, ജനങ്ങളുടെ ഭരണകൂടം തിരിച്ചുപിടിക്കുവാനുമുള്ള പോരാട്ടങ്ങളുടെ മഹാമാരി സൃഷ്ടിക്കാൻ നമുക്കാവേണ്ടതുണ്ട്. ആഗോളവത്കരണം തുറന്നുവിട്ട കള്ളപ്പണത്തിന്റെ മഹാസ്രോതസ്സുകൾ ചൂണ്ടിക്കാട്ടി മൂലധന വ്യവസ്ഥിതിക്കെതിരെ പോരാടുവാൻ നമുക്ക് കഴിയണം. മൂലധനാധിപത്യ മൂല്യബോധത്തിന്റെ സ്വാധീനത്തിൽ മധ്യവർഗ്ഗ ഇന്ത്യക്കാരന്റെ മനോഗതം പലതലങ്ങളിലും പ്രതികരണയുക്തിയെ പണയപ്പെടുത്തിയ സാഹചര്യമാണ് നമ്മുടെ രാജ്യത്ത് ഇന്നുള്ളത്.

യാതൊരു ധാർമ്മികമൂല്യങ്ങളുമില്ലാത്ത, അപരന്റെ ക്ഷേമത്തെയും, സ്വസ്ഥതയെയും, സുരക്ഷിതത്വത്തെയും പറ്റിയൊരുപരിഗണനയുമില്ലാത്ത, തൻകാര്യം നോക്കികളായ യന്ത്രങ്ങളെയാണ് ഇന്ന് നമ്മുടെ ജനാധിപത്യത്തിനകത്ത് കാണാനാവുന്നത്. ഒപ്പം സമൂഹത്തിനകത്ത് അതിഭീമമായ മൂല്യദാരിദ്ര്യവും സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അത്തരമൊരു ഘട്ടത്തിൽ ഭരണകൂടത്തിന്നേരെ ഉയർന്നുവരുന്ന ചെറുത്തുനിൽപ്പിന്റെ നെഞ്ചകങ്ങളെ തച്ചുതകർത്ത് മുന്നോട്ടുപോകുവാൻ നവഉദാരവത്കരണത്തിന്റെ ബുൾഡോസറുകൾ ശ്രമിച്ചുകൊണ്ടിരിക്കുമെങ്കിലും നിരന്തരമായ പോരാട്ടസംസ്കാരം ഏതൊരു പുരോഗമന സമൂഹത്തിന്റെയും പൊൻ പ്രതീക്ഷകൾ കൂടിയായി മാറുമെന്ന കാര്യത്തിൽ ഭിന്നചിന്തയൊന്നുമില്ല. മുതലാളിത്ത വർഗ്ഗവും അധികാരവർഗ്ഗവും നിർമ്മിക്കുന്ന അജണ്ടകൾ അസ്വാതന്ത്ര്യത്തിലേക്കും അടിമത്തത്തിലേക്കുമുള്ള പിൻമടക്കമാണെന്ന് ജനതയെ കൃത്യമായി ബോധ്യപ്പെടുത്തിയെടുക്കാൻ മേൽപറഞ്ഞ വസ്തുതകളുടെ പശ്ചാത്തലത്തിൽ നമുക്കാകണം.






സാമൂഹിക ഉത്തരവാദിത്വങ്ങളിൽനിന്നും ജ്ഞാനമേഖലയെ അകറ്റിനിർത്തിക്കൊണ്ട് നിഷ്ക്രിയമായ സമൂഹത്തെ സൃഷ്ടിച്ചെടുക്കുകയാണ് നവലിബറൽ ശക്തികൾ ഇന്ത്യപോലുള്ള ജനാധിപത്യരാജ്യത്തിനകത്ത് നാൾക്കുനാൾ ചെയ്തു കൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള മുതൽമുടക്കുകളിൽ നിന്നും മൂലധനശക്തികളുടെ നിർദ്ദേശാനുസരണം ഭരണകൂടം സമർത്ഥമായി പിൻമാറുന്ന കാഴ്ചയാണ് നാം ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്. ഒരു ഭാഗത്ത് അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും തോളിൽ ഭാരിച്ച അക്കാദമികവും, ഭരണപരവുമായ (ക്ലറിക്കൽ) ഉത്തരവാദിത്തങ്ങൾ അടിച്ചേൽപ്പിക്കുകയും, എന്നാൽ അതേ സമയം തന്നെ സ്വയംഭരണമെന്ന ഗൂഢസിദ്ധാന്തം നടപ്പിലാക്കുകയുമാണ് ചെയ്തുപോരുന്നത്. ഈ ഘട്ടത്തിൽ പൗരസമൂഹത്തെ ശക്തിപ്പെടുത്തി രാഷ്ട്രനിർമ്മാണ പ്രക്രിയകളെ ഉത്തേജിതമാക്കാൻ ക്ലാസ്മുറികളിൽ മാത്രമൊതുങ്ങുന്ന സമയബന്ധിതമായ അധ്യാപനമെന്നത് അർത്ഥശൂന്യമായ കാര്യം കൂടിയാണെന്ന് തിരിച്ചറിയേണ്ടതുണ്ട്. അതിനാൽ പൊതുസമൂഹത്തെ കാര്യങ്ങൾ പറഞ്ഞുപഠിപ്പിക്കേണ്ട സാമൂഹിക ഉത്തരവാദിത്തങ്ങൾ കൂടി അക്കാദമിക സമൂഹം ഒറ്റക്കെട്ടായി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

മസ്തിഷ്കത്തിന്റെ സംഘർഷഭരിതമായ ചിന്തകളിലൂടെ അറിവിന്റെ സൂക്ഷ്മ നിരീക്ഷണതലത്തിലൂന്നിക്കൊണ്ട് സാമൂഹിക ജീവിതത്തെ പരിപോഷിപ്പിക്കുന്ന ഉന്നതചിന്തകൾ ജനാധിപത്യത്തിൽ വളർത്തിയെടുക്കാൻ നാം കളമൊരുക്കേണ്ടതുണ്ട്. മൂലധനത്തിനു പെറ്റുപെരുകാൻ സാധിക്കുന്നത് മനുഷ്യത്വത്തിന്റെ ശബ്ദം കെട്ടണയുന്ന പൊതുയിടങ്ങളിലാണെന്ന് ജനസഞ്ചയത്തെ ബോധ്യപ്പെടുത്തിയെടുക്കാൻ നമുക്കാകണം. രാഷ്ട്രീയമെന്ന വാക്കിന്റെ കൃത്യമായ അർത്ഥവ്യാപ്തി തിരിച്ചറിയാതെ പോകുന്ന ഇന്ത്യൻ പൗരസമൂഹത്തിന്റെ പരിമിതികൾ മനസ്സിലാക്കികൊണ്ടു വേണം അറിവിന്റെയും തിരിച്ചറിവിന്റേയും രാഷ്ട്രീയവൽക്കരണം നടത്തേണ്ടത്.


ക്യാംപസുകൾ സർഗ്ഗശേഷിയുടെ പ്രതിസ്ഫുരണങ്ങളാണെന്ന് അവകാശപ്പെടുമ്പോഴും മുസാഫിർ കലാപത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഒരു സിനിമയുടെ പ്രദർശനവും യാക്കൂബ് മേമനെ തൂക്കിലേറ്റിയപ്പോൾ സംഘടിപ്പിച്ച സംവാദവും രാജ്യദ്രോഹമായി മാറുന്നുവെങ്കിൽ നമ്മുടെ ജനാധിപത്യത്തിന് കാര്യമായ കുഴപ്പങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണെന്നുവേണം മനസ്സിലാക്കാൻ. ഇന്ത്യയെ പോലൊരു ജനാധിപത്യസംവിധാനത്തിൽ രാഷ്ട്രനിർമ്മാണത്തിന്റെ ഭാഗമായി മാനവിക നിർമ്മാണവും അതി




ന്റെ നൈപുണികളും രൂപപ്പെടുത്താൻ വിദ്യാഭ്യാസ മേഖലയ്ക്ക് ഏറെ ഉത്തരവാദിത്വമുണ്ട്. അറിവും വിജ്ഞാനവും ആത്മാഭിമാനവും അടിയറവെയ്ക്കാത്ത ഒരു ജനാധിപത്യസമൂഹമായി നമുക്ക് മാറണമെങ്കിൽ ചങ്ങലകൾമൂലം ബന്ധിതമല്ലാത്ത നാവുകൾക്കൊണ്ട് പ്രതികരണമുയർത്താൻ നാം ഓരോരുത്തരും ശീലിക്കേണ്ടതുണ്ട്.

അക്ഷരങ്ങളുടെ മനുഷ്യപ്പറ്റുകൊണ്ട് ജാതി-മത-വർഗ്ഗീയ-മൂലധന ബോധങ്ങളുടെ വരേണ്യമായ അഹന്തകളോട് സന്ധിയില്ലാത്ത പോരാട്ടത്തിന് നാം പൗരസമൂഹം ഇറങ്ങിത്തിരിക്കുകയാണെങ്കിൽ, അധികാരത്തിന്റെ അഗ്രഹാരങ്ങളിലെ മേൽക്കോയ്മകൾ തച്ചുതകർക്കാൻ നമുക്ക് ആവുകതന്നെ ചെയ്യും. എന്നാൽ ദൗർഭാഗ്യവശാൽ, അക്ഷരങ്ങൾക്ക് പുറം തിരിഞ്ഞുനിന്നു ജനാധിപത്യത്തെ ഒറ്റുകൊടുത്തതിന്റെ വെള്ളിക്കാശുകൾ ധനമുതലാളിത്തത്തിൽ നിന്നു സ്വീകരിച്ച് എണ്ണിതിട്ടപ്പെടുത്തുന്നവർ പൗരസമൂഹത്തിന്റെ ജനകീയ വിചാരണയ്ക്ക് അധികം വൈകാതെ വിധേയരാകുമെന്ന കാര്യത്തിൽ മാറ്റങ്ങളൊന്നുമുണ്ടാവാനിടയില്ല. അതിനാൽ അധ്യാപക-അനധ്യാപക-വിദ്യാർത്ഥി-ബഹുജന-തൊഴിലാളി സംഘടനകൾ ജനാധിപത്യത്തിന്റെ വിശാലവേദികളൊരുക്കി ഇത്തരം കാര്യങ്ങൾ സജീവമായി ചർച്ച ചെയ്യേണ്ടിയിരിക്കുന്നു.

ജനാധിപത്യത്തിലെ അവിഭാജ്യഘടകങ്ങളായ അഭിപ്രായ സ്വാതന്ത്ര്യവും വിമർശന സ്വാതന്ത്ര്യവും ഉൾക്കൊള്ളാനാവാതെ മൂലധന-ഭരണകൂട ശക്തികൾ നിരപരാധികളെ രാജ്യദ്രോഹകുറ്റം ചുമത്തി തുറങ്കിലടയ്ക്കുന്നത് നാം ഇന്ന് കണ്ടുകൊണ്ടിരിക്കുകയാണ്. ഇരുണ്ട മധ്യകാലഘട്ടത്തിലെ ജീർണ്ണിതബോധങ്ങൾകൊണ്ട് പുരോഗമനചിന്തകളെ അടിച്ചമർത്താമെന്ന വ്യാമോഹങ്ങൾ അബദ്ധജടിലവും അർത്ഥശൂന്യവും മാത്രമായിരിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. അപരാധികളുടെ ആധിയിൽ നിന്നുയരുന്ന സാംസ്കാരിക വൈകൃതങ്ങൾ നിറഞ്ഞാടുന്ന നാട്ടിൽ പ്രതിദിനമെന്നോണം ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശങ്ങൾ നുള്ളിയെടുത്ത് അധികാരകേന്ദ്രങ്ങൾ ഭീകരത സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. നോം ചോംസ്കിയും, ഓർഹാൻ പാമുക്കും, ഗിരീഷ് കർണാടും, സീതാറാം എച്ചൂരിയുമട



ക്കം അഭിപ്രായപ്പെട്ടതുപോലെ അധികാരപ്രമത്തതയുടെ ഉച്ചഭ്രാന്തുകൊണ്ട് അടിയന്തരാവസ്ഥയെപോലും ലജ്ജിപ്പിക്കുന്ന തരത്തിലേക്ക് ജനാധിപത്യം സ്വേച്ഛാധിപത്യത്തിന്റെ രൂപം പ്രാപിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഘട്ടത്തിൽ ഇന്ത്യൻ പൊതു സമൂഹത്തെ ആശയപ്രതിരോധത്തിന്റെ ജനകീയകവചമണിയിച്ച്, ഇരകളെ തേടിയെത്തുന്ന വേട്ടക്കാരനെ ആട്ടിയോടിക്കാൻ രാജ്യത്താകമാനം ഇടതുപുരോഗമനചിന്തകൾക്ക് സംഘടിത രൂപം നൽകേണ്ടതുണ്ട്.

ഒരു ജനതയുടെ പൊതുബോധനിർമ്മിതിയിൽ മാധ്യമങ്ങളുടെ പങ്ക് വളരെ വലുതാണ്. അതുകൊണ്ട്തന്നെ മേധാവിത്വമുള്ള വർഗ്ഗത്തിന് പ്രത്യയശാസ്ത്രരംഗത്തും മേധാവിത്വമുണ്ടാകും എന്നത് നാം തിരിച്ചറിയാതെ പോകരുത്. മൂലധനത്തിന്റെ കുഴലൂത്തുകാരായി ഭൂരിപക്ഷം മാധ്യമങ്ങളും മാറിക്കഴിഞ്ഞ ഇന്ത്യൻ ജനാധിപത്യ ചുറ്റുപാടിൽ അവർ കേവലം കാഴ്ചക്കാരായല്ല, മറിച്ച് പ്രചാരകരാവുകയാണ് ചെയ്യുന്നത്. വികസനമെന്ന പേരിൽ മൂലധന-ഭരണകൂട ശക്തികൾ സ്വാർത്ഥ സങ്കുചിത ആശയങ്ങളെ സ്ഫുടം ചെയ്ത് വൻ പ്രചാരവേലയോടെ ഫാഷിസ്റ്റ് ഉള്ളടക്കം ചാലിച്ച് ജനസമക്ഷം അവതരിപ്പിക്കുമ്പോൾ ഉദാസീനതയിലും നിത്യമൗനത്തിലും ആണ്ടുപോയ ജനമനസ്സുകൾ വഴിയൊരളവിൽ കീഴ്പ്പെട്ടു പോകുന്നുവെന്നത് ഒരു യാഥാർത്ഥ്യം കൂടിയാണ്. അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ ഐക്യത്തെയും പോരാട്ടങ്ങളെയും അസ്ഥിരീകരിക്കുക എന്ന ലക്ഷ്യത്തോടെ പ്രതിലോമകരമായ പ്രത്യയശാസ്ത്ര നിർമ്മിതികൾ അരങ്ങുതകർത്താടുന്ന വർത്തമാന-രാഷ്ട്രീയ സാഹചര്യത്തിൽ, പുതിയ സാങ്കേതിക ജ്ഞാനാധിഷ്ഠിതമായ വിവര-വിനിമയ സംവിധാനങ്ങൾ വഴി നടത്തുന്ന പ്രത്യയശാസ്ത്ര പ്രക്രിയയെ സൂക്ഷ്മമായി പഠിച്ചും അതിജീവനത്തിനുള്ള ബദൽമാർഗ്ഗങ്ങൾ രൂപ്പെടുത്തിയും മാത്രമേ ജനാധിപത്യവിപ്ലവ ശക്തികൾക്ക് മുന്നോട്ടു പോകാനാവൂ. കൊടിയ ദാരിദ്ര്യവും ചൂഷണവും അനുഭവിക്കുന്ന ഇന്ത്യൻ ജനതയുടെ രക്ഷകരായിട്ടാണ് ഫാഷിസ്റ്റുകൾ രംഗപ്രവേശനം ചെയ്യുന്നത്. മുതലാളിത്ത ചൂഷണം സൃഷ്ടിച്ച കൊടിയ ദാരിദ്ര്യവും ചൂഷണവും കൊണ്ട് വഞ്ചിക്കപ്പെട്ട, ജനതയുടെ ആത്മാഭിമാനം വീണ്ടെടുക്കാൻ എന്ന നാട്യത്തിലാണവർ അധികാരത്തിന്റെ രാഷ്ട്രീയതരംഗങ്ങൾ സൃഷ്ടിച്ചെടുക്കുന്നത്.

ജനാധിപത്യത്തിന്റെ വാതിൽ തുറന്നിട്ടും ആത്മപൂരണത്തിന്റെ കപടമന്ത്രങ്ങൾ പോലെ ഇന്ത്യൻ ജനതയുടെ ജീവിതത്തെ കഴുത്തുഞ്ഞെരിച്ചു കൊണ്ടിരിക്കുന്ന Gatt-94, Trips, Gats കൊണ്ടുവന്നത് മൂലധനശക്തികളുടെ താല്പര്യാർത്ഥം മാത്രമാണ്. നമ്മളറിയാതെ അന്താരാഷ്ട്ര സാമ്രാജ്യശക്തികളും, നമ്മുടെ രക്ഷകർ എന്ന് വെറുതെ ആണയിടുന്ന ഭരണകൂടങ്ങളും മൂലധനവേഴ്ചയുടെ അതിനിഗൂഢ അനുഭൂതികളിലൂടെ വിഡ്ഢികളാക്കുന്നത് സ്വപ്നങ്ങൾ നഷ്ടപ്പെട്ടിട്ടില്ലാത്ത ഒരു ജനതയുടെ പ്രതീക്ഷകൾ കൂടിയാണ്. ഇവിടെ ഉയരേണ്ടതും ഉണർത്തേണ്ടതുമായ നവബോധനത്തിന്റെ ചോദ്യശരങ്ങൾ തൊടുത്ത് കാണികളും കാഴ്ചക്കാരുമായി നിൽക്കുന്ന മുഴുവൻ ആളുകളെയും ഒന്നിപ്പിച്ച് ഒരു രാജ്യത്തിന്റെ വിദ്യാഭ്യാസവും സംസ്കാരവും ഭാവിയും ജീവിതവും തകർക്കുന്ന നരാധനന്മാർക്കെതിരെ യഥാർത്ഥ ജനാധിപത്യത്തിന്റെ ശക്തിയെന്തെന്ന് കാണിച്ചു കൊടുക്കുക എന്നതു മാത്രമാണ് പോംവഴി. സഹിഷ്ണുത പിറന്ന നാട്ടിൽ അസഹിഷ്ണുതയ്ക്ക് സ്ഥാനമില്ലെന്ന് ഉറക്കെ വിളിച്ചു പറയാൻ നമ്മുടെ പൗരസമൂഹത്തിനാവണം.

വിദ്യാഭ്യാസം അടിസ്ഥാനപരമായി




ഒരു നല്ല മനുഷ്യനെ രൂപപ്പെടുത്തുന്ന പ്രക്രിയയാണെന്നിരിക്കെ അതിന് ഉന്നതമായ ജനാധിപത്യബോധവും സാമൂഹികപ്രതിബദ്ധതയും പൗരസമൂഹത്തിനിടയിൽ നിർമ്മിച്ചെടുക്കുകയെന്ന വലിയ ഉത്തരവാദിത്തം കൂടിയുണ്ട്. എന്നാൽ നാം ഇന്ന് നേരിടുന്ന മുഴുവൻ വെല്ലുവിളികളുടെയും ഉത്തരവാദി വികലമായ വിദ്യാഭ്യാസ നയങ്ങളും നീതിയുക്തമല്ലാത്ത വിഭവവിതരണവുമാണെന്ന് കാണുവാൻ സാധിക്കും. സമൂഹത്തിന്റെ കേന്ദ്രബിന്ദു എന്ന നിലയിൽ കലാലയങ്ങൾ എക്കാലത്തും വിജ്ഞാനവും പ്രത്യയശാസ്ത്രവും വേർതിരിക്കുന്നതിനാവശ്യമായ ധൈഷണികപരിസരം സൃഷ്ടിക്കാറുണ്ട്. വിജ്ഞാനത്തിന്റെ പ്രത്യയശാസ്ത്രസ്വഭാവത്തെ തിരിച്ചറിഞ്ഞ് വിമർശിക്കുവാനുള്ള ധിഷണശേഷി കൈവരിക്കുന്ന കേന്ദ്രങ്ങളെന്ന നിലയിൽ അധികാരകേന്ദ്രങ്ങളോട് അധ്യാപകരും വിദ്യാർത്ഥികളും സധൈര്യം സത്യം വിളിച്ചു പറഞ്ഞുകൊണ്ടേയിരിക്കും. എന്നാൽ ദൗർഭാഗ്യവശാൽ ഇന്ന് രാജ്യത്തെ മികച്ച സർവ്വകലാശാലകളൊഴികെ മിക്ക വിദ്യാഭ്യാസസ്ഥാപനങ്ങളിലും ജഡതുല്യമായ അവസ്ഥയിലാണ് പ്രതികരണബോധങ്ങൾ മുന്നോട്ടുപോയ്ക്കൊണ്ടിരിക്കുന്നത്. ഒപ്പം അധ്യാപക-വിദ്യാർത്ഥി സമൂഹത്തിന്റെ അധികാരപ്രമത്തതയും അരാഷ്ട്രീയതയും അമിതമായ വ്യക്തിവൽക്കരണവും മേൽപറഞ്ഞ ജീർണ്ണാവസ്ഥകൾക്ക് ആക്കം കൂട്ടുന്നു. അത്തരക്കാരുടെ സ്വത്വവാദവും, ആത്മപ്രകീർത്തനവും ജാതിമതസാമുദായിക സങ്കുചിതത്വത്തിന് വഴിപ്പെടലും പുരോഗമനോന്മുഖമായ സംവിധാനങ്ങളെ പോലും നവലിബറൽ നീരാളിപ്പിടുത്തത്തിലേക്ക് തള്ളിയിട്ടുകൊണ്ടിരിക്കുകയാണ്. അക്കാദമിക സ്വാതന്ത്ര്യമുള്ളിടത്തേ ഗുണനിലവാരമുള്ള അധ്യാപകനും അധ്യയനവും ഉണ്ടാകൂ എന്നിരിക്കെ നമ്മുടെ ജ്ഞാനകേന്ദ്രങ്ങളുടെ മേൽ ഒരു ആത്മപരിശോധന കൂടി നാം നടത്തേണ്ടതായിട്ടുണ്ട്. എങ്കിൽ മാത്രമേ നീതിബോധവും രാഷ്ട്രീയ ഇച്ഛാശക്തിയും ഉന്നതനിലവാരം പുലർത്തുന്ന അക്കാദമിക്കുകളുടെ ശക്തമായ നേതൃത്വവും കൂടിച്ചേർന്ന് ബോധനശാസ്ത്രകേന്ദ്രങ്ങളെ സാമൂഹികവികസന പ്രക്രിയയിൽ സജീവമായി പങ്കെടുപ്പിക്കാനാവുകയുള്ളൂ.

വിദ്യാഭ്യാസമേഖലയിൽ നവലിബറൽ കോർപ്പറേറ്റ്വൽക്കരണത്തിന്റെ പ്രത്യാഘാതങ്ങളെ പ്രതിരോധിക്കുവാനുള്ള അക്കാദമിക ഉപാധികളും സങ്കേതങ്ങളും വിദ്യാഭ്യാസത്തിന്റെ അവിഭാജ്യഘടകങ്ങളായി മാറേണ്ടതുണ്ട്. കംപ്യൂട്ടർ വൈദഗ്ധ്യം, ഗണിതശാസ്ത്രബോധം, അപഗ്രഥനശേഷി, ജ്ഞാനഭാഷാ പ്രാവീണ്യം, വിഷയാന്തരവീക്ഷണം, ഐ.സി.റ്റി. സജ്ജീകരണങ്ങൾ ഉപയോഗിക്കാനുള്ള കഴിവ്, പഠിച്ച വിഷയത്തിൽ അടിസ്ഥാനജ്ഞാനം, അതു പ്രയോഗിക്കുവാനുള്ള സാമർത്ഥ്യം വിമർശനാവബോധം, നയവിശകലന ശേഷി, ഉയർന്ന പൗരബോധം തുടങ്ങിയ

കാര്യങ്ങൾ ഏതൊരു ജനാധിപത്യമണ്ഡലവും കാലാനുസൃതമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്. മേൽപറഞ്ഞ കാര്യങ്ങളുടെ മൂല്യനിർണ്ണയത്തിന്റെ മാനദണ്ഡം ജനാധിപത്യവത്ക്കരിക്കാനും കൂടുതൽ സുതാര്യമാക്കുവാനുമുള്ള വഴി നാം സ്വയം കണ്ടെത്തുകയാണെങ്കിൽ മാത്രമേ നമ്മുടെ ജനാധിപത്യമണ്ഡലത്തെ ക്രിയാത്മകമാക്കി മാറ്റുവാൻ നമുക്കാകുകയുള്ളൂ. ഉന്നത വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തെയും അതിന്റെ വൈജ്ഞാനിക സ്വഭാവത്തെയും തകർക്കുന്നതിൽ സ്വാശ്രയ വിദ്യാഭ്യാസത്തിന്റെ പങ്ക് രാജ്യത്താകമാനം സാമൂഹികപുരോഗതിയെയും ജനാധിപത്യത്തെയും പിറകോട്ടടിപ്പിക്കുകയാണ്. ഒരു സമൂഹത്തിന്റെ നാനാവിധത്തിലുള്ള ആവശ്യങ്ങളെ അഭിസംബോധന ചെയ്യുവാനും അതിന്റെ വൈജ്ഞാനിക ജീവിതത്തെ വിപുലീകരിക്കുവാനുമുതകുന്നതാകണം ഒരു യഥാർത്ഥ ജനാധിപത്യ സമൂഹത്തിലെ വിദ്യാഭ്യാസമണ്ഡലം. അതുകൊണ്ടുതന്നെ വ്യത്യസ്തജ്ഞാനമേഖലകളിലേക്ക് ജാഗ്രതകൾ തുറന്നുപിടിച്ചുകൊണ്ട് നിലവിലുള്ള അറിവുകളെ വികസിപ്പിക്കുവാനും മുന്നോട്ടു കൊണ്ടുപോകുവാനും കെൽപ്പുള്ള ഒരു വൈജ്ഞാനിക സമൂഹം രൂപപ്പെടുത്തേണ്ടതുണ്ട്. വിമർശനാത്മകജ്ഞാനം എന്ന അടിസ്ഥാനതത്വത്തെ പുതിയ വിദ്യാഭ്യാസപ്രക്രിയ ദേശീയ തലത്തിൽ തന്നെ പൂർണ്ണമായും തകർത്തുകളഞ്ഞതിന്റെ അവസ്ഥാന്തരമാണ് നിലവിൽ രാജ്യത്തെ ഒട്ടുമിക്ക പ്രശ്നങ്ങളുടെയും മൂലകാരണം. അടിസ്ഥാന വിദ്യാഭ്യാസ മേഖലയെയും ഉന്നതവിദ്യാഭ്യാസ മേഖലയെയും ഒരുപോലെ വിമോചിപ്പിക്കപ്പെടേണ്ടത് ഇന്ത്യൻജനാധിപത്യത്തിന്റെ വിജയത്തിനും സാമൂഹ്യവൃത്തങ്ങളുടെ ബഹുമുഖനവീകരണത്തിനും അത്യന്താപേക്ഷിതമായി തീർന്നിരിക്കുന്നു.

അതോടൊപ്പം അടിസ്ഥാന ജനവിഭാഗത്തിന്റെ കാര്യങ്ങളിലും നാം കൂടുതൽ ശ്രദ്ധപതിപ്പിക്കുവാൻ ഒരു കേരള വികസന മാതൃക ഇന്ത്യയിലെമ്പാടും നടപ്പിലാക്കാൻ യത്നിക്കേണ്ടിയിരിക്കുന്നു. സമഗ്രഭവനനിർമ്മാണ പദ്ധതി, സമ്പൂർണ്ണ ദാരിദ്ര്യ നിർമ്മാർജ്ജനം, സ്ത്രീസുരക്ഷ തുടങ്ങിയ കാര്യങ്ങൾ ഏതൊരു ജനാധിപത്യ രാഷ്ട്രത്തിന്റെയും സജീവ പരിഗണനയർഹിക്കുന്ന കാര്യങ്ങളാണെന്നതിൽ രണ്ടഭിപ്രായങ്ങളില്ല. മാലിന്യസംസ്കരണം, കുടിവെള്ളം, കൃഷി, ഇവയെ ആധാരമാക്കിയ വികസനത്തിന് രാജ്യത്തെമ്പാടും ഊന്നൽ കൊടുക്കാൻ നമുക്കാകണം. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് ഇടതുപക്ഷചിന്തകൾക്കൊപ്പം ചേർന്ന് ഹരിതഭാരതപദ്ധതികൾക്ക് തുടക്കമിടേണ്ടി



യിരിക്കുന്നു. ഭാവനാസമ്പന്നമായ ഭരണനേതൃത്വമുണ്ടാകുമ്പോൾ വിദ്യാഭ്യാസപുരോഗതി, സാമൂഹികനീതി, ആരോഗ്യസുരക്ഷ തുടങ്ങിയ കാര്യങ്ങൾക്ക് ഉന്നതപരിഗണന ലഭ്യമാകുന്നു. സ്കൂൾ, കോളേജ്, ആശുപത്രികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുതലായവയുടെ പ്രവർത്തനങ്ങൾക്ക് ജനകീയതലത്തിൽ തന്നെ പങ്കാളിത്തമുറപ്പാക്കി ജനപക്ഷ ജാഗ്രതാസമിതികൾക്ക് തുടക്കം കുറിക്കാനാവണം. പരമ്പരാഗത തൊഴിൽ മേഖലയെ സംരക്ഷിക്കുന്നതോടൊപ്പംതന്നെ ഐ.ടി, ടൂറിസംവികസനം, അടിസ്ഥാനസൗകര്യവികസനം തുടങ്ങിയ മേഖലകളിൽ അർഹമായ ശ്രദ്ധപതിപ്പിക്കേണ്ടിയിരിക്കുന്നു. കൃഷി, പരമ്പരാഗത-ചെറുകിട വ്യവസായങ്ങൾ മുതലായവയുടെയും ആധുനിക വ്യവസായങ്ങളുടെയും പ്രവർത്തനങ്ങളിൽ മൂലധനശക്തികളെ അകറ്റിനിർത്തി ഇടപെടാൻ നമ്മുടെ ജനാധിപത്യത്തിനാവണം. ജനകീയാസൂത്രണപരിപാടികൾ സംഘടിപ്പിച്ച് പങ്കാളിത്ത ഭരണവ്യവസ്ഥിതിയെ പരിപോഷിപ്പിച്ച് സാമൂഹ്യപ്രശ്നങ്ങളുടെ ആഴങ്ങളിൽ ഇറങ്ങിച്ചെല്ലാൻ പുരോഗമനശക്തികൾക്ക് ആവേണ്ടതുണ്ട്. സഹകരണമേഖലയെ രാജ്യത്തെമ്പാടും ശക്തിപ്പെടുത്തി ജനപക്ഷ ഉണർവ്വുകൾക്ക് കരുത്തേകുവാൻ നമ്മുടെ ജനാധിപത്യത്തിന് ഇനിയും കഴിയേണ്ടതുണ്ട്. സ്ത്രീ സുരക്ഷ ശിശുമരണനിരക്ക് തുടങ്ങിയ കാര്യങ്ങളിൽ ദേശീയതലത്തിൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്താൻ ഒരു ജനതയെന്ന നിലയിൽ നാം ഇനിയും ഏറെ മുന്നോട്ടുപോകേണ്ടതുണ്ട്. വിദേശശക്തികളിൽ നിന്നും രാഷ്ട്രീയസ്വാതന്ത്ര്യം ലഭിച്ചതിനുശേഷം ആറരപതിറ്റാണ്ട് പിന്നിടുമ്പോഴും പാരതന്ത്ര്യം ഇന്നും നടമാടുന്ന ഇന്ത്യൻ സമൂഹത്തിൽ ജന്മി-നാടുവാഴിത്ത അടിച്ചമർത്തലുകൾക്കെതിരെ രാജ്യത്തെമ്പാടും ജനാധിപത്യരീതിയിൽ ജനതയെ ഉണർത്തിയെടുക്കാൻ പുരോഗമന ചിന്താഗതിയുള്ള പ്രസ്ഥാനങ്ങൾക്കാകണം. കുത്തകകൾക്കായി ഭരണം നടത്തുന്ന ഇന്ത്യയിലെ കോർപ്പറേറ്റ് നവലിബറൽ സർക്കാർ സൃഷ്ടിച്ചത് കൊടുംപീഡനങ്ങളുടെയും പരസ്പര വിദ്വേഷത്തിന്റെയും നാളുകൾ മാത്രമായിരുന്നു. കോർപ്പറേറ്റ്-വലതുപക്ഷ മാധ്യമങ്ങളുടെ ജീർണ്ണിതസംസ്കാരംപേറുന്ന ലിബറൽസിയൻ ജനാധിപത്യവ്യവസ്ഥിതിയിൽ നിന്നും ജനതയെ വിമോചിപ്പിച്ച് സമൂഹത്തെ പരിപോഷിപ്പിക്കേണ്ടത് നമ്മളോരോരുത്തരുടെയും കടമയാണ്.

മറ്റുള്ളവരെ ജീവിക്കാൻ അനുവദിച്ചു കൊണ്ട് സ്വയം ജീവിക്കാനുള്ള ജാഗ്രതയും സൂക്ഷ്മതയുമാണ് മതനിരപേക്ഷ ജനാധിപത്യവ്യവസ്ഥിതിയിൽ വിശ്വാസികളും അവിശ്വാസികളും പിൻപറ്റേണ്ട അടിസ്ഥാനപരമായ സദാചാരബോധം. പ്രായപൂർത്തിവോട്ടവകാശമുള്ള സ്ത്രീപുരുഷന്മാർ പരസ്പരസമ്മതത്തോടെ അടുത്തിരിക്കുന്നതും സംസാരിക്കുന്നതും യാത്രചെയ്യുന്നതും മാത്രമല്ല ലൈംഗിക വേഴ്ചകളിൽ ഏർപ്പെടുന്നതുപോലും ഇന്ത്യയിൽ നിലനിൽക്കുന്ന നിയമമനുസരിച്ച് കുറ്റകൃത്യമല്ലന്നിരിക്കെ സദാചാരപോലീസിന്റെ കടന്നാക്രമണങ്ങൾ ജനാധിപത്യത്തിന്റെ വികാസത്തിന് ഭൂഷണമാകുന്ന കാര്യങ്ങളല്ലെന്ന് തിരിച്ചറിയേണ്ടതുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പാക്കുന്ന ഭരണഘടനതൊട്ട് സത്യം ചെയ്ത് അധികാരമേറ്റെടുക്കുന്ന നേതൃത്വത്തെ പിൻപറ്റി നിൽക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ മാനസികതലങ്ങൾ ഇന്നിപ്പോൾ അസഹിഷ്ണുതയുടെ മനോനിലയാണെന്നത് ഏറെ ആശങ്കയുളവാക്കുന്ന കാര്യം കൂടിയാണ്. ആയതിനാൽ മതനിരപേക്ഷ ഭരണഘടനയോടും പൗരാവകാശങ്ങളോടും ആദരവില്ലാത്ത ജനാധിപത്യവിരുദ്ധരെ അവരർഹിക്കുന്ന വിധത്തിൽ പ്രതിരോധിച്ചും പ്രതിഷേധിച്ചും ജനാധിപത്യത്തെയും അതിന്റെ ജീവാത്മാവായ പൗരസ്വാതന്ത്ര്യത്തെയും പരിരക്ഷിക്കാനുള്ള നെഞ്ചൂക്ക് നേടിയെടുക്കുവാൻ നമുക്കാവണം.

**മറ്റുള്ളവരെ ജീവിക്കാൻ അനുവദിച്ചു കൊണ്ട് സ്വയം ജീവിക്കാനുള്ള ജാഗ്രതയും സൂക്ഷ്മതയുമാണ് മതനിരപേക്ഷ ജനാധിപത്യവ്യവസ്ഥിതിയിൽ വിശ്വാസികളും അവിശ്വാസികളും പിൻപറ്റേണ്ട അടിസ്ഥാനപരമായ സദാചാരബോധം. പ്രായപൂർത്തിവോട്ടവകാശമുള്ള സ്ത്രീപുരുഷന്മാർ പരസ്പരസമ്മതത്തോടെ അടുത്തിരിക്കുന്നതും സംസാരിക്കുന്നതും യാത്രചെയ്യുന്നതും മാത്രമല്ല ലൈംഗിക വേഴ്ചകളിൽ ഏർപ്പെടുന്നതു പോലും ഇന്ത്യയിൽ നിലനിൽക്കുന്ന നിയമമനുസരിച്ച് കുറ്റകൃത്യമല്ലന്നിരിക്കെ സദാചാരപോലീസിന്റെ കടന്നാക്രമണങ്ങൾ ജനാധിപത്യത്തിന്റെ വികാസത്തിന് ഭൂഷണമാകുന്ന കാര്യങ്ങളല്ലെന്ന് തിരിച്ചറിയേണ്ടതുണ്ട്.**

വർത്തമാനകാല ജീവിതകാലാവസ്ഥയെ ജോൺ മക്മൂർത്തി വിശേഷിപ്പിക്കുന്നത് 'The Cancer Stage of Capitalism' എന്നാണ്. അതിശക്തമായ ജനകീയ വിമർശനങ്ങളുടെ അഭാവം തന്നെയാണ് അത്തരം അർബുദങ്ങൾക്ക് രാഷ്ട്ര-സമൂഹിക ശരീരത്തിനകത്തേക്ക് മരണതാണ്ഡവമാടാൻ സാഹചര്യമൊരുക്കികൊടുത്തുകൊണ്ടിരിക്കുന്നത്. പോരാട്ടവും പ്രതിരോധവും സമന്വയിപ്പിച്ചു കൊണ്ട് നിത്യമൗനത്തിന്റെ ആഴങ്ങളിലേക്ക് ഊളിയിട്ടിരിക്കുന്ന ഒരു ജനതയെ കൈപിടിച്ചുയർത്താൻ ശാസ്ത്രാവബോധത്തിലൂന്നിയ പുരോഗമനപ്രസ്ഥാനങ്ങൾക്കുമൊപ്പം സുസ്ഥിര സമൂഹത്തിന്റെ സർഗ്ഗസമ്പന്ന ഭാവി സ്വപ്നം കാണുന്ന ഓരോ ഇന്ത്യക്കാരനും അവനവന്റേതായ ഉത്തരവാദിത്വങ്ങളും കടമകളുമുണ്ടെന്ന കാര്യം നാം മറക്കരുത്.



# മഴക്കാല രോഗങ്ങളും പ്രതിരോധ മാർഗങ്ങളും

കേരളത്തിൽ മഴക്കാല രോഗങ്ങൾ വർദ്ധിച്ചു വരുന്ന ഒരു സാഹചര്യമാണ് ഇന്ന് ഉള്ളത്. ജൂൺ, ജൂലൈ,ആഗസ്റ്റ് മാസങ്ങളിലാണ് കേരളത്തിൽ വർഷ ഋതുവിന്റെ സാന്നിധ്യം. കേരളീയർ ആരോഗ്യസംരക്ഷണത്തിന് കൂടുതൽ ഊന്നൽ നൽകുന്ന കാലവും കൂടിയാണിത്. എങ്കിലും വ്യാധിക്ഷമത്വം കുറയുന്നതിനാലും രോഗാണുക്കളും രോഗവാഹകരും പെരുകുന്നതിനാലും മഴക്കാലരോഗങ്ങളെ ചെറുത്തു നിൽക്കുവാൻ ബുദ്ധിമുട്ട് നേരിടുന്ന കാലഘട്ടമാണിത്. രോഗപ്രതിരോധ രംഗത്തും ചികിത്സാരംഗത്തും ആയുർവേദത്തിനു ള്ള പങ്ക് വളരെ വലുതാണ്. ആയുർവേദത്തിൽ പരാമർശിച്ചിരിക്കുന്ന ദിനചര്യ, ഋതുചര്യ എന്നിവ ഓരോ വ്യക്തിയുടെയും ആരോഗ്യം സംരക്ഷിക്കാൻ സഹായിക്കുന്നു.

വർഷ ഋതുവിലെ കാലാവസ്ഥയുടെ പ്രത്യേകത ത്രിദോഷങ്ങളായ വാത പിത്ത കഫങ്ങളുടെ പ്രകോപത്തിനു കാരണമാകുന്നു. ചൂടുകാലത്ത് വർദ്ധിച്ച വാതം മഴക്കാലത്തിന്റെ ആരംഭത്തിൽ ഇതരദോഷങ്ങളോട് കൂടി കോപിക്കുന്നു. ത്രിദോഷ കോപം നിമിത്തം മഴയുടെ തുടക്കത്തിൽ അഗ്നിദീപ്തിയും ശരീര ബലവും കുറഞ്ഞു വരുന്നു. ഇതിലുപരിയായി ഇന്നത്തെ കാലത്ത് ജലമലിനീകരണം, പരിസര മലിനീകരണം, അന്തരീക്ഷ മലിനീകരണം എന്നിവ വഴി രോഗാണുക്കളും രോഗവാഹകരും വർദ്ധിക്കുകയും, കാലത്തിന്റെ പ്രത്യേകത മൂലം രോഗ പ്രതിരോധശേഷിയിൽ കുറവു സംഭവിക്കുകയും ചെയ്യുന്നു. ഇവയാണ് ഇന്ന് കാണുന്ന രോഗങ്ങളുടെ മുഖ്യകാരണം. മഴക്കാലത്ത് സ്വാഭാവികമായി ഉണ്ടാകുന്ന വാതകോപത്തെ നിയന്ത്രിക്കുന്നതിന് ആയുർവേദത്തിൽ വസ്തിയാണ് വിധിച്ചിരിക്കുന്നത്. അത് എല്ലാവർക്കും പ്രായോഗികമല്ലാത്ത സാഹചര്യത്തിൽ സ്നിഗ്ദ്ധ വിരേചനം (ആവണക്കെണ്ണ മുതലായവ സേവിച്ചുള്ള വയറിളക്കൽ) ഉചിതമായി

**ഡോ. ശോഭന എം.സി.**
വി.പി.എസ്.വി. ആയുർവ്വേദ കോളേജ്, കോട്ടക്കൽ



ഉപയോഗിക്കാവുന്നതാണ്. ഇപ്രകാരം കോഷ്ഠശുദ്ധി വരുത്തുന്നതിലൂടെ ദഹന സംബന്ധിയായ അസുഖങ്ങളെ ഒരു പരിധി വരെ തടഞ്ഞു നിർത്തുവാൻ സാധിക്കുന്നു.

കോളറ, ടൈഫോയ്ഡ്, മഞ്ഞപ്പിത്തം മുതലായ ജലജന്യ രോഗങ്ങളും, ഡെങ്കിപ്പനി, ചിക്കൻ ഗുനിയ, എലിപ്പനി, മുതലായ രോഗവാഹകരിലൂടെ പകരുന്ന അസുഖങ്ങളുമാണ് ഇന്ന് മഴക്കാലത്ത് സാധാരണയായി കണ്ടുവരുന്നത്. ഈഡിസ് വിഭാഗത്തിൽ പെടുന്ന കൊതുകുകളാണ് ഡെങ്കിപ്പനി, ചിക്കൻഗുനിയ എന്നിവയുടെ രോഗവാഹകർ. പെട്ടെന്നുള്ള വിറയലോടുകൂടിയ ശക്തിയായ പനി, തീവ്രമായ തലവേദന, പേശികളിലുള്ള വേദന, കണ്ണിന് പിറകിൽ അനുഭവപ്പെടുന്ന വേദന എന്നിവയാണ് ഡെങ്കിപ്പനിയിൽ സാധാരണ കാണുന്ന ലക്ഷണങ്ങൾ. ചിക്കൻഗുനിയയിൽ സന്ധിവേദനയോട് കൂടിയ പനി, സന്ധികളിൽ നീര്, തലവേദന, പേശിവേദന എന്നിവയും കാണപ്പെടുന്നു. കരളിലുള്ള വൈറസ് ബാധയാണ് മഞ്ഞപ്പിത്തത്തിന് കാരണമായി പറയപ്പെടുന്നുത്. തലവേദന, പനി, വിശപ്പില്ലായ്മ, ഛർദ്ദി, ശരീരക്ഷീണം, മഞ്ഞ നിറമുള്ള മൂത്രം, നേത്രപടലം വായ, എന്നിവിടങ്ങളിൽ മഞ്ഞനിറം എന്നിവ സാധാരണയായി കാണപ്പെടുന്നു.

രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്ന ചികിത്സാ പദ്ധതിയിലൂടെയും അതിലുപരി ജീവിതശൈലി ചിട്ടപ്പെടുത്തുന്നതിലൂടെയും പകർച്ചവ്യാധികൾ പിടിപെടുന്നത് ഫലപ്രദമായി തടയുവാൻ സാധിക്കുന്നു. ഓരോ കാലാവസ്ഥയിലും ഉണ്ടാകുന്ന വ്യത്യസ്തങ്ങളായ പകർച്ച വ്യാധികളെയും ജനിതക മാറ്റം വന്നുകൊണ്ടിരിക്കുന്ന രോഗാണുക്കളേയും പ്രതിരോധിക്കുന്നതിന് വ്യത്യസ്തമായ ചികിത്സാ സമീപനമാണ് ആയുർവേദം മുന്നോട്ട് വെയ്ക്കുന്നത്. മഴക്കാല രോഗങ്ങളെ പ്രതിരോധിക്കുന്നതിന് ശീലിക്കേണ്ട ആഹാര വിഹാരങ്ങൾ

- എളുപ്പം ദഹിക്കുന്ന ലഘുവായ ആഹാരങ്ങൾ കഴിക്കുക.
- ചെറുപയർ, കടല, മുതിര, തുടങ്ങിയ ധാന്യങ്ങൾ കൊണ്ടുണ്ടാക്കിയ കറികളും സൂപ്പുകളും ആഹാരത്തിൽ ഉൾപ്പെടുത്തുക.



- തുറന്നുവെച്ചതോ, പഴയതോ ആയ ഭക്ഷണങ്ങൾ ഒഴിവാക്കുക.
- കറികളിൽ കറിവേപ്പില, മഞ്ഞൾപ്പൊടി, ഇഞ്ചി, വെളുത്തുള്ളി എന്നിവ ചേർക്കുന്നത് ദഹനശക്തിയെ വർദ്ധിപ്പിക്കുന്നു.
- ചുക്ക്, മല്ലി, ജീരകം, തുളസി, ഇവയിൽ ഏതെങ്കിലുമിട്ട് നന്നായി തിളപ്പിച്ചവെള്ളം കുടിക്കുവാൻ ഉപയോഗിക്കുക.
- പച്ചക്കറികളും പഴങ്ങളും മഞ്ഞൾപൊടിയിട്ട വെള്ളത്തിൽ നന്നായി കഴുകി ഉപയോഗിക്കുക.
- കഴിച്ച ആഹാരം ദഹിച്ച് വിശപ്പ് വന്നതിന് ശേഷം മാത്രം വീണ്ടും ആഹാരം കഴിക്കുക.

**രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്ന ചികിത്സാ പദ്ധതിയിലൂടെയും അതിലുപരി ജീവിതശൈലി ചിട്ടപ്പെടുത്തുന്നതിലൂടെയും പകർച്ചവ്യാധികൾ പിടിപെടുന്നത് ഫലപ്രദമായി തടയുവാൻ സാധിക്കുന്നു.**


**വൈയക്തിക ആരോഗ്യ സംരക്ഷണത്തിന് ശീലിക്കേണ്ടവ.**

- പാദരക്ഷകൾ ഉപയോഗിക്കുക.
- ഭക്ഷണത്തിന് ഉപയോഗിക്കുന്ന പാത്രങ്ങൾ, ധരിക്കുന്ന വസ്ത്രങ്ങൾ എന്നിവ വൃത്തിയുള്ളതായിരിക്കണം
- പകലുറക്കം ഒഴിവാക്കുക.
- മിതമായ വ്യായാമം ശീലിക്കുക/യോഗ അഭ്യസിക്കുക.
- നന്നായി ഉണങ്ങിയ ഈർപ്പമില്ലാത്ത വസ്ത്രങ്ങൾ ധരിക്കുക.
- കൊതുകു കടി ഒഴിവാക്കുവാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക.
- ശരീരത്തിലെ മുറിവുകൾ വൃത്തിയായി പരിചരിക്കുകയും അതിലൂടെയുള്ള രോഗാണുബാധ തടയുകയും ചെയ്യുക.

**സാമൂഹിക ആരോഗ്യത്തിന് പാലിക്കേണ്ടവ.**

- അഴുക്കുവെള്ളം കെട്ടിക്കിടക്കാതെ വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുക
- കൊതുകുകൾ ഈച്ചകൾ ഇവ പെരുകുന്ന സാഹചര്യം ഒഴിവാക്കുകയും ഉറവിടങ്ങൾ നശിപ്പിച്ചു കളയുകയും ചെയ്യുക.
- ടാങ്കുകൾ, വെള്ളം നിറച്ചു വെക്കുന്ന പാത്രങ്ങൾ എന്നിവ കൃത്യമായി വൃത്തിയാക്കുകയും മൂടിവെയ്ക്കുകയും ചെയ്യുക.
- തുറസ്സായ സ്ഥലത്തുള്ള മലമൂത്ര വിസർജ്ജനം ഒഴിവാക്കുക.
- അപരാജിത ധൂപചൂർണ്ണം, അഷ്ടഗന്ധം, കടുക്, വയമ്പ്, ആര്യവേപ്പ്, വെളുത്തുള്ളിത്തോല് എന്നിവ ഉപയോഗിച്ച് വീടും പരിസരവും പുകയ്ക്കുന്നത് രോഗവാഹകരെ പ്രതിരോധിക്കുന്നതിന് സഹായിക്കുന്നു.
- ജലാശയങ്ങളിൽ കൂത്താടികൾ വളരാതിരിക്കുന്നതിനായി ഗപ്പി മത്സ്യങ്ങളെ വളർത്തുക.
- വീടിന് ചുറ്റും ഔഷധസസ്യങ്ങൾ വളർത്തുക

ഈ ആരോഗ്യശീലങ്ങൾ ഓരോരുത്തരും പാലിക്കുന്നതിലൂടെ കാലാവസ്ഥാ വ്യതിയാനം മൂലം വരുന്ന പകർച്ച വ്യാധികളെ ഫലപ്രദമായി നിയന്ത്രിക്കുവാൻ സാധിക്കുന്നതാണ്.



# ഗണപരമായ കുതിപ്പും ഗുണപരമായ കിതപ്പും സാങ്കേതിക വിദ്യാഭ്യാസ രംഗത്ത്

**സഞ്ജീവ് ജി.**
എൻ.എസ്.എസ്. എഞ്ചി. കോളേജ്,
പാലക്കാട്



രാഷ്ട്രശില്പി ജവഹർലാൽ നെഹ്റുവും സംഘവും സ്വതന്ത്ര ഭാരതത്തിന്റെ വളർച്ചയിൽ നിർണായക പങ്കു വഹിക്കേണ്ട സ്ഥാപനങ്ങളായാണ് എഞ്ചിനീയറിംഗ് കോളേജുകളെ കണ്ടത്. വികസിത രാജ്യങ്ങളോട് സഹായവും സഹകരണവും തേടി എണ്ണം പറഞ്ഞ സ്ഥാപനങ്ങൾ പടുത്തുയർത്തുവാൻ അവർ യത്നിച്ചു. ഒപ്പം സ്വകാര്യ മേഖലയും കൂടി. രാജ്യത്തെ പല ഓർഡിനൻസ് ഫാക്ടറികളും R & D സെന്ററുകളും സാങ്കേതിക വിദ്യയുടെ ഈറ്റില്ലങ്ങളായി മാറി. ഐ.ഐ.ടി.കളും REC കളും എഞ്ചിനീയറിംഗ് കോളേജുകളും രാജ്യത്ത് സ്ഥാപിതമായി. സാമ്പത്തിക വ്യവസ്ഥയുടെ വളർച്ചാ ത്വരകങ്ങളിൽ പ്രമുഖ സ്ഥാനമുള്ള സാങ്കേതിക വിദ്യാഭ്യാസ രംഗത്തിന്റെ ക്രമാനുഗതമായ വളർച്ചയുടെ തോത് കഴിഞ്ഞ രണ്ടരപതിറ്റാണ്ടിനിടെ ഇരുപത്തിരണ്ട് മടങ്ങുകണ്ടാണ് കുതിച്ചുയർന്നത്.


നവ ലിബറൽ നയങ്ങളുടെ നടപ്പാക്കലൊടെ തുറന്നുകിട്ടിയ തൊ


ഴിൽ കമ്പോളത്തിലെ അഭിജാത സാധ്യതയായ എം.എൻ.സി. കളിലേക്കുള്ള പാസ്പോർട്ട് ആയി എഞ്ചിനീയറിംഗ് ബിരുദം മാറി. മദ്ധ്യവർഗസമൂഹത്തിന്റെ കൈപ്പിലൊതുങ്ങുന്നതേയുണ്ടായിരുന്നുള്ളൂ പഠനച്ചെലവുകൾ. സ്ഥാപനങ്ങളുടെ എണ്ണത്തിൽ വന്ന സമൂലവികാസം രാജ്യത്തിന്റെ ഏത് മേഖലയിലുള്ളവർക്കും പ്രവേശനം പ്രാപ്യമാക്കി. ഐ.ടി. വ്യവസായത്തിന്റെ വളർച്ചയും നൽകപ്പെട്ട കനത്ത ശമ്പളവും എൻജിനീയറിംഗ് പ്രൊഫഷന് ഒരു ആകർഷകത്വം കൊണ്ടുവന്നു. ഗണ പരമായ ഈ കുതിച്ചു ചാട്ടം ഗുണമേന്മയെ ബാധിച്ചു എന്ന് പറയേണ്ടതില്ലല്ലോ?

പരിചയസമ്പത്തും താല്പര്യവുമുള്ള അദ്ധ്യാപകരുടെ അഭാവം തന്നെയാണ് ഈ രംഗത്തെ അപചയത്തിന് മുഖ്യകാരണമായത്. കോർപ്പറേറ്റ് രംഗത്തു നിന്നും കിട്ടുന്ന കനത്ത പ്രതിഫലം മികച്ച എൻജിനീയർമാരെ അദ്ധ്യാപനത്തിൽ നിന്നും പിന്തിരിപ്പിക്കുന്നു. IIT കളിൽ പോലും 30 ശതമാനത്തോളം തസ്തികകൾ നികത്തപ്പെടാതെ കിടക്കുകയാണ്. സ്ഥാപനങ്ങളുടെ എണ്ണത്തിലെ വർദ്ധനവ് ശരാശരി വിദ്യാർത്ഥിയെയും ക്ലാസുമുറിയിൽ എത്തിച്ചപ്പോൾ പഠനനിലവാരത്തിൽ ഇടിവു സംഭവിച്ചു. വിദ്യാർത്ഥികളുടെ ഭാഷാപ്രാവീണ്യമില്ലായ്മയും മികച്ച ലബോറട്ടറി സംവിധാനങ്ങളുടെ അഭാവവും വ്യവസായ ലോകവുമായുള്ള ഇടപെടലിന്റെ കുറവും എല്ലാം പ്രശ്നങ്ങൾ തന്നെ. ചുരുക്കത്തിൽ എൻജിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ വിജയശതമാനം ദേശീയ തലത്തിൽ 35%നും താഴെയായി. തൊഴിൽസാദ്ധ്യത ആകെ ബിരുദധാരികളുടെ നാലിൽ ഒന്നിനു മാത്രം എന്ന സ്ഥിതിയും വന്നുചേർന്നു. പ്രായോഗിക പരിശീലനത്തിനാണ് സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പ്രധാനമായും ഊന്നൽ നൽകേണ്ടത്. കൺഫ്യൂഷസ് പറഞ്ഞിട്ടുണ്ടല്ലോ "I hear....I forget, I see...I remember, I do....I understand "

## സാങ്കേതിക സർവകലാശാലകൾ

സർവകലാശാല എന്ന വാക്കിന്റെ അർത്ഥം തന്നെ മാറ്റി നിർവചിക്കേണ്ടുന്ന തരത്തിലാണ് സമീപദശകങ്ങളിൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ അടിസ്ഥാന സങ്കല്പങ്ങൾ മാറുന്നത്. സർവ്വകകലകളുടെയും അറിവുകളുടേയും ഉത്സവകേന്ദ്രം എന്ന നില മാറി ഓരോ വൈജ്ഞാനിക മേഖലയിലും ആഴത്തിലുള്ള പഠനത്തിനായി വെവ്വേറെ സ്ഥാപനങ്ങൾ എന്നായിരിക്കുന്നു ഇപ്പോൾ. ദേശീയ തലത്തിലും രാജ്യാന്തര തലത്തിലും മികവിന്റെ കേന്ദ്രങ്ങളായി പല സാങ്കേതിക സർവകലാശാലകളും (വിശ്വേശ്വരൈയ്യാ യൂണിവേഴ്സിറ്റി, അണ്ണാ യൂണിവേഴ്സിറ്റി, സർദാർ പട്ടേൽ യൂണിവേഴ്സിറ്റി തുടങ്ങിയവ) പേരെടുത്ത സാഹചര്യത്തിലാണ് കേരളത്തിലും അത്തരമൊന്നിന്റെ സാധ്യതയും ആവശ്യകതയും ചർച്ചയായത്. അഞ്ചോളം സർവകലാശാലകളിലായി ചിതറിക്കിടന്നിരുന്ന 152 ലധികം സ്ഥാപനങ്ങൾ ഒരു കുടക്കീഴിൽ ഒന്നിപ്പിച്ച് ഏകീകൃത സിലബസ്സ് ആഴത്തിലുള്ള ഗവേഷണം എന്നീ ലക്ഷ്യങ്ങളോടെ കേരളത്തിലും സാങ്കേതിക സർവകലാശാല സ്ഥാപിതമായി. വി.എസ്. അച്ചുതാനന്ദൻ സർക്കാരിന്റെ കാലത്തു തന്നെ സർവകലാശാലാ ബില്ലിന്റെ പ്രാഗ് രൂപം പരുവപ്പെടുത്തിയെങ്കിലും അജ്ഞാതമായ കാരണങ്ങളാൽ ഓർഡിനൻസ് വെളിച്ചത്തു വന്നില്ല. എൻജിനീയറിംഗ്, മാനേജ്മെന്റ് മേഖലയിലെ 200 നടുത്ത് സ്ഥാപനങ്ങൾ ഒറ്റയടിക്ക് വിട്ടു





നൽകുന്നതിൽ സർവകലാശാലാ ജീവനക്കാർ ഉയർത്തിയ പ്രതിഷേധമാണതിന് പിന്നിൽ എന്നും കേട്ടിരുന്നു. എന്തായാലും യു.ഡി.എഫ്. ഭരണ കാലത്ത് ബില്ല് അവതരിപ്പിക്കപ്പെട്ടു നിയമസഭയിൽ.

സർവകലാശാലാ ഭരണ സമിതി അംഗമെന്ന നിലയിലും വിദ്യാർത്ഥി നേതാവ്, എം.എൽ.എ., മന്ത്രി എന്നീ നിലകളിലുമെല്ലാം കേരളം ആദരിക്കുന്ന ശ്രീ. ജി. സുധാകരൻ ബില്ലിന്റെ അവതരണ വേളയിൽ നിയമസഭയിൽ പ്രകടിപ്പിച്ച ആശങ്കകൾ ഒന്നാകെ യാഥാർത്ഥ്യമായിരിക്കുന്നു എന്നതാണ് കേരളത്തിന്റെ സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ വർത്തമാനകാല യാഥാർത്ഥ്യം. സാധാരണനിലയിൽ ബില്ലുകളും ഓർഡിനൻസുകളും തയ്യാറാക്കുന്ന സർക്കാർ സംവിധാനങ്ങളെ നോക്കുകുത്തിയാക്കിക്കൊണ്ടാണ് ബില്ല് രൂപപ്പെട്ടത്. നിർദ്ദിഷ്ട സർവ്വകലാശാലയുടെ തലപ്പത്ത് കണ്ണുവച്ച് നീങ്ങിയ ചില ഉദ്യോഗസ്ഥ പ്രമാണിമാരും അടുക്കള കാര്യസ്ഥന്മാരും അവർക്കായി പണിത കസേര പോലെ ആയിപ്പോയി സർവകലാശാലാ നിയമം. ആ ശരീരങ്ങളും സ്ഥൂലതയും സൂക്ഷ്മതയുമൊക്കെ അവിടെ നിഴലിച്ചു കണ്ടു.

**ലോകത്തെവിടെയും എൻജിനീയറിംഗ് കരിക്കുലത്തിന്റെ മർമ്മ ഭാഗമാണ് എൻജിനീയറിംഗ് ഗ്രാഫിക്സും ഡ്രോയിംഗും. ഇവ രണ്ടിനും ഒരു പ്രാധാന്യവും കല്പിക്കാത്ത സിലബസ്സാണ് കെ.ടി.യു.വിൽ.**

## സർവകലാശാലാ ഭരണം

നാട്ടിൽ നിലവിലുള്ള സർവകലാശാലകളിൽ നിന്നും വ്യത്യസ്തമായി board of governors എന്നും executive committee എന്നും നാമകരണം ചെയ്യപ്പെട്ട രണ്ടു ഭരണ സമിതികളാണ് ഇവിടെയുള്ളത്. ആദ്യത്തേതിൽ ദേശീയ തലത്തിലുള്ള വിദ്യാഭ്യാസ ഏജൻസികളിലെ ഡയറക്ടർമാരെ കുത്തിനിറച്ചിരിക്കുന്നു. ബാക്കിയൊക്കെ സ്വാശ്രയ മുതലാളിമാരും. അതാകുമ്പോൾ അവരിൽ ഭൂരിഭാഗവും യോഗങ്ങൾക്ക് വരാറില്ല എന്നതിനാൽ സ്വന്തം തീരുമാനങ്ങൾ ഇഷ്ടക്കാരെക്കൊണ്ട് എടുപ്പിക്കുവാൻ സർവകലാശാലാ നേതൃത്വത്തിന് തുണയാകുന്നു. രണ്ടാമത്തേത് സർവകലാശാലാ ഉദ്യോഗസ്ഥർക്ക് മൃഗീയ ഭൂരിപക്ഷമുള്ള ഒരുകമ്മിറ്റിയായാണ് വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്. സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ ആദ്യ നിയമനം സർക്കാരിന് നടത്താമെന്ന പഴുതുപയോഗിച്ച് തസ്തികകൾ വീതം വയ്ക്കുവാൻ യു.ഡി.എഫ്. ഘടകകക്ഷികൾ നടത്തിയ നീക്കങ്ങൾ പരസ്യമായ വിഴുപ്പലക്കലിലേക്ക് നീങ്ങിയതാണ് അനുഭവം. വി.സി., പി.വി.സി. പദവികൾക്ക് യു.ജി.സി. നിർദ്ദേശിച്ച മാനദണ്ഡങ്ങൾ നിലവിലിരിക്കെ ഒക്കെയും കാറ്റിൽ പറത്തി നാളിതുവരെ ഒരു സ്ഥാപനത്തിലും പ്രൊഫസ്സർ പോലും ആയിട്ടില്ലാത്ത കൊച്ചു പിള്ളേരെ വരെ നിയമിക്കുന്ന സ്ഥിതിയാണ് ഉണ്ടാ

യിട്ടുള്ളത്. വിരമിച്ച സെക്രട്ടറിയേറ്റ് ജീവനക്കാരെ മന്ത്രിസഭാ യോഗ തീരുമാനമെന്ന നിലയിൽ സർവകലാശാലയിൽ നിയമിക്കുന്ന സ്ഥിതി വരെയുണ്ടായി. എൽ.ഡി.എഫ്. മന്ത്രിസഭ അവരിൽ വിജിലൻസ് കേസിൽ ഉൾപ്പെട്ടവരെന്നു കണ്ടവരെ പിരിച്ചുവിട്ട സാഹചര്യം വരെയുണ്ടായി. ആറു സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരും 14 ഓളം താല്കാലിക ജീവനക്കാരും മാത്രമായി സർവകലാശാലയ്ക്ക് പ്രവർത്തിച്ചു പോകാനാകില്ല എന്ന് മനസ്സിലാക്കി മറ്റു സർവകലാശാലകളിൽ നിന്നും പരിചയ സമ്പന്നരായ 45 ജീവനക്കാരെ ഓപ്ഷൻ നൽകി നിയമിക്കാൻ സർക്കാർ അനുവാദം നൽകിയെങ്കിലും തുടർ നടപടികൾക്ക് വി.സി. തയ്യാറാകുന്നില്ല എന്നാണ് മനസ്സിലാക്കുന്നത്.

## അക്കാദമിക സമിതികളും സിലബസ്സും

നാട്ടിലുള്ള ഏത് സർവകലാശാലയിലും ബോർഡ് ഓഫ് സ്റ്റഡീസ്, ഫാക്കൽറ്റി, അക്കാദമിക് കൗൺസിൽ എന്നീ ത്രിതല സമിതികളാണ് സിലബസ് തീരുമാനിക്കുന്നത്. സാങ്കേതിക സർവകലാശാലയിൽ ഇവയൊന്നുമില്ല. വി.സി. നിശ്ചയിക്കുന്ന രണ്ടോ മൂന്നോ അദ്ധ്യാപകർ എഴുതുന്ന സിലബസ്, അക്കാദമിക് കമ്മിറ്റി എന്ന വി.സി. നിയന്ത്രിത സമിതിയെക്കൊണ്ട് അംഗീകരിപ്പിക്കുന്നു. വ്യക്തികൾ എഴുതുന്ന സിലബസ് വൈയക്തികമായ ഇഷ്ടാനിഷ്ടങ്ങൾ കൊണ്ട് വികലവും എന്നാൽ സമിതികൾ നിശ്ചയിക്കുന്നവ കൂടിയാലോചനകൾ കൊണ്ട് സമഗ്രവും ആകും എന്നതാണല്ലോ നമ്മുടെ അനുഭവം. നിരവധി അദ്ധ്യാപകരെ ഒന്നിച്ചിരുത്തി ദിവസങ്ങൾ നീളുന്ന വർക്ക്ഷോപ്പുകൾ നടത്തിയാണ് മറ്റ് സർവകലാശാലകൾ എൻജിനീയറിംഗ് കരിക്കുലവും സിലബസ്സും തീരുമാനിക്കുന്നത്. അക്കാദമിക് കമ്മിറ്റി എന്ന നിർജീവമായ നോമിനേറ്റഡ് കമ്മിറ്റിയാണ് സാങ്കേതിക സർവകലാശാലയിൽ ആകെയുള്ളത്. അംഗബലം പരിമിതമായ ഈ സമിതിയിൽ മിക്ക എൻജിനീയറിംഗ് ബ്രാഞ്ചുകൾക്കും പ്രാതിനിധ്യം നൽകാനുമായിട്ടില്ല. അജ്ഞാതരായ ആരൊക്കെയോ തയ്യാറാക്കി നൽകുന്ന സിലബസ് കരിക്കുലം കമ്മിറ്റി എന്ന പേരിൽ വിളിച്ചു ചേർക്കുന്ന അദ്ധ്യാപകരുടെ ഹ്രസ്വമായ സമയദൈർഘ്യത്തിൽ ചേരുന്ന യോഗത്തിൽ വച്ച് പാസ്സാക്കിയെടുക്കപ്പെടുകയാണ്. യാതൊരുവിധമായ ചർച്ചകളും അവിടെ അനുവദിക്കപ്പെടാറില്ല. അതു കൊണ്ടു തന്നെ കൃത്യമായ തുടർച്ചയോ അടുക്കും ചിട്ടയുമോ സിലബസിനില്ല.

**ഉത്തരക്കടലാസ്സുകൾ ഒരു കോളേജിൽ നിന്ന് അങ്ങനെ തന്നെ വാല്യുവേഷൻ കേന്ദ്രത്തിലേക്ക് അയയ്ക്കുകയാണ്. അതായത് ഏതു കോളേജിലെ പേപ്പറാണ് എന്ന് നോക്കുന്ന അദ്ധ്യാപകന് തിരിച്ചറിയാമെന്നതാണ് അവസ്ഥ. നാട്ടിൽ വലിയ വിവാദങ്ങളുണ്ടാക്കുന്ന കോളേജുകളും ഇങ്ങനെയാകാം ഫലത്തിൽ മുന്നിൽ വരുന്നത്. അവിശ്വസനീയമാണ് പരീക്ഷാ ഫലത്തിന്റെ പാറ്റേൺ.**

ലോകത്തെവിടെയും എൻജിനീയറിംഗ് കരിക്കുലത്തിന്റെ മർമ്മഭാഗമാണ് എൻജിനീയറിംഗ് ഗ്രാഫിക്സും ഡ്രോയിംഗും. ഇവ രണ്ടിനും ഒരു പ്രാധാന്യവും കല്പിക്കാത്ത സിലബസ്സാണ് കെ.ടി.യു.വിൽ. പുറംകരാർ വഴി പരീക്ഷാ നടത്തിപ്പിനൊരുങ്ങിയ സർവകലാശാല ഓൺലൈൻ വാല്യുവേഷൻ നടത്താനുള്ള സൗകര്യത്തിനായി ഡ്രോയിംഗ് പേപ്പറിന്റെ ഉപയോഗം തന്നെ നിരോധിച്ചു. ആദ്യവർഷത്തെ പരീക്ഷക്ക് മൂന്നു ദിവസം മുൻപ് സിലബസ് മാറ്റി ചരിത്രം സൃഷ്ടിച്ചതും ഇതേ സർവകലാശാലയാണ്. പ്രായോഗിക പരിശീലനത്തിന് കൂടുതൽ പ്രധാന്യം നൽകിയാണല്ലോ ബി.ടെക്. കോഴ്സുകൾ നടത്തപ്പെടുന്നത്. ഇവിടെ ലാബ് എക്സാമിനേഷൻ സർവകലാശാല നടത്താറേയില്ല. പത്താം ക്ലാസിൽ പോലും എക്സ്റ്റേണൽ എക്സാമിനർമാർ പരീക്ഷ നടത്തുന്ന നാട്ടിലാണ് എൻജിനീയറിംഗ് ലാബുകൾ കോളേജ് തല പരീക്ഷയിലൊതുക്കുന്നത്.

## പരീക്ഷ എന്ന സമസ്യ

യാതൊരു വ്യവസ്ഥയും ഇനിയും രൂപപ്പെട്ടിട്ടില്ലാത്ത ഒന്നാണ് കെ.ടി.യു. പരീക്ഷകൾ. പരീക്ഷാ നടത്തിപ്പ് ഒട്ടാകെ ഒരു സ്വകാര്യ കമ്പനിക്ക് വിറ്റ് വിവാദം ക്ഷണിച്ചു വരുത്തി കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്തിനാകെ നാണക്കേടുണ്ടാക്കിയതാണ് ഈ സ്ഥാപനം. എ.കെ.പി.സി.ടി.എ, എസ്.എഫ്.ഐ, കെ.ജി.ഒ.എ സംഘടനകൾ ഉയർത്തിയ വലിയ പ്രതിഷേധത്തിനൊടുവിലാണ് ഈ നടപടി തിരുത്തേണ്ടി വന്നത്. തുടർന്ന് സർവകലാശാല നേരിട്ടു നടത്തിയ ഒറ്റ പരീക്ഷ പോലും വിവാദ രഹിതമായി നടന്നില്ല. മിക്ക ചോദ്യ പേപ്പറുകളും ഏതെങ്കിലും സ്വാശ്രയ സ്ഥാപനങ്ങളിൽ മുൻപേ നടത്തിയ പരീക്ഷകളുടേതായിരുന്നു എന്ന് മാദ്ധ്യമങ്ങൾ റിപ്പോർട്ടു ചെയ്തു. ഒരു സിലബസ്സിന്റെ എല്ലാ മോഡ്യൂളുകൾക്കും തുല്യ പ്രാധാന്യമല്ല പരീക്ഷയിൽ നൽകിയിട്ടുള്ളത്. ചിലതിന് 15% മറ്റ് ചില തിന് 30%. എന്നാൽ ചോദ്യപേപ്പറിൽ ചിലപ്പോൾ 30% ന്റെ ഭാഗം ഒന്നും തന്നെ വരാറുമില്ല.

ഉത്തരക്കടലാസ്സുകൾ ഒരു കോളേജിൽ നിന്ന് അങ്ങനെ തന്നെ വാല്യുവേഷൻ കേന്ദ്രത്തിലേക്ക് അയയ്ക്കുകയാണ്. അതായത് ഏതു കോളേജിലെ പേപ്പറാണ് എന്ന് നോക്കുന്ന അദ്ധ്യാപകന് തിരിച്ചറിയാമെന്നതാണ് അവസ്ഥ. നാട്ടിൽ വലിയ വിവാദങ്ങളുണ്ടാക്കുന്ന കോളേജുകളും ഇങ്ങനെയാകാം ഫലത്തിൽ മുന്നിൽ വരുന്നത്. അവിശ്വസനീയമാണ് പരീക്ഷാ ഫലത്തിന്റെ പാറ്റേൺ. സർക്കാർ, എയിഡഡ് കോളേജുകളിലാണ് മുന്തിയ എൻട്രൻസ് റാങ്കുകാർ പഠിക്കുന്നതെങ്കിലും അവിടങ്ങളിൽ ഉള്ളതിനേക്കാൾ വിജയശതമാനം ചില സ്വാശ്രയ കോളേജുകളിൽ കാണുന്നു. റീവാല്യുവേഷന് അപേക്ഷിക്കുന്നവർക്ക് റിസൽറ്റ് നൽകാനോ പരീക്ഷാ

ഫലം സമയത്ത് പ്രസിദ്ധീകരിക്കാനോ ഇതുവരെ സർവകലാശാലയ്ക്ക് കഴിഞ്ഞിട്ടില്ല. ഉത്തരക്കടലാസ് മൂല്യനിർണയത്തിന് ചീഫ് എക്സാമിനർമാർ ഇല്ലാത്ത ഏക സർവകലാശാലയും ഇതു തന്നെ.

## ഈയർ ഔട്ടും അക്കാദമിക് കലണ്ടറും

അഡ്മിഷൻ മുതൽ റിസൽറ്റ് വരെ കലണ്ടർ പ്രകാരം നടത്തും എന്ന പ്രഖ്യാപനത്തോടെ വന്ന സർവകലാശാലയിൽ ഒന്നും അങ്ങനെ നടക്കുന്നില്ല എന്നതാണ് സ്ഥിതി. ഏപ്രിൽ മെയ് മാസങ്ങളിൽ ക്ലാസും ജൂൺ ജൂലായ് മാസങ്ങളിൽ വെക്കേഷനും നൽകുന്ന അവസ്ഥയെ എങ്ങനെ ശ്ലാഘിക്കും. രണ്ടാം സെമസ്റ്റർ വിദ്യാർത്ഥിയെ ഇന്റേൺഷിപ്പിന് വിടുന്നതു കൊണ്ട് എന്ത് ഫലമാണ് ഉണ്ടാകാനുള്ളത് ? ഫിസിക്സ്, മാത്സ്, കെമിസ്ട്രി വിഷയങ്ങൾക്കൊപ്പം ഒന്നോ രണ്ടോ എൻജിനീയറിംഗ് പേപ്പർ മാത്രമാണ് ആദ്യവർഷം ഒരു കുട്ടി പഠിക്കുന്നത്. അയാൾക്കെന്തിനാണ് ഇന്റേൺഷിപ്പ് !

എൻജിനീയറിംഗ് വിദ്യാഭ്യാസത്തിൽ സിലബസിന്റെ തുടർച്ചയാണ് ഉള്ളത് എന്നതുകൊണ്ട് ആദ്യവർഷ പരീക്ഷകളിൽ നിശ്ചിത എണ്ണം പാസ്സാകാത്ത വിദ്യാർത്ഥികളെ ഉയർന്ന സെമസ്റ്ററുകളിലേക്ക് പ്രമോട്ട് ചെയ്യാതെ കോഴ്സ് ആവർത്തിക്കുന്നതാണ് ഈയർ ഔട്ട് സംവിധാനം. ഇത് പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ളതുമാണ്. എന്നാൽ ഇത്തരത്തിൽ ശിക്ഷിക്കപ്പെടും മുൻപ് മൂന്ന് തവണയെങ്കിലും പരീക്ഷ എഴുതാൻ കുട്ടികൾക്ക് അവസരം നൽകണം. അനന്തമായി നീളുന്ന ഫലപ്രഖ്യാപനം, നടത്തി നൽകാത്ത റീ വാലുവേഷൻ എന്നിവ കാരണം കുട്ടികളുടേതല്ലാത്ത കാരണങ്ങളാലും ഇവിടെ ഈയർ ഔട്ട് സംഭവിക്കുന്നു. ഈയർ ഔട്ടായവർ റീ വാലുവേഷനിൽ പാസ്സാകുന്ന സ്ഥിതിയും ഉണ്ടാകുന്നു. കടുത്ത വിദ്യാർത്ഥി പ്രതിഷേധങ്ങളെ തുടർന്ന് ഈ സംവിധാനം നീട്ടി നീട്ടികൊണ്ടു പോവുകയാണ് ഇപ്പോൾ. എൻട്രൻസിൽ പത്തു മാർക്കു പോലും വാങ്ങാത്ത കുട്ടികൾക്ക് വരെ അഡ്മിഷൻ നൽകിയിട്ട് കോഴ്സ് നിർത്തി പോകാൻ നാലു വർഷത്തെ മുഴുവൻ ഫീസും നൽകേണ്ട ഗതികേടിലാണ് കുട്ടികൾ.

**അഡ്മിഷൻ മുതൽ റിസൽറ്റ് വരെ കലണ്ടർ പ്രകാരം നടത്തും എന്ന പ്രഖ്യാപനത്തോടെ വന്ന സർവകലാശാലയിൽ ഒന്നും അങ്ങനെ നടക്കുന്നില്ല എന്നതാണ് സ്ഥിതി. ഏപ്രിൽ മെയ് മാസങ്ങളിൽ ക്ലാസും ജൂൺ ജൂലായ് മാസങ്ങളിൽ വെക്കേഷനും നൽകുന്ന അവസ്ഥയെ എങ്ങനെ ശ്ലാഘിക്കും.**

## ബിരുദാനന്തര ബിരുദം

എം.ടെക് കോഴ്സുകളുടെ നടത്തിപ്പിൽ സർവകലാശാലയ്ക്ക് യാതൊരു പങ്കുമില്ലാത്ത സ്ഥിതിയാണിപ്പോൾ. പത്ത് കോളെജുകൾ വീതമൊക്കെ ചേർന്ന ക്ലസ്റ്ററുകൾക്കാണ് നടത്തിപ്പ് ചുമതല. സിലബസ്സും ചോദ്യപേപ്പറും ഉത്തരക്കടലാസ്സ് പരിശോധനയും എല്ലാം ക്ലസ്റ്ററുകൾ തന്നെ നടത്തും. ഒരു ക്ലസ്റ്ററിൽ പലപ്പോഴും ഒരു കോഴ്സ് ഒരു കോളേജിൽ മാത്രമേ ഉണ്ടാകൂ. ഫലത്തിൽ അതൊരു ഓട്ടോണമസ് സംവിധാനമായി മാറുന്നു. ഒരാൾ തന്നെ സിലബസ് എഴുതി പഠിപ്പിച്ച് പരീക്ഷ നടത്തി ഫലവും നൽകുന്നു. സർവകലാശാല സർട്ടിഫിക്കറ്റ് നൽകാനുള്ള ഏജൻസി മാത്രം.

## എല്ലാം കച്ചവടം

കേരളത്തിലെ സർവകലാശാലകൾക്ക് ഊഹിക്കാനാകാത്ത പരീക്ഷാ ഫീസാണ് വാങ്ങുന്നത്. ഒരു സെമസ്റ്ററിന് 1700/ രൂപ. ഒരു കൊല്ലത്തെ അഡ്മിനിസ്ട്രേഷൻ ഫീസ് 2000/ രൂപ. എല്ലാ ഓഫീസ് കാര്യങ്ങളും സോഫ്റ്റ് വെയർ നൽകിയ സ്വകാര്യ കമ്പനിയുടെ ജീവനക്കാരെക്കൊണ്ടു തന്നെ ചെയ്യിക്കുന്നു. ചോദിക്കുമ്പോൾ ചോദിക്കുമ്പോൾ ലക്ഷങ്ങൾ എണ്ണിക്കൊടുക്കുന്നു കമ്പനിക്ക്. കുട്ടികളുടെയും കോളജുകളുടെയും അദ്ധ്യാപകരുടെയും എല്ലാം വിവരങ്ങൾ മാർക്കുകൾ സഹിതം കമ്പനിയുടെ സെർവറിൽ മാത്രം. അദ്ധ്യാപകരുടെ ബാങ്ക് വിവരങ്ങൾ അടക്കം അവരുടെ കൈയിലുണ്ട്. സംരംഭകത്വ പരിശീലനമെന്ന പേരിൽ ഒരു സ്വകാര്യ വ്യക്തി പേറ്റന്റ് ചെയ്തു നടത്തുന്ന പദ്ധതി സർവകലാശാല ഔദ്യോഗികമായി അംഗീകരിച്ചിരിക്കുന്നു. വൻ തുക നൽകി കുട്ടികളെ അതിലേക്ക് തള്ളിവിടുകയാണ്. അത്താഴപട്ടിണിക്കാരന്റെ ഉൽക്കർഷേച്ഛയെ വിറ്റു കാശാക്കുന്ന പണിയാണിത്. യോഗങ്ങൾ നടത്താനും വർക്ക്ഷോപ്പുകൾ നടത്താനും മറ്റൊരു സ്വകാര്യ ഏജൻസിയെ ഏല്പിച്ചിരിക്കുന്നു. സർവകലാശാലാ തലത്തിൽ യാതൊരു കലാസാംസ്കാരിക പ്രവർത്തനങ്ങളുമില്ല. യുവജനോത്സവം ഓരോ കോളേജിലും നടത്തി അതിന്റെ സി.ഡി. സർവകലാശാലയ്ക്കയച്ച് വിധി നിർണയം നടത്തുമെന്നും അതിനായി ഒരു ഏജൻസിയെ വയ്ക്കുമെന്നും കേൾക്കുന്നു.

ഭൂഗോളത്തിന്റെ ഏത് കോണിലും ഏത് വ്യവസായ സ്ഥാപനത്തിന്റെയും ഗവേഷണ സ്ഥാപനത്തിന്റെയും താക്കോൽ സ്ഥാനത്ത് ഒരു മലയാളി എൻജിനീയറെ നമുക്കിന്ന് കാണാം. നമ്മുടെ നാടും സർവകലാശാലകളും സാങ്കേതിക വിദ്യാഭ്യാസത്തിനു നൽകിയ പ്രാധാന്യമാണിതിനു കാരണം. എന്നാലിന്ന് തലമുറകളുടെ ഭാവിയിൽ കരിനിഴൽ വീഴ്ത്തുന്ന തലതിരിഞ്ഞ നടപടികളാണ് സാങ്കേതിക സർവകലാശാലയിൽ അരങ്ങേറുന്നത്. രണ്ടര വർഷമായി സ്റ്റാറ്റ്യൂട്ട് പോലും രൂപീകരിക്കാത്ത സർവകലാശാലയുടെ ആക്ട് തന്നെ മാറ്റി എഴുതി കേരളത്തിന്റെ എൻജിനീയറിംഗ് വിദ്യാഭ്യാസത്തെ രക്ഷിക്കുവാൻ സർക്കാർ ഇടപെട്ടേ മതിയാകൂ.




# പറയുന്നതെന്തെന്നാൽ.....

**ഡോ. സോണി ജോൺ**
ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട



കളിയും കാര്യവും സിനിമാ നിരൂപണം നടത്താറില്ല. തീർച്ചയായും ഇതതിനുള്ള ഇടമല്ല. എന്നാൽ രക്ഷാധികാരി ബൈജു എന്ന സിനിമ കൈകാര്യം ചെയ്യുന്ന പ്രമേയം ഏറെ സമകാലിക പ്രാധാന്യമുള്ളതും കളിയും കാര്യവും കൈകാര്യം ചെയ്യുന്ന വിഷയ പരിധിക്കുള്ളിൽ ചർച്ച ചെയ്യപ്പെടേണ്ടതുമാണ് എന്നുള്ളതുകൊണ്ടാണ് ഈ കോളത്തിൽ അതു പരാമർശ വിഷയമായിരിക്കുന്നത്. ഒരു വ്യക്തിയുടെ ജീവിതം സക്രിയമാക്കുന്നതിൽ കളികൾക്ക് നിർണ്ണായക സ്ഥാനമുണ്ട്. സക്രിയ ജീവിതം (Active Living) ഒരു വ്യക്തിയുടെ മാനസിക കായിക ക്ഷമതയെയും അതുവഴി സുസ്ഥിര ആരോഗ്യ പരിപാലനത്തെയും ആഴത്തിൽ സ്വാധീനിക്കുന്ന ഘടകമാണെന്ന് ഈ രംഗങ്ങളിലെ ഏറ്റവും പുതിയ പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

തിരക്കു പിടിച്ച ജീവിതത്തിൽ കളികൾക്കും വ്യായാമത്തിനും സമയം കണ്ടെത്താൻ കഴിയാത്ത മലയാളി ഇന്നു ജീവിത ശൈലീരോഗങ്ങളുടെ നടുക്കയത്തിലാണു ജീവിക്കുന്നത്. ഇന്ത്യയിൽ പൊതുജനാരോഗ്യ രംഗത്ത് ഏറ്റവും വലിയ നേട്ടങ്ങൾ തീർത്ത സംസ്ഥാനമെന്ന ഖ്യാതി കേരളത്തിനുണ്ട്. എന്നാൽ ആ ഖ്യാതി തീർത്തും ഇല്ലാതാക്കുന്ന തരത്തിലാണ് ജീവിത ശൈലീരോഗങ്ങളുടെ വർധന. കേരളത്തിൽ ഇന്നു നടക്കുന്ന അൻപതു ശതമാനം മരണങ്ങൾക്കും കാരണം ഹൃദ്രോഗമാണെന്ന് കാർഡിയാക് സൊസൈറ്റി ഓഫ് ഇന്ത്യയുടെ കേരള ഘടകത്തിന്റെ പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. മാത്രമല്ല ഓരോ വർഷവും ഒന്നര ലക്ഷത്തോളം പേർ ഹൃദ്രോഗികളായി തീരുകയും ചെയ്യുന്ന ഭയപ്പെടുത്തുന്ന ഒരവസ്ഥ നിലനിൽക്കുകയും ചെയ്യുന്നു. രോഗനിരക്ക് ഇതേ തോതിൽ പോകുകയാണെങ്കിൽ 2020 ആകുമ്പോഴേക്കും മൂന്നിൽ രണ്ടു മരണങ്ങളും ഹൃദ്രോഗം കാരണമായിരിക്കുമെന്നും അവർ മുന്നറിയിപ്പുനൽകുന്നു. മാത്രമല്ല ഉയർന്ന രക്തസമ്മർദ്ദമുള്ളവർ ഏകദേശം 87ലക്ഷം പേരും പ്രമേഹ രോഗികൾ 35 ലക്ഷം പേരുമാണ്. മാത്രമല്ല കുട്ടികളുടെ ഇടയിൽ പൊണ്ണത്തടി പോലുള്ള അസുഖങ്ങൾ വർധിച്ചു വരുന്നുമുണ്ട്. ഇത്തരമൊരു സ്ഥിതി വിശേഷം തന്നെ ആയിരിക്കണം കഴിഞ്ഞ അദ്ധ്യാപക ദിനത്തിൽ മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും അദ്ധ്യാപകരുടെ കുപ്പായമണിയാനുള്ള ഒരാശയമുദിച്ചപ്പോൾ 'ജീവിത ശൈലീരോഗങ്ങൾ' എന്ന വിഷയം തന്നെ അദ്ധ്യാപനത്തിനായി തെരെഞ്ഞെടുത്തത്. ചില സാങ്കേതിക കാരണങ്ങളാൽ അന്നതു നടന്നില്ലെങ്കിലും ജീവിത ശൈലിയുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നത്തെ എത്ര ഗൗരവത്തോടെയാണ് സർക്കാർ നോക്കിക്കാണുന്നത് എന്നതിന്റെ പ്രതിഫലനംകൂടിയായിരുന്നു അത്.



ഈയൊരു സാഹചര്യം തന്നെയായിരിക്കണം 'കേരള കായിക ക്ഷമത മിഷൻ' എന്ന പുതിയൊരു പദ്ധതിക്ക് തുടക്കമിടാൻ കേരള സർക്കാരിനെ പ്രേരിപ്പിക്കുന്നത്. എല്ലാപ്രായത്തിലുള്ളവർക്കും കായികാഭ്യാസത്തിനുള്ള സാഹചര്യമൊരുക്കുകയും കായികാഭ്യാസങ്ങളിലും കളികളിലും ഏർപ്പെടാൻ അവരെ പ്രാപ്തരാക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുക എന്നതാണ് കേരള കായിക ക്ഷമത മിഷൻറെ ഉദ്ദേശ്യലക്ഷ്യം. ഇത്തരമൊരു ലക്ഷ്യത്തിലൂടെ മലയാളികളുടെ ജീവിതത്തെ കൂടുതൽ സക്രിയമാക്കാമെന്നും ജീവിതശൈലീരോഗങ്ങളുടെ നടുക്കയത്തിൽ നിന്നും കേരള സമൂഹത്തെ രക്ഷിച്ചെടുക്കാമെന്നും സർക്കാർ കണക്കുകൂട്ടുന്നുണ്ടാവാം.

ഏതൊരു ജീവജാലത്തിന്റെയും കുഞ്ഞുങ്ങൾക്ക് കളികളിലേർപ്പെടുകയെന്നാൽ ജീവിതത്തിന്റെ ആരംഭദശയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഘട്ടമാണ്. ആ 'കളിക്കാലം' പിന്നീടുള്ള വളർച്ചക്കുനൽകുന്ന ഊർജ്ജം ഏതൊരു ജീവജാലത്തിനും ഒഴിച്ചുകൂടാനാവാത്തതാണെന്ന കാര്യത്തിലും രണ്ടഭിപ്രായം ഉണ്ടാകാനിടയില്ല. എന്നാൽ കളികൾ കുട്ടികൾക്കു മാത്രമെന്നതാണ് നമ്മുടെ 'കളി സംസ്കാര'ത്തിന്റെ അടിസ്ഥാനതത്വം. ഇന്നു കൂടുതൽ മുതിർന്നവർ കളികൾക്കും കായികാഭ്യാസങ്ങൾക്കുമായി സമയം മാറ്റിവെക്കുന്നുണ്ടെങ്കിലും കളി എല്ലാ പ്രായക്കാർക്കും ആവശ്യമാണെന്ന തരത്തിലുള്ള ഒരു ചിന്താമാറ്റം ഉണ്ടായിട്ടില്ല. കളിതൊഴിലാക്കിയവരെ ഒഴിച്ചു നിർത്തിയാൽ കുട്ടികളോടൊപ്പവും മറ്റും കളിക്കുന്ന മുതിർന്നവർ എന്തോ ഏനക്കേടുള്ളവരാണ് എന്നൊരു മനോഭാവം നമ്മുടെ സമൂഹം വെച്ചുപുലർത്തുന്നുണ്ട്. അതുകൊണ്ടുതന്നെയാണ് കുട്ടികളോടൊപ്പം കളിക്കുകയും കളി സംഘടിപ്പിക്കുകയും ചെയ്യുന്ന ചുരുക്കം 'രക്ഷാധികാരി ബൈജു'മാർക്ക് 'വളർന്നു പോത്തുപോലെയായി ഇപ്പഴും കുട്ടികൾക്കൊപ്പം കളിച്ചുനടക്കുകയാ' എന്ന കമൻറ് കേൾക്കേണ്ടിവരുന്നത്. എന്നാൽ കളികളിലും മറ്റു കായികാഭ്യാസങ്ങളിലും ഏർപ്പെടുന്നതിൽ നിന്നും ലഭിക്കുന്ന ഉല്ലാസവും ക്ഷമതയും അതിലൂടെ ലഭ്യമാവുന്ന ആരോഗ്യവും ഒരു സമൂഹത്തെ എത്രത്തോളം ഊർജ്ജസ്വലമാക്കുമെന്നും ജീവിത ഗുണ നിലവാരം എത്രത്തോളം ഉയർത്തുമെന്നും ഒന്നു ചിന്തിച്ചു നോക്കൂ. കേരള സമൂഹത്തെ ഇന്നു വലയ്ക്കുന്ന ജീവിതശൈലീ രോഗങ്ങളിൽ നിന്നു ചെറിയ രീതിയിലെങ്കിലും മുക്തിനൽകാൻ അത്തരമൊരു മാറ്റത്തിനു കഴിഞ്ഞേക്കാം. 'രക്ഷാധികാരി ബൈജു' കേരള സമൂഹത്തോടു പറയാൻ ശ്രമിക്കുന്നതും ഇതു തന്നെയാണ്. ഒരുപക്ഷേ കേരള കായിക ക്ഷമത മിഷൻറെ സ്ഥാപനം അത്തരമൊരു ചിന്താമാറ്റത്തിന് പ്രേരകമാകുമെന്ന് നമുക്കു പ്രതീക്ഷിക്കാം.

ഇന്നു കേരളം നേരിടുന്ന ഒരു ഗുരുതര പ്രശ്നം പൊതു കളിയിടങ്ങളുടെ ലഭ്യതക്കുറവാണ്. പാർപ്പിട സമുച്ചയങ്ങൾ നിർമ്മിക്കുമ്പോൾ പൊതുകളിയിടത്തിനുള്ള സ്ഥലം ഉണ്ടാകണമെന്നുണ്ടെങ്കിലും അതു പലപ്പോഴും സംഭവിക്കാറില്ല. ഉള്ള കളിയിടങ്ങൾ തന്നെ കയ്യേറി കെട്ടിടങ്ങൾ സ്ഥാപിക്കുന്നതിനാണ് ലാഭക്കൊതിയന്മാരായ കെട്ടിട നിർമ്മാതാക്കൾക്കു താൽപര്യം. സംസ്ഥാനസർക്കാരിൻറെയും പ്രാദേശിക ഭരണകൂടങ്ങളുടെയും അടിയന്തിരശ്രദ്ധ പതിയേണ്ട വിഷയമാണിത്. പ്രഭാതങ്ങളിലും സായാഹ്നങ്ങളിലും ഒന്നു കൈയ്യും കാലും നിവർത്തി നടക്കാനും ഒന്നുത്സാഹത്തോടെ പന്തുതട്ടാനും ഒരിത്തിരിയിടം ലഭ്യമാക്കാൻ കഴിയുന്നില്ലെങ്കിൽ കായിക ക്ഷമത മിഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നേടിയെടുക്കൽ ജലരേഖയായി അവശേഷിക്കും. ഇപ്പോൾ ലഭ്യമായ കളിസ്ഥലങ്ങളുടെ കണക്കെടുക്കുന്നതിനും അവ ശരിയായ രീതിയിൽ പരിപാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും കേരള സ്പോർട്സ് കൗൺസിലും കായിക വകുപ്പും ഒരു പ്രത്യേക കർമ്മ പരിപാടി തയ്യാറാക്കി നടപ്പാക്കേണ്ടതുണ്ട്.


ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിനു നല്ല ജീവിതരീതികൾ പിന്തുടരേണ്ടത് അത്യന്താപേക്ഷിതമാണ്. ശരീരത്തെ കഴിയുന്നത്ര ചലന സജ്ജമാക്കി നിലനിർത്തിയാൽ ജീവിതത്തെ ജീവസ്സുള്ളതാക്കാം. പ്രഭാതങ്ങളെയും സായാഹ്നങ്ങളെയും കളികളെക്കൊണ്ടു ശബ്ദമുഖരിതമാക്കാൻ നമുക്കു കഴിയണം. ഊർജ്ജസ്വലവും ആരോഗ്യകരവുമായ ഒരു ജീവിതം അതു നമുക്കു നൽകും. ഓർക്കുക ആശുപത്രികൾ ഏറെയുള്ള ഒരു സമൂഹമല്ല ആരോഗ്യത്തിന് ഊന്നൽ നൽകുന്ന സമൂഹം. മറിച്ച് കളിക്കളങ്ങൾ ഏറെയുള്ളവയാണ്. കളിക്കളങ്ങൾ കുറഞ്ഞാൽ സമൂഹത്തിലെ രോഗാവസ്ഥകൾ വർധിക്കും. അതുകൊണ്ടു തന്നെയാണ് തന്റെയും കുട്ടികളുടെയും കളിസ്ഥലം ആശുപത്രി നിർമ്മിതിക്കായി ഒഴിഞ്ഞു നൽകേണ്ടിവരുന്ന ബൈജുവിൻറെ മുഖം ഒരു ദുഃഖമായി നമ്മുടെ മനസ്സിൽ ശേഷിക്കുന്നതും.

# വിഷവൈദ്യ ഗ്രന്ഥങ്ങളിലെ വർണ്ണവ്യവസ്ഥ



ആദിയിൽ കൃതയുഗത്തിൽ മനുഷ്യർ എല്ലാവരും ഹംസന്മാർ എന്നു പറയപ്പെടുന്ന ഒരു വർണ്ണം മാത്രമായിരുന്നു. അക്കാലത്തെ പ്രജകൾ ജീവിതത്തിൽ കൃതകൃത്യന്മാരായിരുന്നതിനാൽ കൃതയുഗമെന്നു പറയപ്പെട്ടു. കൃതയുഗത്തിൽ ധർമ്മവും സത്യവും പോഷിച്ചിരുന്നു. അന്ന് മനുഷ്യരെ അധർമ്മമുണ്ടാക്കുന്ന ദുഃഖം പീഡിപ്പിച്ചിരുന്നില്ല. കൃതയുഗത്തിൽ ധർമ്മം തികഞ്ഞു സമ്പൂർണ്ണമായിരുന്നു. അതിനാൽ ജനങ്ങൾ വർണ്ണഭേദം കൂടാതെ ഒരേ ജാതിയിൽ നിഷ്കളങ്കഹൃദയരും ഉപാസകരും ധർമ്മിഷ്ഠരുമായിരുന്നെന്നും, അതിനാൽ അവർക്ക് യാതൊരുപദ്രവങ്ങളും നേരിട്ടിട്ടില്ലായിരുന്നു എന്നും പറയുന്നു. വേണ്ടുന്ന കാര്യങ്ങൾ അവരവർതന്നെ പ്രയത്നം ചെയ്തു നിവർത്തിച്ചുപോന്നു എന്നും, ആയതുകൊണ്ട് അക്കാലത്ത് വർണ്ണവ്യവസ്ഥ ആവശ്യമായിരുന്നില്ലെന്നും മനുസ്മൃതിയിൽ പറയുന്നു. എന്നാൽ, ത്രേതായുഗത്തിൽ മനുഷ്യർ വിപരീതബുദ്ധികളായി ഭവിച്ചു. ത്രേതായുഗം മുതൽ യുഗങ്ങളിൽ മോഷണവും, അസത്യം, വഞ്ചന തുടങ്ങിയവ

**മൈന ഉമൈബാൻ**
MES കോളേജ് മമ്പാട്



കൊണ്ട് ധനം, വിദ്യ മുതലായവ സമ്പാദിക്കുക മൂലം ധർമ്മവും, സത്യവും കുറഞ്ഞു വന്നു. അധർമ്മം വർദ്ധിയ്ക്കുകയും ജനങ്ങൾ അധർമ്മിഷ്ഠരായി മാറുകയും ചെയ്തപ്പോൾ ത്രേതായുഗം മുതൽക്ക് ചാതുർവർണ്യം സൃഷ്ടിക്കപ്പെട്ടു.

'ചാതുർവർണ്യം മയാ സൃഷ്ടം ഗുണകർമ്മ വിഭാഗശഃ' (ഭഗവദ്ഗീത) ഗുണകർമ്മവിഭാഗത്തെ അടിസ്ഥാനപ്പെടുത്തി ചാതുർവർണ്യം എന്നാൽ സൃഷ്ടിക്കപ്പെട്ടു .

ജാതിയെയും തൊഴിലിനെയും അടിസ്ഥാനമാക്കി ആളുകളെ നാലുതട്ടുകളിലായി തരംതിരിക്കുന്ന രീതിക്കാണ് ചാതുർവർണ്ണ്യം എന്നു പറയുന്നത്. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ, എന്നിവയാണ് ഈ നാല് വിഭാഗങ്ങൾ.

വർണ്ണം എന്നത് തൊഴിൽപരമായ തരംതിരിക്കലാണ്. വർണ്ണങ്ങളെക്കുറിച്ചുള്ള ഏറ്റവും പഴയ പരാമർശങ്ങൾ ലഭിക്കുന്നത് ഋഗ്വേദത്തിലെ പുരുഷസൂക്തത്തിൽ നിന്നാണ്



മുഖം കിമസ്യ കൗ ബാഹൂ കാ ഊരൂ പാദാ ഉച്യതേ

ബ്രാഹ്മണോ/സ്യ മുഖമാസീദ് ബാഹൂ രാജന്യഃ കൃതഃ

ഊരൂ തദസ്യ യദ്വൈശ്യം പദ്ഭ്യാം ശൂദ്രോ അജായത

ഇതനുസരിച്ച് ബ്രാഹ്മണൻ മഹാപുരുഷന്റെ വായിൽ നിന്നും, ക്ഷത്രിയൻ കൈകളിൽ നിന്നും, വൈശ്യൻ തുടകളിൽ നിന്നും, ശൂദ്രൻ പാദത്തിൽ നിന്നും വന്നു എന്നുമാണ്. എന്നാൽ മനുഷ്യസമൂഹത്തെ ഒരു വ്യക്തിയുടെ രൂപത്തിൽ സങ്കല്പിച്ച് അതിന്റെ മുഖം ബ്രാഹ്മണൻ എന്നും കൈകൾ ക്ഷത്രിയൻ എന്നും തുടകൾ വൈശ്യൻ എന്നും പാദം ശൂദ്രൻ എന്നുമാണ് പരാമർശിച്ചിരിക്കുന്നതെന്നും പറയപ്പെടുന്നു

മുഖം ബുദ്ധിയുടേതും കൈകൾ സംരക്ഷണത്തിന്റെയും തുട സമ്പത്തിന്റെയും പാദം സേവനത്തിന്റെയും പ്രതീകമാകുന്നു. ഇതു പ്രകാരം അറിവുള്ളവൻ (അദ്ധ്യാപകൻ, വൈദ്യൻ, ഭാഷാപണ്ഡിതൻ...) ബ്രാഹ്മണനും ധൈര്യമുള്ളവൻ ക്ഷത്രിയനും (രാജാവ്, പടയാളി...) കച്ചവടം വൈശ്യനും ദാസ്യവൃത്തി ശൂദ്രനും ഭാഗിക്കുന്നു.

ബ്രാഹ്മണന് കത്തിജ്വലിക്കുന്ന തീയുടെ നിറവും, ക്ഷത്രിയന് അരുണനിറവും, വൈശ്യന് പീതനിറവും, ശൂദ്രന് കറുപ്പ് നിറവും ആണെന്നാണ് ഭാരതീയസങ്കൽപ്പം .

ആന, സർപ്പം മുതലായ ജന്തുക്കളിലും, രാഗം, സ്വരം മുതലായവയിലും ചാതുർവർണ്യം യോജിപ്പിച്ചുകാണുന്നുണ്ട്. അതേപോലെ വൃക്ഷായുർവ്വേദത്തിൽ വൃക്ഷങ്ങളിലും ജാതി വിഭജനം നടത്തുന്നുണ്ട്.

വിഷവൈദ്യഗ്രന്ഥങ്ങളിൽ സർപ്പങ്ങളെ ചാതുർവർണ്ണ്യത്തിലുൾപ്പെടുത്തി ജാതി തിരിക്കുന്നു. വിഷവൈദ്യഗ്രന്ഥങ്ങളിൽ സർപ്പങ്ങളെ രണ്ടായി തിരിക്കുന്നു. ദിവ്യ സർപ്പങ്ങളെന്നും ഭൗമ സർപ്പങ്ങളെന്നും.

സർപ്പോൽപ്പത്തി അഷ്ടനാഗങ്ങളിൽ നിന്നു തുടങ്ങുന്നു.

പ്രണമ്യ ദന്തിരാജസ്യ വദനം സദനം ശ്രിയ:

വക്ഷ്യേ സർപ്പാന്വയോല്പത്തിം ഭാഷയാ കേരളാഖ്യയാ.

അനന്തോ ഗുളികശ്ചൈവ വാസുകീ ശംഖപാലക:

തക്ഷകശ്ച മഹാപത്മ: പത്മ: കാർക്കോടകസ്തഥാ.

നാലു വംശത്തിലും കൂടെയെട്ടു നാഗങ്ങളിങ്ങിനെ

സംഭവിച്ചതു പോൽ പണ്ടേ ഭീമകാരശരീരികൾ.

അനന്തൻ, ഗുളികൻ, വാസുകി, ശംഖപാലകൻ, തക്ഷകൻ, മഹാപത്മൻ, പത്മൻ, കാർക്കോടകൻ എന്നീ എട്ടു മഹാസർപ്പങ്ങളുണ്ട്. അനന്തനും ഗുളികനും ബ്രാഹ്മണസർപ്പങ്ങളാകുന്നു. അഗ്നിപുത്രന്മാരായ ഇവരുടെ വർണ്ണവും അഗ്നിയുടേതുപോലെയാണ്. ഇവർക്ക് ആയിരത്തിൽ കുറയാതെ പത്തികളുണ്ട്. പത്തികൾക്കൊക്കെ ചക്രം പോലെ അടയാളവുമുണ്ട്.

വാസുകിയും ശംഖപാലനും ഇന്ദ്രപുത്രന്മാരാണ്. മഞ്ഞനിറക്കാരായ ഇവർ ക്ഷത്രിയ വിഭാഗത്തിൽപെടുന്നു. എണ്ണൂറുവീതം പത്തി. ലാംഗുലംപോലെയാണ്അടയാളം. തക്ഷകനും മഹാപത്മനും വായുപുത്രന്മാരും വൈശ്യജാതിയിൽപെട്ടവരുമാകുന്നു. അഞ്ഞൂറു പത്തികളുള്ള അവരുടെ നിറംകറുപ്പാണ്. കുട അടയാളം.

പത്മനും കാർക്കോടകനും ശൂദ്രജാതിയിൽ പിറന്നവരാണ്. വെളുത്ത നിറക്കാരായ ഇവർ വരുണ പുത്രന്മാരാണ്. സ്വസ്തിക



അടയാളമായി മുന്നൂറുഫണമുണ്ട്.

ഇങ്ങനെ നാലുജാതിയിലായി ഈ എട്ടുപേർക്കും അനേകം സന്തതികൾ ഉണ്ടായി. അതിൽ പലതിനേയും വൈന തേയൻ കൊന്നു നശിപ്പിച്ചു. വൈനതേയനെ ഭയന്ന് അനന്തൻ വിഷ്ണുവിനെ ചെന്നു സേവിച്ചു. വാസുകി ശങ്കരനിൽ അഭയം പ്രാപിച്ചു. തക്ഷകൻ ഇന്ദ്രനെ ചെന്ന് സേവിച്ചു. മറ്റുള്ള നാനാ ജാതി നാഗങ്ങൾ വൈനതേയനെ ഭയന്ന് കടലിലും മലയിലും ദേവലോകത്തും പാതാളത്തിലും ഗുഹയിലുമൊക്കെയായി പോയൊളിച്ചു. ഭൂമിയിൽ കാട്ടിലും മറ്റുമുണ്ടായിരുന്ന സർപ്പജാതികൾ മൂർഖൻ, മണ്ഡലി, രാജിലം, തുടങ്ങിയവ ഭൗമ സർപ്പങ്ങളാകുന്നു.

നാഗലോകത്തിലെ ഉത്പത്തി കഥയിൽ പറയുന്ന ഔന്നത്യശ്രേണിബന്ധങ്ങൾ ഇത് കൂടുതൽ വിശദീകരിക്കുന്നുണ്ട്. ഫണങ്ങളുടെ എണ്ണത്തിലും ശരീരത്തിന്റെ വലുപ്പത്തിലും നിറത്തിലുമാണ് ഇവയിൽ ഔന്നത്യശ്രേണീബന്ധങ്ങൾ ഉണ്ടായിരിക്കുന്നത്.

ദിവ്യനാഗങ്ങളിലും ഭൗമ നാഗങ്ങളിലും ഈ തുടർച്ച കാണാം. അഷ്ടനാഗങ്ങൾ കശ്യപന്റെ മക്കളാണെന്നാണ് പുരാണങ്ങളിൽ പറയുന്നതെങ്കിൽ, കശ്യപന്റെയും കദ്രുവിന്റെയും മക്കളെന്ന പുരാവൃത്തത്തെ മാറ്റിനിർത്തി മറ്റൊരു പുരാവൃത്തത്തെ കൂട്ടുപിടിക്കുകയാണ് വിഷവൈദ്യഗ്രന്ഥങ്ങളിൽ ചെയ്യുന്നത്.

ചെയ്യുന്ന കാര്യങ്ങളെ സാധൂകരിക്കുന്നതിനുള്ള യുക്തി ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ആ സാധൂകരണ യുക്തിയാണ് അനന്തനേയും ഗുളികനേയും അഗ്നിപുത്രന്മാരാക്കുന്നത്.

പഞ്ചഭൂത നിർമിതമാണ് ശരീരം എന്ന പരികല്പനയെ മുൻനിർത്തിയാവണം പഞ്ചഭൂതങ്ങളിൽ സർപ്പങ്ങളുടെ പിതൃത്വത്തെ ആരോപിക്കുന്നത്. അഗ്നി, ആകാശം, വായു, ജലം, ഭൂമി എന്നിവയാണ് പഞ്ചഭൂതങ്ങൾ. പഞ്ചഭൂതങ്ങളിൽ സ്വയശുദ്ധിയുള്ളതും മറ്റുള്ളവയെ ശുദ്ധിയാക്കാനുമാകുന്നത് അഗ്നിക്കാണ്. ആ അഗ്നിയെയാണ് വിപ്രന്മാരുടെ പിതാവാക്കുന്നത്. ഇന്ദ്രൻ ദേവലോകത്തെ രാജാവ്, ദേവന്മാരുടെ ഇരിപ്പിടം സ്വർഗവും. അതായത് ആകാശ നായകൻ ഇന്ദ്രനാണ്. ആകാശഭൂതകർത്താവായ ഇന്ദ്രനാണ് ക്ഷത്രിയ നാഗങ്ങളുടെ പിതാവ്. വൈശ്യരുടെ പിതാവ് വായു. അതിനടുത്ത ശൂദ്രരുടെ പിതാവ്. വരുണൻ ജലത്തിന്റെ ദേവൻ.

അഗ്നി, ആകാശം, വായു, ജലം എന്നീ ഭൂതങ്ങളെ ചാതുർവർണ്യത്തി


ലെത്തിക്കുന്നു. അവശേഷിക്കുന്ന ഭൂതം ഭൂമിയാണ്. ഭൂമിയൊഴികെയുള്ള ഭൂതങ്ങളിൽ ഉൾപ്പെടുത്തിയ നാഗങ്ങൾ ദിവ്യ നാഗങ്ങളും ഭൂമിയിലെ നാഗങ്ങൾ ഭൗമ നാഗങ്ങളുമാകുന്നു. സർപ്പങ്ങളിൽ വർണ്ണ വിഭജനം കൊണ്ടുവരുന്നതിനാവണം ഏറെ പ്രചാരമുള്ള കശ്യപ - കദ്രു ദമ്പതികളെ തമസ്ക്കരിച്ച് പകരം മറ്റൊരു പുരാവൃത്തം മെനയുന്നത്. എന്നാൽ കശ്യപൻ സപ്തർഷികളിലൊരാളാണ്.

കശ്യപനാണ് ബ്രഹ്മാവിൽ നിന്ന് ആയുർവേദം ലഭിക്കുന്നത്. എന്നാൽ കശ്യപ വിരചിതമെന്ന് അറിയപ്പെടുന്ന 'ഗൗതമീയ കശ്യപ സംഹിത'യിൽ ഗുരുവായ കശ്യപൻ ശിഷ്യനായ ഗൗതമനോട് സർപ്പ വംശത്തെക്കുറിച്ച് പറഞ്ഞു കൊടുക്കുന്നത് അഷ്ടനാഗങ്ങൾ നാലു വംശത്തിൽ ജനിച്ചു എന്നും അഗ്നി ഇന്ദ്രൻ, വായു, വരുണൻ, എന്നിവരാണ് പിതാക്കളെന്നുമാണ്. പക്ഷേ. ഈ നാലു പിതൃത്വ കഥ മാറിനിർത്തിയാൽ മറ്റുകഥകൾ ഒന്നു തന്നെ. ഗരുഡൻ സർപ്പങ്ങളെ കൊന്നു തിന്നാൻ തുടങ്ങിയതും അനന്തൻ വിഷ്ണുവിനെ പ്രാപിച്ചു. വാസുകി ശിവനെ ശരണം പ്രാപിച്ചു. തക്ഷകൻ ഇന്ദ്രനെ സേവിച്ചു. മറ്റുള്ളവർ വൈനതേയനെ ഭയന്ന് സമുദ്രാന്തർ ഭാഗത്തും മലയിലും ഗുഹയിലും പാതാളത്തിലും ദേവലോകത്തും ഭൂമിയിലും പോയൊളിച്ചു. ജീമൂതവാഹനൻ ഈ വിവരമറിഞ്ഞ് സ്വയം ബലിക്ക് തയ്യാറായതും ഗരുഡനെ കണ്ടതും നാഗങ്ങളെ തീർക്കുകയില്ല എന്ന ഉറപ്പു വാങ്ങിയതുമായ പുരാവൃത്തം പരാമർശിക്കുന്നുണ്ട്. വൈനതേയൻ എന്ന പ്രയോഗം തന്നെ വിനതയുടെ പുത്രനിൽ നിന്നും ഉണ്ടായതാണ്.

നാഗങ്ങളും ഗരുഡനും തമ്മിലുള്ള വൈരം ഇവിടെ കടന്നു വരുന്നു. തൊഴിൽ, കർമ്മമനുസരിച്ചാണ് ചാതുർവർണ്ണ്യം നടപ്പിലാക്കിയതെങ്കിൽ നാഗങ്ങൾക്കിടയിൽ എന്തിന് നടപ്പാക്കി എന്നത് കൗതുകമുണർത്തുന്നതാണ്.

ഭൗമ സർപ്പങ്ങളിലും എല്ലാത്തരം പാമ്പുകളിലും ജാതിയുണ്ട്. നിർമ്മലരും നിർഗുണരുമായ ബ്രാഹ്മണർ രാവിലെ സഞ്ചരിക്കുന്നവരും വായുഭക്ഷിക്കുന്നവരുമാണ്. നിധിനിക്ഷേപങ്ങൾ ഉള്ള സ്ഥലത്തും പർവ്വതങ്ങളിലും വസിക്കുന്നു. സുഗന്ധപുഷ്പങ്ങൾ ഭക്ഷിക്കുമെന്നും പാഠാന്തരമുണ്ട്.

ഭയംകൂടാതെ മധ്യാഹ്നത്തിൽ സഞ്ചരിക്കുന്നവരാണ് ക്ഷത്രിയസർപ്പങ്ങൾ. 'ഭയം വിനാ' എന്ന പ്രയോഗത്തിൽ തന്നെ ക്ഷത്രിയന്റെ ഗുണത്തെ കാണിക്കുന്നു. ക്ഷതത്തെ ഭയക്കാത്തവരാണ് ക്ഷത്രിയരെന്ന നിരുക്തി ഇവിടെ സന്നിഹിതമായിരിക്കുന്നു. പുണ്യവൃക്ഷങ്ങളിലും താമരത്തണ്ടിലുമാണ് ഇവരുടെ താമ





സം. മൂഷികരാണ് ഭക്ഷണം. ക്ഷീരം, തുഷാരം, തോയം, സ്വാദുദ്രവ്യങ്ങൾ എന്നിവ ഭക്ഷിക്കുന്നവരാണെന്നും മതാന്തരമുണ്ട്.

സായാഹ്നത്തിൽ സഞ്ചരിക്കുന്നവരാണ് വൈശ്യർ. ഭക്ഷണം ദർദുരം. ലവണവും മാംസവും കഴിക്കുന്നവരെന്ന് പാഠഭേദം. തെരുവീഥി, പുരമുറ്റത്തിനടത്ത്, നാനാവൃക്ഷങ്ങളിലുമാണ് ആവാസം.

ശൂദ്രജാതി രാത്രി സഞ്ചരിക്കും. കിട്ടുന്നതെല്ലാം തിന്നും. ജലസമീപത്തിലും പൊട്ടക്കിണർ, യാഗശാല, തൊഴുത്ത്, ദ്വീപ്, നാൽക്കൂട്ടപ്പെരുവഴി എന്നിവിടങ്ങളിൽ താമസം.

ശൂദ്രർക്ക് ഭക്ഷണത്തിൽ കൃത്യനിഷ്ഠയില്ല. 'സർവ്വത്രതമേയും ശൂദ്രജാതികൾ' എന്നാണ് ജ്യോത്സ്നികയിൽ പറയുന്നത്. 'സർവ്വത്രതമേയും' എന്ന വാക്കിന് പരിഹാസച്ചുവയുണ്ട്. കാരാട്ടു നമ്പൂതിരിയാണ് ജ്യോത്സ്നിക കർത്താവെന്ന് കരുതപ്പെടുന്നത്. അതിൽ ഉറപ്പൊന്നുമില്ലെങ്കിലും ജാതി തിരിച്ചുള്ള എഴുത്തിൽ വാക്പ്രയോഗങ്ങളിൽ ശൂദ്രനോടുള്ള നിന്ദ്യത വെളിവാകുന്നു.

ഊർദ്ധ്വലോകത്ത് നോക്കിയിട്ടാടും വിപ്രജാതികൾ.നേരേനോക്കും രാജൻ, ഇരുവശവും നോക്കും വൈശ്യൻ. കീഴ്പ്പോട്ട് നോക്കിയിട്ടാടും ശൂദ്രൻ.

ബ്രഹ്മാവിന്റെ മുഖത്തുനിന്ന് ഉത്ഭവിച്ചവരാണ് ബ്രാഹ്മണർ. ബ്രഹ്മലോകത്തേക്കാണ് ബ്രാഹ്മണസർപ്പത്തിന്റെ നോട്ടം. ബ്രാഹ്മണരും ശൂദ്രരും തമ്മിലുള്ള ബന്ധം-സാമൂഹ്യബന്ധം ഇവിടെ അനാവൃതമാകുന്നു. മേൽപ്പോട്ട്-കീഴ്പ്പോട്ട് എന്ന് പ്രയോഗം ഉച്ച-നീച ബന്ധത്തെ കുറിക്കുന്നു.

അഷ്ടഗന്ധപ്പൂമണക്കും ബ്രാഹ്മണരെ, ചെങ്ങഴിനീർപ്പൂവു മണക്കും ക്ഷത്രിയരെ, കൈതപ്പൂമണക്കും വൈശ്യരെ, പാലും തേനും മണക്കും ശൂദ്രനാഗങ്ങളെ. ഇത് ഭൗമസർപ്പങ്ങളുടെ ഗന്ധമാണ്.

കപിലവർണ്ണമാണ് ബ്രാഹ്മണന്. ചെന്നിറം, പവിഴം, സ്വർണ്ണ നിറമാണ് ക്ഷത്രിയസർപ്പത്തിന്. ആശ്ചര്യം ഉളവാക്കുന്ന നീലനിറം വൈശ്യന്. കറുപ്പുനിറം ശൂദ്രപ്പാമ്പിനും. മനുഷ്യവർണ്ണവ്യവസ്ഥയോട് സാമ്യമുണ്ട് ഈ തിരിവിന്.

'കപിലാശ്ച്ചാരുണാഃ പീതാഃ കൃഷ്

ണാശ്ചേതി പൃഥക് പൃഥക് ബ്രാഹ്മണാഃ ക്ഷത്രിയാ വൈശ്യാ ശൂദ്രാശ്ചേതി വിവക്ഷിതാഃ (വിഷ്ണുപുരാണം)

കപിലാഃ ബ്രാഹ്മണൻ; അരുണാഃ ക്ഷത്രിയൻ; പീതാഃ വൈശ്യർ; കൃഷ്ണാഃ ശൂദ്രർ.

അവിടെയും ശൂദ്രന്റെ നിറം കെട്ടതാണ്. 'വിഷചികിത്സാ തന്ത്ര'ത്തിൽ പറഞ്ഞിരിക്കുന്നത് നോക്കുക.

'കറുപ്പാർന്നും കറുപ്പേറും
മറ്റുവർണ്ണം കലർന്നുമേ
ശൂദ്രനാഗങ്ങളെക്കാണും
മദമോടു നടപ്പത്'.

ശൂദ്രൻ മ്ലേച്ഛനാണെന്ന് ആരോപണം ഉറപ്പിക്കുകയാണ് വാക്കുകളിൽ-തോന്നിയപോലെ നടക്കുന്നു-മദമിളകി നടക്കുന്നു എന്ന പ്രയോഗത്തിൽ തന്നെ ശൂദ്രന്റെ നില വ്യക്തമാണ്.

ഇനി വാസസ്ഥലത്തെപ്പറ്റി ഇതേ ഗ്രന്ഥത്തിൽ പറയുന്നത് നോക്കുക

'ദേവസ്ഥാനത്തിരുപ്പത്രേ
ദ്വിജൻ, ശുദ്ധിയെഴും സ്ഥലം
ക്ഷത്രിയന്നുചിതം,വൈശ്യൻ
മടയിൽപുക്കിരുന്നിടും
ശൂദ്രനു നിന്ദ്യനിലത്തൊക്കെ-
പ്പറ്റാം ചെറ്റൊളിവോടുടൻ'
വിപ്രന് ദേവസ്ഥാനം
ശുദ്ധിയെഴും സ്ഥലം ക്ഷത്രിയന്
മടയിൽപുക്കും വൈശ്യൻ
നിന്ദ്യനിലം ശൂദ്രന്
പിന്നെ വിശദീകരിക്കുന്നുണ്ട്.

നാലു നേർവഴി, ശുദ്ധജലമുള്ളിടം, ഗ്രാമവഴി, ദേവസ്ഥാനം എന്നിവിടങ്ങളാണ് ബ്രാഹ്മണന് പഥ്യം.

പൂവനം, ദേവവൃക്ഷം, പൊയ്ക എന്നിവിടങ്ങൾ ശുദ്ധമാണ്. അവിടെ ക്ഷത്രിയ പാമ്പ് വിഹരിക്കുന്നു.

വൃക്ഷ മൂലകളിൽ വഴിമധ്യേ, ചുടുകാട് ഇവ വൈശ്യന്റെ ഇരിപ്പിടം.

കാട്, ആളില്ലാ വീട്, പുറ്റ് തുടങ്ങിയവ ശൂദ്രന്റെ ഇടങ്ങൾ

ബ്രാഹ്മണ പാമ്പിനെ കസ്തൂരി മണക്കും. രാജന് കൈതപ്പൂ, വൈശ്യന് താതിരിപ്പൂ, ശൂദ്രനെ ഇലഞ്ഞിപ്പൂ മണക്കും.

വിഷചികിത്സാതന്ത്രത്തിൽ വിപ്രൻ വായു ഭക്ഷിക്കുമെന്നും ക്ഷത്രിയൻ മധു ഭക്ഷിക്കുമെന്നും വൈശ്യൻ ഓന്തും മൂഷികനും കഴിക്കുമെന്നും ശൂദ്രൻ മീനും തവളയും ഭക്ഷിക്കുമെന്നും പറയുന്നു.

ബ്രാഹ്മണന് സാത്വികഗുണമാണുള്ളത്. രജോഗുണം ക്ഷത്രിയന്. രജോതമോഗുണമിശ്രമാണ് വൈശ്യന്. തമോഗുണം ശൂദ്രനും. ഇതുപ്രകാരം ദുർമാർഗിയും സങ്കരഭോജിയുമൊക്കെയാണ് ശൂദ്രൻ.

ഇനി ഇവറ്റകൾ കടിച്ചാലുള്ള സ്വഭാവം നിരൂപിക്കുന്നു.

വിപ്രൻ കടിച്ചാൽ സകലം മധുരിക്കും
ക്ഷത്രിയൻ കടിച്ചാൽ കൈക്കും
വൈശ്യൻ കടിച്ചാൽ ചവർക്കും
ശൂദ്രനാണെങ്കിൽ എരിയും

ദൂതലക്ഷണത്തിൽ ദൂതൻ വരുന്നദിക്കനുസരിച്ച് വർണ്ണഭേദം നിരൂപിക്കുന്നുണ്ട്.

നേരെകിഴക്കുദൂതൻവാ-
'ന്ന'കാര്യമുരചെയ്കിലോ
വിപ്രനാഗവിഷസ്പർശം
പെട്ടെന്നോർക്കുഭിഷഗ്വരൻ
ദക്ഷിണേദൂതനെത്തീട്ട-
'ങ്ങ'കാര മുരചെയ്കിലോ
ക്ഷത്രിയോരഗമാണെന്നു
നിർണ്ണയം ചെയ്തുകൊള്ളണം
പശ്ചിമേദൂതനെത്തീട്ട-
'ങ്ങെ'കാരമുരചെയ്യുകിൽ
വൈശ്യദന്തം പതിഞ്ഞുള്ള
വിഷമേറ്റന്നുതേറുക
ഉത്തരരാശിയിലെത്തീട്ടു
ദൂതനാദ്യമുരപ്പത്;
'ന'കാരമെങ്കിലോർമ്മിക്ക-
ശൂദ്രനാഗം കടിച്ചതായ്

വിഷവേഗത്തിന്റെ കാര്യത്തിലുമുണ്ട് ജാതിഭേദമനുസരിച്ചുള്ള കയറ്റങ്ങൾ. വിപ്രനാഗം കടിച്ചാൽ വിഷം കോൾവായിൽ മുപ്പത്തിരണ്ടുമാത്ര നിൽക്കും. ക്ഷത്രിയനാണെങ്കിൽ അൻപത്തിരണ്ടുമാത്രയും വൈശ്യനെങ്കിൽ എഴുപത്തിരണ്ടുമാത്രയും ശൂദ്രനെങ്കിൽ തൊണ്ണൂറ്റെട്ടുമാത്രയും വിഷം കോൾവായിൽനിന്നിട്ടേ ധാതുക്കളിലേക്ക് കടക്കൂ.

പല്ലുകൾക്കും വർണ്ണഭേദമുണ്ട്. വിഷപ്പല്ല് നാലാണ് എന്ന് ഗ്രന്ഥങ്ങളിൽ പറയുന്നു. മകരി, കരാളി , കാളരാത്രി, യമദൂതിക എന്നിവയാണ് നാലു പല്ലുകൾ. രണ്ടു പല്ലേയുള്ളു എന്ന് ആധുനിക സർപ്പശാസ്ത്രം പറയുന്നു. കടിച്ച അടയാളം മിക്കപ്പോഴും രണ്ടേ ഉണ്ടാകാറുള്ളു. വിഷവൈദ്യൻമാർക്ക് സർപ്പശരീരശാസ്ത്രത്തിലുള്ള അജ്ഞതയാണ് വെളിവാകുന്നതെന്ന് വാദിക്കാം. എന്നാൽ പ്രധാനജോടി വിഷപ്പല്ലുകളുടെ അരികിലോ പുറകിലോ ആയി വേറെയും വിഷപ്പല്ലുകളുണ്ട്. പ്രധാന വിഷപ്പല്ലുകൾ പറിച്ചു കളഞ്ഞാലും ചെറുപല്ലുകൾ വളർന്ന് ചുമതല നിർവഹിക്കുമെന്ന് വിഷചികിത്സ ആധുനികവും പാരമ്പര്യവും എന്ന പുസ്തകത്തിൽ ഡോ. രാഘവൻ വെട്ടത്ത് പറയുന്നു. (പേജ് 22)

മേലണയിൽ മുമ്പോട്ടു നീങ്ങി ഓരോ ഭാഗത്തും പ്രായപൂർത്തിയെത്തിയ ഈ രണ്ട് വിഷപ്പല്ലുകൾ ഒരേ സമയത്ത് (ആകെ നാലു പല്ലുകൾ) ഉണ്ടാകാമെങ്കിലും നാലെണ്ണവും ഒരുപോലെ വളർന്നു നില്ക്കുന്നത് ഞാൻ കണ്ടിട്ടില്ല എന്ന് 'കേരളത്തിലെ വിഷപ്പാമ്പുകൾ' എന്ന പുസ്തകത്തിൽ ഡോ കെ ജി അടിയോടി പറയുന്നു (പേജ് 126-127)

എന്നാൽ ചാതുർവർണ്യവിഭജനത്തിനുവേണ്ടിയല്ലേ ഈ നാലുപല്ലുകളുടെ കഥയുണ്ടായത് എന്ന് ഈ ലേഖിക സംശയിക്കുന്നു.


| പല്ലുകളുടെ പേര് | മകരി | കരാളി | കാളരാത്രി | യമദൂതിക |
|---|---|---|---|---|
| വർണ്യം | ബ്രാഹ്മണൻ | ക്ഷത്രിയൻ | വൈശ്യൻ | ശൂദ്രൻ |
| ലക്ഷണം | സാരമില്ല | സാരം | ഗുരുതരം | മാരകം (മരണം) |

പല്ലുകളിലെ പരികല്പനവെച്ചു നോക്കുമ്പോൾ ഏതു പാമ്പിലും ബ്രാഹ്മണപ്പല്ലും ശൂദ്രപ്പല്ലുമുണ്ട്. ശൂദ്രപ്പാമ്പും ശൂദ്രപ്പല്ലുമാണ് ഏറെ കുഴപ്പക്കാർ എന്ന് ഈ വർണ്ണ വിഭജനത്തിൽ ഉറപ്പിക്കുന്നു. മദമാത്സര്യത്തിന്റെയും നിന്ദ്യതയുടേയും അവഗണനയുടേയും കാലകടിയുടേയും പ്രതീകമായി മാറുന്നു ശൂദ്രത്വം.

സർപ്പോൽപ്പത്തി ഉൾപ്പെടാത്ത കൃതികളുണ്ട്. വ്യത്യസ്ത സമീപനങ്ങളുള്ളവയുണ്ട്. നാഗോത്ഭവത്തെപ്പറ്റി പറഞ്ഞില്ലെങ്കിൽ ഒരു ഗ്രന്ഥം അപൂർണ്ണമാവുന്നില്ല. ആധുനിക കാലത്ത് ഇത്തരം ഭാഗങ്ങൾ ചേർക്കുന്നത് അസംബന്ധജടിലമെന്ന് കേൾക്കേണ്ടി വരും.

1962-63 കാലഘട്ടത്തിൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ഡോ കെ ജി അടിയോടി എഴുതിയ കേരളത്തിലെ വിഷപ്പാമ്പുകൾ എന്ന ലേഖനപരമ്പരയിൽ പാരമ്പര്യവൈദ്യത്തിൽ പാമ്പുകളെ തരം തിരിക്കുന്നതിലെ യുക്തിയെപ്പറ്റി എഴുതിയിരുന്നു.

പക്ഷേ, അടിയോടിക്ക് മറുപടി കൊടുത്തത് വിഷചികിത്സകൻ കൂടിയായ വി എം കുട്ടികൃഷ്ണമേനോനാണ്.




ജന്തുശാസ്ത്രജ്ഞൻ വിഷവൈദ്യന്റെ വേലി പൊളിച്ച് അകത്ത് കയറിയതിനെപ്പറ്റി അദ്ദേഹം പറയുന്നു.

കടിച്ച പാമ്പ് തക്ഷകന്റേയോ വാസുകിയുടേയോ വംശത്തിൽ പെടുന്നതാണോ എന്നും ചാതുർ വർണ്യത്തിൽ ഏതു ജാതിയാണെന്നും വകതിരിക്കുന്ന ഒരു വൈദ്യനേയും താൻ നേരിട്ടു കണ്ടിട്ടില്ല എന്നും മതപരമായ ഒരു ചടങ്ങെന്ന നിലയിൽ മാത്രമല്ലാതെ ഒരാളും അതിനെ ഗണിക്കാറുമില്ലെന്നും അദ്ദേഹം പറയുന്നു. വിഷചികിത്സയുമായി ഇതിഹാസത്തെ ബന്ധപ്പെടുത്തിയിട്ടില്ല. ഗുരുത്വക്കേടിന്റെ പരിഹാരത്തിനുമാത്രമാണ് അവ ഗ്രന്ഥങ്ങളിൽ സ്ഥലം പിടിച്ചിട്ടുള്ളത് എന്ന് അദ്ദേഹം കൂട്ടിച്ചേർക്കുന്നു .

ഗുരുത്വക്കേടിന്റെ പരിഹാരം എന്നത് ദേവപ്രീതി നേടുക, അനിഷ്ടം സമ്പാദിക്കാതിരിക്കുക എന്ന ലക്ഷ്യത്തിലാവണം. മതപരമായ രീതിയിൽ കേട്ടുവളർന്ന, വിശ്വസിച്ചുപോന്ന സർപ്പോൽപ്പത്തികഥയ്ക്ക് ആരാധനയുമായാണ് ബന്ധം. ആ ആരാധന പുസ്തകരചനയിലും കടന്നുവന്നു എന്നുവേണം അനുമാനിക്കാൻ. പിന്നീട് വി എം കുട്ടികൃഷ്ണമേനോൻ ക്രിയാകൗമുദി എന്ന പുസ്തകം എഴുതുമ്പോൾ നാഗോത്ഭവം ഉപേക്ഷിച്ചിട്ടുണ്ട്. 'വേലിപൊളിച്ചുള്ള' ചർച്ചകൾ വേണ്ട എന്നതായിരിക്കാം കാരണം.

കുട്ടികൃഷ്ണൻ മേനോൻ പറയുന്ന ഗുരുത്വക്കേടിനുള്ള പരിഹാരം മാത്രമാവാൻ സാധ്യതയില്ല. പ്രത്യേകിച്ച് നമ്പൂതിരി, ക്ഷത്രിയ വിരചിതങ്ങളായ ഗ്രന്ഥങ്ങളിലാണ് വർണ്ണവ്യവസ്ഥ കടന്നുവരുന്നത്. ഒരു കാലഘട്ടത്തിലെ സാമൂഹ്യവ്യവഹാരങ്ങളിൽ നമ്പൂതിരിമാർക്കുള്ള മേൽക്കോയ്മയാവണം ഈ വിഭജനത്തിനു കാരണം. അക്കാലത്തെ വ്യവഹാരങ്ങളിലെ അധികാരം ഉറപ്പിക്കലായിരുന്നു വിഷചികിത്സാ ഗ്രന്ഥങ്ങളിലും ഉണ്ടായത്. കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന ചൊല്ലിനെ അന്വർത്ഥമാക്കുന്ന രീതിയിലാണ് ഏതുകാലത്തും അധികാരം നിലനിന്നിട്ടുള്ളത്.

ഈ നിരീക്ഷണപ്രകാരം ആര്യദ്രാവിഡ വിജ്ഞാനം എപ്പോൾ കൂടിച്ചേർന്നു എന്ന് ഇഴപിരിച്ചെടുക്കാൻ സാധ്യമല്ലെന്നും പറയുന്നുണ്ട്. ദ്രാവിഡമായ ഒരു പാരമ്പര്യത്തെ, വംശീയപാരമ്പര്യത്തെ, അവർണ്ണ-കീഴാള, ആദിവാസി ഗോത്ര പാരമ്പര്യത്തിന്റെയൊക്കെ അറി





വുകൾ സന്നിവേശിപ്പിച്ചാണ് കേരളീയ വിഷചികിത്സ രൂപം കൊണ്ടത്. ആ അറിവ് വൈദ്യവർഗ്ഗീകർ ഗ്രന്ഥരൂപത്തിലേക്ക് പകർത്തിയതാണ് കൂടുതൽ പ്രചാരത്തിലുണ്ടായിരുന്നത്. അറിവിന്റെ അധികാരം തങ്ങളിലാണ് എന്നും ആ അധികാരവ്യവസ്ഥയെ ചോദ്യം ചെയ്യരുത് എന്നുമുള്ള രീതിയിലാവണം വർണവിഭജനം ഈ ഗ്രന്ഥങ്ങളിലേക്ക് കടന്നു വരുന്നത്. ഒറ്റ നോട്ടത്തിൽ പണ്ടുതൊട്ടേയുള്ള പുരാവൃത്തങ്ങളെ ഇതിലുൾപ്പെടുത്തിയിരിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത് എന്ന് നിഷ്ക്കളങ്ക യുക്തി തോന്നാം. ദ്രവ്യകൃത ചികിത്സയിലുള്ള അറിവാണ് വിലയേറിയത്. അത് ഒരു വിഭാഗത്തിന്റേതു മാത്രമാക്കുന്ന രീതി അത്ര നിഷ്ക്കളങ്കമാണെന്ന് തോന്നുന്നില്ല.

ജാതി, വർണ്ണം എന്നിവ സാമൂഹ്യസ്ഥാപനങ്ങൾ മാത്രമല്ല, അധികാരഘടനകളെയും സാമൂഹ്യ രൂപീകരണ പ്രക്രിയയേയും അടയാളപ്പെടുത്തുന്ന സമഗ്രാവബോധം കൂടിയാണ്. ബ്രാഹ്മണർ ആചാരങ്ങൾ, പൗരോഹിത്യം, ശ്രേണീക്രമങ്ങൾ, വേദങ്ങളുടെ അലംഘനീയത, വിജ്ഞാനത്തിന്റെ കുത്തക, വരേണ്യഭാഷ ഇവയെയൊക്കെ പിന്തുടരുന്നു. തങ്ങളുടെ ജ്ഞാന കുത്തകകളിലൂടെ അവർ അധികാരം നിലനിർത്തുന്നു.

സമൂഹത്തെ പലരീതിയിൽ വിഭജിക്കുന്നു. അറിവിനെ നിഗൂഢമാക്കിവെയ്ക്കുന്നു. തങ്ങൾ കൃത്രിമമായി സൃഷ്ടിച്ച വിഭജനങ്ങളെ ഈശ്വരനിർമ്മിതമെന്നു വരുത്തിത്തീർത്ത് ന്യായീകരിക്കുന്നു.

സംസ്കൃത സംഹിതകളിലെ ചികിത്സ വിഷരക്ഷണത്തിന് പര്യാപ്തമായിരുന്നില്ലെന്ന കുട്ടികൃഷ്ണമേനോന്റെ നിഗമനം വെളിച്ചം വീശുന്നത് കേരളത്തിലെ വർദ്ധിച്ച വിഷദംശനങ്ങളിലേക്കും വിഷമോചനത്തിന് പ്രതിവിധിതേടിയുള്ള അന്വേഷണങ്ങളിലേക്കുമാണ്. സവിശേഷ പരിതസ്ഥിതിയിൽ ഉരുത്തിരിഞ്ഞുവന്നതാണ് കേരളീയ വിഷ ചികിത്സ. അതിൽ ആര്യവും ദ്രാവിഡവുമായ കൈകോർക്കലുണ്ട്. ഗ്രന്ഥരൂപത്തിൽ എഴുതിവെച്ചിട്ടില്ലെങ്കിലും ആര്യേതരമായ പാരമ്പര്യം ഇവിടെ സുശക്തമായിരുന്നു. വാമൊഴിയിലൂടെ മാത്രം പകർന്നുകൊണ്ടിരുന്ന ആര്യേതര മരുന്നറിവുകൾ ആര്യനിർമ്മിതമായ ഗ്രന്ഥങ്ങളിലേക്ക് സന്നിവേശിപ്പിട്ടുണ്ട്. ഈ സന്നിവേശിപ്പിക്കലിൽ ഒരിടത്തും ഇന്നവരിൽ നിന്ന് കിട്ടിയത് എന്നു പറയാത്തിടത്തോളം രചന നടത്തുന്നവരെ സംബന്ധിച്ച് അവരുടെ അസ്തിത്വത്തിനും പാരമ്പര്യ അസ്തിത്വത്തിനും പ്രാധാന്യം കൊടുക്കേണ്ടി വരുന്നു. ഇവിടെ നാട്ടിൽ ലഭ്യമായ അറിവുകളെ ക്രോഡീകരിക്കുക എന്നത് സാത്വികപ്രവർത്തിയോ നിഷ്ക്കളങ്കമോ ആണെന്നു തോന്നാം. എന്നാൽ നിലനിൽക്കുന്ന സാമൂഹ്യവ്യവസ്ഥിതിയിൽ ബ്രാഹ്മണർക്കാണ് മുൻതൂക്കം. തങ്ങളിൽ നിക്ഷിപ്തമായ ഗ്രന്ഥരചനയിൽ ഏർപ്പെടുമ്പോൾ ബ്രാഹ്മണ ആര്യ സംഭാവനയാണ് ചികിത്സ എന്ന് സ്ഥാപിക്കേണ്ടി വരികയും അവിടെ അവരുടെ അധികാരം പ്രയോഗിക്കുകയുമാണ് ചെയ്യുന്നത്. ഒരു ഗ്രന്ഥരചനയിൽ അധികാര പ്രയോഗം ഏതു വഴിയിൽ നടത്തണം എന്നതാണ് അടുത്ത കാര്യം. ചികിത്സാ അറിവുകൾക്ക് (മരുന്നറിവുകളും യോഗങ്ങളും) മേൽ ബലപ്രയോഗം സാധ്യമല്ല. അപ്പോഴാണ് സാമൂഹ്യ അധികാരപ്രകാരം പുതിയൊരു വ്യവഹാരത്തിന് മുതിരുന്നത്. അവിടെയാണ് പുരാവൃത്തത്തെ കൂട്ടുപിടിക്കുന്നത്. അപ്പോൾ അവിടെ ആര്യന്മാരിൽ നിലനില്ക്കുന്ന ഔന്നത്യശ്രേണിബന്ധങ്ങൾ കൂട്ടിച്ചേർക്കുന്നു.

ആധുനികകാലത്ത് വായിക്കുമ്പോൾ അസംബന്ധമാകാവുന്ന ഈ ശ്രേണിബന്ധങ്ങൾ രചനാകാലത്തെ സാമൂഹ്യസ്ഥിതിയെ വെളിപ്പെടുത്തുന്നു. ആ കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ അസംബന്ധമല്ല ആ കാലഘട്ടത്തിലെ വ്യവഹാരങ്ങളിലെ അധികാരരൂപമാണ് ദർശിക്കാനാവുന്നത്. കൊണ്ടും കൊടുത്തും വളർന്ന ഒരു ജ്ഞാനവ്യവസ്ഥ ഒരു വിഭാഗത്തിന്റേതു മാത്രമാക്കി തീർക്കാനുള്ള രസതന്ത്രമാണ് വിഷവൈദ്യഗ്രന്ഥങ്ങളിലെ ഔന്നത്യശ്രേണിബന്ധങ്ങളും അതിനോടനുബന്ധിച്ചുള്ള പുരാവൃത്ത നിർമ്മിതിയും.

**കൊണ്ടും കൊടുത്തും വളർന്ന ഒരു ജ്ഞാനവ്യവസ്ഥ ഒരു വിഭാഗത്തിന്റേതുമാത്രമാക്കി തീർക്കാനുള്ള രസതന്ത്രമാണ് വിഷവൈദ്യഗ്രന്ഥങ്ങളിലെ ഔന്നത്യശ്രേണിബന്ധങ്ങളും അതിനോടനുബന്ധിച്ചുള്ള പുരാവൃത്ത നിർമ്മിതിയും.**

60 വയസ്സ് പൂർത്തിയാക്കുന്ന

എ.കെ.പി.സി.ടി.എ.ക്ക്

# കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ

ഊഷ്മളമായ അഭിവാദ്യങ്ങൾ

ആശംസകളോടെ

മലബാർ ക്രിസ്ത്യൻ കോളേജ് കോഴിക്കോട്

സെന്റ് ജോസഫ്സ് കോളേജ് ദേവഗിരി കോഴിക്കോട്

ഗുരുവായൂരപ്പൻ കോളേജ് കോഴിക്കോട്

ഫറൂഖ് കോളേജ് ഫറൂഖ്


ഫറൂഖ് ട്രെയിനിംങ്ങ് കോളേജ് ഫറൂഖ്

എം.എ.എം.ഒ. കോളേജ് മുക്കം കോഴിക്കോട്

പ്രൊവിഡൻസ് വിമൻസ് കോളേജ് കോഴിക്കോട്

എസ്.എൻ കോളേജ് ചേളന്നൂർ കോഴിക്കോട്

ആർ.എസ്.എം. എസ്.എൻ.ഡി.പി.കോളേജ് കോഴിക്കോട്



**S.K. Prathap**
S.N. College, Kollam



# Watch

Then
there was this man in the neighbourhood
who wore five watches on each arm,
each watch showing a different time.
He was a watch repairer in love
with watches as broken as him.
He had swollen legs with flies on them.

Then
there was this man at the factory gate
whose back was a question mark.
He and the gate were twins;
we wondered if it was he or the gate
that was first made. He was the gate
and his watch was as good as him.
He was a watcher without a watch,
and the gate opened only at his will.


Now
we set the watch for those who eat
the meat we disapprove, or read the book
wedeem immoral. Our watch is laid
over parks, cinemas and cool shades
for girls holding hands with boys
and men marrying women out of the limits.
The watches are now out of joint.

60 ആറ് പതിറ്റാണ്ട് മുൻപ്

1957ൽ ഇ.എം.എസ് ഗവണ്മെന്റ് പൊതു തിരഞ്ഞെടുപ്പിലൂടെ കേരളത്തിൽ അധികാരത്തിൽ വന്നു. പാർലമെന്ററി സംവിധാനത്തിലൂടെ ഇന്ത്യയിൽ നിലവിൽ വന്ന ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ. ഡോ ബർഗുല രാമകൃഷ്ണറാവു ആയിരുന്നു കേരള ഗവർണർ.

### പ്രധാന നേട്ടങ്ങൾ

**1957ലെ വിദ്യാഭ്യാസ ബിൽ:** ഇ.എം.എസ് മന്ത്രിസഭയിലെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ജോസഫ് മുണ്ടശ്ശേരിയായിരുന്നു ബിൽ സഭയിൽ അവതരിപ്പിച്ചത്. **1957ലെ ഭൂപരിഷ്കരണബിൽ:** കെ.ആർ. ഗൗരിയമ്മയായിരുന്നു ബിൽ അവതരിപ്പിച്ചത്. കൃഷി ഭൂമി കർഷകന് എന്നതായിരുന്നു പ്രധാന നിർദ്ദേശം. 1957ൽ കേരള സാഹിത്യ അക്കാദമിയും, സംഗീതനാടക അക്കാദമിയും നിലവിൽ വന്നു



**Sputnik 1 - Russian:** "Satellite-1" was the first artificial Earth satellite. The Soviet Union launched it into an elliptical low Earth orbit on 4 October 1957.

**Sputnik 2 - Russian:** was the second spacecraft launched into Earth orbit, on 3 November 1957, and the first to carry a living animal, a Soviet space dog named Laika, who died a few hours after the launch.



with best compliments:

**Co-operative Society**

**S N College Kollam**



ഐഫക്റ്റോയുടെ ആഹ്വാന പ്രകാരം കോഴിക്കോട് സർവകലാശാലയിൽ നടത്തിയ നീതി ദിനം സി. ഐ. ടി. യു മലപ്പുറം ജില്ലാ പ്രസിഡന്റ് മുൻ എം.എൽ.എ. വി. ശശികുമാർ ഉദ്ഘാടനം ചെയ്തു. എ.കെ.പി.സി.ടി.എ. വൈസ് പ്രസിഡന്റ് ഡോ. പി. കെ. കുശലകുമാരിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എ.കെ.ജി.സി.ടി. സംസ്ഥാന പ്രസിഡന്റ് ഡോ. കെ. രാമകൃഷ്ണൻ എ.കെ.പി.സി.ടി.എ. സംസ്ഥാന സെക്രട്ടറി ഡോ. കെ. പി. വിനോദ് കുമാർ ആക്ട് സെക്രട്ടറി ഡോ. ഹരികുമാരൻ തമ്പി, എ.കെ.ജി.സി.ടി സംസ്ഥാന സെക്രട്ടറി ഡോ. എം. സത്യൻ എന്നിവർ സംസാരിച്ചു.

# ഉന്നത വിദ്യാമേഖലയിൽ നിന്നുള്ള കേന്ദ്ര സർക്കാർ പിന്മാറ്റം അപലപനീയം: ടി ആർ രഘുനാഥ്



യുജിസി ഏഴാം ശമ്പള പരിഷ്ക്കരണം ചർച്ച ചെയ്ത് നടപ്പിലാക്കണമെന്നും, ഇന്ത്യയിലെല്ലായിടത്തും ഒരേ സമയം ഒരേ പോലെ നടപ്പാക്കണമെന്നും, HEFA, HEERA എന്നീ നിർദ്ദേശങ്ങൾ പിൻവലിക്കണമെന്നും, സർവ്വകലാശാലകൾക്ക് ഗ്രേയ്ഡഡ് ഓട്ടോണമി നൽകാനുള്ള നീക്കം ഉപേക്ഷിക്കണമെന്നും,പൊതു വിദ്യാഭ്യാസത്തെ വാണിജ്യവൽരിക്കുകയും ദുർബ്ബലപ്പെടുത്തുകയും ചെയ്യുന്നത് അവസാനിപ്പിക്കണമെന്നും, പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കണമെന്നും ആവശ്യപ്പെട്ട് രാജ്യവ്യാപകമായി അധ്യാപക സംഘടനകളുടെ അഖിലേന്ത്യാ ഫെഡറേഷനായ ഐഫക്ടോയുടെ ആഹ്വാന പ്രകാരം എകെപിസിഐ, എകെജിസിടി, ഫുട്ടാ എന്നിവയുടെ നേതൃത്വത്തിൽ കോട്ടയം മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ മുമ്പിൽ നടന്ന 'നീതി ദിനത്തിന്റെ' ഭാഗമായി നടന്ന അദ്ധ്യാപക സംഗമവും ധർണ്ണയും സിഐടിയു കോട്ടയം ജില്ലാ സെക്രട്ടറി ടി ആർ രഘുനാഥ് ഉത്ഘാടനം ചെയ്തു. സംസ്ഥാന സർക്കാർ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പാക്കുന്ന ഘട്ടത്തിലാണ് കേന്ദ്ര സർക്കാർ ഇത്തരം നീക്കങ്ങളുമായി കടന്നു വരുന്നതെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.യോഗത്തിൽ എകെജിസിടി സംസ്ഥാന വൈസ് പ്രസിഡൻറ് ഡോ ബി കേരളവർമ്മ അധ്യക്ഷത വഹിച്ചു. എകെജിസിടി സംസ്ഥാന സെക്രട്ടറി ഡോ. സന്തോഷ് ടി വർഗീസ്, എകെപിസിഐ സംസ്ഥാന സെക്രട്ടറി ഡോ സി എം ശ്രീജിത്ത്, എംപ്ലോയീസ് അസ്സോസിയേഷൻ ജനറൽ സെക്രട്ടറി ബാബുരാജ് വാര്യർ, ഫാ മാത്യൂസ് വാഴക്കുന്നം എന്നിവർ പ്രസംഗിച്ചു. എകെപിസിഐ ജില്ലാ സെക്രട്ടറി ഡോ ജോജി അലക്സ് സ്വാഗതവും എകെജിസിടി സംസ്ഥാന വനിതാ കൺവീനർ ഡോ സുമി ജോയി ഒലിയപ്പുറം നന്ദിയും അറിയിച്ചു.



# രസായനം

തിരകല്ലിന്നടുപ്പിൻമേൽ
തിളയ്ക്കുന്നു പഴിക്കാലം
മധുരക്കയ്പുളിയുപ്പിൻ*
അറിയാത്ത രുചിപ്പാഠം

മധുരംചേർത്തുരച്ചിട്ടും
മധുവൂറാക്കനൽപോലെ
നിറംവാറ്റിക്കുറുക്കിയ
കരിനാവിൽ കടുംവാക്ക്

അരിച്ചിട്ടും പൊടിച്ചിട്ടും
ലയിപ്പിച്ചും കുടിക്കുമ്പോൾ
കുറഞ്ഞെന്നും കൂടിയെന്നും
ജീവിതത്തിന്നുപ്പുസ്വാദ്

പുളിച്ചിട്ടൊന്നിറക്കാത്ത
പഴഞ്ചോരപ്പായസങ്ങൾ
ഉറഞ്ഞിട്ടുമുറയ്ക്കാത്ത
പുളിപ്പേറും തൈരുലാവ

കലിപ്പേറും തികട്ടലാ-
ലെഴുതിയ വേപ്പുകാവ്യം
അരനാഴി ഇരുനാഴി
അളന്നിട്ടു ചെടിക്കുന്നു

ചവർത്തിട്ടും മടുത്തിട്ടും
രസങ്ങൾതൻ രുചിപ്പുര-
ക്കൊടിയേറ്റം നാവതിരിൽ
കുടമാറ്റം നടത്തുന്നു!

രസങ്ങളിലൊതുങ്ങാത്ത
നവരസച്ചേരുവകൾ
കളംമാറിക്കലർത്തുന്നു-
ണ്ടരസിരസായനം!!

*മധുരം, കയ്പ്, പുളി, ഉപ്പ് എന്ന് രസങ്ങൾ

ആര്യ ഗോപി
സാമൂതിരി ഗുരുവായൂരപ്പൻ
കോളേജ്, കോഴിക്കോട്





# മലയാള കവിതയിലെ ആര്യാവർത്തം

തെളിമയുള്ള വാക്കും കണിശമായ നിലപാടുമായി ചുരുങ്ങിയ കാലം കൊണ്ട് തന്നെ മലയാള കവിത, ലോകത്ത് ഇടം പിടിച്ച യുവകവയിത്രിയാണ് ആര്യ ഗോപി. വാക്ക് എന്ന ഉണ്മയെ തന്റെ എഴുത്തിലൂടെ നിരന്തരം പുതുക്കിപ്പണിതു കൊണ്ടിരിക്കുന്ന ആര്യ ഈടുറ്റ ഒട്ടനവധി കവിതാ സമാഹാരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അർഹതയ്ക്കുള്ള അംഗീകാരമായി നിരവധി പുരസ്കാരങ്ങളാണ് അദ്ധ്യാപനത്തെ ഒരു സർഗാത്മക ഇടമാക്കി മാറ്റിയ ഈ കവയിത്രിയെ തേടി എത്തിക്കൊണ്ടിരിക്കുന്നത്. കാവ്യരംഗത്തെ കുലപതികളുടെ നാമധേയ ത്തിലുള്ള വ്യത്യസ്തങ്ങളായ പുരസ്ക്കാരങ്ങൾ ഇതിൽ സവിശേഷ പരാമർശം അർഹിക്കുന്നു. 2004 ലെ കക്കാട് അവാർഡ്, 2003 മുതൽ തുടർച്ചയായ നാലു വർഷത്തെ പൂന്താനം പുരസ്കാരം, 2008 ലെ ചെറുശേരി സമ്മാനം, 2014ലെ വൈലോപ്പിള്ളി പുരസ്കാരം, 2016ലെ ആശാൻ അവാർഡ്, വയലാർ രാമവർമ്മ പുരസ്കാരം എന്നിവ ഇതിൽ ചിലത് മാത്രം. 2016 ലെയും 2017 ലെയും കേരള സർക്കാരിന്റെ യുവജന പുരസ്ക്കാരങ്ങളും ഇതിന് മിഴിവ് കൂട്ടുന്നു. യുവ എഴുത്തുകാർക്കുള്ള അങ്കണം അവാർഡ് 2016ൽ തേടി എത്തിയതും ഈ അദ്ധ്യാപക കവയിത്രിയെയാണ്. ഏറ്റവും ഒടുവിലായി ഒ എൻ വി യുടെ നാമധേയത്തിലുള്ള 2017 ലെ യുവ അവാർഡും ആര്യയുടെ കാവ്യജീവിതത്തിന് മാറ്റു കൂട്ടുന്നു.

## അറിയിപ്പ്

ജേർണലിൽ (കേരള പ്രൈവറ്റ് കോളേജ് ടീച്ചർ) പ്രസിദ്ധീകരണത്തിന് വേണ്ടി അയക്കുന്ന സൃഷ്ടികൾ, സോഫ്റ്റ് കോപ്പിയായി ML ഫോണ്ടുകളിൽ Text ആയി അയക്കുക. കൈയ്യെഴുത്ത് കോപ്പികൾ അയക്കാതിരിക്കുക. ഫോട്ടോയും ഫോൺ നമ്പരും നിർബന്ധമായും അയക്കുക.

എ.കെ.പി.സി.ടി.എ അതിന്റെ 60-ാം വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. സംഘടനയുടെ വജ്ര ജൂബിലി വർഷത്തെ പ്രവർത്തനങ്ങളിൽ ഉപയോഗിക്കുന്നതിനുവേണ്ടി അംഗങ്ങളിൽ നിന്ന് ലോഗോ ക്ഷണിച്ചു കൊള്ളുന്നു. താഴെ പറയുന്ന ഈ മെയിലിൽ അയക്കുവാൻ താല്പര്യപ്പെടുന്നു.

sunnynm51@gmail.com, collegeteacheredt@gmail.com Ph: 9447418715, 8921385389

ചീഫ് എഡിറ്റർ

# ബിരിയാണിയിലെ ഉതർച്ചേരുവകൾ

സോന പി.
പയ്യന്നൂർ കോളേജ്



പട്ടിണി, ദാരിദ്ര്യം, വിശപ്പ് എന്നിവ പ്രമേയമായി വരുന്ന കഥകൾ മലയാളത്തിൽ ധാരാളമായി ഉണ്ടായിട്ടുണ്ട്. അതാത് കാലത്തെ സാമൂഹിക - രാഷ്ട്രീയ അവസ്ഥകളുമായും വ്യക്തിയുടെ മാനസികലോകവുമായും ലൈംഗികതയുമായും ഒക്കെ ബന്ധപ്പെട്ട് മലയാളസാഹിത്യം ഈ പ്രമേയത്തെ ആവിഷ്ക്കരിച്ചിട്ടുണ്ട്. ദാരിദ്ര്യത്തെ പ്രണയമെന്ന ലാവണ്യാത്മക അനുഭവവുമായി ചേർത്തുവച്ച് 'ദരിദ്രയില്ലത്തെ യവാഗുപോലെ നീണ്ടിട്ടിരിക്കും നയനദ്വയന്തീ' - എന്ന് കാമുകിയുടെ കണ്ണുകളെ വർണിച്ചത് തോലകവിയാണ്. കാരൂർ, തകഴി, ബഷീർ, എം.പി. നാരായണപിള്ള, നന്തനാർ, മുകുന്ദൻ, മാധവിക്കുട്ടി, കോവിലൻ, പുനത്തിൽ തുടങ്ങി പലതലമുറയിലെ എഴുത്തുകാർ വിശപ്പിനെ പ്രമേയമാക്കിയിട്ടുണ്ട്. ആ കണ്ണിയുടെ ഇങ്ങേയറ്റത്താണ് 'ബിരിയാണി' എന്ന കഥയുടെ നിൽപ്. വിശപ്പ് എന്ന ആഖ്യാനവിഷയത്തെ മുൻനിർത്തി നോക്കിയാൽ കാരൂരിന്റെ കഥകളിൽ നിന്ന് വ്യത്യസ്തമായ തീവ്രമായ അനുഭവലോകമൊന്നും സന്തോഷ് ഏച്ചിക്കാനത്തിന്റെ ഈ കഥ തുറന്നിടുന്നില്ല.




ദേശമാണ് ബിരിയാണിയിലെ മുഖ്യ കഥാപാത്രം. ഇടത്തിൽ നിന്ന് ഇടത്തിലേക്കുള്ള സഞ്ചാരങ്ങളെയാണ് കഥ അവതരിപ്പിക്കുന്നത്. ചെർക്കളയിൽ നിന്ന് പൊയിനാച്ചിയിലേക്ക് കതിരേശനും ഗോപാൽയാദവും നടത്തുന്ന ബസ് യാത്ര, തളങ്കരയിൽ നിന്ന് ദുബായ് വരെ കലന്തൻ ഹാജി നടത്തിയ ജലയാനം, അമേരിക്കയിൽ നിന്ന് ബാംഗ്ലൂരിലേക്ക് റിസ്വാൻ നടത്തുന്ന ആകാശയാനം, ഗോപാൽയാദവിന്റെ ദേശാന്തരസഞ്ചാരങ്ങൾ, ഹൈദ്രാബാദിൽ നിന്നും അബുദാബിയിൽ നിന്നും കലന്തൻ ഹാജിയുടെ വീട്ടിലേക്കുള്ള പാചകക്കാരുടെ യാത്ര, പഞ്ചാബിൽ നിന്ന് എത്തിച്ചേരുന്ന അരി, ലാൽമാത്തിയയിൽ നിന്ന് കൽക്കരി കടത്താൽ എന്നിങ്ങനെ ജീവിതവും കൊണ്ട് മനുഷ്യരും മനുഷ്യാവശ്യങ്ങൾക്കായി വസ്തു

ക്കളും സ്ഥാനാന്തരണം നടത്തുന്ന ചല നാത്മകത കഥയിലുടനീളം ഉണ്ട്.

"ഒരു സൽക്കാരമെങ്കിലും നടത്തി നാട്ടുകാർക്കിത്തിരി ബിരിയാണി കൊടുക്കണമെന്ന് ബല്യൂപ്പുപ്പായ്ക്ക് ഒരു പൂതി. എൺപത്തിയാറ് ആയില്ലേ. ആ ഹാജത്ത് നടക്കാതെ മൂപ്പര് മയ്യത്തായാൽ പിന്നെ അത് മനസിലെന്നും ബേജാറായിക്കിടക്കുമെന്ന് ഉമ്മ പറഞ്ഞതുകൊണ്ട് റിസ്വാൻ സമ്മതിച്ചു"- എന്ന് നടക്കാനിരിക്കുന്ന ഒരു മരണത്തിന്റെ പരാമർശത്തിൽ നിന്ന് നടന്നുകഴിഞ്ഞ ഒരു മരണത്തിന്റെ (ബസ്മതിയുടെ) ഓർമ്മയിലേക്കാണ് കഥാഗതി. ഒരു വിരുന്നിന്റെ കാരണത്തിൽ തുടങ്ങി വിരുന്നൊടുക്കത്തിലേക്ക് എന്നും പറയാം. ഈ കഥാഗതിക്കിടെ ഒരേ ദേശീയത അവകാശപ്പെടുന്ന ഒരു രാജ്യത്തെ ഒരു പ്രാദേശികതയിലേക്ക് ജീവസന്ധാരണത്തിനായി മറ്റൊരു പ്രദേശത്തുനിന്ന് എത്തിപ്പെടുന്നവർ എങ്ങനെ സ്വീകരിക്കപ്പെടുന്നു, എങ്ങനെ സ്വാംശീകരിക്കപ്പെടുന്നു എന്നതിനെപ്പറ്റിയുള്ള വിചാരങ്ങൾക്ക് കഥ സംഗതിയൊരുക്കുന്നു.

"ഇഥർ നയാഹെതും?" എന്നതാണ് കഥയിലെ ആദ്യസംഭാഷണം. ഗോപാൽ യാദവ് എന്ന പരദേശിയോട് രാമചന്ദ്രൻ എന്ന തദ്ദേശവാസി ചോദിക്കുന്ന ചോദ്യമാണത്. ഗോപാൽയാദവിനായി ഒരുക്കുന്ന മീഠാപാനിലെ വെറ്റില ഞരമ്പ് കളയുന്നതിനിടയിലാണ് രാമചന്ദ്രന്റെ ഈ ചോദ്യം. "വിശന്നിട്ട്"-എന്നതാണ് കഥയിലെ അവസാന സംഭാഷണം. ഇത് പരദേശിയായ ഗോപാൽയാദവ് തദ്ദേശീയനായ സിനാന്റെ ചോദ്യത്തിന് നൽകുന്ന മറുപടിയാണ്. അയാളപ്പോൾ ഒരു കൈക്കോട്ട് മണ്ണ് കൂടി ബസ്മതിക്കുമേൽ കൊത്തിയിട്ടു. പിന്നെ ശ്വാസം ഉള്ളിലോട്ട് വലിച്ചെടുത്തു. ഈ സംഭാഷണങ്ങളുരുവിടുന്ന രണ്ടുപേരും അവരവരുടെ ജോലികളിൽ വ്യാപൃതരാണ്. പറച്ചിലിനോടൊപ്പമുള്ള അവരുടെ ക്രിയകൾക്ക് ധ്വനിമാനമുണ്ട്. മാതൃഭാഷയല്ലാത്ത ഭാഷ സംസാരിക്കുന്ന രണ്ടുപേരാണവർ. ചെയ്യുന്ന ജോലിക്ക് കുറഞ്ഞ കൂലി നൽകി ഇതരസംസ്ഥാനതൊഴിലാളിയെ ചൂഷണം ചെയ്യുമ്പോഴും അവരുടെ ഉപഭോഗതാല്പര്യത്തെ കണ്ടറിഞ്ഞ് കേരളത്തിൽ രൂപപ്പെടുന്ന കച്ചവടസംസ്കാരത്തിന്റെ പ്രതിനിധിയാണ് രാമചന്ദ്രൻ. ആഴ്ചപ്പതിപ്പിനും പത്രത്തിനുമൊപ്പം അയാളുടെ കടയിൽ ഉത്തരേന്ത്യൻ തൊഴിലാളികൾക്കുള്ള മാവാപ്പൊതികളും മീഠാപാനുമുണ്ട്. തന്റെ കച്ചവടവിജയത്തിന് അയാൾ പഠിച്ചെടുത്ത ഭാഷയാണ് "ഇഥർ നയാഹെതും" എന്ന വ്യാകരണപ്പിശകുള്ള ഹിന്ദി. സ്വന്തം ദേശത്ത് 250


സന്തോഷ് ഏച്ചിക്കാനം

കിലോ കൽക്കരിയുമായി 40 കിലോമീറ്റർ സൈക്കിൾ ചവിട്ടി ഒരു ദിവസം സമ്പാദിക്കുന്ന 150 രൂപയിൽ നിന്ന് ഗുണ്ടകൾക്കും പോലീസിനും ഇടനിലക്കാർക്കും നൽകിയശേഷം ബാക്കിയാവുന്ന 10 രൂപകൊണ്ട് ഉപജീവനം സാധ്യമാവാതെ, പട്ടിണി കിടന്നു മരിച്ച മകളുടെ ഓർമ്മയുടെ നീറ്റലും പേറി പ്രവാസിയാവുന്ന ഗോപാൽയാദവിന് അയാൾ ഉരുവിടുന്ന അന്യഭാഷ നിവൃത്തികേടിന്റെ, നിസ്സഹായതയുടെ ഭാഷയാണ്.

കേരളത്തിലേക്ക് ഇതരസംസ്ഥാനതൊഴിലാളികളുടെ കടന്നുവരവ്, പ്രാദേശികതയിൽ അവർക്കുണ്ടായ സ്വീകാര്യതയുടെ പരിണാമം എന്നിവയിലേക്ക് കഥ നൽകുന്ന സൂചനകളുണ്ട്. പൊയിനാച്ചിയിൽ നിർത്തിയ ബസിൽ നിന്ന് ഇറങ്ങിയ യാത്രികരുടെ ക്രമം കേരളത്തിലേക്കുള്ള ഇതരസംസ്ഥാനതൊഴിലാളികളുടെ കുടിയേറ്റക്രമത്തിനും കൂലിക്രമത്തിനും അനുസരിച്ചാണ്. കതിരേശൻ എന്ന തമിഴൻ, ബംഗാളികൾ, ഗോപാൽയാദവ് എന്ന ബീഹാറി എന്ന ക്രമത്തിലാണവർ ബസിറങ്ങുന്നത്. മലയാളിക്ക് ആദ്യകാലത്ത്, ഗോപാൽ യാദവിനെയെന്നപോലെ ഇഷ്ടാനുസരണം അവമതിക്കുകയും ചൂഷണം ചെയ്യുകയും ചെയ്യാവുന്ന സാന്നിധ്യമായിരുന്നു തമിഴന്റേത്. എന്നാൽ കാലക്രമേണ നമ്മൾ നമ്മുടെ പ്രാദേശികതയോട് അവരെ ചേർത്തുവച്ചു. കഥാകാലമായപ്പോൾ തമിഴനുമായി മലയാളിയായ തോമാച്ചന് ഫോൺബന്ധവും തൊഴിൽബന്ധവും ഉണ്ട്. കൂടുതൽ 'അന്യ'മായ ഉത്തരേന്ത്യയിൽ നിന്ന് ബംഗാളികളും പിന്നീട് ബീഹാറികളും വന്നു ചേരാൻ തുടങ്ങിയ



പ്പോൾ തമിഴ്നാട്ടുകാർ മലയാളികൾക്ക് കൂടുതൽ സ്വീകാര്യരായി. ഈ സ്വീകാര്യതയ്ക്കനുസരിച്ചാണ് തൊഴിലാളികൾക്കുള്ള കൂലിയും നിശ്ചയിച്ചുവച്ചിരിക്കുന്നത്. മലയാളികൾക്ക് 600, തമിഴന് 500, ബംഗാളിക്ക് 350, ബീഹാറിക്ക് 250. കേരളത്തിലേക്കുള്ള പ്രവാസികളുടെ വരവിന്റെ, ഇടപെടലിന്റെ കാലപ്പഴക്കത്തിനനുസരിച്ച് പ്രാദേശികമായ സാമീപ്യത്തിനും അകൽച്ചയ്ക്കുമനുസരിച്ച് ക്രമപ്പെടുത്തിയ വ്യവസ്ഥയാണിതെന്ന് കാണാം. ദേശത്തിനകത്തുനിന്ന് ദേശത്തിന് പുറത്തേക്ക് സഞ്ചരിക്കുന്ന കഥയാണ് ബിരിയാണി. കാസർഗോഡ് അല്ല കേരളമാണ് ബിരിയാണിയിലെ ദേശം.

മറ്റൊരു പ്രാദേശികസംസ്കൃതിയുടെ പ്രതിനിധികളായ മനുഷ്യരെ മലയാളികൾ തങ്ങളിലേക്ക് സ്വാംശീകരിക്കുന്നതെങ്ങനെയെന്നും തികച്ചും ന്യൂനപക്ഷമെങ്കിലും അവർക്കനുസരിച്ച് പ്രാദേശികതയിൽ മാറ്റങ്ങൾ പ്രകടമാവുന്നതെങ്ങനെ എന്നതിനെക്കുറിച്ചും കഥയിൽ വായന സാധ്യമാവുന്നുണ്ട്. ഉൾനാട്ടിലെ കടകൾ പോലും മറുനാടൻ തൊഴിലാളികളുടെ താല്പര്യങ്ങൾ കണ്ടറിഞ്ഞ കച്ചവടസംസ്കൃതിയിൽ രൂപപ്പെട്ടതാണ്. ഗോപാൽ യാദവ് ബീഹാറിയാണെന്നറിയുമ്പോൾ കച്ചവടക്കാരൻ രാമചന്ദ്രൻ പറയുന്നത് ''ഓ...... അപ്നാ ലാലുജീകാ ദേശ് ഹേനാ'' എന്നാണ്. അധികാരിയായ ലാലുപ്രസാദ് യാദവാണ് പ്രാദേശികതയിൽ അധികാരമുള്ള രാമചന്ദ്രനെ സംബന്ധിച്ചിടത്തോളം തൊട്ടുമുന്നിൽ നിൽക്കുന്ന ഗോപാൽയാദവിനേക്കാൾ ''അപ്നാ''. അധികാരിയെന്ന നിലയിൽ അയാൾക്ക് ലാലുജിയോട് ഭാവൈക്യമുണ്ട് എന്നതിനാലാണത്. ഭാഷാബോധത്തിൽ വന്നുചേരുന്ന പരിണാമങ്ങളെക്കുറിച്ചുള്ള സൂചനകളും ശ്രദ്ധേയമാണ്. തൊണ്ണൂറുകളുടെ രണ്ടാം പാതിയിൽ പുറത്തിറങ്ങിയ ''നിറം'' എന്ന സിനിമയിൽ ''ശുക്രിയാ'' എന്ന വാക്കിന്റെ അപരിചിതത്വത്തെ ഉപയോഗപ്പെടുത്തി ഉണ്ടാക്കുന്ന ഒരു തമാശരംഗമുണ്ട്. അന്ന് മലയാളിയെ സംബന്ധിച്ച് ആ വാക്ക് അതിപരിചിതമല്ലാത്തതിനാലാണ് ജനപ്രിയസിനിമയിൽ അങ്ങനെയൊരു തമാശ സാധ്യമായത്. പിന്നീട് ബംഗാളികളും ബീഹാറികളും ധാരാളമായി കടന്നുവരാൻ തുടങ്ങിയ കേരളത്തിന്റെ വടക്കൻ ജില്ലയിൽ ''ശുക്രിയാ'' ഒരു ബസ്സിന്റെ പേരാക്കാൻ പറ്റുന്നിടത്തോളം പരിചിതമായ വാക്കായി മാറുന്നു. ഗോപാൽയാദവ് പൊയിനാച്ചി ജംഗ്ഷനിൽ വന്നിറങ്ങുന്നത് ''ശുക്രിയാ'' ബസിലാണ്. ധാരാളം ഹിന്ദിപദങ്ങളും സംഭാഷണശകലങ്ങളും കഥയിലുണ്ടെങ്കിലും അവയ്ക്കൊന്നും അടിക്കുറിപ്പായി മലയാളവിവർത്തനമില്ല. കഥയിൽ ആകെ അടിക്കുറിപ്പു നൽകിയിട്ടുള്ളത് ''ഹാജത്ത്'', ''ഇടീല്'' എന്നീ രണ്ട് പദങ്ങൾക്കാണ്. ഈ പദങ്ങളാവട്ടെ വടക്കൻ കേരളത്തിലെ മുസ്ലീം ഭാഷാഭേദത്തിൽ പ്രയോഗത്തിലുള്ളതുമാണ്. ഇവിടെ മലയാളി വായനക്കാരെ സംബന്ധിച്ച് അന്യം, അപരം എന്നൊക്കെയുള്ള പരികല്പനകൾ മാറിമറിയുന്നതായി കാണാം. ഹിന്ദിപദങ്ങൾ വായനക്കാരന് പരിചിതവും പ്രാദേശിക ജാതിഭാഷാഭേദപദങ്ങൾ അന്യവുമായി എഴുത്തുകാരൻ തിരിച്ചറിയുന്നു.

ബിരിയാണിയെക്കുറിച്ച് എടുത്തുപറയേണ്ട മറ്റൊരു സംഗതി അത് മലയാളിയുടെ പൊതുബോധത്തിന് നൽകിയ സ്വാസ്ഥ്യത്തെക്കുറിച്ചാണ്. പരിഷ്കൃതരും വികസനതല്പരരും സമ്പൂർണസാക്ഷരരും എന്ന് അടയാളപ്പെടുത്തി തൃപ്തരായ മലയാളി സമൂഹത്തിന് മുന്നിൽ വിശപ്പ് ഒരു അപരാനുഭവമായി അന്യസംസ്ഥാനക്കാരന്റെ ജീവിതം കൊണ്ട് സ്ഥാപിക്കുകയാണ് കഥാകൃത്ത് ചെയ്തത്. കേരളത്തിൽ അയൽക്കാരുടെ പോലും ശ്രദ്ധയിൽപെടാതെ പട്ടിണികിടന്ന് മരിച്ച് ദിവസങ്ങൾ കഴിഞ്ഞ് കണ്ടെടുക്കപ്പെട്ട വൃദ്ധയുടെ ശരീരം ഈ കഥ വന്ന കാലത്ത് പത്രവാർത്തയായിരുന്നു. എങ്കിലും ബിരിയാണിയെന്ന കഥ നമുക്ക് നൽകിയ സ്വാസ്ഥ്യം വിശപ്പ് എന്ന അപരാനുഭവമാണെന്നതാണ്. കഥയുമായി ബന്ധപ്പെട്ട് പ്രതിനിധാനവായന നടന്ന സാഹചര്യത്തിൽ കലന്തൻ ഹാജിക്കുപകരം ഒരു ഹിന്ദുസമ്പന്നന്റെ വിരുന്നിനെ അവതരിപ്പിച്ച് എം 80 മൂസ എന്ന പരമ്പരയിൽ ബിരിയാണിയുടെ കഥാതുടർച്ച എന്ന രീതിയിൽ ആവിഷ്കാരമുണ്ടായി. ഈ ദൃശ്യാവിഷ്കാരം മേൽപ്പറഞ്ഞ സ്വാസ്ഥ്യത്തെ സ്ഥാപിക്കുന്ന തരത്തിലാണ്. ജോലിക്കിടെ തളർന്നുവീണ ബംഗാളിയെ വീട്ടിൽ കൊണ്ടുപോയി അയൽപക്കത്തെ കല്ല്യാണവീട്ടിൽ ബാക്കിവന്ന ബിരിയാണിയുടെ പങ്ക് വിളമ്പിയൂട്ടുന്ന മലയാളിദമ്പതികളുടെ സഹതാപവും ഉദാരതയും ശരീര



ഭാഷയിൽ പ്രകടമാണ്. അയാളുടെ പാത്രത്തിലേക്ക് ഇടതടവില്ലാതെ കുമ്പാരം കൂട്ടി വിളമ്പിക്കൊണ്ടേയിരിക്കുന്ന വീട്ടമ്മയുടെ ദൃശ്യം കഥയ്ക്ക് കൂടുതൽ ജനകീയമായ മാധ്യമത്തിലേക്കുള്ള തുടർച്ചയാണ്. ഇല്ലായ്മയും ദാരിദ്ര്യവും കേരളീയന് അന്യമായ അനുഭവവും തങ്ങൾ തികഞ്ഞ ഉദാരമാനവികതയുടെ വക്താക്കളുമാണെന്ന സ്വാസ്ഥ്യപ്പെടലിലാണ് ആ രംഗം ചെന്നുനിൽക്കുന്നത്. ബിരിയാണിയിലെ വിശപ്പിനെ നമുക്കന്യമായ അവസ്ഥയെന്ന ആശ്വാസത്തോടെയും അഭിമാനത്തോടെയുമാണ് മലയാളിനോക്കിക്കണ്ടത്. അതുകൊണ്ടുതന്നെ സാധാരണ അനുവാചകരെ ജീവിതവിമർശനം കൊണ്ടല്ല സഹതാപതരംഗമുയർത്തിവിട്ടാണ് കഥകൂടെ കൂട്ടിയത്.

തൊഴിലന്വേഷിച്ചുപോയി ലോകത്തിന്റെ പലഭാഗങ്ങളിൽ പ്രവാസജീവിതം നയിച്ച മലയാളിയുടെ ചരിത്രം കേരളത്തിന്റെ സമ്പദ്ഘടനയുടെയും സാമൂഹിക ജീവിതഘടനയുടെയും ചരിത്രം കൂടിയാണ്. കേരളത്തിലേക്കുള്ള പ്രവാസത്തിന്റെ സൂക്ഷ്മതകളിലേക്ക് പ്രകടമായ ചൂണ്ടുപലകയായി ബിരിയാണിയെന്ന കഥയെ കാണാം. പ്രവാസികളാൽ പുലരുന്ന വലിയൊരു വിഭാഗം ജനങ്ങൾ ജീവിക്കുന്ന കേരളത്തിൽ ഇവിടെ വന്നുചേർന്ന പ്രവാസികളോട് നാം കാട്ടുന്ന മനോഭാവവും നിലപാടും കഥ ഉന്നയിക്കുന്ന പ്രധാന പ്രശ്നമാണ്. ഉത്തരേന്ത്യക്കാരായ പ്രവാസികൾ ഇടപെടുന്ന കുറ്റകൃത്യങ്ങൾ പ്രധാന ചർച്ചയായി പൊലിപ്പിക്കപ്പെടുകയും അവരെ കുറ്റവാസനയുള്ളവരെന്ന് സാമാന്യവൽക്കരിക്കുകയും ചെയ്യുന്ന പൊതുബോധമാണ് നമ്മുടേത്. റൂബിൻ ഡിക്രൂസ് നടത്തിയ പ്രതിനിധാനവായനയും സോഷ്യൽമീഡിയയിലും പുറത്തും നടന്ന സംവാദങ്ങളും സാഹിത്യപാഠം എന്ന നിലയിൽ കഥയെ സജീവചർച്ചയ്ക്ക് വിധേയമാക്കി. എന്നാൽ കേരളത്തിലെത്തുന്ന ഇതരസംസ്ഥാനക്കാർ അനുഭവിക്കുന്ന ചൂഷണങ്ങളെയും പ്രതിസന്ധികളെയും മുൻനിർത്തിയുള്ള സാമൂഹ്യചർച്ചകളിലേക്ക് ഇത് വികസിച്ചില്ല. കേരളത്തിലെ പ്രവാസിപ്രശ്നങ്ങളെ മുൻനിർത്തിയുള്ള ഒരു രാഷ്ട്രീയ ഭാവുകത്വത്തിലേക്ക് നടന്നുകയറാനുള്ള ആവശ്യകത കഥ വ്യക്തമായും മുന്നോട്ടുവയ്ക്കുന്നുണ്ട്.



# ഉന്മാദത്തിന്റെ നിറങ്ങൾ


**ഡോ. എൻ. രേണുക**
എൻ.എസ്.എസ്. കോളേജ്
ചേർത്തല



വിദൂരസാക്ഷികളാകുവാൻ വിധിക്കപ്പെട്ടവയാണ് ജീവചരിത്രങ്ങളിലധികവും. ആദിമധ്യാന്തപ്പൊരുത്തമുള്ള ഒരു കഥപോലെ കുറുകിയിരിക്കും. രേഖീയമായ കാലത്തിലൂടെ, സംഭവപരമ്പരകളിലൂടെ ഘട്ടംഘട്ടമായി ഒരു ജീവിതം അങ്ങനെ അവസാനിച്ചുപോകുന്നതായി ചിലപ്പോഴെല്ലാം അനുഭവപ്പെടാറുണ്ട്. ഉൾക്കയങ്ങളിലൂടെ സഞ്ചരിക്കുകയെന്നത് ആത്മകഥകൾക്കുപോലും അസാധ്യമാണ്. കിഷോരി അമോൻകറുടെ എൺപത്തിനാലുവർഷത്തെ ജീവിതത്തെയും ഇങ്ങനെ കാലഗണനാപരമായി സമീപിക്കാവുന്നതാണ്. എന്നാൽ ഹിന്ദുസ്ഥാനി സംഗീതചരിത്രത്തിൽ അവർ നടത്തിയ സർഗാത്മകമായ കലാപങ്ങൾ, പുരണങ്ങൾ, ശൈലീപരമായ വ്യതിയാനങ്ങൾ, 'സംവിദ് വിശ്രാന്തി' എന്നൊക്കെ പറയുവാൻ സാധിക്കുന്ന വിധം ദേശകാലമുക്തമായ ആന്തരികയാത്രകൾ, ക്ഷോഭങ്ങൾ. ഇതിനെയൊന്നും രേഖപ്പെടുത്തുവാൻ സംഗീതമല്ലാതെ മറ്റ് ഉപാധികളൊന്നും ഇല്ല എന്നാണ് കാലം തെളിയിച്ചത്. കിഷോരി അമോൻകറുടെ ശബ്ദത്തി

ലെ ഭാവവ്യതിരിക്തതകൾ അത്രത്തോളം സൂക്ഷ്മമായിരുന്നു. മോഹിപ്പിക്കുന്ന സ്വരമാധുരികളിൽ അകപ്പെട്ട് അനുഭൂതിയുടെ ഭാഷയിലൂടെ അവരെ സമീപിക്കുക അസാധ്യമായിരുന്നു. അഭിമുഖസംഭാഷണങ്ങൾക്കായി എത്തുന്നവരോട് 'സംഗീതത്തെക്കുറിച്ച് നിങ്ങൾക്കെന്തറിയാം?' എന്ന് പരീക്ഷിച്ചിട്ടുമാത്രം ഒരു സംവാദത്തിന് തയ്യാറായി. ജ്ഞാനം കൊണ്ട് തളിർത്ത സുന്ദരിയക്ഷി എന്ന സങ്കല്പത്തോടുമാത്രം ഉപമിയ്ക്കാൻ സാധിക്കുന്ന സംഗീതജ്ഞ. അതിസങ്കീർണ്ണമായ വ്യക്തിത്വത്തിന് ഉടമയായിരുന്നു കിഷോരി അമോൻകർ. ഒരേസമയം ശാസ്ത്രീയവും ഭൗതികവുമായ മണ്ഡലങ്ങളിൽ വ്യാപരിക്കുകയും അയുക്തികമെന്നു തോന്നിക്കുന്ന മാന്ത്രികാനുഭവങ്ങളിലും കെട്ടുകഥകളിലും അഭിരമിക്കുകയും ചെയ്തു. ജയ്പൂർ-അത്രൗലി ഘരാനയിലെ പ്രശസ്തയായ സംഗിതജ്ഞ മോഗുബായ് കുർദികറുടെയും മാധവദാസ് ഭാട്യയുടെയും മകളായി 1931 ഏപ്രിൽ 10ന് മുംബൈയിലാണ് കിഷോരി അമോൻകർ ജനിക്കുന്നത്. ജയ്പൂർ-അത്രൗലി ഘരാനയിൽ ഉസ്താദ് അല്ലാദിയാഖാന്റെ ശിഷ്യയായിരുന്നുവെങ്കിലും മോഗുബായ് സ്വതന്ത്രമായ സംഗീതസംസ്കാരത്തിലേക്ക് വഴിമാറിത്തുടങ്ങിയിരുന്നു. പ്രഗത്ഭയായിരുന്നുവെങ്കിലും എന്തുകൊണ്ടോ അവർ വ്യാപകമായി അംഗീകരിക്കപ്പെട്ടില്ല. അകാലവൈധവ്യത്തെത്തുടർന്ന് മൂന്നു മക്കളുള്ള തന്റെ കുടുംബത്തെ സംരക്ഷിക്കുവാൻ വേണ്ടി ചെറുതെന്നോ വലുതെന്നോ വ്യത്യാസങ്ങളില്ലാതെ സംഗീത പരിപാടികൾ അവതരിപ്പിച്ചും ശിഷ്യരെ പരിശീലിപ്പിച്ചും മോഗുബായ് സാഹചര്യങ്ങളെ മറികടന്നു. രാപ്പകലുകളില്ലാതെ തംബുരുവുമായി അമ്മയെ അനുഗമിച്ച കിഷോരിയിൽ സ്വരങ്ങളെക്കാളും രാഗങ്ങളെക്കാളും മുൻപേ സംഗീതത്തെക്കുറിച്ചുള്ള ദർശനം ദൃഢമായിത്തീർന്നിരിക്കണം. വിട്ടുവീഴ്ചകളില്ലാത്തവിധം സംഗീതനിഷ്ഠമായ ജീവിതദർശനമാണ് കിഷോരി അമോൻകറെ നയിച്ചിരുന്നത്. സ്വാതന്ത്ര്യപൂർവ്വഘട്ടങ്ങളിൽ ഇന്ത്യൻ സമൂഹം കലാകാരികളോടു പുലർത്തിയിരുന്ന മനോഭാവത്തിൽ സദാചാരഭീഷണികളോടൊപ്പം കടുത്ത അവഗണനകളുമുണ്ടായിരുന്നു. സ്വതന്ത്രയായ സംഗീതജ്ഞയെന്ന നിലയിൽ നിലനിൽക്കുവാൻ അർഹതയുണ്ടായിരുന്നിട്ടും മോഗുബായ് കുർദ്ദിക്കർ അടക്കമുള്ള തലമുറയിലെ പാട്ടുകാരികൾ അവഗണിക്കപ്പെട്ടിരുന്നു. കിഷോരി അമോൻകറുടെ ജീവിതത്തിൽ ചില ഘട്ടങ്ങളിലും മുതിർന്ന സംഗീതജ്ഞർ കടുത്ത നിശ്ശബ്ദതകൊണ്ട് തന്നെ അവഗണിച്ചിരുന്നുവെന്ന് അവർ ഓർമിക്കുന്നുണ്ട്. പരിഗണിക്കപ്പെടാതെ പോയ സംഗീതമൂല്യത്തെക്കുറിച്ചും ഘരാനകളുടെ അടഞ്ഞഘടനകളിൽ അകപ്പെടുന്നതിലുള്ള അപകടത്തെക്കുറിച്ചുമാണ് കിഷോരി അമോൻകർ ചിന്തിച്ചിരുന്നത്. അവർ ഘരാനകൾക്ക് എതിരായിരുന്നില്ല. പക്ഷേ അതിലെ 'അനാചാരനീതി'കൾക്കെതിരെ നിരന്തരം നടത്തിയ മാനസികയുദ്ധങ്ങളാണ് കിഷോരി അമോൻകറെ റൊമാന്റിക് സംഗീതജ്ഞയാക്കി മാറ്റിയത്.

മോഗുബായിയുടെ ശിഷ്യയായിത്തീരുംമുമ്പേ മറ്റൊരു സംഗീതാദ്ധ്യാപികയുടെ കീഴിലാണ് കിഷോരി സംഗീതം പഠിച്ചുതുടങ്ങിയത്. പ്രശസ്തയായ ഒരു സംഗീതജ്ഞയുടെ മകളായിരുന്നിട്ടും ലളിതമായ മാറ്റങ്ങൾക്കു പോലും വഴങ്ങാത്ത കിഷോരിയുടെ ശബ്ദത്തെക്കുറിച്ച് ആ അദ്ധ്യാപിക പരാതിപ്പെട്ടിരുന്നു. അതിനുശേഷമാണ് മോഗുബായ് തന്നെ കിഷോരിയുടെ പഠനം ഏറ്റെടുത്തത്. അമ്മയ്ക്കും ഗുരുവിനുമിടയിലെ പരിശീലനകാലം കിഷോരി അമോൻകർ സൂചിപ്പിക്കുന്നുണ്ട്. അമ്മ രണ്ടുവട്ടം മാത്രം പാടി. മൂന്നാമത് ആവർത്തിക്കില്ല. സ്വരത്തിൽ മാത്രം ശ്രദ്ധിച്ചു. ഓരോ സാഹചര്യങ്ങളിലും അതിനുവരുന്ന വ്യതിയാനങ്ങൾ ചോദിച്ചറിഞ്ഞു. രാഗമോ രാഗധാരികളോ ഏതെന്നറിയാതെ കേൾവിയിൽ പതിഞ്ഞ സ്വരങ്ങളെ നിശിതമായ 'ഓർമ'യിലേക്ക് ആവാഹിച്ചു പരിശീലനം തുടർന്നു. തന്നെ പരിശീലിപ്പിക്കാനെത്തിയ അദ്ധ്യാപികയുടെ പരിഹാസം കിഷോരി അമോൻകർ എക്കാലത്തും ഓർത്തിരുന്നുവെന്നാണ് പറയുന്നത്. അതിനാൽ 'സ്വര'ത്തെ സുപ്രധാനമായി കണ്ടു. സ്വന്തം ശബ്ദത്തിൽ മാത്രം അഭിരമിക്കുന്ന മാനുഷിക പരിമിതികളെക്കുറിച്ച് പിൽക്കാലത്ത് സൂചിപ്പിക്കുന്നുണ്ടെങ്കിലും കിഷോരി ശബ്ദത്തിനു മുകളിൽ ധ്യാനനിരതയായി. അതിനു മുകളിൽ അദ്ധ്വാനിച്ചു. ഇരുപത്തിയഞ്ചാം വയസ്സിൽ ശബ്ദം പൂർണ്ണമായും നഷ്ടപ്പെട്ട് നിശ്ശബ്ദയായപ്പോഴും പലതലങ്ങളിൽ ശാബ്ദികമായ ഈ അന്വേഷണം തുടർന്നു. മോഗുബായിയുടെ കീഴിൽ ക്ലാസ്സിക്കൽ സംഗീതം അഭ്യസിക്കുമ്പോഴും അക്കാലത്ത് റേഡിയോയിലൂടെ കേട്ടിരുന്ന ചലച്ചിത്രഗാനങ്ങളിലും ലളിതഗാനങ്ങളിലും കിഷോരി അമോൻകർ വ്യാപരിച്ചിരുന്നു. വരികളും ഈണങ്ങളും ഭ്രാന്തമായി അവരെ സ്വാധീനിച്ചു. പിൽക്കാലത്ത് കിഷോരി അമോൻകറുടെ സംഗീതത്തിന്റെ തത്വദർശനം തന്നെയായി അറിയപ്പെട്ട 'വൈകാരികമൂല്യ'ത്തിന്റെ അടിസ്ഥാനം ഈ മമതകളായിരുന്നു. 'ഖവാലി'യിലേക്ക് കയറിവന്ന ദേശി-നാടോടി ഈണങ്ങളിൽ ഈ കാലം നിറഞ്ഞിരുന്നു. സാങ്കേതികമായി ജയ്പൂർ ഘരാനയുടെ



രീതി പിന്തുടർന്നിരുന്ന കിഷോരി ഒരു ഘട്ടത്തിൽ സിനിമാസംഗീതത്തില ആകൃഷ്ടരായി. 'ഗീത് ഗായാ പഥരോം നേ' എന്ന സിനിമയിൽ പാടിയെങ്കിലും അക്കാലത്തെ പിന്നണിഗായകരുടെ വിലകുറഞ്ഞ മാത്സര്യത്തിന്റെ ഫലമെന്നോണം കിഷോരിയുടെ റെക്കോർഡുകൾ ഒരു രാത്രികൊണ്ട് കടകളിൽ നിന്നും നീക്കം ചെയ്യപ്പെട്ടു. സിനിമാസംഗീതത്തിനു പുറകേ പോയാൽ ഇനി തംബുരുവിൽ തൊടരുതെന്ന മോഗുബായിയുടെ വിലക്കും കിഷോരിയെ സിനിമാദേഹത്തിൽ നിന്നും പിന്തിരിപ്പിച്ചു. കിഷോരി അമോൻകർ എന്ന സംഗീതജ്ഞയുടെ ജീവിതത്തിൽ മാത്രമല്ല ഹിന്ദുസ്ഥാനി സംഗീതചരിത്രത്തിലും അതൊരു വഴിത്തിരിവായിത്തീർന്നു.

ജയ്പൂർ ഘരാനയിൽ ഉസ്താദ് അല്ലാദിയാഖാന്റെ ശിഷ്യയായിരിക്കുമ്പോഴും മോഗുബായ് സ്വതന്ത്രമായ സംഗീതസങ്കല്പങ്ങൾ സൂക്ഷിച്ചിരുന്നു. കാലഘട്ടത്തിന്റെ സവിശേഷത കൊണ്ട് ക്ലാസ്സിസിസത്തിന്റെ രൂപപരവും വിരക്തവുമായ സംഗീതപദ്ധതികളിൽ നിന്ന് വിപ്ലവകരമായി വ്യതിചലിക്കുവാൻ ആ തലമുറയിലെ സംഗീതജ്ഞന്മാർക്കായില്ല എന്നു മാത്രം. ഖയാൽ സംഗീതത്തിന്റെ ചരിത്രത്തിൽ മൂന്നുഘട്ടങ്ങൾ സംഗീതനിരൂപകർ സൂചിപ്പിച്ചുകണ്ടിട്ടുണ്ട്. സാമൂഹിക-സാംസ്കാരിക ഘടകങ്ങളാൽ നിയന്ത്രിതമായിരുന്ന സംഗീതചരിത്രത്തെയാണ് മനസ്സിലാക്കേണ്ടത്. ക്ലാസ്സിസിസത്തിൽ നിന്ന് റൊമാന്റിസത്തിലേയ്ക്കുള്ള ഹിന്ദുസ്ഥാനി സംഗീതത്തിന്റെ പരിവർത്തനചരിത്രമാണിത്. ഉസ്താദ് ഫയാസ് ഖാന്റെ അധീനതയിൽ ഉള്ള സ്വാതന്ത്ര്യപൂർവ്വഘട്ടം, 1974-ൽ ഉസ്താദ് അമീർഖാൻ മരിയ്ക്കും വരെയുള്ള കാലം, തുടർന്ന് കുമാർഗന്ധർവ്വയും കിഷോരി അമോൻകറും വികസിപ്പിച്ചെടുത്ത കാല്പനിക സംഗീതത്തിന്റെ വസന്തകാലം. സാങ്കേതികമായ ഈ വിഭജനം എത്രത്തോളം യുക്തിഭദ്രമാണെന്ന് പറയാനാവില്ലെങ്കിലും ഇത്തരം ചില വിചാരങ്ങൾ സംഗീതചരിത്രത്തിൽ

നടന്നിട്ടുണ്ടെന്നത് നിരാകരിക്കാനാവില്ല. മുൻപ് സൂചിപ്പിച്ചതുപോലെ നാടോടി ഈണങ്ങൾ ഖയാൽ പദ്ധതിയിലേക്ക് വൈകാരികമായി സംക്രമിക്കുന്ന കാലം റൊമാന്റിക് കാലമാണ്. ക്ലാസ്സിക് പാരമ്പര്യത്തിൽ നിന്ന് വികസിക്കുകയും റൊമാന്റിക് മേഖലകളിലേക്ക് വിവൃതമാകുകയും ചെയ്യുന്ന ശൈലീപരമായ പരിണാമമാണ് കിഷോരി അമോൻകറുടെ സംഗീതത്തിലെ അനന്യത. സ്വരമാധുരിയോടൊപ്പം സംഗീതരൂപങ്ങളും അകമ്പടി വാദ്യങ്ങളും സൗന്ദര്യശാസ്ത്രവും മാറുന്നനുണ്ട്. ഖയാൽ, ദുമ്രി, ഭജൻ എന്നീ മേഖലകളിൽ അധൃഷ്യയായിത്തീർന്ന കിഷോരിയ്ക്ക് ഭാവഗാനങ്ങളോടുള്ള ആഭിമുഖ്യം പ്രകടമാണ്. ഘരാനകളുടെ കാർക്കശ്യങ്ങളെ വെറുത്തിരുന്നുവെങ്കിലും കിഷോരിയുടെ ജനിതകഘടനയിൽ - പൂർവ്വസ്മൃതികളിൽ ജയ്പൂർ-അത്രൗലി ഘരാനയുടെ സ്വാധീനമുണ്ടായിരുന്നു. അവർ തായ് വഴികളെ ബഹുമാനിച്ചിരുന്നു. വ്യക്തിഗതമായ ശൈലികളിലൂടെ ആ ഘരാനയെ നവീകരിച്ചു. 'സമയപ്രവാഹത്തിൽ കൊത്തിയെടുതത ശില്പം' പോലെ അവിഭജിതമായ രൂപഭാവങ്ങളാണ് ക്ലാസ്സിക്കൽ സംഗീതശൈലി പിന്തുടർന്നിരുന്നതെങ്കിൽ കിഷോരി അമോൻകർ ഉൾപ്പെടെയുള്ള കാല്പനിക സംഗീതജ്ഞരുടെ സംഗിതം. മനുഷ്യാനുഭവങ്ങളുടെയും അജ്ഞേയമായ ഭാവങ്ങളുടെയും തികച്ചും സ്വതന്ത്രവും ഇലാസ്തികവുമായ ഘടനകളിലേയ്ക്ക് പടർന്നുപോയി. കിഷോരി അമോൻകറുടെ സംഗീതജീവിതത്തെ ആസ്പദമാക്കി അമോൽപലേക്കർ തയ്യാറാക്കിയ 'ഭിന്ന ഷഡ്ജം' എന്ന മനോഹരമായ ഡോക്യുമെന്ററിയില ലോകപ്രസിദ്ധ തബലവാദകനായ സക്കീർ ഹുസൈൻ ഇതു രേഖപ്പെടുത്തുന്നുണ്ട്. വിവിധ 'മൂഡു'കളിലേയ്ക്കുള്ള പ്രയാണങ്ങളാണ് കിഷോരിയുടെ സംഗീതമെന്ന്.

''Her Music is like a painting that embodies every detail of someone's life. There is great happiness, great sadness, great anger, frustration, the desperation. It all comes concentrated in a little piece.'

കലർപ്പുകളുടെ സഞ്ചയത്തിലൂടെ യാത്രചെയ്ത് ആത്മാനുഭവങ്ങളുടെ കയങ്ങളിലേക്ക് മരണക്കിണറിലേക്കെന്ന പോലെ എടുത്തെറിയുന്ന സംഗീതം. ആത്മനിഷ്ഠവും സ്വതന്ത്രവുമായ വഴികളിലൂടെ സഞ്ചരിക്കുവാനുള്ള സാഹചര്യങ്ങൾ കിഷോരി അമോൻകർക്കുണ്ടായിരുന്നു. ചലച്ചിത്ര-ലളിതഗാനപദ്ധതിയോടുള്ള ആഭിമുഖ്യം പോലെതന്നെ പ്രധാനമാണ് കിഷോരിയുടെ ഗുരുക്കന്മാരുടെ പാരമ്പര്യവും. മോഗുബായ് വിവിധ ഘരാനകളിലെ വിദഗ്ദ്ധരായ സംഗീതജ്ഞരുടെ അടുത്ത് കിഷോരിയെ അഭ്യസിപ്പിച്ചിരുന്നു. ആഗ്രഘരാനയിലെ അൻവർ ഹുസൈൻ ഖാൻ, ഭിംഡി ബസാർ



ഘരാനയിലെ അഞ്ജലിബായ് മാൽപേക്കർ, ഗ്വാളിയോർ ഘരാനയിലെ ശരത്ചന്ദ്ര ആരോൾക്കർ, മോഹൻ റാവു പാലേക്കർ, ബാലകൃഷ്ണ ബുവ പർവട്കർ എന്നിവരുടെ ശിഷ്യയായിരുന്ന ഒരു സംഗീതജ്ഞയ്ക്ക് എങ്ങനെ അടഞ്ഞ വഴികളിലൂടെ യാത്രചെയ്യാനാകും? ഗുരുവിന്റെ മനോഭാവം പ്രധാനമാണ്. ആഗ്ര ഘരാനയിലെ അൻവർ ഹുസൈൻ ഖാൻ മൂന്നുമാസം കൊണ്ടാണ് 'ബഹാദൂർ തോടി' അഭ്യസിച്ചത്. ആഗ്രഘരാനയുടെ രീതിശാസ്ത്രം പിന്തുടർന്നിരുന്ന അദ്ദേഹം കിഷോരിയെ അതിനു നിർബന്ധിച്ചില്ല എന്നത് ശ്രദ്ധേയമാണ്. അദ്ദേഹത്തിന്റെ നിർദ്ദേശം ഇങ്ങനെയായിരുന്നു. 'Child, do not sing this way we do. You move according to the quality of your own voice softly' ഇതൊരു വലിയ അവബോധമാണ്. മാതൃകകളിൽ നിന്ന് ശിഷ്യയെ മോചിപ്പിക്കുന്ന ഗുരു. ഈ ആത്മബോധത്തിലൂടെയായിരിക്കണം കിഷോരി പിന്നീട് സഞ്ചരിച്ചത്. അനേകം ഘരാനകൾ കണ്ടു സ്വക്ഷേത്രത്തിൽ മടങ്ങിയെത്തിയ ഒരു തീർത്ഥാടകയുടെ ബോധം. കിഷോരിയുടെ സംഗീതജീവിതത്തെക്കുറിച്ചു പറയുമ്പോൾ ആവർത്തിച്ചുവരുന്ന ഒന്നാണ് അവരുടെ പരുഷമായ പെരുമാറ്റ രീതികൾ. പൊതുസദസ്സുകളിൽ ആരെയും കാണുവാനോ പരിചയം പുതുക്കുവാനോ കിഷോരി താല്പര്യപ്പെട്ടില്ല. കച്ചേരികൾക്കിടയിൽ ഉണ്ടാകുന്ന ചെറിയ തടസ്സങ്ങൾ പോലും അവരെ ക്രുദ്ധയാക്കി. ധാരാളം അനുഭവങ്ങൾ പലരും എഴുതിയിട്ടുണ്ട്. ഓരോ സംഗീതപരിപാടിയും 'അമൂർത്തത'യുമായുള്ള സംവാദം പോലെയാണ്. തനിക്ക് അനുഭവപ്പെടുന്നതെന്നും അതിനു പുറപ്പെടും മുൻപുള്ള ആകുലതകളും പരാജയഭീതികളും മൂലം ഏകാകിനിയായിരിക്കുവാൻ ഇഷ്ടപ്പെടുന്നുവെന്നുമാണ് കിഷോരി സ്വയം വെളിപ്പെടുത്തിയത്. അങ്ങനെ കിഷോരി അമോൻകറുടെ കച്ചേരികൾ നിഗൂഢമായ അന്തർനാടകങ്ങൾ പോലെ ആസ്വാദകരെ അനുഭൂതിയിലും വിഭ്രമിപ്പിച്ചു. വേദിയിൽ 'ഫെർഫോം ചെയ്യുകയായിരുന്നില്ല. ജീവിക്കുകയായിരുന്നു. തന്റെ 'സ്വരമണ്ഡലം' എന്ന വാദ്യവുമായി ആത്മവിസ്മൃതിയിൽ ഇരുന്നു പാടുന്ന കിഷോരി അമോൻകറുടെ ചിത്രം ഒരുതരം 'ഭയം' ഉണ്ടാക്കുന്നുണ്ട്.

ഒരു സംഗീതജ്ഞ ആരായിരിക്കണമെന്ന ചോദ്യത്തെ പല രീതികളിൽ അഭിമുഖീകരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്തു. നിത്യയൗവ്വനമാർന്ന സ്വരമാധുരിയിൽ തിടംവെച്ചുവരുന്ന കൊടുങ്കാറ്റുകൾ, ഘോരവനങ്ങൾ... വൻകടലുകൾ... അഗ്നിപർവ്വതങ്ങൾ.... ഒരിക്കലും തിരിച്ചുവരാനാകാത്തവിധം അപാരതകളിലേക്ക് കണ്ണുകെട്ടി നയിക്കുന്ന വഴികൾ..... അപൂർവ്വരാഗമായ ഖേം- സങ്കീർണ്ണരാഗങ്ങളായ ബസന്തി കേദാർ, ഖട്ട്, അഡാണ മൽഹാർ, സമ്പൂർണ്ണ മുൽകൗൻസ്, കൗശി, കാനഡ, ബാഗേശ്വരി, ജയ്‌വന്തി എന്നിങ്ങനെ എത്രയോ രാഗങ്ങൾ കിഷോരി പാടി അനശ്വരമാക്കിയിട്ടുണ്ട്! പക്ഷേ സക്കീർഹുസൈൻ പറയുമ്പോലെ ഉസ്താദ് അമീർഖാന്റെ 'മാർവ'യ്ക്ക് തുല്യം തലമുറകൾ ഓർത്തിരിക്കുന്ന ഒന്നാണ് കിഷോരി അമോൻകറുടെ 'ഭൂപ്' രാഗം....

''പ്രഥം സുർ സാധേ, ജബ് ഹോ വത് ഗ്യാൻ,

തബ് അലങ്കാർ കർ ദിഖായേ!''

(പ്രാഥമികമായി സ്വരശുദ്ധി കൈവരിയ്ക്കൂ. ആ ജ്ഞാനം നേടിയശേഷം മതി അലങ്കാരങ്ങളിലേയ്ക്കുള്ള യാത്ര) ഈ രചന കിഷോരിയുടെ മുദ്രയായിരുന്നു. ആത്യന്തികമായി സംഗീതത്തെക്കുറിച്ചുമാത്രമാണ് അവർ സംസാരിച്ചത്. സ്വരങ്ങളിലൂടെയും. ലിപികളിലൂടെയും സംഗീത പരിപാടികളിൽ 'സാരംഗി' എന്ന വാദ്യം ഉപയോഗിച്ചിരുന്ന അപൂർവ്വ സംഗീതജ്ഞരിൽ ഒരാളാണ് കിഷോരി അമോൻകർ. മനുഷ്യശബ്ദവുമായി സാത്മീഭവിച്ചുപോകുന്ന 'സാരംഗി' ഹാർമോണിയത്തെക്കാൾ ക്ലാസ്സിക്കൽ സംഗീതത്തിന് നിറങ്ങൾ നൽകുമെന്ന് പറയുന്നുണ്ട്. സാരംഗി ഉപയോഗിച്ചുള്ള ഖയാലുകൾ പഴയകാല സംഗീതാനുഭവങ്ങളിലേക്ക് നയിക്കുന്നുവെന്നും സൂചിപ്പിക്കുന്നു. മറാത്തി അഭംഗുകളും മീരാഭജനുകളും കിഷോരി അമോൻകർ വ്യാപകമായി ആലപിച്ചിരുന്നു. മീരാഭായിയുടെ കവിതകളെ അടിസ്ഥാനമാക്കിയുള്ള 'മാരോപ്രണാം' എന്ന പ്രശസ്തമായ ആൽബം ധ്വനിനിർഭരമാണ്. ഭജനുകൾക്കൊപ്പം ഇന്ത്യൻ സൗന്ദര്യശാസ്ത്രത്തിൽ ഗഹനമായ ജ്ഞാനം അവർ സ്വരൂപിച്ചിരുന്നു. ഭരതമുനി, ആനന്ദവർദ്ധനൻ, ശാർങ്ഗദേവൻ തുടങ്ങിയ മഹാരഥന്മാരുടെ ദർശനങ്ങൾ കിഷോരി അമോൻകറുടെ സംഗീതത്തിലും ഗ്രന്ഥശേഖരത്തിലും ഉണ്ടായിരുന്നു.

സ്വരങ്ങൾക്ക് സവിശേഷഭാവം നൽകിയില്ലെങ്കിൽ അവ മൃതലിപികൾ പോലെ അപരിചിതവും വിരസവുമാകും. കിഷോരി അമോൻകർ പറയുന്നു: സ്വരങ്ങൾ വിത്തുകൾ പോലെയാണ്. എല്ലാ ബന്ദിഷുകളിലും സ്വയം വളരുവാനുള്ള സത്തയുണ്ടാകും. ജീവിതാനുഭവങ്ങളോടുള്ള പ്രതികരണം സംഗീതത്തിൽ വെളിപ്പെടും... കാലമാപിനികൾ കൊണ്ടളക്കുവാൻ വയ്യാത്ത കാലഭേദങ്ങൾ.. യാത്രകൾ... സംഘർഷങ്ങൾ... അനുഭൂതികൾ... ഒരു സംഗീതജ്ഞന്റെ/ സംഗീതജ്ഞയുടെ ആത്മകഥ അവരുടെ സംഗീതത്തിലെ ഭാവാന്തരങ്ങൾ തന്നെയാണ്. ആരാലും കയ്യടക്കപ്പെടാത്ത സംഗീതത്തിന്റെ സിംഹാസനത്തിൽ സ്വരമണ്ഡലവുമായി ഇരിയ്ക്കുന്ന കിഷോരി അമോൻകർ.. 'ക്രോധദുർഗ' എന്നൊരു പരാമർശം അനുസ്മരണങ്ങളിൽ ഉണ്ടായിരുന്നു.

''ആലാപന മുഹൂർത്തങ്ങളിൽ ഞാൻ സുന്ദരിയാകുന്നുവെന്ന് ആളുകൾ പറയാറുണ്ട്. ആലോചിച്ചപ്പോൾ അതിന് എനിക്കൊരു ഉത്തരം കിട്ടി. പാടുമ്പോൾ സകലതും മനോഹരമായിത്തീരാൻ ഞാൻ അതിയായി മോഹിക്കാറുണ്ട്. എന്റെ ഗതികൾ താളം, ഞാൻ തന്നെയും. എന്റെ മോഹം അത്യന്തം ഗഹനം. വേദിയിൽ കിഷോരിയെ അല്ല നിങ്ങൾ കാണുക, പകരം ആ സൗന്ദര്യം മൂർത്തീഭവിച്ചതാകും കാണാനാകുക.''


*റഫറൻസ്:*

Deshpande, Vamanrao H. 1989, Between Two Tanpuras, Bombay: Popular Prakashan

Raja, Deepak S., 2007, Hindustan Music, A tradition in transition. D.K. Printworld (P) Ltd.

ഗോപാലകൃഷ്ണൻ, എസ്, 2017 (മെയ്) അപാരതയുടെ ഒരു മുറി' ഭാഷാപോഷിണി, പുസ്തകം 41, ലക്കം 5

വേണു വി. ദേശം 2014, കിഷോരി അമോൻകർ, അജ്ഞേയമായ ആനന്ദവേദന, റെഡ് ചെറി ബുക്സ്.



# വളരുന്ന വാർദ്ധക്യം തുടങ്ങേണ്ടുന്ന പഠനം

**എൻ.കെ. സുനിൽകുമാർ**
മഹാത്മാഗാന്ധി കോളേജ്
തിരുവനന്തപുരം



തലമുറകളിലൂടെ കൈമാറ്റം ചെയ്തുവരുന്ന ശീലങ്ങളും, ജീവിതരീതികളും മനുഷ്യവർഗത്തിന്റെ ഗതിവിഗതികളെ നിർണയിക്കുന്ന പ്രധാന ഘടകങ്ങളാണ്. പരിചിത സാഹചര്യങ്ങളിലെ സാധ്യതകളും വെല്ലുവിളികളും കൂടിയാകുമ്പോൾ മനുഷ്യൻ നിലനില്പിനായുള്ള പുത്തൻ സങ്കേതങ്ങളും രൂപങ്ങളും നിർമ്മിക്കാനും തുടങ്ങുന്നു. മനുഷ്യജീവിതത്തിന്റെ വളർച്ചയുടെയും വികാസത്തിന്റെയും ഘട്ടങ്ങളെ മനഃശാസ്ത്രവും, നരവംശപഠനവും സവിശേഷമായി പഠിച്ചിട്ടുണ്ട്. ശൈശവം, ബാല്യം, കൗമാരം, യൗവ്വനം, വാർദ്ധക്യം എന്നിങ്ങനെ പൊതുവിൽ ഇനം തിരിച്ചിരിക്കുന്ന വളർച്ചയുടെയും വികാസത്തിന്റെയും ഘട്ടങ്ങളോരോന്നും പരസ്പരബന്ധിതവും പിൻതുടർച്ചാരീതിയിലൂന്നിയുള്ളതുമാണ്. ഒന്ന് മറ്റൊന്നിന്റെ തുടർച്ചയാണെന്നർത്ഥം. വാർദ്ധക്യം, ആധുനിക കാലത്ത് സാമൂഹ്യശാസ്ത്രജ്ഞരുടെ പ്രത്യേകമായ പഠനങ്ങൾക്ക് വിധേയമായ ഒരു ജീ




വിത ഘട്ടമായി പരിണമിച്ചിരിക്കുന്നു. ജീവിത ദൈർഘ്യം, ആരോഗ്യം, നൂതന സാങ്കേതിക സമ്പദായങ്ങൾ, ആരോഗ്യ സംബന്ധിയായ കാഴ്ചപ്പാടുകൾ, അണുകുടുംബവൽക്കരിക്കപ്പെട്ട സാമൂഹ്യ പശ്ചാത്തലം എന്നിവയുടെ വെളിച്ചത്തിൽ, വാർദ്ധക്യം നമ്മുടെ അടിയന്തരശ്രദ്ധ പതിയേണ്ടുന്ന ജീവിതഘട്ടമായി തീർന്നിരിക്കുകയാണ്. അറുപത് തികഞ്ഞ കേരളത്തിൽ അറുപത് പിന്നിട്ടവരുടെ ആളോഹരി ശതമാനം 2011 ലെ സെൻസസ് പ്രകാരം 12.7 ശതമാനമാണ്. ഏതാണ്ട് 15 വർഷങ്ങൾക്കകം നമ്മുടെ വൃദ്ധജനസംഖ്യ അന്നത്തെ യുവജനസംഖ്യയെ പിന്നിലാക്കുമെന്നതാണ് ജനസംഖ്യാ ശാസ്ത്രത്തിന്റെ കണ്ടെത്തൽ. ഇപ്പോഴത്തെ 12.7 ശതമാനം എന്ന കണക്കെടുത്താൽ തന്നെ, വൃദ്ധജനങ്ങളുടെ അവസ്ഥയെന്തെന്ന് വ്യത്യസ്ത ജീവിത മണ്ഡലങ്ങളുമായി ബന്ധപ്പെടുത്തി ഒന്ന് ശ്രദ്ധിച്ചാൽ നാം ഉണർന്നു പ്രവർത്തിക്കേണ്ടുന്ന ഘട്ടമായി എന്നുപറയാം. ഉണർന്നു പ്രവർത്തിക്കുകയെന്നാൽ, അവരുടെ ആരോഗ്യം, തൊഴിൽ, കുടുംബജീവിതം, സാമ്പത്തിക വരുമാനം, ആരോഗ്യം ചികിത്സ, സാമൂഹ്യബന്ധങ്ങൾ, വൈകാരിക പ്രശ്നങ്ങൾ, അതിദ്രുതം വികസിച്ചുകൊണ്ടിരിക്കുന്ന പുത്തൻ സാങ്കേതിക വിദ്യ തുടങ്ങിയ മേഖലകളിൽ വൃദ്ധജനങ്ങൾ അനുഭവിക്കുന്ന സൗകര്യങ്ങൾ, പ്രശ്നങ്ങൾ, പ്രയാസങ്ങൾ, എന്നിവ അവരുടെ സൗഖ്യത്തിനും അതിജീവനത്തിനും ഉപയുക്തമാകുന്ന കാഴ്ചപ്പാടുകളിലേക്ക് നമ്മെകൊണ്ടെത്തിക്കേണ്ടതുണ്ട്. സാമൂഹ്യശാസ്ത്രം, വാർദ്ധക്യത്തെ 3 ആയി തരംതിരിച്ചിരിക്കുന്നു. 60 വയസ്സ് മുതൽ 70 വയസ്സുവരെയുള്ള യൗവന വാർദ്ധക്യം (Young Old) 70 നും 80നും ഇടയിലുള്ള മധ്യവാർദ്ധക്യം (Middle Old) 80 ന് മുകളിലുള്ളവരുൾപ്പെടുന്ന വൃദ്ധവാർദ്ധക്യം (Old Old) എന്നതാണ് പ്രായത്തെ അധികരിച്ചുള്ള ഈ വിഭജനം. കേരളത്തിൽ, ഒന്നാം വിഭാഗത്തിൽ പെടുന്ന വൃദ്ധജനങ്ങൾ വിവിധ തൊഴിൽ രംഗങ്ങളിൽ വിവിധങ്ങളായ പണികളിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. നമ്മുടെ സർക്കാർ സംവിധാനങ്ങളിലെ ചില രംഗങ്ങൾ ഒഴിച്ചു നിർത്തിയാൽ മിക്കയിടത്തും 60 ആണ് അടുത്തുൺപ്പറ്റിപ്പിരിയാനുള്ള പ്രായം! എന്നാൽ കാർഷിക - കാർഷികാനുബന്ധ, വ്യവസായ, വാണിജ്യ മേഖലകളിൽ പ്രവർത്തിക്കുന്ന ധാരാളം വ്യക്തികളെ ഈ പ്രായ പരിധിയിൽ നമുക്ക് കാണാൻ പറ്റും. നമ്മുടെ നൈപുണ്യമേഖലകളിൽ മിക്കതിലും - നിർമ്മാണ മേഖലയിലോ, കാർഷിക മേഖലയിലോ ഉൾപ്പെടെ എഴുപതിനുടുത്ത് പ്രായം വരുന്ന എത്രയോ പേരുണ്ട്. തൊഴിൽപരമായും, സാങ്കേതികപരമായും വൈദഗ്ധ്യ സമീപനം ഉണ്ടാക്കിയെടുക്കാൻ അതത് തൊഴിൽ രംഗങ്ങളുമായി ബന്ധപ്പെടുത്തിയുള്ള അവസരങ്ങൾ പ്രദാനം ചെയ്യാൻ നമുക്ക് കഴിയുന്നുണ്ടോ എന്നത് വളരെ പ്രധാനമാണ്. അടുത്ത സുഹൃത്തിന്റെ മരണവിവരം ഫോൺ വിളിച്ചറിയിക്കാതിരുന്നതിനാൽ, പിറ്റന്നത്തെ പത്രത്തിൽ വായിച്ചറിഞ്ഞ് ദു:ഖിതനായ നഗരവാസിയായ പ്രായം ചെന്ന വ്യക്തി, അക്കാര്യം പരേതന്റെ ബന്ധുക്കളോട് അന്വേഷിക്കുകയുണ്ടായി. മരണം വാട്ട്സ് ആപ്പ് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്തിരുന്നവെന്ന വിവരം മറുപടിയായി കിട്ടിയപ്പോഴാണ് അങ്ങനെയൊരു വിവരവിനിമയ രീതിയെക്കുറിച്ച് ആ വ്യക്തി അറിയുന്നത്. അഭ്യസ്തവിദ്യാനും, റിട്ടയർ ചെയ്തയാളുമായ ഈ സംഭവ കഥയിലെ വ്യക്തി, സാമൂഹ്യ ബന്ധങ്ങളിലെ ന്യൂനതകൊണ്ടോ, പൊതുജനങ്ങളുമായുള്ള ഇടപെടലിന്റെ കുറവു കൊണ്ടോ അല്ല, അയാളുമായി ബന്ധപ്പെടുന്ന അടുത്ത സുഹൃത്തിന്റെ വിയോഗ വിവരം അറിയാതെ പോയത്. മറിച്ച് നൂതന സാങ്കേതങ്ങൾക്കനുസരിച്ച് സമൂഹം സഞ്ചരിക്കുമ്പോൾ

അതിനനുസൃതമായി മാറാൻ അദ്ദേഹത്തിന് കഴിയാതെ പോയതാണ്. ചെന്നുവിളി, ഫോൺ വിളിയിലേക്കും ഗ്രൂപ്പ് പോസ്റ്റുകളിലേക്കും വഴിമാറുമ്പോൾ പുതിയ പഠനങ്ങളുടെ (Learning) പ്രസക്തിയിലേക്ക് വ്യക്തികൾ മാറേണ്ടതുണ്ടെന്ന യാഥാർത്ഥ്യം വാർദ്ധക്യത്തെ സംബന്ധിച്ചിടത്തോളം ഏറെ പ്രസക്തമാണ്. കൂട് കൂട്ടാനറിയുന്ന കിളിയെയും, ഓടിമറിയാനറിയുന്ന മാൻപേടയേയും പ്രസ്തുത സിദ്ധികളൊളിപ്പിച്ച് വെച്ച് സ്വയം പര്യാപ്തരാകുന്ന സോഫ്റ്റ് വെയർ പ്രകൃതി ഒരുക്കിവെച്ചിട്ടുണ്ട്. പരമ്പരാഗത രീതിയിലുള്ള കിളിക്കൂടിനപ്പുറത്തേയ്ക്കൊന്ന് നിർമ്മിക്കാൻ മാത്രം സ്വയം നവീകരണം പക്ഷികളിൽ നാം കണ്ടിട്ടില്ല. എന്നാൽ അഭിരുചിയെ പിൻപറ്റി ഇഷ്ടാനുസരണം ഭാവനയുടെ ചിറകിലേറി എന്തെന്ത് പ്രയോഗങ്ങളാണ് മനുഷ്യൻ സാധ്യമാക്കുന്നത്! സർഗാത്മകമായ (Creative) ഈ കഴിവാണ് മനുഷ്യനെ വിശേഷമൃഗമാക്കുന്നതെന്നതല്ലേ സത്യം. പഠനസംബന്ധിയായി പറയുകയാണെങ്കിൽ ആകാശമാണ് അതിന്റെ അതിര്, അവസാന ശ്വാസം വരെയാണ് അതിന്റെ നിറവ്. അതിനാൽ ഇതരജീവികളിൽ നാം കാണുന്ന യാന്ത്രികത മനുഷ്യൻ മറികടക്കുന്നത് അറിവിന്റെയും പ്രയോഗങ്ങളുടെയും നൈരന്തര്യവും, പാരസ്പര്യവും, നവീകരണവും കൊണ്ടാണ്. ഇപ്പറഞ്ഞ മൂന്നിന്റെയും അവസാനകാലമാണ് വാർദ്ധക്യം എന്നതിനാൽ അതിനിണങ്ങുന്ന സാമൂഹ്യ ജീവിത സാഹചര്യങ്ങൾ വൃദ്ധർക്കായി ഒരുക്കുക എന്നത് ഒരു പരിഷ്കൃത സമൂഹത്തിന്റെ ബാധ്യതയാണ്. നമ്മുടെ ചുറ്റും കണ്ണോടിച്ചാൽ, അനുഭവവേദ്യമാകുന്ന യാഥാർത്ഥ്യമെന്താണ്? ഒറ്റപ്പെടുത്തലിന്റെയും മന:പ്പൂർവമായ അവഗണനയുടെയും നടുവിൽ നാളുകളെണ്ണിക്കഴിയുന്ന ഇന്നലകളിലെ സുന്ദരന്മാരുടെയും, കരുത്തരുടെയും ചിത്രം എത്ര ദയനീയമാണ്. ഇഷ്ടജനസാമീപ്യം, വൈകാരിക സുരക്ഷ, അവരവർക്കിണങ്ങുന്നതും ഇഷ്ടമായതുമായ ആഹാര-ജീവിതരീതികൾ, സാമൂഹ്യസുരക്ഷിതത്വബോധം, ശാരീരികസൗഖ്യം ഇവയെല്ലാം വാർദ്ധക്യത്തിന്റെ സുസ്ഥിതിയെ നിർണ്ണയിക്കുന്ന ഘടകങ്ങളാണ്. 12.7% വരുന്ന ജനവിഭാഗം ഇവയൊന്നുമനുഭവിക്കുന്നില്ലെന്നു വരുമ്പോൾ, അത് വികസിത സമൂഹമെന്ന നമ്മുടെ വീമ്പു പറച്ചിലിന്റെ മുനയൊടിക്കുന്നു. മാറിവരുന്ന സാങ്കേതിക വിദ്യകളെ കൂട്ടിയിണക്കാൻ വൃദ്ധജനങ്ങൾ പര്യാപ്തരല്ല എന്ന പരമ്പരാഗത മിത്തുകളെ നാം പറിച്ചെറിയേണ്ടതുണ്ട്. അറിവ് (Knowledge) വിജ്ഞാനം (Wisdom) അനുഭവം (Experience) ക്ഷമ (Patience), വികസിത കാഴ്ചപ്പാട് (breadth of view) എന്നിവയിൽ ഏത് യൗവ്വനത്തെയും പിന്നിലാക്കും വാർദ്ധക്യമെന്ന് ഇന്ന് സമൂഹം തിരിച്ചറിയേണ്ടതുണ്ട്. അതുകൊണ്ട് ഒരേ ജോലിക്ക് ഒരേ കൂലി എന്നത് 60 കഴിഞ്ഞവർക്കും ബാധകമാണ്.

വൃദ്ധർ, സ്ത്രീകൾ എന്നീ രണ്ടു വിഭാഗങ്ങളാണ് തൊഴിൽ രംഗത്ത് ഇന്ന് ചൂഷണത്തിന് വിധേയമാകുന്നത്. വാർദ്ധക്യ കാലം നാളുകളെണ്ണിക്കഴിച്ചുകൂട്ടാനുള്ളതല്ലെന്ന തിരിച്ചറിവ് 'വാർദ്ധക്യപഠനം' (Gerontology) എന്ന സാമൂഹ്യ ശാസ്ത്രത്തിന്റെ ആരംഭത്തോടെ ലോകമെങ്ങും ഉണ്ടായിട്ടുണ്ട്.

നരയ്ക്കുന്ന ജനത (Greying Population) ഒരു സാമൂഹ്യ യാഥാർത്ഥ്യമാണിന്ന്. വയോജനങ്ങൾക്കിടയിലെ മരണദൈർഘ്യം അതിവികസിത രാജ്യങ്ങളിൽ 80 - 84 ആണെങ്കിൽ നമ്മുടെ കേരളത്തിലത് 80 നോടടുത്തു നിൽക്കും. അടുത്തൂൺപ്പറ്റിപ്പിരിഞ്ഞ ഒരു സർക്കാർ ഉദ്യോഗസ്ഥൻ ഏതാണ്ട് 25 വർഷത്തോളം പെൻഷൻ തുക കൈപ്പറ്റിക്കഴിയാനുണ്ടെന്നർത്ഥം. ഈ 25 വർഷം, പ്രസ്തുത വ്യക്തിയുടെ ആകെ സർവീസ് കാലയളവിനോളം വരും! വിജയ വാർദ്ധക്യം (Sucessful ageing) വയോജനങ്ങളുടെ സക്രിയതയെയും ധനാത്മക ചിന്തകളെയും (Postive thinking) ആശ്രയിച്ചിരിക്കുന്നു. വ്യക്തിജീവിതത്തിൽ ക്രിയാത്മകതയും, ജീവിത സംതൃപ്തിയും തമ്മിൽ വളരെയടുത്ത ബന്ധമുണ്ടെന്നത് യുക്തിസഹമായ വസ്തുതയാണ്. ജീവിത സായാഹ്നം സക്രിയവും ക്രിയാത്മകവുമായി നിലനിർത്താൻ മനസ്സിനും ശരീരത്തിനുമിണങ്ങുന്ന പ്രവൃത്തികളിലേർപ്പെടുകയെന്നത് പ്രാധാന്യമർഹിക്കുന്നു. ഇങ്ങനെയുള്ള പ്രവൃത്തികളിലേർപ്പെടുന്നതിന് ശാരീരിക വൈഷമ്യങ്ങൾ വയോജനങ്ങളെ വലിയതോതിൽ ബുദ്ധിമുട്ടിക്കാറുണ്ട്. അങ്ങനെയാണെങ്കിൽത്തന്നെയും ആകാവുന്നത്ര സജീവമാകുക എന്നത് വാർദ്ധക്യത്തിൽ പ്രധാനമാണ്. അനുഭവം, പരിചയം, പരിശീലനം എന്നിവയിൽ വയോജനങ്ങൾ സമ്പന്നരാണ്. ഈ മൂന്നറിവുകൾ ഉപയോഗപ്പെടുത്തി ആധുനിക വിവര-സാങ്കേതിക രംഗത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളെ സ്വാംശീകരിക്കാൻ നമ്മുടെ വാർദ്ധക്യത്തെ പ്രാപ്തരാക്കേണ്ടതുണ്ട്. വയോജന-തുടർ വിദ്യാഭ്യാസ പരിപാടികൾ നമുക്കിടയിൽ നിലവിലുണ്ടെങ്കിലും സമൂഹത്തിൽ നിന്ന് വേണ്ടത്ര പിന്തുണ ഈ സംവിധാനങ്ങൾക്കൊന്നും ലഭിക്കുന്നില്ല. വികേന്ദ്രീകൃത ജനാധിപത്യം വലിയൊരളവുവരെ സാധിച്ചെടുത്ത കേരളത്തിൽ അത്തരമൊരു പഠനത്തിന് സാധ്യതകൾ ഏറെയുണ്ട്. അവശേഷിക്കുന്ന നമ്മുടെ കൂട്ടുകുംബ സാഹചര്യത്തിലെ കൗമാരക്കാർക്കും, യുവതീയുവാക്കൾക്കും അവരവരുടെ മുത്തശ്ശീ-മുത്തശ്ശന്മാർക്ക് പുതിയ സാങ്കേതിക വിദ്യ പരിചയിക്കാനാവശ്യമായ സഹായങ്ങൾ സ്വാഭാവിക ഗാർഹിക പരിസ്ഥിതികങ്ങളിൽ ഒരുക്കാൻ കഴിയും. ഇന്റർനെറ്റിനെക്കുറിച്ചുള്ള ഒരു പ്രാഥമിക, പ്രയോഗ സാക്ഷരത (Functional literacy) കൈവരിക്കാൻ നമ്മുടെ വയോജനങ്ങൾക്ക് ഇതുവഴി സാധിക്കും. മൊബൈൽ ഫോണിലെ വ്യത്യസ്ത ഉപയോഗക്രമം, വാട്ടസ്-ആപ്പ് ഉൾപ്പെടെയുള്ള നെറ്റ്വർക്കിങ്ങ് രീതികൾ എന്നിവ പരിചിതമാകുന്നതുവഴി സമയം, ഊർജം, ധനം എന്നിവയെ പരിമിതപ്പെടുത്തി വയോജനങ്ങൾക്ക് ഈ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താനാകും. ഇ-ഗവേണൻസിന്റെ കാലത്ത് വിവിധ സർട്ടിഫിക്കറ്റുകൾ ഉൾപ്പെടെയുള്ള സർക്കാർ സേവനങ്ങൾക്കായി ഓഫീസുകൾ കയറിയിറങ്ങേണ്ടാത്ത സാഹചര്യത്തിൽ ഇത്തരം പഠനത്തിന് പ്രസക്തി ഏറെയാണ്. വളരുന്ന വാർധക്യത്തിനായി അത്തരമൊരു പഠനരീതിയെക്കുറിച്ച് ചിന്തിക്കാൻ സമയമായിരിക്കുന്നു. കാരണം വ്യക്തിവികാസത്തിന് പഠനം അത്യാവശ്യമാണ്. പഠനമാകട്ടെ മരണം വരെ തുടരുന്നതും.




# വിദ്യാഭ്യാസ, സാമൂഹ്യപുരോഗമനരംഗത്ത് അദ്ധ്യാപക പ്രസ്ഥാനങ്ങൾ ക്രിയാത്മകമായി ഇടപെടണം

സിപിഐ(എം) പോളിറ്റ് ബ്യൂറോ അംഗവും മുൻ രാജ്യസഭാ അംഗവുമായ സഖാവ് എസ്. രാമചന്ദ്രൻ പിള്ളയുമായി ശ്രീകൃഷ്ണ കോളേജ് ഗുരുവായൂർ ഭൗതികശാസ്ത്രവിഭാഗം അസിസ്റ്റന്റ് പ്രൊഫസർ **ഡോ. നിഷാന്ത് ടി.** നടത്തിയ അഭിമുഖം. ഡൽഹിയിലെ എ.കെ.ജി. ഭവനിൽ വെച്ച് 8-5-2017ന് ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങളും സാധ്യതകളെയും കുറിച്ച് സ: എസ്.ആർ.പി. വിശദീകരിക്കുന്നു.

***ചോദ്യം: ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസമേഖല ഗുരുതരമായ പ്രതിസന്ധികളെ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുകയാണല്ലോ? അങ്ങ് എങ്ങിനെ നോക്കിക്കാണുന്നു, ഇന്ത്യയിലെ ഇപ്പോഴത്തെ ഉന്നതവിദ്യാഭ്യാസരംഗത്തെ?***

ഉത്തരം: ഇന്ത്യയിലെ മോദി ഗവൺമെന്റ് അധികാരത്തിൽ വന്നതിനെ തുടർന്ന് ഉന്നതവിദ്യാഭ്യാസരംഗത്തും, ശാസ്ത്ര ഗവേഷണമേഖലകളിലും ശക്തമായ കടന്നാക്രമണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ഉണ്ടായിരുന്ന വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം തിരുത്താനുള്ള ബോധപൂർവ്വമായ ശ്രമമാണ് ഒരു ഭാഗത്ത് നടക്കുന്നത്. മറ്റൊരു ഭാഗത്ത് വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളിൽ മൂന്നാംതരക്കാരെ കുത്തിനിറക്കാനുള്ള ശ്രമവും ശാസ്ത്രവിഷയങ്ങൾ അടക്കമുള്ളവയുടെ ഉള്ളടക്കത്തിൽ വലിയ മാറ്റ



ങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നു. ഫലത്തിൽ അന്ധവിശ്വാസങ്ങളും കഴിഞ്ഞകാല വിശ്വാസങ്ങളും ഒക്കെ പഠിപ്പിക്കാനുള്ള ഒരു ശ്രമമാണ് ഇപ്പോൾ നടക്കുന്നത്. അവരുടെ ഇന്നത്തെ രാഷ്ട്രീയ ധാരണകൾ പ്രയോജനപ്പെടുത്താൻ ചരിത്രത്തെ വളച്ചൊടിക്കാനുള്ള ശക്തിയായ ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇന്ത്യാരാജ്യത്ത് പണ്ട് വിമാനങ്ങൾ ഉണ്ടായിരുന്നുവെന്നും, പ്ലാസ്റ്റിക് സർജ്ജറിയും, ഓർഗൻ ട്രാൻസ്പ്ലാന്റേഷനും കഴിഞ്ഞ കാലത്ത് ഉണ്ടായിരുന്നു എന്നും തുടങ്ങി അശാസ്ത്രീയമായ കാര്യങ്ങൾ പഠിപ്പിക്കാനാണ് അവർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പുരാണ ഇതിഹാസങ്ങളിലെ ഓരോ കഥയും എടുത്ത് അതെല്ലാം കഴിഞ്ഞ കാലത്ത് നമ്മുടെ രാജ്യത്തിന്റെ ശാസ്ത്രരംഗങ്ങളിൽ നേടിയ നേട്ടങ്ങളാണെന്ന് ചിത്രീകരിക്കാനാണ് അവർ ശ്രമിക്കുന്നത്. ഇത് നമ്മുടെ രാജ്യത്തിന്റെ വരുംകാല തലമുറയെ വളരെ ദോഷകരമായി തന്നെ ബാധിക്കും. അശാസ്ത്രീയമായ കാര്യങ്ങൾ പഠിപ്പിക്കുന്നത് പൊതുവായ ശാസ്ത്രബോധം നമ്മുടെ സമൂഹത്തിൽ വളർന്നുവരുന്നതിന് ദോഷം ചെയ്യും. ചോദ്യം ചെയ്യാനും ഉത്തരം കണ്ടെത്താനുമുള്ള ശ്രമം ശക്തിപ്പെട്ടുകഴിയുമ്പോഴാണ് ഏത് സമൂഹവും മുന്നോട്ട് പുരോഗമിക്കുന്നത്. ഇതിന് മറിച്ചൊരു ധാരണ വരുത്താനാണ് ാവരുടെ ശ്രമം. അതുപോലെ പലവിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളിലും വേണ്ടത്ര യോഗ്യതയോ ഭരണപരിചയമോ ഇല്ലാത്ത വെറും മൂന്നാംതരക്കാരെയാണ് കുത്തിനിറച്ചിരിക്കുന്നത്. ഇത് വിദ്യാഭ്യാസവും ഗവേഷണപരവുമായ പുരോഗതിക്ക് വളരെയധികം തടസ്സമാവും എന്നതിൽ യാതൊരു സംശയവും വേണ്ട. ഈ തരത്തിലുള്ള നീക്കങ്ങൾക്കെതിരെ ഇന്ത്യയിലെ പുരോഗമന അദ്ധ്യാപക വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ ഒരുമിച്ച് നീങ്ങേണ്ടത് അത്യാവശ്യമാണ്.

***ചോദ്യം: ഫണ്ടമെന്റൽ സയൻസിനും, സോഷ്യൽ സയൻസിനും ഉൾപ്പെടെയുള്ള ഗവേഷണങ്ങൾക്ക് അധികമായി സാമ്പത്തിക സഹായങ്ങൾ നൽകേണ്ടതില്ല. മറിച്ച് അപ്ലൈഡ് വിഷയങ്ങൾക്ക് മാത്രം നൽകിയാൽ മതി എന്ന നിലപാടാണ് ഉന്നത വിദ്യാഭ്യാസത്തെ നിയന്ത്രിക്കുന്ന സ്ഥാപനങ്ങൾ കൈക്കൊള്ളുന്നത്. ഇത് അടിസ്ഥാന മേഖലയെ കാര്യമായി ബാധിക്കുന്ന ഒരു തീരുമാനമല്ലേ?***

ഉത്തരം: നവ ഉദാരവൽക്കരണ സാമ്പത്തികനയങ്ങൾ നമ്മുടെ രാജ്യത്ത് നടപ്പാക്കാൻ തുടങ്ങിയതോടുകൂടി ഈ ട്രെൻഡ് നമ്മുടെ രാജ്യത്ത് ശക്തിപ്പെട്ടുതുടങ്ങി. ഇന്നിപ്പോൾ അടിസ്ഥാന ശാസ്ത്രവിഷയങ്ങൾ പഠിക്കേണ്ടതില്ല. അടിസ്ഥാന സാമൂഹ്യശാസ്ത്രവും ഭാഷയും പഠിക്കേണ്ടതില്ല, മറിച്ച് പ്രയോഗത്തിൽ വരുത്താൻ പറ്റുന്നത് മാത്രം ശ്രദ്ധിച്ചാൽ മതി എന്ന ഒരു നയമാണ് ഈ സ്ഥാപനങ്ങൾ എടുത്തിരുന്നത്. നമ്മുടെ കൊളോണിയൽ വിദ്യാഭ്യാസ സമ്പ്രദായത്തിലുണ്ടായിരുന്ന ഒരു ദൗർബല്യം പ്രായോഗികതയ്ക്ക് വേണ്ടത്ര ഊന്നൽ കൊടുത്തില്ല എന്നുള്ളതാണ്. അത് അന്നത്തെ അവരുടെ സാമ്പത്തിക നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ അവരുടേതായ ലക്ഷ്യങ്ങൾക്ക് വേണ്ടി ആയിരുന്നു. അതിനു മാറ്റം വരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. അടിസ്ഥാന ശാസ്ത്ര, ശാസ്ത്രയിതര വിഷയങ്ങളിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ലെങ്കിൽ തീർച്ചയായും നമ്മുടെ രാജ്യം പുറന്തള്ളപ്പെടും. ഈ പ്രായോഗിക പരിജ്ഞാനങ്ങൾ പ്രയോഗത്തിൽ കൊണ്ടുവരണമെങ്കിൽ അടിസ്ഥാന തിയറികൾ ഡവലപ് ചെയ്യാതെ സാധ്യമല്ല. ഇത് പരസ്പരം പൂരകമായാണ് പ്രവർത്തിക്കുന്നത്.

***ചോദ്യം: നവ ഉദാരവൽക്കരണ***



***നയങ്ങൾ എങ്ങനെയാണ് വിദ്യാഭ്യാസ മേഖലയെ സാരമായി ബാധിക്കുന്നത്?***

ഉത്തരം: നമ്മുടെ സമൂഹത്തിൽ പ്രകടമായിക്കൊണ്ടിരിക്കുന്ന ഒട്ടേറെ ദൗർബല്യങ്ങൾക്ക് തന്നെ കാരണം ഈ നവ ഉദാരവൽക്കരണ നയങ്ങളാണ്. ഈ നയത്തിൽ തന്നെ പറയുന്നത് താൻ തന്റെ സമൂഹത്തിന്റെ കാരയം ശ്രദ്ധിക്കേണ്ടതില്ല, പകരം തന്റെ കാര്യങ്ങൾ മാത്രം ശ്രദ്ധിച്ചാൽ മതിയെന്നാണ്. അങ്ങനെയുള്ള ഒരു തലമുറയെയും സമൂഹത്തെയും വാർത്തെടുക്കുക എന്നത് തന്നെയാണിതിന്റെ ലക്ഷ്യം. അതിന്റെ ഭാഗമായിട്ടാണ് വിദ്യാഭ്യാസരംഗത്തും ഈ മാറ്റം ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ തന്നെ ശ്രദ്ധിച്ചാൽ നമുക്ക് കാണാൻ കഴിയുന്നത് മൾട്ടി നാഷണൽ കമ്പനികൾക്കും കോർപ്പറേറ്റുകൾക്കും കുത്തക മുതലാളിമാർക്കും ആവശ്യമുള്ള ജോലിക്കാരെ മാത്രം ഉണ്ടാക്കി ക്കൊടുക്കുന്ന ഒരു വിഭാഗമായി വിദ്യാഭ്യാസമേഖല മാറിക്കൊണ്ടിരിക്കുകയാണ്. പല മൂന്നാം ലോക രാജ്യങ്ങളിലും ഇതുപോലെയുള്ള തെറ്റായ പ്രവണതകൾ വളർന്നുവരികയാണ്. ഇതിനെതിരെ ഈ രാജ്യത്തെ പുരോഗമന ജനാധിപത്യ വിഭാഗങ്ങൾ മുന്നിട്ടിറങ്ങേണ്ടത് അത്യാവശ്യമായ കാര്യമാണ്.

***ചോദ്യം: കോർപ്പറേറ്റ് ഭീമന്മാരുടെ കടന്നുകയറ്റത്തോടുകൂടി, സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസസ്ഥാപനങ്ങൾ ധാരാളമായി രാജ്യത്തെ വിദ്യാഭ്യാസരംഗത്ത് ചുവടുറപ്പിച്ചിരിക്കുകയാണ്. ഈ സ്വകാര്യവിദ്യാഭ്യാസ സ്ഥാപനങ്ങൾ സമൂഹത്തിലുണ്ടാക്കാൻ പോകുന്ന മാറ്റങ്ങളെയും പ്രത്യാഘാതങ്ങളെയും അങ്ങ് എങ്ങിനെയാണ് നോക്കിക്കാണുന്നത്?***

ഉത്തരം: ഗവൺമെന്റിന്റെ മുതൽ മുടക്കുകൾ പ്രധാനമായും പൊതുവിദ്യാഭ്യാസരംഗത്താണ് വേണ്ടത്. സ്വകാര്യസർവ്വകലാശാലകളുടെയും കോളേജുകളുടെയും കടന്നുവരവ് തെറ്റായ ഒട്ടേറെ പ്രവണതകൾക്കാണ് രാജ്യത്ത് ഇടവരുത്തുക. ഇത്തരം സ്ഥാപനങ്ങൾ പൊതുവിദ്യാഭ്യാസത്തെ ഉയർത്തുക എന്നതിലല്ല മറിച്ച് വിദ്യാഭ്യാസരംഗത്തെ കച്ചവടമേഖലയായി മാത്രമാണ് കാണുന്നത്. ഇത് കുട്ടികളുടെ പൊതുബോധത്തെ ദോഷകരമായിത്തന്നെ ബാധിക്കും. വിദ്യാഭ്യാസരംഗത്തായാലും ആരോഗ്യരംഗത്തായാലും ഗവൺമെന്റിന്റെ മുതൽ മുടക്കാണു വേണ്ടത്. ഇന്ന് ഈ തരത്തിലുള്ള മുതൽമുടക്കുകൾ കുറഞ്ഞുവന്നുകൊണ്ടിരിക്കുകയാണ്. ഇതിന്റെയെല്ലാം ലക്ഷ്യം രാജ്യത്തെ ചൂഷണം ചെയ്യുന്ന കോർപ്പറേറ്റുകളുടെ വളർച്ചയാണ്. ഉദാഹരണത്തിന് 20 വർഷങ്ങൾക്ക് മുമ്പ് ഗവൺമെന്റ് ബയോടെക്നോളജി മേഖലയിൽ വളരെയധികം മുതൽമുടക്കിയിരുന്നു. നവലിബറൽ പോളിസി വന്നതുകൊണ്ട് ഈ മേഖലയിലെ മുതൽമുടക്ക് പിന്നോട്ടുപോയിരിക്കുകയാണ്. വിദ്യാഭ്യാസവും ആരോഗ്യവും ഒരിക്കലും ഒരു കച്ചവടച്ചരക്കാക്കി കാണരുത്. ഇങ്ങനെ വന്നാൽ അത് സാധാരണക്കാരായ ജനങ്ങളെയാണ് ദോഷകരമായി ബാധിക്കുക. പത്തിരുപത് കൊല്ലം മുൻപ് തന്നെ കേരളത്തിലെ സർക്കാർ പൊതുവിദ്യാഭ്യാസ മേഖലയിൽ മുതൽമുടക്കുകയും അതിനെ സംരക്ഷിക്കുകയും ചെയ്തതുകൊണ്ടാണ് കേരളത്തിലെ കർഷക തൊഴിലാളികളുടെയും ബീഡി തൊഴിലാളികളുടെയും ചുമട്ടുതൊഴിലാളികളുടെയും കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കാൻ സൗകര്യം ഉണ്ടായത്. കേരളമാണ് ഏറ്റവും വലിയ പുരോഗതി ഈ മേഖലയിൽ


ഉണ്ടാക്കി എടുത്തിരിക്കുന്നത്.


***ചോദ്യം: പല വിദേശ യൂണിവേഴ്സിറ്റികളും ഇന്ത്യയിൽ വന്ന് ഒരു എഡ്യൂക്കേഷണൽ ഹബ് തുടങ്ങുവാൻ പോകുന്നതായി വാർത്തകൾ വരുന്നു. ഇത് വിദ്യാഭ്യാസമേഖലയെ എങ്ങിനെ ബാധിക്കും?***

ഉത്തരം: വിദേശ യൂണിവേഴ്സിറ്റികൾ ഇന്ത്യയിൽ വരുന്നത് ബിസിനസിന് വേണ്ടി മാത്രമാണ്. ധനവാൻമാർ മാത്രം പഠിച്ചാൽ മതി, സാധാരണക്കാർ പഠിക്കേണ്ടതില്ല എന്നിടത്തേക്ക് കാര്യങ്ങൾ മാറ്റിക്കൊണ്ടിരിക്കുകയാണ്. സാധാരണക്കാരുടെ വിദ്യാഭ്യാസത്തെ ദോഷകരമായി ബാധിക്കുന്നതാണ് ഇത്. ഇതിന്റെ ഭാഗമായി നമ്മുടെ രാജ്യത്തെ ജനങ്ങളെ വെറു് മൂന്നാം തരക്കാരായി മാറ്റുന്നിടത്തേക്ക് കാര്യങ്ങളെ ചെന്നെത്തിക്കും. ഇതിൽ സാമൂഹ്യപരമായ ഇടപെടൽ അത്യാവശ്യമാണ്. ജനങ്ങളും വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നവരും വളരെ ജാഗ്രതയോടുകൂടി ഇതിൽ ഇടപെടേണ്ടത് അത്യാവശ്യമാണ്.

***ചോദ്യം: ഓട്ടോണമസ് കോളേജുകൾ വിദ്യാഭ്യാസമേഖലയിൽ ഉണ്ടാക്കുന്ന സാമൂഹ്യപ്രശ്നങ്ങളെ അങ്ങ് എങ്ങിനെ വിലയിരുത്തുന്നു?***

എങ്ങിനെയുള്ള ഓട്ടോണമി എന്നതാണ് ചിന്തിക്കേണ്ടത്. വിദ്യാഭ്യാസരംഗത്തെ ഓട്ടോണമി ആണോ, ഭരണതലത്തിലുള്ള ഓട്ടോണമി ആണോ വേണ്ടത്. വിദ്യാർത്ഥികളിൽ നിന്ന് വളരെയധികം ഫീസ് വാങ്ങിക്കൽ, അദ്ധ്യാപകനിയമനങ്ങൾക്ക് തുക വാങ്ങിക്കൽ ഇതിലൊക്കെയുള്ള ഓട്ടോണമി വളരെ അപകടകരമാണ്. ഓട്ടോണമി എന്ന വാക്ക് കൊണ്ട് മാത്രം നമുക്ക് അതിന്റെ ശരിതെറ്റുകളിലേക്ക് എത്തിച്ചേരാൻ സാധ്യമല്ല. എന്താണതിന്റെ വ്യവസ്ഥകൾ, എവിടെവരെയുള്ള ഓട്ടോണമിയാണ് എന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇതിനെ വിലയിരുത്താൻ സാധിക്കുകയുള്ളൂ. മികച്ച അദ്ധ്യാപകരുടെ ലഭ്യത, മികച്ച ഭൗതികവും അക്കാദമികവുമായ സൗകര്യങ്ങൾ സാമൂഹികവും രാഷ്ട്രീയവുമായ പിന്തുണകൾ എന്നിവ ഉറപ്പുവരുത്തുകയാണ് ആദ്യം കോളേജുകളിലും സർവ്വകലാശാലകളിലും ചെയ്യേണ്ടത്. ഇതൊന്നും ഉറപ്പുവരുത്താതെ കേരളത്തിലെ കോളേജുകൾക്ക് ഓട്ടോണമസ് പദവി നൽകാൻ ശ്രമിച്ചപ്പോഴാണ് അക്കാദമിക് സമൂഹം ഒറ്റക്കെട്ടായി എതിർപ്പുമായി രംഗത്തുവന്നതും, അദ്ധ്യാപക വിദ്യാർത്ഥി സംഘടനകൾ സമരരംഗത്ത് ഇറങ്ങുകയും ചെയ്തത്. വിദ്യാഭ്യാസം, ഭരണം, സാമ്പത്തികം എന്നിങ്ങനെ വിദ്യാഭ്യാസമേഖലയിലെ ഓട്ടോണമിയെ മൂന്നായി തരംതിരിക്കാറുണ്ട്. ഇതിൽ ഏറ്റവും പ്രധാനം അക്കാദമിക് കാര്യങ്ങളിലുള്ള ഓട്ടോണമി ആണ്. അദ്ധ്യാപകരും വിദ്യാർത്ഥികളും അടങ്ങുന്ന ഒരു സമൂഹം ഉൾക്കൊള്ളുന്നതായിരിക്കണം ഇത്. മാത്രമല്ല, ഭരണപരമായ ഓട്ടോണമി ഒരു വ്യക്തിയിൽ കേന്ദ്രീകരിച്ചാൽ അത് വിദ്യാഭ്യാസ ഓട്ടോണമി ഇല്ലാതാക്കും എന്നതിൽ യാതൊരു സംശയവും വേണ്ട. വിദ്യാഭ്യാസ ഗവേഷണ രംഗത്തുള്ള ഓട്ടോണമി മോശമാണ് എന്ന് പറയാൻ സാധിക്കില്ല. അങ്ങനെയുള്ള ഓട്ടോണമി ആവാം. പക്ഷേ ഇതിനെല്ലാം സാമൂഹികമായിട്ടുള്ള മേൽനോട്ടവും നിയന്ത്രണവും ആവശ്യമാണ്.





***ചോദ്യം: മറ്റു സംസ്ഥാനങ്ങൾക്ക് പ്രചോദനമാം വിധം കേരളത്തിലെ വിദ്യാഭ്യാസരംഗത്തെ ഉണർവ്വ് വളരെ വലുതാണ്. ഇന്ത്യയ്ക്ക് അകത്തും പുറത്തുമുള്ള പല പ്രധാന ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങളിലും ധാരാളം മലയാളികൾ ജോലി ചെയ്യുന്നു. കേരളത്തിലെ വിദ്യാഭ്യാസ രംഗത്തിലെ ഈ ഉണർവ്വിന് ഇടതുപക്ഷപ്രസ്ഥാനങ്ങളുടെ പങ്ക് വളരെ വലുതാണ്. എങ്ങിനെ നോക്കിക്കാണുന്നു ഇതിനെ?***

ഉത്തരം : ഇടതുപക്ഷ പ്രസ്ഥാനങ്ങൾ കേരളത്തിന്റെ വിദ്യാഭ്യാസരംഗത്തെ ജനാധിപത്യവത്കരിക്കാനും വളർത്തിക്കൊണ്ടുവരാനും വളരെയധികം സംഭാവനകൾ നൽകിയിട്ടുണ്ട്. മാറിവരുന്ന കേന്ദ്ര സർക്കാരുകൾ കേരളത്തിന്റെ ആരോഗ്യ-വിദ്യാഭ്യാസമേഖലയ്ക്ക് ആവശ്യമായ തുക നീക്കിവെക്കാൻ തയ്യാറായിരുന്നില്ല. കേരളത്തിന്റെ പ്രശ്നങ്ങളോട് പുറംതിരിഞ്ഞു നില്ക്കുന്ന നയമാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. അതിനെയെല്ലാം തരണം ചെയ്തുകൊണ്ട് ഇന്നിപ്പോൾ കേരളം മെച്ചപ്പെട്ട സ്ഥിതിയിലാണ്. ഒരുപാട് മാറ്റങ്ങൾ ഇനിയും ഉണ്ടാകേണ്ടതായിട്ടുണ്ട്. ഇന്നുള്ള നമ്മുടെ കഴിവുകൾ ഉപയോഗിച്ച് ലോകനിലവാരത്തിലേക്ക് എത്താൻ വലിയ ശ്രമം നടത്തേണ്ടതുണ്ട്. ഹൈസ്കൂൾ വിദ്യാഭ്യാസമായാലും, കോളേജ്-സർവകലാശാലാ വിദ്യാഭ്യാസമായാലും അതിന്റെ ഉള്ളടക്കം മെച്ചപ്പെടുത്താനുള്ള ഒരു തീവ്രമായ ശ്രമം കേരളത്തിൽ നടത്തേണ്ടതുണ്ട്. ആ കാര്യത്തിൽ അദ്ധ്യാപകസംഘടനകൾക്കും വിദ്യാർത്ഥി സംഘടനകൾക്കും വളരെ പ്രധാനപ്പെട്ട പങ്കാണ് വഹിക്കാനുള്ളത്.

***ചോദ്യം: ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസരംഗം മൂല്യച്യുതിയെ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് കടന്നുപോയിക്കൊണ്ടിരിക്കുന്നത് എന്നാണല്ലോ പൊതുവായ അഭിപ്രായം. എന്താണിതിന് കാരണം. എങ്ങിനെ നമുക്കിതിന്റെ ഗുണനിലവാരം ഉയർത്താം?***

ഉത്തരം: നവലിബറൽ നയങ്ങൾ തന്നെയാണ് ഉന്നതവിദ്യാഭ്യാസരംഗത്തെ മൂല്യച്യുതിക്ക് പ്രധാന കാരണമായി കാണുന്നത്. വിദ്യാഭ്യാസരംഗത്ത് കൂടുതൽ മുതൽമുടക്കാൻ കേന്ദ്രസർക്കാർ തയ്യാറാവണം. വിദ്യാഭ്യാസരംഗത്തെ മുതൽമുടക്ക് എങ്ങനെ വിഭജിച്ച് വിനിയോഗിക്കണം എന്നതും വളരെ പ്രധാനമാണ്. പൊതുവെ സമൂഹത്തിന്റെ പുരോഗതി ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് വേണ്ടി ആവണം അത് വിനിയോഗിക്കേണ്ടത്. പല സംസ്ഥാന-കേന്ദ്ര സർവ്വകലാശാലകളിലും ഗവേഷണം നടത്തുന്ന കുട്ടികളുടെ എണ്ണം കുറയ്ക്കുന്നതിനുള്ള ബോധപൂർവ്വമായ ഒരു ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം ഒരു പ്രത്യേക മേഖലയിൽ മാത്രം വിദ്യാർത്ഥികളെ കേന്ദ്രീകരിക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായാണ് നടക്കുന്നത്. ഇതു തന്നെയാണ് സ്വകാര്യ സർവ്വകലാശാലകളുടെ കാര്യത്തിലും നടക്കുന്നത്. ഇന്ത്യയിലുള്ള നിരവധി സ്വകാര്യ സർവ്വകലാശാലകൾ വിദ്യാഭ്യാസ പുരോഗതിക്കോ നിലവാരം ഉയർത്തുന്നതിനോ എന്തെങ്കിലും സംഭാവന ചെയ്തു എന്നു പറയാൻ പറ്റില്ല. അവയൊക്കെ അവരുടെ സ്വകാര്യതാല്പര്യങ്ങൾക്ക് വേണ്ടി മാത്രമേ എന്നും നിലകൊണ്ടിട്ടുള്ളു. പല കാരണങ്ങൾ കൊണ്ടും പ്രഗത്ഭരായ, പ്രതിഭാശാലികളായ പല ഇന്ത്യക്കാരും വിദേശ ഗവേഷണശാലകളിലാണ് പ്രവർത്തിക്കുന്നത്. അവരിൽ പലരെയും തിരിച്ചുകൊണ്ടുവന്നാൽ നമ്മുടെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം ഉയർത്താൻ സാധിക്കും.

നവ ഉദാരവൽക്കരണ നയങ്ങളോടൊപ്പം കേന്ദ്രസർക്കാരിന്റെ ഭൂരിപക്ഷ വർഗീയതയുടെ താല്പര്യങ്ങളെയും ലക്ഷ്യംവെച്ചുള്ള മാറ്റവും നമ്മുടെ രാജ്യത്ത് നടക്കുന്നുണ്ട്. ഇവയെല്ലാം എതിർക്കപ്പെടേണ്ടതാണ്. സമൂഹത്തിൽ, അദ്ധ്യാപക-വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ, പുരോഗമന ജനാധിപത്യ പ്രസ്ഥാനങ്ങൾ ഇവയെ സംബന്ധിച്ചുള്ള ആരോഗ്യപരമായ സംവാദങ്ങൾ സംഘടിപ്പിക്കണം. ഇത് വിദ്യാഭ്യാസ പ്രവർത്തകരുടെയും അദ്ധ്യാപക സംഘടനകളുടെയും മാത്രമായി ഒതുക്കി നിർത്തലല്ല, സമൂഹത്തിന്റെ ആകെയുള്ള ഇടപെടൽ ഉണ്ടാക്കിക്കൊണ്ട് മാത്രമേ ഇതിൽ നമുക്ക് മാറ്റം വരുത്താൻ സാധിക്കുകയുള്ളു. വിദ്യാഭ്യാസരംഗത്ത് സമൂഹത്തിന്റെ ഇടപെടൽ വളരെ പ്രധാനമാണ്. അത് വർദ്ധിപ്പിക്കണം. അതിൽ അദ്ധ്യാപക പ്രസ്ഥാനങ്ങൾക്ക് വളരെ വലിയ പങ്കാണ് വഹിക്കാനുള്ളത്.

June 2017 | COLLEGE TEACHER

# കരുണ ഒരു പുനർവായന


അാധുനിക കവിത്രയത്തിൽ ആശയമഹിമകൊണ്ട് ഒന്നാമനായ മഹാകവി കുമാരനാശാന്റെ പ്രൗഢസുന്ദരമായ കവിതയാണ് 'കരുണ'. ജീവിതത്തിലെ ആത്യന്തികമായ വികാരം സ്നേഹമാണെന്ന ആശാന്റെ സിദ്ധാന്തം അദ്ദേഹത്തിന്റെ പല കവിതകളിലെന്നപോലെ കരുണയിലും പ്രതിബിംബിക്കുന്നത് കാണാം. ശ്രീനാരായണഗുരുവെന്ന വിപ്ലവസന്ന്യാസിയുടെ ശിഷ്യത്വം അപരപ്രിയത്വമെന്ന ഗുണത്തിനും ആശാന്റെ കവിതയിൽ പ്രാമുഖ്യം നൽകുന്നു. 1924 ജനുവരി 16ന് കുമാരനാശാന്റെ മരണകാരണമായി പല്ലനയാറ്റിൽ വെച്ചുണ്ടായ ബോട്ടപകടത്തിൽ കരുണയുടെ പെൻസിൽ കൊണ്ടെഴുതിയ കൈയ്യെഴുത്തു പ്രതിയും അകപ്പെട്ടു. പെൻസിൽ കൊണ്ടെഴുതിയതിനാൽ അക്ഷരങ്ങൾ മായാതിരുന്ന 'കരുണ' ആ വർഷം തന്നെ പ്രസിദ്ധീകരിക്കുകയാണുണ്ടായത്.

'കരുണ' എന്ന കാവ്യത്തിന്റെ പേരു സൂചിപ്പിക്കുന്നതുപോലെ അനന്തമായ അനുകമ്പയുടെ, അന്യസ്നേഹത്തിന്റെ, ഹൃദയവിശാലതയുടെ, പരിശുദ്ധമായ പ്രണയത്തിന്റെ, ഉരുകിത്തെളിയുന്ന ജ്ഞാനത്തിന്റെ ഒക്കെ കാവ്യമാണ് കരുണ. ബുദ്ധമതത്തിന്റെ സാരാംശമായ കരുണയെ കുമാരനാശാൻ കവിതയാക്കിയപ്പോൾ കാരുണ്യം കൂടിയതല്ലാതെ കുറഞ്ഞെന്നു പറഞ്ഞുകൂടാ.

മൂന്നുഖണ്ഡങ്ങളിലായി 510 വരികളിൽ വാസവദത്തയെന്ന വേശ്യാസ്ത്രീക്ക് ഉപഗുപ്തനോടുള്ള അഗാധപ്രണയമായി, മാംസനിബദ്ധമായ അനുരാഗമായി വളരുന്ന അഭിനിവേശം കഥാന്ത്യത്തിൽ നിർമ്മലപ്രേമമായി ഉയരുന്നു എന്ന് കരുണയെ ചുരുക്കിപ്പറയാം. ഉപരിപ്ലവവായനയിൽ ഇത്രമാത്രം നിസ്സാരമായ ഒരു തന്തു കുമാരനാശാൻ എഴുതുമോ എന്ന് അദ്ദേഹത്തിന്റെ കവിതകൾ വായിക്കുന്നവർ ചിന്തിച്ചേക്കും. ഒരു വേശ്യാസ്ത്രീയുടെ അത്തരം അഭിനിവേ

**ഡോ. ഇന്ദുലാൽ ജി.**
സെന്റ് അലോഷ്യസ് കോളേജ്, എടത്വ





ശത്തിൽ എന്തു പുതുമ? ബുദ്ധസന്ന്യാസിയുടെ നിർമ്മമത്വത്തിൽ എന്തു നൂതനത? പിന്നെയെന്താവാം കരുണയിലെ വിവക്ഷ?


കുമാരനാശാന്റെ ഒരു പ്രത്യേകത, അദ്ദേഹം സാധാരണക്കാരന്റെ കവിയായിരിക്കവേ തന്നെ, അതിഗംഭീരമായ ആശയങ്ങളുടെ പ്രചാരകനുമായിരുന്നു എന്നതാണ്. ഏതുതലത്തിലുള്ള വായനക്കാരനും ഓരോരോ അനുഭൂതികൾ കിട്ടുംവിധം അദ്ദേഹം തന്റെ കാവ്യം രചിച്ചു. കാവ്യാത്മകതയുടെ വർണ്ണരൂപദർശിനിയിൽക്കൂടെ നോക്കി വിവിധ കാഴ്ചകൾ കാണാൻ അദ്ദേഹം അനുവാചകനെ നിർബന്ധിതനാക്കി, അങ്ങനെ വായനയുടെ നവ്യാനുഭൂതി, ആശയനിർഭരമായ കാവ്യരസം എന്നിവയൊക്കെ അനുവാചകനെ അനുഭവിപ്പിച്ചു.

കരുണയെ ഒരു വേശ്യാസ്ത്രീക്ക് സുഭഗസുന്ദരനായ ഭിക്ഷുവിനോടുള്ള പ്രേമമായി അവതരിപ്പിക്കുമ്പോൾ കവി സാധാരണജീവിതവുമായി ബന്ധപ്പെട്ട ഒരു പ്രമേയം കൈകാര്യം ചെയ്യുകയാണ്. അത് സ്വാഭാവികമായ പരിണാമത്തിലെത്തുകയും ചെയ്യുന്നു. കുമാരനാശാനെപ്പോലെ ആശയനിർഭരതയ്ക്ക് പ്രാധാന്യം കൊടുത്ത കവിയുടെ ഈ രചനയെ മറ്റൊരു വിധത്തിലും നോക്കിക്കാണാവുന്നതാണ്.

വാസവദത്തയെ അജ്ഞാനമെന്ന ഗുണമായെടുക്കുക. അജ്ഞാനികൾ പലവിധ അസാന്മാർഗിക ചിന്തകളാൽ വലയം ചെയ്യപ്പെട്ടിരിക്കുന്നു. ഒരു വേശ്യാസ്ത്രീയെപ്പോലെ, പ്രാപിക്കുന്നവരുടെ കുലമോ മഹിമയോ നോക്കാതെ, പലപല ദുഷ്ചിന്തകളാൽ സമ്മർദ്ദപ്പെട്ട മനസ്സോടെ അബദ്ധങ്ങളിൽ ചെന്നുചാടുന്നു. അത്തരത്തിലുള്ള അനേകം അനുചിതപ്രവൃത്തികളുടെ ഫലമായി സമ്പത്ത്, അഹങ്കാരം, താൻപോരിമ, ഗർവം എന്നിങ്ങനെ അനശ്വരമെന്ന് വിചാരിച്ചതൊക്കെയും നശിച്ച് പിന്നീട് തിരിച്ചറിവിന്റെ പാതയിലെത്താൻ ശ്രമിക്കുന്നു. അപ്പോഴേയ്ക്കും വളരെ വൈകിയേക്കാം. അറിവില്ലായ്മയുടെയും സ്വയം സൃഷ്ടിച്ച സാമ്രാജ്യത്തിന്റെയും അധിപതികളായിരിക്കേ പണം കൊണ്ട് വിജ്ഞരെ വിലക്കെടുക്കാൻ നോക്കുക അവരുടെ സ്വഭാവമാണ്. ജ്ഞാനത്തിന്റെ വിലയും മഹത്ത്വവുമാണ് ഉപഗുപ്തനുള്ള വാസവദത്തയുടെ ഓരോ ക്ഷണവും. അപ്പോളൊക്കെ ഉപഗുപ്തൻ അത് നിഷേധിക്കുന്നതിനും കാരണമുണ്ട്. അഹങ്കാരവും തന്റെ അനുചിതഗുണങ്ങളിലുള്ള അതിരുകടന്ന സ്വയംമിഥ്യാബോധവും ഭരിക്കുന്ന ആർക്കും, ആ സമയം ജ്ഞാനം പ്രാപ്യമാകില്ല എന്ന വളരെപ്പഴകിയ ഒരു തത്ത്വത്തെ സോദാഹരിക്കാനാണ് ഉപഗുപ്തനെക്കൊണ്ട് 'സമയമായില്ല' എന്ന് പറയിക്കുന്നത്. താണനിലത്തേ നീരോടൂ എന്ന പഴയ തത്ത്വം.

അജ്ഞാനത്തിന്റെ വലയത്തിൽപെട്ട് ആളുകൾ ചെയ്തുകൂട്ടുന്നതിനു കണക്കില്ല. അത്തരം അബദ്ധങ്ങൾ വാസവദത്തയെന്ന ബിംബത്തിലൂടെ കുമാരനാശാൻ കാട്ടിത്തരുന്നു. അവസാനം കരചരണങ്ങൾ ഛേദിക്കപ്പെട്ട് ശ്മശാനത്തിൽ തള്ളുന്ന വാസവദത്തയെക്കാണാൻ
ഉപഗുപ്തനെത്തുന്നു. അജ്ഞാനത്തിന്റെ ഭാരമായിരുന്ന അഹങ്കാരവും ഔന്നത്യബോധവും ഗർവും ധിക്കാരവും സൗന്ദര്യബോധവും ഒക്കെയാണ് ഛേദിക്കപ്പെട്ടത്. ഇതെല്ലാം ഉപേക്ഷിച്ച് സ്വയം സമർപ്പിതമായിരിക്കുന്ന അവസ്ഥയിലേ ജ്ഞാനം വന്നുചേരൂ എന്ന് ഗർവ്വിഷ്ഠരെ, ജാതിബോധത്തിന്റെ അർത്ഥശൂന്യതയിൽ അഹങ്കരിക്കുന്നവരെ ഓർമിപ്പിക്കുക കൂടിയാണ് ആശാൻ. സഹജരെ സഹോദരരായിക്കാണാൻ അകക്കണ്ണിലെ അജ്ഞാനതിമിരം മാറ്റേണ്ടതിന്റെ ആവശ്യകതയെ വാസവദത്തയുടെ കരചരണഛേദത്തിലൂടെ പ്രസ്താവിക്കുകയാണ് ആശാൻ. വിനയപ്പെടേണ്ടതിന്, താൻ എന്തെന്ന് സ്വയം തിരിച്ചറിയേണ്ടതിന്, സുമനസ്സുകളാകേണ്ടതിന് നഷ്ടപ്പെടുത്തേണ്ടതെന്തൊക്കെ എന്നതിന്റെ ചിത്രം വരയ്ക്കുകയാണ് ആശാൻ. കരുണയെ ഇങ്ങനെയാണ് കാണേണ്ടത്. അല്ലാതെ അതിനെ വേശ്യാസ്ത്രീയുടെ മാംസപ്രണയം എന്നു കാണുന്നത് ആ കാവ്യത്തോടും ആശാനോടുമുള്ള നീതികേടായിരിക്കും.

കരുണയുടെ അവസാനഭാഗത്ത് എല്ലാത്തരം വായനക്കാർക്കുമുള്ള വലിയൊരു സന്ദേശം



ആശാൻ സ്മാരകം

ആശാൻ അടക്കം ചെയ്തിട്ടുണ്ട്. കരുണയുടെ താക്കോൽവരികളായി അവയെ സ്വീകരിക്കാമെന്നും തോന്നുന്നു. അത് ഇതാണ്.

ഇല്ല ഞാൻ താമസിച്ചുപോയില്ലെടോ സരളശീലേ-

യല്ലൽ നീയിന്നെന്നെച്ചൊല്ലിയാർന്നിടാതെടോ

ശോഭനകാലങ്ങളിൽ നീ ഗമ്യമായില്ലെനിക്കു നിൻ

സൗഭഗത്തിൽ മോഹമാർന്ന സുഹൃത്തല്ല ഞാൻ

കുശലമാർഗങ്ങളന്നു കേൾക്കുമായിരുന്നില്ല നീ

വിശസനം സഖികളെ വിജ്ഞരാക്കുന്നു.

ഒരു സാധാരണന്റെ കാഴ്ചപ്പാടിൽ ഈ വരിക്കുള്ള പ്രസക്തി വളരെയേറെയാണ്. സാമൂഹിക ജീവിതത്തിൽ ഏറെ കേൾക്കുന്ന വാക്കാണ് സുഹൃത്ത് എന്നത്. ഇപ്പോൾ ആധുനിക മനുഷ്യൻ ഏറെ സുഹൃത്തുക്കളെ നേടുന്നത് സമൂഹമാധ്യമങ്ങളായ ഫേസ്ബുക്ക്, ട്വിറ്റർ എന്നിവയിലൂടെയാണ്. ഏതാണ്ട് നൂറു വർഷം മുമ്പ് ആശാൻ സുഹൃത്തിന്റെ വിശാലമായ നിർവചനം പറഞ്ഞുവെച്ചത് നാം ശ്രദ്ധയോടെ തന്നെ മനസ്സിലാക്കേണ്ടതുണ്ട്. ഒറ്റവരിയേ ആശാൻ പറയുന്നുള്ളൂ, അത് സാധാരണനുവേണ്ടിയാണ്. സമ്പത്തോ സ്ഥാനമഹിമയോ സമൂഹത്തിലെ നിലയോ ഒന്നുമല്ല സുഹൃത്ബന്ധത്തിന്റെ കാതൽ. മറിച്ച് അത് അന്യന്റെ അവശതയിലെ നിലയ്ക്കാത്ത കരുണയാകുന്നു. അന്യന്റെ ദുരിതാവസ്ഥയിലെ രാപകലില്ലാത്ത വേദനയാകുന്നു, അനുകമ്പയാകുന്നു. ഉപഗുപ്തൻ സൗഭഗത്തിൽ മോഹമാർന്ന സുഹൃത്തല്ലായിരുന്നു എന്നത് പണം, ജാതി, സമൂഹത്തിലെ ആദരനിലകൾ, വസ്ത്രം, വാഹനം എന്നിവയൊക്കെ നോക്കി സുഹൃത്തിനെ അളക്കുന്ന പുതുതലമുറ ശ്രദ്ധിക്കേണ്ടതുണ്ട്.

ഉപഗുപ്തനെ ജ്ഞാനത്തിന്റെ ബിംബമായും വാസവദത്തയെ അജ്ഞാനബിംബമായും എടുത്ത് അല്പം ഉയർന്നതലത്തിൽ ഈ കാവ്യം പരിശോധിച്ചാലും ജ്ഞാനം സുഖികളോട് ഉപദേശിക്കേണ്ടതല്ലയെന്ന ആർഷഭാരതപ്രമാണമാണ് വെളിപ്പെടുന്നത്. ചെടിയിൽ പൂവിട്ടു നിൽക്കുന്ന പുഷ്പത്തിനോടല്ല മറിച്ച് മണ്ണിൽ വീണ് എപ്പോൾ വേണമെങ്കിലും പട്ടുപോകാവുന്ന പുഷ്പത്തിനോടാണ് 'വീണപൂവിൽ' ആശാൻ സച്ചിന്തകളുപദേശിക്കുന്നത്. അതെപ്പോഴും അങ്ങനെയേ ആകൂ. കാരണം വിശസനം (കഠിനദുഃഖം) ആളുകളെ വിജ്ഞാനികളാക്കുന്നു. അത്തരത്തിൽ തന്റെ എല്ലാ ബാഹ്യകെട്ടിപ്പൊക്കലുകളെയും ഉപേക്ഷിച്ച് അജ്ഞാനം ജ്ഞാനത്തിനെ കാത്തിരിക്കവേ ജ്ഞാനികൾക്ക് ചേരുംവണ്ണം അജ്ഞാനത്തിനെ ജ്ഞാനത്തിലേക്ക് പരിഭാഷപ്പെടുത്തുന്ന മഹനീയകൃത്യമാണ് കരുണയിലൂടെ ആശാൻ നിർവ്വഹിക്കുന്നത്.




# കാണിയുടെ ചരിത്രം കൊട്ടക മുതൽ മൾട്ടിപ്ലക്സ് വരെ

**കെ പി ജയകുമാർ**
എൻ.എസ്.എസ്. കോളേജ്
ചേർത്തല



ആദ്യത്തെ സിനിമ ഏതാണ്? ആദ്യ മൂക ചിത്രം? ആദ്യ ശബ്ദ ചിത്രം? പ്രഥമ കളർ സിനിമ? സിനിമയുടെ ആദ്യ പ്രദർശനം? ഈ ചോദ്യങ്ങളിലൂടെയാണ് നമ്മൾ സിനിമാ ചരിത്രത്തിലേക്ക് പ്രവേശിക്കുന്നത്. തുടക്കങ്ങളുടെ ചരിത്രമാണ് സിനിമാ ചരിത്രം. കേവലമായ ഈ തുടക്കങ്ങളിലൂടെയാണ് സിനിമാ ചരിത്രത്തിന്റെ ഉള്ളറകളിലേക്ക് പ്രവേശിക്കുന്നത്. മലയാള സിനിമാ ചരിത്രത്തിലാകട്ടെ ഈ തുടക്കങ്ങൾ പിന്നീട് വരാനുള്ള യഥാർത്ഥ ചലച്ചിത്ര ചരിത്രത്തിന്റെ പൂർവ്വ ഖണ്ഡമാണുതാനും. ഇത്തരം ചരിത്ര രചനാ രീതികളിൽ ഏറെ പ്രശ്നങ്ങളുടെണ്ടെന്നും തുടക്കങ്ങളുടെ ഈ ചരിത്രം ആ കാലഘട്ടത്തിൽ നിലവിലുണ്ടായിരുന്ന വിനോദ രൂപങ്ങളുടെ വിശാലമായ സാമൂഹിക പരിസരത്തെ തീർത്തും അദൃശ്യമാക്കുന്നുവെന്നും മനസ്സിലാക്കികൊണ്ടുതന്നെയാണ് ഇവിടെ കാഴ്ചയുടെ ചരിത്രം അന്വേഷിക്കുന്നത്. ഒരു സമൂഹത്തിന്റെ കാഴ്ചകളിലേക്ക്, വിനോദോപാധികളിലേ



ക്ക് സ്വാഭാവികമായി വന്നു ചേർന്നതല്ല സിനിമ. കൃത്യമായി നിർണ്ണയിക്കപ്പെട്ടതും സിനിമയിൽത്തന്നെ ഉൾച്ചേർന്നിരിക്കുന്നതുമായ നിരവധി ഘടകങ്ങൾ ഈ കാഴ്ചകളെ നിർണയിക്കുന്നുണ്ട്. പ്രദർശനം, കാണികൾ, സിനിമാ കമ്പനികൾ കൂടാതെ സിനിമ തന്നെയും ഉൾപ്പെടുന്ന നിരന്തരവും സജീവവുമായ ഇടപെടലുകളാണത്.

## കേരളം സിനിമ കാണുന്നു

സഞ്ചരിക്കുന്ന നാടക ട്രൂപ്പുകൾ, മൈം പ്രദർശനങ്ങൾ, സർക്കസ് തുടങ്ങിയ വിനോദ രൂപങ്ങളുടെ വിപുലവും സങ്കീർണ്ണവുമായ സാംസ്കാരിക ചട്ടക്കൂടിന്റെ ഭാഗമായി ആദ്യകാല സിനിമാ സംസ്കാരത്തെ മനസ്സിലാക്കേണ്ടതുണ്ട്. നാടക ചരിത്ര പഠനങ്ങൾ സൂചിപ്പിക്കുന്നത് പ്രമുഖ തമിഴ് നാടക ട്രൂപ്പുകൾ എല്ലാം തന്നെ കേരളം സന്ദർശിച്ചിരുന്നു എന്നാണ്. പ്രദർശനത്തിനായി അവർ തുറസായ ഇടങ്ങളിൽ കൂടാരങ്ങൾ കെട്ടുകയോ പ്രദർശന ഹാളുകളോ മറ്റുകെട്ടിടങ്ങളോ വാടകക്ക് എടുക്കുകയും ചെയ്തിരുന്നു. ചെറു പട്ടണങ്ങളിലെ സിനിമാ പ്രദർശന സമ്പ്രദായം പലപ്പോഴും നാടകം, മൈം, സർക്കസ്, തുടങ്ങിയ വിനോദരൂപങ്ങളുടെ പ്രദർശന വേദികളും പ്രദർശന സംവിധാനങ്ങളും ഉപയോഗിച്ചിരുന്നു. 1906ൽ കേരളത്തിൽ ആദ്യ ചലച്ചിത്ര പ്രദർശനം നടന്നുവെന്നാണ് ചരിത്രം. 1907ൽ തൃശൂരിൽ വിപുലമായ അർത്ഥത്തിൽ സിനിമയുടെ പ്രദർശനം  നടന്നതായി കാണാം. 1920കളോടെ പലതരത്തിൽപ്പെടുന്ന സിനിമകളുടെ സങ്കലന പ്രദർശനങ്ങൾ തിരുവിതാം കൂറിൽ നടന്നിരുന്നു. ഈ പ്രദർശനങ്ങളിൽ സ്മാരകങ്ങൾ, ഉൽസവങ്ങൾ, പൊതുപരിപാടികൾ തുടങ്ങിയവയുടെ ചിത്രീകരണങ്ങളും നാടകങ്ങളുടെ സിനിമാചിത്രണങ്ങൾ, ഫീച്ചർ ചിത്രങ്ങൾ തുടങ്ങിയവയും പ്രദർശിപ്പിച്ചിരുന്നു. പല ഓർമ്മക്കുറിപ്പുകളും ഈ സിനിമാപ്രദർശനങ്ങളെ അത്ഭുതപൂർവ്വമായി സാങ്കേതികാതിശയങ്ങളായി വിവരിക്കുന്നുണ്ട്. സഞ്ചരിക്കുന്ന പ്രദർശന കമ്പനികൾ സിനിമ പ്രദർശിപ്പിച്ചിരുന്നത് പ്രാദേശികമായ സാമൂഹിക സാംസ്കാരിക ശക്തികളുമായി നിരന്തരം ബന്ധപ്പെടുകയും പ്രദർശന ഇടങ്ങളെ പുനക്രമീകരിക്കുകയും ചെയ്തുകൊണ്ടാണ്. ഇതുവഴി അവർ സവിശേഷമായ സാംസ്കാരിക സാധൂകരണം തേടുകയായിരുന്നിരിക്കണം ചെയ്തിരുന്നത്.

1895 ഡിസംബർ 28-ാംതിയതി പാരീസിലെ ഗ്രാന്റ് കഫേയുടെ നിലവറയിൽ ലോകത്തിലെ ആദ്യത്തെ ചലച്ചിത്ര പ്രദർശനം നടന്നു. ലോകം സിനിമകണ്ട് ആറ് മാസം പിന്നിട്ടപ്പോൾ ഇന്ത്യയിലും ആദ്യപ്രദർശനത്തിന് വേദിയൊരുങ്ങി. മുംബൈയിൽ ലൂമിയർ സഹോദരൻമാരാണ് ആ പ്രദർശനം നടത്തിയത്. ജോർജ്ജ് മെലിസ് എന്ന ആദ്യകാല ചലച്ചിത്രകാരൻ പാരീസിലെ ആദ്യ ചലച്ചിത്ര പ്രദർശനത്തിലെ കാഴ്ചക്കാരനായിരുന്നു. മുംബൈയിൽ ലൂമിയർ സഹോദരൻമാർ ഒരുക്കിയ പ്രദർശനത്തിൽ ഇന്ത്യയുടെ ഭാവി ചലച്ചിത്രകാരനായ ഒരാൾ കാഴ്ചക്കാരനായുണ്ടായിരുന്നു. ഹരിശ്ചന്ദ്ര സഖാറാം ഭട്ട്വഡേക്കർ. മുംബയിൽ ഒരു ഫോട്ടോ സ്റ്റുഡിയോ നടത്തിയിരുന്ന വഡേക്കർ 1897ൽ ലൂമിയർ സഹോദരൻമാരെ അനുകരിച്ച് ഒരു ഗുസ്തി സിനിമയിൽ പകർത്തി. അടുത്ത ഒരു പതിറ്റാണ്ടുകാലം ഇത്തരത്തിലുള്ള നിത്യ ജീവിത ദൃശ്യങ്ങൾ പലതും ചലച്ചിത്രത്തിലേക്ക് പകർത്തിക്കൊണ്ട് ഇന്ത്യൻ സിനിമയുടെ ആദിരൂപത്തിന് സജീവമായ തുടക്കം നൽകി. താനാവാല, ഹീരാലാൽസെൻ, സാവാദാദ തുടങ്ങിയവരായിരുന്നു ഈ ചിത്രങ്ങളുടെ അമരക്കാർ. ലൂമിയൽ സഹോദരൻമാരുടെ ഏജന്റുമാർ ഇന്ത്യയിലെ പ്രദർശനങ്ങൾ കഴിഞ്ഞ് മടങ്ങിയതോടെ ഇന്ത്യക്കാരായ പ്രദർശകർ രംഗത്തെത്തി. ജെ എഫ് മദൻ, അബ്ദുള്ള ഇസൂഫലി എന്നിവരാണ് പ്രദർശന രംഗത്തെ ആദ്യത്തെ ഇന്ത്യക്കാർ. ഇരുപതാം നൂറ്റാണ്ടിന്റെ പിറവിയോടൊത്ത് അവരുടെ ചലച്ചിത്ര പ്രദർശനങ്ങളും തുടങ്ങി.

തിരുച്ചിറപ്പിള്ളിയിലെ റെയിൽവേ ഉദ്യോഗസ്ഥനായിരുന്നു പോൾ വിൻസെന്റായിരുന്നു ദക്ഷിണേന്ത്യയിലെ ആദ്യ ചലച്ചിത്ര പ്രദർശകൻ. ഫ്രെഞ്ചുകാരനായ ഒരു ചലച്ചിത്ര പ്രദർശകനിൽ നിന്നു



ലൂമിയർ ബ്രദേഴ്സ്

വാങ്ങിയ സിനിമാറ്റോഗ്രാഫ് ഉപകരണങ്ങൾ കൊണ്ടാണ് വിൻസെന്റ് പ്രദർശനം തുടങ്ങിയത്. എഡിസൺ ബയോസ്കോപ്പ് എന്ന തന്റെ പ്രൊജക്ടറുമായി വിൻസെന്റ് ദക്ഷിണേന്ത്യ ചുറ്റിക്കറങ്ങി. കൂട്ടത്തിൽ കോഴിക്കോട്ടുമെത്തി. 1906ൽ കേരളീയർ ആദ്യമായി ചലച്ചിത്രപ്രദർശനം കണ്ടു. ചെടിയിൽ പൂവിരിയുന്നതും കുതിരപന്തയവും ക്രിസ്തുവിന്റെ ജീവിതവുമൊക്കെയാണ് പ്രദർശിപ്പിക്കപ്പെട്ട ചിത്രങ്ങൾ. അക്കൊല്ലം അവസാനത്തോടെ വിൻസന്റും എഡിസൺ ബയോസ്കോപ്പും തൃശ്ശൂരെത്തി. അവിടെ ചലച്ചിത്ര പ്രദർശനങ്ങൾ അത്ര വിജയമായിരുന്നില്ല. എങ്കിലും തൃശ്ശൂരിലെ വാറുണ്ണി ജോസഫ് അതിൽ ആകൃഷ്ടനായി. വിൻസെന്റാവട്ടെ തന്റെ ബയോസ്കോപ്പും ഫിലിമുകളും വാറുണ്ണിക്ക് വിറ്റ് നാട്ടിലേക്ക് മടങ്ങി. കാട്ടൂർക്കാരൻ വാറുണ്ണി ജോസഫ് സിനിമയുടെ മാന്ത്രികശക്തിയെപ്പറ്റി ബോധവാനായിരുന്നു എന്നുവേണം കരുതാൻ. 1907ലെ തൃശൂർ പൂരത്തിന് അദ്ദേഹത്തിന്റേതായ ഒരു കൂടാരം ഉയർന്നു. ജോസ് ബയോസ്കോപ്പിന്റെ സിനിമാപ്രദർശനം കാണാൻ ഏറെപ്പേർ തിങ്ങിക്കൂടി.

താല്ക്കാലിക കൂടാരങ്ങളിലാണ് ജോസഫ് ചിത്രങ്ങൾ പ്രദർശിപ്പിച്ചത്. പെട്രോമാക്സ് വിളക്കുകൾ കൂടാരത്തിൽ പ്രകാശം പരത്തി. പ്രദർശനം തുടങ്ങുമ്പോൾ ഈ വിളക്കുകൾ പെട്ടിക്കുള്ളിൽ മറയും .പ്രൊജക്ടറിന്റെ ശബ്ദത്തിനൊപ്പം വിവരണക്കാരന്റെ ശബ്ദം ഉയരും. ഉച്ചഭാഷിണി ഇല്ലാതെ തന്നെ, എന്നാൽ എല്ലാവരും കേൾക്കുമാറുച്ചത്തിലാണ് ഈ വിവരണം. ഹരികഥാകാരൻമാരുടെ അവതരണരീതിയാണ് ഈ വിവരണക്കാരന്റേത്. ചിത്രത്തിന്റെ കഥ മുഴുവൻ അവർ അറിഞ്ഞിരിക്കണമെന്നില്ല. എങ്കിലും വാക്സാമർത്ഥ്യംകൊണ്ട് വിവരണം രസകരമാക്കിത്തീർക്കും.

കേരളത്തിലെ പ്രദർശന വിജയത്തെത്തുടർന്ന് കാട്ടൂർക്കാരൻ ജോസഫ് ദക്ഷിണേന്ത്യയൊട്ടാകെ തന്റെ ബയോസ്കോപ്പുമായി ചുറ്റിക്കറങ്ങി. ജനറേറ്ററുകൾ ലഭ്യമായിത്തുടങ്ങിയതോടെ ജോസഫ് തന്റെ പ്രദർശനങ്ങൾക്കായി ഒരു ജനറേറ്റർ വാങ്ങി. അങ്ങനെ 1912 മുതൽ ജോസ് ബയോസ്കോപ്പ് ,ജോസ് ഇലക്ട്രിക്കൽ ബയോസ്കോപ്പായി അറിയപ്പെട്ടു. പ്രദർശന വിജയങ്ങൾക്കിടെ ഒരപ്രതീക്ഷിത ദുരന്തവും ജോസഫിന് നേരിടേണ്ടിവന്നു. മംഗലാപുരത്തുവെച്ച് അദ്ദേഹത്തിന്റെ ബയോസ്കോപ്പും ഫിലിമുകളും കടലിൽ മുങ്ങിപ്പോയി. പക്ഷെ ജോസഫ് നിരാശനായില്ല. മറ്റ് രണ്ടുപേരെക്കൂടി ചേർത്ത് പുതിയൊരു പ്രദർശന സംരംഭം തുടങ്ങി. റോയൽ എക്സിബിറ്റേഴ്സ് എന്നായിരുന്നു ഇതിന്റെ പേര്. മലയാളത്തിലെ ആദ്യത്തെ പ്രദർശന കമ്പനിയായിരുന്നു ഇത്. എന്നാൽ മലയാളത്തിലെ ആദ്യ ചിത്രം പുറത്തിറങ്ങും മുമ്പുതന്നെ കാട്ടൂർക്കാരൻ ജോസഫ് കഥാവശേഷനായി. സിനിമ തന്നെ സിനിമക്ക് വിഷയമാകുന്ന അപൂർവ്വം ചലച്ചിത്രങ്ങൾ മാത്രമെ മലയാളത്തിൽ പുറത്തുവന്നിട്ടുള്ളു. ഒരു ചലച്ചിത്രത്തിലെന്നതുപോലെ സംഭവ ബഹുലമായിരുന്നിട്ടും കാട്ടൂർക്കാരൻ ജോസഫിന്റെ കഥ എന്തുകൊണ്ടോ മലയാള സിനിമയിൽ ആരും ഇന്നോളം ആവിഷ്കരിക്കാൻ ശ്രമിച്ചില്ല. നൂറ് വർഷം പിന്നിടുന്ന മലയാള ചലച്ചിത്ര പ്രദർശന ചരിത്രത്തിലെ മറക്കാനാവാത്ത ആൾരൂപമാണ് കാട്ടൂർക്കാരൻ ജോസഫ്.

## ആരായിരുന്നു കാണികൾ

സിനിമാട്ടോഗ്രാഫ് പ്രദർശനങ്ങൾ തിരുവിതാംകൂറിൽ വേരൂന്നുന്നത് സിനിമയെ പരിചിതമായ ഒരു വിനോദ-കലാപ്രദർശന സമ്പ്രദായങ്ങളുമായി യോജിപ്പിച്ചുകൊണ്ടാണെന്നുകാണാം. മൂകചിത്രപ്രദർശനങ്ങളോടൊപ്പം ഗാനമേള, നൃത്തം തുടങ്ങിയവയും പതിവായിരുന്നു. തിരശ്ശീലക്ക് മുന്നിൽനിന്ന് ഒരവതാരകൻ ഉച്ചഭാഷിണിയിലൂടെ വിവരണം നടത്തിയിരുന്നു. ചിലപ്പോഴെങ്കിലും ചലച്ചിത്രത്തേക്കാൾ അവതാരകന് പ്രാധാന്യം ലഭിച്ചിരുന്നുതാനും. സരസമായി കഥപറയുന്ന അവതാരകരെ

ലഭിക്കാൻ പ്രദർശന കമ്പനിക്കാരും ഉൽസാഹിച്ചു. പ്രദർശനങ്ങളിൽ ഉൾപ്പെടുത്തിയിരുന്ന ചിത്രങ്ങളുടെ മുഴുവൻ വിവരവും ലഭ്യമല്ലെങ്കിലും മിശിഹാ ചരിതം, ഹിന്ദു പുരാണങ്ങൾ, അലാവുദ്ദീനും അത്ഭുത വിളക്കും പോലെയുള്ള സാമൂഹിക കഥകളും ഉൾപ്പെട്ടിരുന്നതായി തെളിവുകളുണ്ട്. ഈ വൈവിധ്യമാർന്ന പ്രദർശന സമ്പ്രദായം വ്യത്യസ്ഥവിഭാഗങ്ങളിൽപെട്ടവരിൽ താല്പര്യം ജനിപ്പിക്കുന്നതിന് സഹായകമായിരുന്നു. ചെറുപട്ടണങ്ങളുടെയും ഗ്രാമങ്ങളുടെയും സാമൂഹിക കേന്ദ്രങ്ങളിലായിരുന്നു പലപ്രദർശന ശാലകളും. ചില സന്ദർഭങ്ങളിൽ പ്രമുഖ സാമുദായിക സംഘടനകൾ പ്രദർശനത്തെ പിന്തുണക്കുകയും അതുവഴി ഉയർന്ന വിഭാഗങ്ങളെ അതിലേക്ക് ആകർഷിക്കുകയും ചെയ്തു. ആദ്യകാല സിനിമാപ്രദർശനത്തിൽ വൈവിധ്യമാർന്ന സാംസ്കാരിക രക്ഷാധികാര സമ്പ്രദായങ്ങളുണ്ടായിരുന്നു എന്നുവേണം ഇതിൽ നിന്ന് അനുമാനിക്കാൻ.

അക്കാലത്തെ പത്രമാസികകൾ കീഴാള വിഭാഗങ്ങൾക്ക് പ്രിയപ്പെട്ടവയായാണ് സിനിമാപ്രദർശനങ്ങളെയും പ്രദർശന ഇടങ്ങളെയും കാണുന്നത്. ഈ പ്രദർശന ഇടങ്ങൾ വ്യത്യാസങ്ങളെ നിരപ്പാക്കുന്നവയായി മാറുന്നുണ്ടോ എന്ന ഉൽകണ്ഠയും പ്രകടമാവുന്നുണ്ട്. ഇടത്തെക്കുറിച്ചുള്ള ഉൽകണ്ഠകൾ പലപ്പോഴും ഉന്നയിക്കപ്പെട്ടിരുന്നത് ആരോഗ്യം, ശുചിത്വം, സമ്പാദ്യശീലം തുടങ്ങിയവയുമായി ബന്ധപ്പെട്ടാണ്. കീഴാള സദസ്സുകളുടെ ആരോഗ്യം നശിപ്പിക്കുകയും സമ്പാദ്യം ക്ഷയിപ്പിക്കുകയും ചെയ്യുന്ന അപകടകരമായ വിനോദ രൂപമായാണ് പല പത്രമാസികകളും സിനിമയെ കണ്ടത്. സാംക്രമിക രോഗങ്ങൾ പരത്തുന്ന ഒരു 'മലിന' ഇടമായും പൊതുവെ പ്രദർശന ഇടങ്ങളെ കണ്ടിരുന്നു. ആലപ്പുഴയിൽ ഒരു തമിഴ് നാടക ട്രൂപ്പിന് നഗരസഭ പ്രദർശനാനുമതി നൽകിയതിനെ രൂക്ഷമായി വിമർശിച്ചുകൊണ്ട് 1928 നവംബർ 16ന് പുറത്തിറങ്ങിയ നസ്രാണി ദീപിക ഇങ്ങനെ എഴുതുന്നു.

''ദക്ഷിണതിരുവിതാംകൂറുകാരുടെ നിർഭാഗ്യാവസ്ഥ നിമിത്തം അവിടെ പടർന്നു പിടിച്ച് ജനങ്ങളെ അതിഭയങ്കരമാംവണ്ണം സംഹരിച്ചുകൊണ്ടിരിക്കുന്ന കോളറ ഇക്കൂട്ടരുടെ സദ്കർമ്മം നിമിത്തം ഇവിടെ കടന്നിട്ടില്ലെങ്കിലും ഇവിടെ യാതൊരുവിധ പകർച്ചവ്യാധികളും ഇല്ലെന്നു പറവാൻ നിവൃത്തിയില്ല. ഈ വിവരം തങ്ങൾക്ക് അറിവുള്ളതും പൊതുജനങ്ങളും പൊതുജന നാവുകളായ പത്രങ്ങളും ഈ വിഷയത്തിൽ കേവലം ആക്ഷേപകരമായ ഒരു നിലപാടാണ് കൈകൊണ്ടിട്ടുള്ളത്...''

പ്രദർശന ഇടങ്ങളെ മലിന ഇടങ്ങളായി കാണുന്നതിന് പലകാരണങ്ങളുണ്ട്. സിനിമയെത്തന്നെ അശ്ലീലമായും അതുവഴി മലിനപ്പെട്ടവിനോദ രൂപമായും കാണുന്നതിനോടൊപ്പം പാശ്ചാത്യ സ്വാധീനത്തിന്റെയും സ്ത്രീ സ്വാതന്ത്ര്യം മുതലായ അപകടകരമായ ചിന്തകളുടെയും പ്രചാരണവേദികൾ എന്ന അർത്ഥത്തിലും സിനിമാഹാളുകൾ മലിന ഇടങ്ങളായി ചർച്ച ചെയ്യപ്പെട്ടു. ഉദാഹരണത്തിന് 1934ലെ നവരസൻ മാസികയിലെ ഒരു ലേഖനം സ്ത്രീയുടെ സിനിമാ സംസ്കാരത്തെയും സ്ത്രീ സ്വാതന്ത്ര്യത്തെയും നേരിട്ട് ബന്ധിപ്പിച്ചു. ''ഇന്നത്തെ സ്ത്രീ സ്വാതന്ത്ര്യത്തിന് ഗണ്യമായ പ്രചാരണം വരുത്തുന്നവയാണ് സിനിമാശാലകൾ. മേൽപ്പടി ശാലകളിൽ എത്തുവാൻ ഉപയോഗിക്കുന്ന വാടക പ്ലഷർ ബോഡികളും അങ്ങനെതന്നെ. ആ വക പ്ലഷർ ബോഡികൾക്കുള്ളിൽ ഒരുവക മാനുഷ പ്ലഷർ ബോഡികളായി സന്ധ്യാജീവിതം തുടങ്ങുന്നതുകൊണ്ട് കൂടുതലായി സ്ത്രീ സ്വാതന്ത്ര്യം



സ്ഥാപിക്കുവാൻസാധിക്കുമെന്നുള്ളതിനാൽ ഏതുപ്രായക്കാർക്കും ഈ ഉദ്യമത്തിൽ പങ്കെടുക്കാമെന്നുള്ളതാണ്.''

നാഗരികത, ഉപഭോഗസംസ്കാരം, കാമന തുടങ്ങിയവയെ പലരീതികളിൽ ബന്ധിപ്പിക്കുന്ന നിരവധി ലേഖനങ്ങളും സാഹിത്യ രചനകളും 1930കൾ മുതൽ കണ്ടുതുടങ്ങുന്നുണ്ട്. സുരക്ഷ, ആരോഗ്യം, ശുചിത്വം, ജാതിസങ്കലനം തുടങ്ങിയ നിരവധി ആശങ്കകൾക്കും സിനിമയുടെ വർദ്ധിച്ചുവരുന്ന പ്രചാരണത്തിനുമിടയ്ക്കാണ് തിരുവിതാംകൂറിൽ 1927ൽ സിനിമാറ്റോഗ്രാഫ് റഗുലേഷൻ നിലവിൽ വരുന്നത്. അതിമുന്നോടിയായി തുരുവിതാംകൂറിൽ വിപുലമായ ചർച്ചകൾ രൂപപ്പെടുന്നു. തിരുവിതാംകൂറിൽ ഒട്ടുമിക്ക ചെറുപട്ടണങ്ങളിലും വ്യാപിക്കാവുന്ന രീതിയിലുള്ള വിപുലമായ പ്രദർശന സമ്പ്രദായം രൂപ


പ്പെടുത്തുവാനുള്ള സാംസ്കാരിക സന്ദർഭം സൃഷ്ടിക്കുവാൻ ഈ ചർച്ചകൾക്ക് കഴിഞ്ഞു. തിരുവിതാംകൂറിലെ സിനിമാപ്രദർശനത്തിന്റെ സ്വഭാവത്തെയും പ്രദർശനങ്ങളെയും കുറിച്ച് പഠിക്കുവാൻ സർക്കാർ 1922ൽ ഒരു സെലക്ട് കമ്മറ്റിയെ നിയോഗിച്ചു. കമ്മറ്റി റിപ്പോർട്ടിനെക്കുറിച്ച് 1926 ഏപ്രിൽ 22ന് തിരുവിതാംകൂർ നിയമസഭാ കൗൺസിൽ ചർച്ചചെയ്തതിനെത്തുടർന്ന് 1927 മെയ് 24ന് സിനിമാറ്റോഗ്രാഫ് റഗുലേഷൻ നിലവിൽ വന്നു.

## കാഴ്ചയുടെ സദാചാരം

സിനിമയേയും സിനിമാപ്രേക്ഷകരേയും കുറിച്ചുള്ള സർക്കാരിന്റെ ധാരണകളും ഉൽകണ്ഠകളും വാണിജ്യപരമെന്നതിനേക്കാൾ പ്രദർശന ഇടങ്ങളുടെ ക്രമപ്പെടുത്തലുമായി ബന്ധപ്പെട്ടതാണെന്ന് ഈ ചർച്ചകളിൽ കാണാം. ബ്രിട്ടീഷ് ഇന്ത്യൻ പ്രവിശ്യകളിലെ സിനിമാ സംബന്ധിയായ ചർച്ചകളിൽനിന്നും വ്യതിരിക്തമാണ് തിരുവിതാംകൂറിലെ ചർച്ചകളെ രൂപപ്പെടുത്തിയ ഉൽകണ്ഠകൾ.

ആരംഭകാലം മുതൽ തന്നെ ബ്രിട്ടീഷിന്ത്യയിലെ സിനിമാ കമ്പോളം അമേരിക്കൻ സിനിമകളുടെ ആധിപത്യത്തിലായിരുന്നു. മുംബൈ, മദ്രാസ്, കൊൽക്കത്ത തുടങ്ങിയ നഗരങ്ങൾ കേന്ദ്രമാക്കി തുടങ്ങിയ സ്റ്റുഡിയോ ഫിലിം വ്യവസായം സ്വന്തമായി പ്രേക്ഷക സമൂഹത്തെ നിർമ്മിക്കുന്നതുവരെ ഈ ആധിപത്യം തുടർന്നു. അമേരിക്കൻ സിനിമയുടെ ആധിപത്യത്തിൽ ബ്രിട്ടീഷ് സർക്കാരിന് വാണിജ്യപരവും സദാചാരപരവും പ്രത്യയശാസ്ത്രപരവുമായ ഉൽകണ്ഠകളുണ്ടായിരുന്നു. 1927ലെ ബ്രിട്ടീഷ് ഫിലിം ക്വാട്ട ആക്ടിനോടനുബന്ധിച്ച് സിനിമാ വ്യവസായത്തിൽ പല സംഭവവികാസങ്ങളുമുണ്ടായി. ഈ നിയമമനുസരിച്ച് ബ്രിട്ടണിൽ പ്രവർത്തിക്കുന്ന എല്ലാ സിനിമാ വിതരണ കമ്പനികളും ഒരു നിശ്ചിത എണ്ണം ബ്രിട്ടീഷ് സാമ്രാജ്യ സിനിമകൾ പ്രദർശിപ്പിക്കാൻ നിർബന്ധിതരായി. അമേരിക്കൻ സിനിമയുടെ ആധിപത്യത്തിൽനിന്നും ബ്രിട്ടീഷ് സിനിമയെ രക്ഷിക്കാനായിരുന്നു ഈ വ്യവസ്ഥ. ഇത് ഇന്ത്യ അടക്കമുള്ള പല കോളനികളിലെയും വിപണിയിൽ ബ്രിട്ടന് മേൽക്കോയ്മ നേടികൊടുക്കാനായിരുന്നു. എന്നാൽ ബ്രിട്ടീഷ് ഇന്ത്യൻ സർക്കാർ കൂടുതൽ ആശങ്കപ്പെട്ടത് അമേരിക്കൻ സിനിമയുടെ അശ്ലീല ഉള്ളടക്കത്തെക്കുറിച്ചാണ്. തുടർന്ന് ഇന്ത്യയിലെ സിനിമാ വ്യവസായത്തെക്കുറിച്ച് പഠിക്കുന്നതിനായി ഇന്ത്യൻ സിനിമാറ്റോഗ്രാഫ് കമ്മറ്റി രൂപീകരിക്കപ്പെട്ടു. 1927-28ൽ കമ്മറ്റി നടത്തിയ വിശദമായ അന്വേഷണം സിനിമാ നിർമ്മാതാക്കൾ, പ്രദർശന വിതരണ കമ്പനിക്കാർ, സെൻസർ കമ്മറ്റി അംഗങ്ങൾ അഭിനേതാക്കൾ, പത്രാധിപൻമാർ, വിദ്യാഭ്യാസ പ്രവർത്തകർ തുടങ്ങി വിവിധ മേഖലകളിലുള്ള മുന്നൂറ്റിയമ്പത്തിമൂന്നു സാക്ഷികളുടെ വിശദമായ മൊഴി ഈ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നു.

തിരുവിതാംകൂറിലെ ആധുനിക ഭരണസംവിധാനം കാര്യക്ഷമമായ റവന്യൂ ഉൽപാദനത്തിനും ഭരണ നിർവഹണത്തിനുമായി വിശദമായ വിവര ശേഖരണം നടത്തിയിരുന്നു. സിനിമാ പ്രദർശനത്തെ ഈ രീതിയിലുള്ള സാമൂഹ്യ നിയന്ത്രണത്തിനു കീഴിൽ കൊണ്ടുവരുന്നതിനുള്ള ചർച്ചകളെ, ഭരണകൂടത്തിന്റെ നിയന്ത്രണ



പരിധിയിൽ പ്രത്യേക വ്യവസായങ്ങളെ കൊണ്ടുവരുന്നതിനുള്ള വിപുലമായ പ്രക്രിയയുടെ ഭാഗമായി കാണാവുന്നതാണ്. തിരുവിതാംകൂറിലെ സിനിമാ പ്രദർശനത്തെയും വ്യവസായത്തെയും കുറിച്ചുള്ള വിവരശേഖരണത്തിനുള്ള ആദ്യ ശ്രമങ്ങൾ പലതരത്തിലുള്ള തടസങ്ങൾ നേരിട്ടു. ഭരണ സംവിധാനത്തിലെ തന്നെ അന്തഃഛിദ്രങ്ങളും വിതരണ-പ്രദർശന പ്രവർത്തനങ്ങളുടെ കുഴഞ്ഞുമറിഞ്ഞ അവസ്ഥയുമായിരുന്നു പ്രധാന പരിമിതികൾ.


1927ലെ സിനിമാറ്റോഗ്രാഫ് റഗുലേഷൻ പ്രദർശനങ്ങളെ നിയന്ത്രിക്കാനാണ് പ്രധാനമായും ശ്രമിച്ചത്. ഈ നിയന്ത്രണപ്രക്രിയ 1920മുതൽ 1927വരെ വിവിധ മുനിസിപ്പാലിറ്റികളിലെ അധികൃതരുമായുള്ള കത്തിടപാടുകളെ തുടർന്നുണ്ടായതാണ്. ആദ്യകാല സിനിമാപ്രദർശനങ്ങളെക്കുറിച്ചുള്ള പഠനങ്ങളും തിരുവിതാംകൂറിലെ സിനിമാപ്രദർശനത്തെക്കുറിച്ചുള്ള ലഭ്യമായ തെളിവുകളും സൂചിപ്പിക്കുന്നത് ബ്രിട്ടീഷ് ഇന്ത്യൻ പ്രവിശ്യകളിൽ പ്രദർശിപ്പിച്ചിരുന്ന ഒട്ടുമിക്ക സിനിമകളും കേരളത്തിലും എത്തിയിരുന്നുവെന്നാണ്. എന്നാൽ തിരുവിതാംകൂറിലെ സിനിമാ ചർച്ചകൾ ഇന്ത്യൻ സിനിമാറ്റോഗ്രാഫ് കമ്മറ്റിയുടെ ചർച്ചകളിൽ ബ്രിട്ടീഷ് സർക്കാർ പ്രദർശിപ്പിക്കുന്ന ഹോളിവുഡ് അശ്ലീലത്തെക്കുറിച്ചുള്ള ഉത്കണ്ഠകൾ പങ്കുവെയ്ക്കുന്നതായി കാണുന്നില്ല.

മലയാള സിനിമാ പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന പല നിയന്ത്രണങ്ങൾക്കും മുന്നോടിയായി പൊതുവിനോദ രൂപങ്ങളെയും പ്രദർശന ഇടങ്ങളെയും നിർവചിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിനുള്ള ശ്രമങ്ങൾ കാണാം. തിരുവിതാംകൂറിലെ പല ചെറുപട്ടണങ്ങളെയും കേന്ദ്രമാക്കി ആധുനിക നാടകം, ഹരികഥാ കാലക്ഷേപം. തുടങ്ങിയ പുതിയ വിനോദ രൂപങ്ങളെക്കുറിച്ച് ചർച്ചകൾ ഉണ്ടാവുന്നതായും ഈ നിർവചന ചർച്ചകൾ വഴി അവയെ സർക്കാരിന്റെ നിയന്ത്രണവഴിയിൽ കൊണ്ടുവരുന്നതായും കാണാം.




സമകാല പത്രമാസികകളെയും നാടക ചരിത്രത്തെയും അവലംബിച്ചാൽ ആദ്യകാല നാടകപ്രദർശന ഇടങ്ങൾ ശരീരങ്ങളുടെ ശ്രേണീബദ്ധമായ വിന്യാസത്തിലൂന്നിയവയായിരുന്നുവെന്ന് മനസ്സിലാക്കാം. നാടകപ്രദർശന വേദികളുടെ സംഘടനാരീതിയോട് സമാനമായാണ് ആദ്യകാല സിനിമാപ്രദർശന വേദികളും വികസിച്ചുവന്നത്. ഈ സംഘാടനം പക്ഷെ പ്രദർശന സ്ഥലങ്ങളുടെ സാമൂഹ്യക്രമത്തോട് അടുത്ത് ബന്ധപ്പെട്ടതായിരുന്നു. ചിലയിടങ്ങളിൽ സ്ത്രീകളെയും പുരുഷൻമാരേയും വേർതിരിച്ചും. മറ്റുചിലയിടങ്ങളിൽ വ്യത്യസ്ത ജാതിയിൽപെട്ടയാളുകളെ ക്രമീക





രിച്ചും ജാതിക്രമത്തെ ടിക്കറ്റ് നിരക്കിനോട് ബന്ധിപ്പിച്ചും പലരീതികളിൽ ഈ ഇടങ്ങൾ ക്രമീകരിക്കപ്പെട്ടിരുന്നു. 1992 ജൂൺ 24ലെ മനോരമ പത്രം കൊല്ലത്ത് സ്ത്രീ തൊഴിലാളികളുടെ സമ്മർദ്ദത്താൽ ഒരു ദിവസം തന്നെ സ്ത്രീകൾക്കായി രണ്ടു പ്രദർശനങ്ങൾ നടത്തേണ്ടിവന്നതായി പറയുന്നുണ്ട്. പല സ്ഥലങ്ങളിലെയും റിപ്പോർട്ടുകളിൽനിന്ന് പ്രേക്ഷക സമൂഹം വിവിധ ജാതി വിഭാഗങ്ങളിൽപെട്ട സ്ത്രീ പുരുഷൻമാർ അടങ്ങുന്നതായിരുന്നുവെന്ന് അനുമാനിക്കാം. മിക്ക പത്രറിപ്പോർട്ടുകളും സിനിമയെയും നാടകത്തേയും തൊഴിലാളികളുടെയും താഴ്ന്ന വിഭാഗക്കാരുടെയും വിനോദ രൂപമായാണ് ചിത്രീകരിച്ചിട്ടുള്ളത്.

തിരുവിതാംകൂറിൽ നഗരപരിഷ്കരണത്തിനുവേണ്ടി വാദിച്ചിരുന്ന പലരും പലപ്പോഴായി സിനിമാ ശാലകളെക്കുറിച്ച് ഉൽകണ്ഠ പ്രകടിപ്പിക്കുകയും ചിലപ്പോഴൊക്കെ ഈ ഇടങ്ങളെ കർശനമായി നിയന്ത്രിക്കുന്നതിനായി വാദിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള പല സാമൂഹിക നിയന്ത്രണങ്ങളും സാംസ്കാരികവും സദാചാരപരവുമായ സംഘർഷങ്ങളെ അടിസ്ഥാനപ്പെടുത്തിയവയായിരുന്നു. സദാചാരവ്യവസ്ഥയുടെ ഊടുംപാവും നിർണ്ണയിക്കുന്നതിനുള്ള വർഗ്ഗവ്യത്യാസങ്ങൾ, തൊഴിലാളി വർഗ്ഗത്തെ നഗരപരിഷ്കരണശ്രമങ്ങളുമായി കൂട്ടിയിണക്കുന്നതിനുള്ള ശ്രമങ്ങൾ, ഇവയോടെല്ലാം ബന്ധപ്പെട്ടുകിടക്കുന്ന തൊഴിലാളികൾക്കിടയിൽ ജനപ്രിയ വിനോദ രൂപങ്ങൾക്കുമേലുള്ള നിയന്ത്രണമില്ലായ്മ തുടങ്ങിയ ഉൽകണ്ഠകളും ശ്രമങ്ങളും ഈ ഇടപെടലുകളെ നയിക്കുന്നതുകാണാം.

തിരുവനന്തപുരം നഗരത്തിലെ സിനിമാപ്രദർശനവുമായി ബന്ധപ്പെട്ട് നടന്ന പലചർച്ചകളും സാമൂഹ്യ നിയന്ത്രണവും നഗര പരിഷ്കരണവും തമ്മിലുള്ള പ്രധാനപ്പെട്ട ചില ബന്ധങ്ങളെക്കുറിച്ച് ചിന്തിക്കാൻ സഹായകമാണ്. 1928ൽ ആരംഭിച്ച കാപ്പിറ്റോൾ തിയേറ്ററടക്കം 1935ൽ തിരുവനന്തപുരത്ത് മൂന്നു തീയേറ്ററുകൾ പ്രവർത്തിക്കുന്നുണ്ടായിരുന്നു. തൈക്കാട് സ്ത്രീകളുടെയും കുട്ടികുടെയും ആശുപത്രിക്കടുത്ത് ന്യൂ തീയേറ്റർ നിർമ്മിക്കുന്നതിനെതിരായി 1935ൽ അന്നാചാണ്ടി വാദിയായി മുനിസിപ്പാലിറ്റിക്ക് ഹർജ്ജി സമർപ്പിക്കപ്പെട്ടു. ഹർജ്ജിയിലെ പ്രധാന വാദം ഇത് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയടങ്ങുന്ന ശാന്തമായ ഭാഗത്തെ സമാധാനാന്തരീക്ഷം തകർക്കുമെന്നതായിരുന്നു. അനിയന്ത്രിതരായ പുരുഷ പ്രേക്ഷകരെക്കുറിച്ചുള്ള പല ധാരണകളും ഈ ആവശ്യത്തെ രൂപപ്പെടുത്തുന്നതായി കാണാം. എന്നാൽ ഈ ഹർജ്ജി നഗരത്തിലെ പൗരാവലിയിലുണ്ടാക്കിയ വിള്ളലിന്റെ ഭാഗമായി ഒരു ഭാഗം എതിർ ഹർജ്ജി സമർപ്പിച്ചു. അന്നാ ചാണ്ടി അടക്കമുള്ളവർ ന്യൂ തീയേറ്റിനെ എതിർക്കുന്നത് ശത്രുവായ മറ്റൊരു തിയേറ്റർ ഉടമയുടെ സ്വാധീനത്തിൽപ്പെട്ടാണെന്നും ഇത് നഗര പൗരാവലിക്ക് ആരോഗ്യ പൂർണ്ണമായ സിനിമാ പ്രദർശനാനുഭവത്തിനുള്ള

അവസരം നിഷേധിക്കുകയാണെന്നും എതിർഹർജി ആരോപിച്ചു. "ആധുനിക രീതിയിൽ പണികഴിപ്പിച്ച സുസജ്ജമായ ഒരു തിയേറ്റർ എന്നത് നഗര പൗരാവലിയുടെ ദീർഘനാളത്തെ ആവശ്യമാണ്. മി. സുബ്രഹ്മണ്യം പിള്ളയുടെ അതിനായുള്ള ശ്രമങ്ങളെ ഈ നഗരപൗരാവലി ഐക്യകണ്ഠേന സ്വാഗതം ചെയ്തതുമാണ്. തിയേറ്റർ എന്നപേരിൽ നഗരത്തിന്റെ ഏറ്റവും വൃത്തി ഹീനമായ ഭാഗത്ത് അഴുക്കുചാലുകളും മൂത്രപ്പുരകളും നിറഞ്ഞ ഒരിടത്ത് പ്രവർത്തിക്കുന്ന ചിലരുടെ തകർച്ചക്ക് ഈ തിയേറ്റർ കാരണമാകുമെന്നത് വ്യക്തമാണ്. ഈ ആവലാതിക്ക് പൊതു ഹരജിയുടെ നിറം കൊടുക്കാനാണ് പൗരാവലിയുടെ പേരിൽ സ്വയം നിയമിതരായ ചിലപ്രതിനിധികൾ ശ്രമിക്കുന്നത്."


ഭിന്നങ്ങളായ ഈ അഭിപ്രായങ്ങളും അന്തഃചരിത്രങ്ങളും നഗരത്തിലെ കാഴ്ച സംസ്കാരത്തിനുമുകളിൽ നിയന്ത്രണം ലഭിക്കാനുള്ള വരേണ്യവിഭാഗങ്ങളുടെ ശ്രമങ്ങളായി കാണാവുന്നതാണ്. ഇതേകാലയളവിൽ തന്നെ തിരുവിതാംകൂർ റസിഡന്റ് പുത്തൻകച്ചേരി മൈതാനത്ത് പ്രദർശിപ്പിച്ചുവന്ന സഞ്ചരിക്കുന്ന സിനിമാകമ്പനി സൃഷ്ടിച്ച ശബ്ദ മലിനീകരണത്തിനെതിരെ തിരുവിതാംകൂർ ദിവാന് പരാതി സമർപ്പിച്ചതായും ചരിത്രരേഖയുണ്ട്. പൗരപ്രമുഖർ, വിവിധ സർക്കാർ വകുപ്പുകൾ, ടൂറിംഗ് സിനിമാ മാനേജർമാർ തുടങ്ങിയവർ ഉൾപ്പെട്ട ദീർഘകാല ചർച്ചയെത്തുടർന്ന് 1936മുതൽ തിരുവിതാംകൂറിൽ താല്ക്കാലിക സിനിമാപ്രദർശന ശാലകളിലെ സിനിമാപ്രദർശനം നിരോധിക്കപ്പെട്ടു.

## ഒഴിഞ്ഞ കൊട്ടക


നാട്ടിൻപുറങ്ങളും ഗ്രാമടാക്കീസുകളും സ്ത്രീകളും കുട്ടികളും അടങ്ങുന്ന വലിയൊരുപ്രേക്ഷകസമൂഹവും മലയാളസിനിമയുടെ ശക്തികേന്ദ്രങ്ങളായിരുന്നു. തൊണ്ണൂറുകളുടെ മധ്യത്തോടെയാണ് ഈ ശക്തികേന്ദ്രങ്ങളിൽ വിള്ളൽ സംഭവിക്കുന്നത്. ഗ്രാമങ്ങളുടെയും ചെറുപട്ടണങ്ങളുടെയും ഓർമകളിലും ചരിത്രത്തിലും ഗൃഹാതുരമായൊരുകാലത്തെ അവശേഷിപ്പിച്ചുകൊണ്ട് വളരെവേഗം ഗ്രാമടാക്കീസുകൾ ഒഴിഞ്ഞ ഇടങ്ങളായി. കേരളത്തിൽ ഏറ്റവുമധികം ബി, സി ക്ലാസ് തിയേറ്ററുകൾ അടച്ചുപൂട്ടിയ ദശകമാണിത്.

സാങ്കേതികമായും മാധ്യമപരമായും ഇന്ത്യൻ ചലച്ചിത്രം വലിയ വളർച്ചനേടി ദശകങ്ങൾ കൂടിയാണിത്. എന്നാൽ ഒരു മാധ്യമം എന്ന നിലയിൽ അത് വലിയ തിരിച്ചടികളെ നേരിട്ടു. 30 ശതമാനം ഇന്ത്യക്കാർ പത്രങ്ങൾ വായിക്കുകയും 60 ശതമാനം ആളുകൾ ടെലിവിഷൻ കാണുകയും ചെയ്യുന്ന ഇന്ത്യയിൽ പത്ത്ശതമാനം പേരാണ് സിനിമ കാണുന്നത്. 2000-2010 ലെ സൂചികകൾ പ്രകാരം ഇന്ത്യയുടെ സാക്ഷരതാ നിരക്ക് 12.5 ശതമാനം വർദ്ധിച്ചു. പത്രം വായിക്കുന്നവരുടെ എണ്ണം മുപ്പത് ശതമാനവും ടെലിവിഷൻ കാഴ്ചക്കാരുടെ എണ്ണം 36.7 ശതമാനവും റേഡിയോ 12 ശതമാനവും എം എഫ് എം റേഡിയോ ശ്രോക്കളുടെ എണ്ണം 56 ശതമാനവും ഇന്റർനെറ്റ് ഉപഭോഗം 55.9 ശതമാനവും വർദ്ധന നേടി. എന്നാൽ സിനിമയുടെ പ്രചാരം ആറ് ശതമാനം കുറയുകയാണ് ചെയ്തത്. കേരളത്തിൽ ഈ ദശകത്തിൽ ടെലിവിഷന്റെ പ്രചാരം ഏതാണ്ട് നൂറ് ശതമാനത്തിനടുത്താണ്. ഇതിന് ആനുപാതികമാണ് എഫ് എം റേഡിയോ ഇൻർനെറ്റ് എന്നിവയുടെ വളർച്ച. എന്നാൽ പ്രചാരത്തിൽ സിനിമ 60 ശതമാനത്തിലേറെ തിരിച്ചടി നേരിട്ട ദശകമാണിത്. 1996ൽ കേരളത്തിലെ തിയേറ്ററുകളുടെ എണ്ണം 1600 ആയിരുന്നു. 1986ൽ ഉണ്ടായിരുന്നതിനേക്കാൾ 300 തിയേറ്ററുകളുടെ വർദ്ധവ്. (1986ൽ 1300, 1996ൽ 1600). 2004ൽ എണ്ണം ആയിരമായി കുറയുന്നു. 2007ൽ എണ്ണൂറും 2012 ആകുമ്പോൾ അത് 561 എന്ന നിലയിലേക്കും കൂപ്പുകുത്തുന്നു. എ, ബി, സി ക്ലാസുകളായി തരം തിരിച്ചിരിക്കുന്ന തിയേറ്ററുകളിൽ ഗ്രാമ-അർദ്ധ നഗരങ്ങളിൽ പ്രവർത്തിച്ചിരുന്ന ബി, സി ക്ലാസ് തിയേറ്ററുകളാണ് വൻ തോതിൽ അടച്ചുപൂട്ടൽ നേരിട്ടത്.

1990കളോടെ വികസിച്ചുവന്ന സാങ്കേതിക വിദ്യകളും ടെലിവിഷൻ ചാനലുകളുടെ വ്യാപനവും വി സി പി, സി സി ആർ പ്രചാരവും വീഡിയോ പാർലറുകൾ നൽകിയ തെരഞ്ഞെടുക്കാനും സ്വകാര്യമായും സ്വന്ത്രമായും സിനിമ കാണാനുള്ള സാധ്യതകളും ഒരു പരിധിവരെ പ്രേക്ഷകരെ



തിയേറ്ററിൽനിന്നും അകറ്റി. ടെലിവിഷൻ വിനോദ പരിപാടികളുടെ വ്യാപനവും ടെലിവിഷൻ തന്നെ സിനിമയുടെ സംരക്ഷകരായിമാറിയതും ഈ പ്രക്രിയയ്ക്ക് ആക്കം കൂട്ടി. ആഗോളവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ പുതിയകാഴ്ചകളും അനുഭവങ്ങളും നൽകിയ ബിംബാവലിയും ആഖ്യാനങ്ങളും നമ്മുടെ ശീലങ്ങളെമാറ്റിമറിച്ച സാഹചര്യമായിരുന്നു ഇത്. സവിശേഷമായ ഈ ലോകയാഥാർത്ഥ്യത്തിനുനടുവിൽ എല്ലാ പ്രാദേശികസിനിമയേയുംപോലെ മലയാള ചലച്ചിത്രവും വലിയപ്രതിസന്ധികളെ അഭിമുഖീകരിക്കുന്നുണ്ട്. ഓരോ പ്രാദേശിക സിനിമയും അവരവരുടെ പ്രാദേശിക-ജീവിത സ്വത്വങ്ങളിലേയ്ക്ക് മടങ്ങിപ്പോവുകയും ആഗോളവൽകൃത സാങ്കേ



തികതികവോടെ അവയെ ആവിഷ്കരിക്കുകയുമായിരുന്നു പ്രതിസന്ധികളെ മറികടക്കാൻ കണ്ടെത്തിയ മാർഗ്ഗം. എന്നാൽ മലയാളസിനിമ 'ജീവിത ഗന്ധിയായ' ഇടങ്ങളെ ആവിഷ്കരിക്കുന്നതിൽ പരാജയപ്പെടുകയാണുണ്ടായത്. അന്യഭാഷാ ചിത്രങ്ങളുടെ അനുകരണങ്ങൾ, മുഴുനീള കോമഡി ചിത്രങ്ങൾ, അശ്ലീല ചിത്രങ്ങൾ (semi porn) എന്നിങ്ങനെ ദുർബലമായൊരു പ്രതിരോധമാണ് ഇവിടെയുണ്ടായത്. തൊണ്ണൂറുകളിൽ വർദ്ധിച്ചുവന്ന 'എ പടങ്ങൾ' സി ക്ലാസ് തിയേറ്ററുകൾ എന്നുവിളിക്കുന്ന ഗ്രാമടാക്കീസുകളെ ഹൗസ് ഫുള്ളാക്കി. 'പുരുഷലൈംഗിക വിപണി' ലക്ഷ്യമിട്ട് പുറത്തുവന്ന ചിത്രങ്ങളെ അവർ രണ്ടു കൈയ്യും നീട്ടി സ്വീകരിച്ചു. തിയേറ്ററുകൾ പുരുഷ ലൈംഗിക തൃഷ്ണകളുടെയും (വൈകൃതങ്ങളുടെയും) കാഴ്ചയുടെയും ഇടമായി വളരെ പെട്ടെന്ന് രൂപം മാറുന്നു. ഒരു കാലത്ത് സ്ത്രീകളും കുട്ടികളുമടങ്ങുന്ന ഗ്രാമജീവിതത്തിന്റെ പരിച്ഛേദമായിരുന്ന ഗ്രാമീണ കൊട്ടകകൾ വളരെവേഗം പുരുഷൻമാരുടെ മാത്രം ഇടങ്ങളായിമാറി. ഗ്രാമ ടാക്കീസുകൾ കുടുംബങ്ങളെ പുറത്തുനിർത്തി. സ്ത്രീകളെയും കുട്ടികളെയും വിലക്കി. നീലച്ചിത്രങ്ങളുടെ കാലം കഴിഞ്ഞപ്പോഴാകട്ടെ സി ക്ലാസ് തിയേറ്ററുകളിലേക്ക് കുടുംബങ്ങൾ മടങ്ങിവന്നില്ല.

നടത്തിപ്പ് ബുദ്ധിമുട്ടായപ്പോൾ മിക്ക കൊട്ടകകളും അടച്ചുപൂട്ടി. ടെലിവിഷന്റെ പ്രചാരവും വളരെവേഗം ലഭ്യമാകുന്ന പുതിയ ചിത്രങ്ങളുടെ സി ഡി/ഡി വി ഡികളും പൂട്ടലുകളുടെ ആക്കം കൂട്ടി. മലയാള സിനിമ പൊതുവിൽ നേരിട്ട പ്രതിസന്ധികളുടെ ഇരകളായത് ഗ്രാമടാക്കീസുകളായിരുന്നു.

2004ൽ കേരള ശാസ്ത്രസാഹിത്യപരിഷത്ത് നടത്തിയ ഒരു സർവ്വേയിൽ പറയുന്നത് ശരാശരി 23 ശതമാനം മലയാളികളാണ് മൂന്നുമാസത്തിനുള്ളിൽ എപ്പോഴെങ്കിലും സിനിമ കണ്ടിട്ടുള്ളത് എന്നാണ്. അതിൽ തന്നെ തിയേറ്ററിൽ പോയി സിനിമ കാണുന്നതിൽ ഭൂരിഭാഗവും പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങളാണെന്നും പറയുന്നു. ടെലിവിഷൻ ഉൾപ്പെടെയുള്ളവിനോദ മാധ്യമങ്ങളുടെ അഭാവമാണ് ഇവരെ തിയേറ്ററുകളിൽ എത്തിച്ചതെന്നു വ്യക്തം. ബി, സി ക്ലാസ് തിയേറ്ററുകളുടെ വ്യാപകമായ അടച്ചുപൂട്ടൽ സിനിമയുടെ പരമ്പരാഗത പ്രേക്ഷകരായിരുന്ന പിന്നോക്ക ജാതി-വർഗ്ഗങ്ങളുടെ പൊതുഇടം നഷ്ടമാകുന്നതിന്റെ സൂചനയാണിത്. ഇതോടൊപ്പം ചേർത്തുവായിക്കാവുന്ന മറ്റൊരു സംഗതി ഇന്ന് നിലവിലുള്ള 561 തീയേറ്ററുകളിൽ 360 എ, ബി ക്ലാസ് തിയേറ്ററുകളാണ്. ഇതിൽ 1996നു ശേഷമാണ് നൂറിൽപരം എ സി തീയേറ്ററുകൾ നിർമ്മിക്കപ്പെട്ടത്. ബി, സി ക്ലാസ് തിയേറ്ററുകൾ വൻതോതിൽ പൂട്ടൽ നേരിടുമ്പോൾ എ ക്ലാസ് തിയേറ്ററുകൾ നിർമ്മിക്കപ്പെടുന്നു. അതായത് ഉയർന്നുവരുന്ന നാഗരിക മധ്യ-ഉപരി വർഗ്ഗത്തിന്റെ കാഴ്ചയുടെ ഇടങ്ങളായി സിനിമാ ശാലകൾ പരിണമിക്കുന്നു. നാഗരികതയുടെ ഉപഭോഗസംസ്കാരത്തെ തൃപ്തിപ്പെടുത്തുംവിധം രൂപകൽപ്പന ചെയ്തും വാങ്ങൽ ശേഷിയെ ടിക്കറ്റ് നിരക്കിനോട് ബന്ധിപ്പിച്ചുമാണ് തിയേറ്ററുകളുടെ ഈ വർഗ്ഗവിഭജനം സാധ്യമായിരിക്കുന്നത്. 2005ൽ തുടക്കമിട്ട മൾട്ടിപ്ലക്സ് സംസ്കാരവും വിപുലമാവുന്ന ഡിജിറ്റൽ ശൃംഖലകളും ഈ പ്രക്രിയയുടെ ആക്കം കൂട്ടുന്നു.

സഹായക ഗ്രന്ഥങ്ങൾ

ബിന്ദു മേനോൻ, സിനിമാ കൊട്ടകകളും തിരുവിതാംകൂറും, പച്ചക്കുതിര, ഡിസംബർ 2005

വിജയകൃഷ്ണൻ, മലയാള സിനിമയുടെ കഥ, മാതൃഭൂമി ബുക്സ്, 2004

ജയകുമാർ കെ പി, ജാതിവ്യവസ്ഥയും മലയാള സിനിമയും, ഒലിവ് ബുക്സ്, കോഴിക്കോട്, 2014

# ദി ഓൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (എ.കെ.പി.സി.ടി.എ.) 59ാം സംസ്ഥാന സമ്മേളനം 2017 മാർച്ച് 24, 25, 26 – കോട്ടയം

## പ്രമേയങ്ങൾ

1. രണ്ടുവർഷമായി നടന്നുവരുന്ന 'ദേശീയ വിദ്യാഭ്യാസ നയ' രൂപീകരണശ്രമങ്ങൾ എങ്ങുമെത്താതെ നിലച്ചിരിക്കുകയാണ്. എന്നാൽ നേരത്തെ രൂപീകരിച്ച നയരൂപീകരണസമിതികളെ നോക്കുകുത്തിയാക്കിക്കൊണ്ട് വർഗീയവിഷം രാജ്യമാകെ വ്യാപിപ്പിക്കാനുതകുന്ന പുത്തൻ വിദ്യാഭ്യാസനയം അണിയറയിൽ തയ്യാറായി വരുന്നതിന്റെ അപകടസൂചനകൾ രാജ്യമാകെ പ്രചരിക്കുന്നുമുണ്ട്. ഈ അവസരത്തിൽ നയരൂപീകരണവുമായി ബന്ധപ്പെട്ടു നടക്കുന്ന ദുരൂഹനീക്കങ്ങൾ അടിയന്തിരമായി നിർത്തിവെച്ച് ഇതുവരെ നടന്ന പ്രക്രിയകളും വിവിധ യോഗങ്ങളിൽ നിന്നു രൂപപ്പെടുത്തിയ രേഖകളും പരസ്യപ്പെടുത്താൻ ഈ സമ്മേളനം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു.

2. ഇന്ത്യയിൽ പൊതുവേയും ഉന്നതവിദ്യാഭ്യാസരംഗത്ത് പ്രത്യേകിച്ചും കേന്ദ്രസർക്കാർ അനുവർത്തിച്ചുവരുന്ന തികച്ചും പ്രാകൃതമായ വർഗീയ വിഭജനനയം രാജ്യത്താകെ കടുത്ത പ്രതിസന്ധി ഉളവാക്കിയിരിക്കുകയാണ്. ഇന്ത്യൻ ജനതയുടെ ഐക്യം തകർക്കുന്ന രീതിയിലുള്ള പ്രസ്തുത നയപരിപാടികളിൽ നിന്നും കർമ്മ പദ്ധതികളിൽ നിന്നും ഉടനടി പിൻമാറണമെന്ന് ഈ സമ്മേളനം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു. അതോടൊപ്പം ഇത്തരം വിധ്വംസക നയങ്ങൾക്കെതിരെ വിശാലമായ ഐക്യനിര സൃഷ്ടിച്ച് യോജിച്ച പോരാട്ടങ്ങൾക്കായി അണിനിരക്കണമെന്ന് ഈ സമ്മേളനം മുഴുവൻ അദ്ധ്യാപകരോടും വിദ്യാർത്ഥികളോടും ആഹ്വാനം ചെയ്യുന്നു.

3. ഉന്നതവിദ്യാഭ്യാസരംഗത്തെ മുഴുവൻ അധികാരങ്ങളും കേന്ദ്രീകരണസ്വഭാവത്തോടെ കയ്യേറി സംസ്ഥാനങ്ങൾക്കും സർവ്വകലാശാലകൾക്കും അവശ്യം വേണ്ട അധികാരങ്ങൾ പൂർണമായും നിഷേധിച്ച് ഭരണഘടന അനുശാസിക്കുന്ന ഫെഡറൽ വ്യവസ്ഥയുടെ കടയ്ക്കൽ കത്തിവെക്കുന്ന കേന്ദ്ര ഭരണാധികാരികളുടെ നയത്തിൽ ഈ സമ്മേളനം ശക്തമായി പ്രതിഷേധിക്കുന്നു.

4. യു.ജി.സി. പ്രഖ്യാപിച്ച സി.ബി.സി.എസ്. പ്രകാരം രാജ്യമെമ്പാടുമുള്ള സർവ്വകലാശാലകൾ യു.ജി.സി. നിർദ്ദേശിക്കുന്ന കരിക്കുലവും സിലബസും പിന്തുടരേണ്ടിവരും. ഇത് സർവ്വകലാശാലകളുടെ അക്കാദമിക് സ്വയംഭരണാവകാശത്തെ നിഷേധിക്കുകയും ഇന്ത്യയുടെ മുഖമുദ്രയായ നാനാത്വത്തെ ഇല്ലാതാക്കുകയും ചെയ്യും. സർവ്വകലാശാലകളുടെ പ്രവർത്തനസ്വാതന്ത്ര്യം പോലും നിഷേധിക്കുന്ന പ്രസ്തുത സി.ബി.സി.എസ്. പദ്ധതി ഉടനടി നിർത്തിവെക്കണം എന്നും സർവ്വകലാശാലകളുടെ അവകാശങ്ങൾ പുനഃസ്ഥാപിക്കണം എന്നും ഈ സമ്മേളനം യു.ജി.സി.യോട് ആവശ്യപ്പെടുന്നു.

5. യു.ജി.സി.യുടെ ആറാം ശമ്പളപരിഷ്കരണത്തിന് അനുബന്ധമായി 2010ൽ ഇറങ്ങിയ റഗുലേഷനിൽ പലതരം അപാകതകൾ ഉണ്ട് എന്ന് രാജ്യമാകെയുള്ള അക്കാദമിക് സമൂഹം മുറവിളി കൂട്ടിയതിന്റെ പ്രതിഫലനമെന്നോണം പ്രസ്തുത റഗുലേഷൻ പലതവണ ഭേദഗതി ചെയ്യപ്പെട്ടു. എന്നാൽ ഓരോ തവണയും അശാസ്ത്രീയമായ പല വ്യവസ്ഥകളും പുതുതായി വന്നതിനാൽ രാജ്യമെമ്പാടും അദ്ധ്യാപകരുടെ പ്രൊമോഷനും ശമ്പളവർദ്ധനവും തടയപ്പെടുന്ന സ്ഥിതി സംജാതമായിരിക്കുകയാണ്. ആയതിനാൽ മുൻകാല പ്രാബല്യത്തോടെയുള്ള ഒരു സമഗ്രഭേദഗതി കൊണ്ടുവന്നു റഗുലേഷനിലെ പിഴവുകൾ നീക്കണം എന്നും അദ്ധ്യാപകരുടെ തടഞ്ഞുവെച്ച പ്രൊമോഷൻ/പ്ലേസ്മെന്റ് ആനുകൂല്യങ്ങൾ ഉടൻ ലഭ്യമാക്കണം എന്നും ഈ സമ്മേളനം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു.

6. ഗവേഷണവുമായും ഗൈഡുകളുടെ നിയമനവുമായും ബന്ധപ്പെട്ട് യു.ജി.സി. കൊണ്ടുവന്ന തീർത്തും അശാസ്ത്രീയമായ നിബന്ധനകൾ കാരണം രാജ്യമാകെയുള്ള ഗവേഷണപ്രവർത്തനങ്ങൾ തടയപ്പെടുന്ന അവസ്ഥ വന്നുചേർന്നിരിക്കുകയാണ്. ആയതിനാൽ ഈ നിബന്ധനകൾ പിൻവലിക്കണം എന്നും ഗവേഷണപ്രവർത്തനങ്ങൾ തുടരാനാവശ്യമായ സാഹചര്യം സൃഷ്ടിക്കണമെന്നും ഈ സമ്മേളനം യു.ജി.സി.യോട് ആവശ്യപ്പെടുന്നു.

7. ഉന്നതവിദ്യാഭ്യാസരംഗത്തിന് പൊതുവിലും സംസ്ഥാന സർവ്വകലാശാലകൾക്ക് പ്രത്യേകിച്ചും ധനസഹായം ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവരുന്ന നയമാണ് കേന്ദ്രസർക്കാർ അനുവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇക്കഴിഞ്ഞ കേന്ദ്രബജറ്റ് ഇതിന് പ്രത്യക്ഷ ഉദാഹരണമാണ്. സംസ്ഥാനതല സ്ഥാപനങ്ങളെ കഴുത്ത്ഞെരിച്ച് കൊല്ലുന്ന ഈ സമീപനം ഉപേക്ഷിക്കണം എന്നും ഉന്നതവിദ്യാഭ്യാസരംഗത്ത് പൊതുനിക്ഷേപം അടിയന്തിരമായി വർദ്ധിപ്പിക്കണം എന്നും ഈ സമ്മേളനം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു.

8. കേന്ദ്രസർക്കാരിന് സമർപ്പിക്കപ്പെട്ട ഏഴാം യു.ജി.സി. ശമ്പളക്കമ്മീഷൻ റിപ്പോർട്ട് ഇതുവരെ പ്രസിദ്ധീകരിക്കാൻ സർക്കാർ തയ്യാറായിട്ടില്ല. ശമ്പളകമ്മീഷൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാരിന്റെ ഈ അനാസ്ഥയിൽ ഈ സമ്മേളനം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും എത്രയും പെട്ടെന്ന് ശമ്പളകമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നു.

9. യു.ജി.സി.യുടെ സാമ്പത്തിക അധികാരങ്ങൾ എടുത്തുകളഞ്ഞുകൊണ്ട് അതിനെ കേവലം ഉപദേശകസമിതി ആക്കി മാറ്റാനും യു.ജി.സി. കയ്യാളിയിരുന്ന അക്കാദമിക്/ഭരണ/സാമ്പത്തിക അധികാരങ്ങൾ നേരിട്ട് ഏറ്റെടുത്ത് നടപ്പിലാക്കാനുമുള്ള കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന്റെ നീക്കത്തിൽ ഈ സമ്മേളനം പ്രതിഷേധിക്കുന്നു.

10. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്തിന് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകാനും ഈ രംഗത്ത് സമഗ്രപരിഷ്കാരങ്ങൾക്ക് നേതൃത്വം വഹിക്കാനും ചുമതലപ്പെട്ട കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ നിലവിൽ സംസ്ഥാനത്ത് പ്രവർത്തനരഹിതമാണ്. കൗൺസിലിന്റെ സജീവ ഇടപെടൽ ആവശ്യമുള്ള നിരവധി വിഷയങ്ങൾ നിരന്തരമെന്നോണം ഉയർന്നുവരുന്ന വർത്തമാനകാല സാഹചര്യത്തിൽ കേരള സംസ്ഥാന ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ആവശ്യമായ നിയമഭേദഗതികൾ വരുത്തി എത്രയും പെട്ടെന്ന് രൂപീകരിക്കണം എന്ന് ഈ സമ്മേളനം സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുന്നു.

## AKPCTA SERVICE CELL

| DISTRICT | NAME | COLLEGE | PHONE |
|---|---|---|---|
| STATE CONVENER | HAMZA A.M.P. | MES COLLEGE VALANCHERY | 9496344660 |
| STATE JOINT CONVENERS | JOGY ALEX | ST THOMAS COLLEGE, PALA | 9446385456 |
| | Dr. T. MOHAMMED SALEEM | FAROOK TRAINING COLLEGE, CALICUT | 9496363353 |
| KANNUR | RAMESH KUMAR R | NAS COLLEGE, KANHANGAD | 9446051355 |
| KOZHIKODE | Mr. SHINOJ | St. JOSEPH'S DEVAGIRI CALICUT | 9847399838 |
| MALAPPURAM | Dr. MK GEORGE | AYURVEDA COLLEGE, KOTTAKKAL | |
| PALAKKAD | HARIKRISHNAN K | NSS ENGINEERING COLLEGE, PALAKKAD | 9447326490 |
| THRISSUR | Dr. MANU KM | SREEKRISHNA COLLEGE, GURUVAYUR | 9995294129 |
| ERNAKULAM | BENNO MATHEW | SREE SANKARA COLLEGE, KALADY | 9446477631 |
| IDUKKI<br>KOTTAYAM | HARI N | CMS COLLEGE, KOTTAYAM | 8547591199 |
| PATHANAMTHITTA | RAISON SAM RAJU | MARTHOMA COLLEGE, THIRUVALLA | 9567855967 |
| ALAPUZHA | SURESH K. | DB COLLEGE, ERAMALLYKKARA | 9447981459 |
| KOLLAM | Dr. SHAJI N | S.N. COLLEGE, KOLLAM | 9497360277 |
| THIRUVANANTHAPURAM | Dr. SUSHAMA RAJ R.V. | NSS COLLEGE, KARAMANA | 9847232143 |
| WAYANAD | LATHEESH KUMAR A.R. | ST. MARYS COLLEGE, SULTHAN BATHERI | 9947049112 |
| SECRETARIAT | Dr. PRAMOD N | VTM NSS COLLEGE | 9447141841 |
| | Dr. GOPAKUMAR | MG COLLEGE, THIRUVANANTHAPURAM | 9447136368 |
| DDC | Dr. GEETHA S. | NSS COLLEGE KARAMANA | 9495639948 |
| | Dr. SUNIL KUMAR N.K. | MG COLLEGE, THIRUVANANTHAPURAM | 9946604403 |
| | Dr. SUSHAMA RAJ R.V. | NSS COLLEGE KARAMANA | 9847232143 |

## Academic Committee

**Convenor**

Dr.VP Markose, UC College, Aluva

**Joint. Convenor**

N Lekskmipriya, M G College Thiruvananthapuram

**Joint Convenor**

George Mathew, Wyanad St.Marys,Sultan Battery

1. Dr .Renju Krishnan Trivandrum , St.Xaviers College Thumba)
2. Dr.V.Leni kollam,St.Gregoriose, Kottarakkara
3. Dr.M Preeth. Alappuzha TKMM,Nangiarkulangara
4. Dr.Biju Pushpan Pathanamthitta SNDP Yogam College Konni
5. Paul Karanthanam Kottayam-Idukki St.Thomas Pala
6. Dr.K M Sudhakaran (Eranakulam) Sree Sankara Vidhya peedam, Irapuram
7. Dr.Jiji Paul Thrissur, MD Pazhani
8. Sajith V S Palakkad NSS ENG.College, Palakkad
9. Dr.Anil Kumar Kozhikkode SNDP Yogam College, Koyilandi
10. Dr.E Harikrishnan Kannur Payyannur College
11. Shefeeque.V. M E S Mampad Malappuram

## വനിതാ കമ്മിറ്റി

| | |
|---|---|
| ഡോ. ബീന എസ് | സംസ്ഥാന കൺവീനർ |
| സി ഗീത | കണ്ണൂർ |
| സി.വി. അമ്പിളി | വയനാട് |
| വി.കെ രഹന മൊയ്തീൻ | കോഴിക്കോട് |
| ഡോ. ആതിര നന്ദൻ | മലപ്പുറം |
| അർച്ചന കെ.എം. | പാലക്കാട് |
| ഡോ. സിന്ധു. എം. | തൃശൂർ |
| ഡോ. റീജ ജോസ് വി | എറണാകുളം |
| പ്രീതി കെ. പിള്ള | കോട്ടയം |
| ഡോ. സിന്ധു മത്തായി | പത്തനംതിട്ട |
| ഡോ. ദേവി പ്രിയ | കൊല്ലം |
| പ്രിയ പ്രിയദർശനൻ | ആലപ്പുഴ |
| ഡോ. സജീന മുഹമ്മദ് | തിരുവനന്തപുരം |

## ലെയ്സൺ ഓഫീസർമാർ

| | | |
|---|---|---|
| ഡോ. എം.കെ. രാധാകൃഷ്ണൻ | കണ്ണൂർ | |
| ഡോ. ശ്രീജിത് എം. നായർ | കോഴിക്കോട് | 9447004914 |
| പി.പി.നൗഷാദ് | കോഴിക്കോട് | 9447675755 |
| ഡോ. സുധീന്ദ്രൻ | തൃശൂർ | 8943851820 |
| ഡോ ജീജ മാത്യു | തൃശൂർ | 9496128082 |
| ഡോ. എ സുരേഷ് | എറണാകുളം | 9446741310 |
| രാജേഷ് ജെയിംസ് | എറണാകുളം | 9605355448 |
| ഷെറി ഫെർണാണ്ടസ് | എറണാകുളം | 9605355448 |
| എബ്രാഹം കെ സാമുവൽ | കോട്ടയം | 9447105087 |
| ഡോ.ശേഖരൻ എസ്. | കൊല്ലം | 9446073917 |

## സ്റ്റേറ്റ് കമ്മിറ്റി ഓഫീസ്

ഡോ.ബി. ശ്രീകുമാർ 9447484068

## ലെയ്സൺ ഓഫീസേഴ്സ് ഡയറക്ടറേറ്റ് ഓഫ് കൊളീജിയേറ്റ് എഡ്യുക്കേഷൻ

| | | |
|---|---|---|
| ഡോ. ഗീത എസ് | എൻ.എസ്.എസ് നീറമൺകര | 9495639948 |
| പ്രൊഫ.സുനിൽകുമാർ എൻ.കെ. | എം.ജി. തിരുവനന്തപുരം | 9946604403 |

## ലെയ്സൺ ഓഫീസേഴ്സ് സെക്രട്ടറിയേറ്റ്

| | | |
|---|---|---|
| ഡോ. പ്രമോദ്. എൻ | വി.ടി.എം. എൻ.എസ്.എസ് ധനുവച്ചപുരം | 9447441841 |
| ഡോ. ഗോപകുമാർ എൻ. | എം.ജി. തിരുവനന്തപുരം | 9447136368 |
| ഡോ. സുഷമാരാജ് | എൻഎസ്എസ്. നീറമൺകര | 9847232143 |

## കേരള സർവകലാശാല

| | | |
|---|---|---|
| ഡോ. ലക്ഷ്മിപ്രിയ എൻ. | എം.ജി. തിരുവനനന്തപുരം | 9846224539 |
| ഡോ. ആരണ്യ.എസ്. | എസ്.എൻ. കോളേജ് വർക്കല | 9495392791 |

## വർക്കിങ്ങ് കമ്മിറ്റി നോമിനേഷൻ സിൻഡിക്കേറ്റ് അംഗങ്ങൾ


| | |
|---|---|
| എ നിശാന്ത് | കണ്ണൂർ സർവ്വകലാശാല |
| ഡോ. സി അബ്ദുൾ മജീദ് | കോഴിക്കോട് സർവ്വകലാശാല |
| ഡോ. കൃഷ്ണദാസ് കെ. | എം ജി സർവ്വകലാശാല |
| എം. ശ്രീകുമാർ | കേരള സർവ്വകലാശാല |
| ഡോ. സഞ്ജീവ് ജി. | സാങ്കേതിക സർവ്വകലാശാല |
| ഡോ. എസ്. പ്രദീപ് കുമാർ | ആരോഗ്യ സർവ്വകലാശാല |

## സംസ്ഥാന സെക്രട്ടറിമാർ

| | |
|---|---|
| പ്രമോദ് വെള്ളച്ചാൽ | കണ്ണൂർ സർവ്വകലാശാല |
| ഡോ. കെ.പി വിനോദ് കുമാർ | കോഴിക്കോട് സർവ്വകലാശാല |
| ഡോ. സി.എം. ശ്രീജിത് | എം ജി സർവ്വകലാശാല |
| ഡോ. ബി. ശ്രീകുമാർ | കേരള സർവ്വകലാശാല |

## ജില്ലാ സെക്രട്ടറിമാർ


| | |
|---|---|
| ഡോ. വി.എം. അനന്തകുമാർ | തിരുവനന്തപുരം |
| ഡോ. എൻ ശശികുമാർ | കൊല്ലം |
| ജോജി അലക്സ് | കോട്ടയം |
| വിവേക് ജേക്കബ്ബ് | പത്തനംതിട്ട |
| ഡോ. പി.സുനിൽകുമാർ | ആലപ്പുഴ |
| ഡോ. എ.സുരേഷ് | എറണാകുളം |
| ഡോ. സി എൽ ജോഷി | തൃശൂർ |
| ഡോ. മുഹമ്മദ് സലീം | കോഴിക്കോട് |
| ഡോ. ഗോപാലകൃഷ്ണൻ എം.ബി. | മലപ്പുറം |
| ഡോ. ജയപ്രകാശ് ആർ.കെ. | പാലക്കാട് |
| ശ്രീജിത് സി.എസ്. | വയനാട് |
| ഡോ. കെ. അജയകുമാർ | കണ്ണൂർ |



# ഇര

ഒരലിംഗപദമല്ല,
അർക്കം കൊണ്ടു
ലിംഗപ്പെട്ട കനൽവാക്ക്.
ഇര
ജാതിവാലില്ലെന്നാലും
കർമ്മം കൊണ്ടു
ജാതിപ്പെട്ട
നീചവാക്ക്.
ഇര
വർണ്ണവെറി കൊണ്ടും
കാമവെറികൊണ്ടും
നിണമണിഞ്ഞ
കറുത്ത വാക്ക്.
ഇര
ആരുടെയും ചിഹ്നമല്ല,
പക്ഷേ,
ഭ്രാന്താലയത്തിന്റെ
അടയാളവാക്ക്.
ഇര
ഒരിക്കലും
ഒരു പേരല്ലായിരുന്നു.
ഇന്നത്
അമ്മ
പെങ്ങൾ
മകൾ...
നേരുകളുടെ നേർവാക്ക്.
അമ്മേ!
എൻ നെഞ്ചിലേക്കൊരു
കത്തിയാഴ്ത്തുക!
പെങ്ങളേ!
എൻ കുടൽമാലയെടുത്തു
മെയ്യിലണിയുക!
മകളേ!
കൊടികെട്ടിയ എൻ
ലിംഗപൈതൃകം
പിഴുതെടുക്കുക!
ഇതാ,
തിരുനടയിൽ
ലിംഗാർച്ചന.
പൊങ്കാലയിൽ
തീക്കണ്ണുകൾ
മകനടയിൽ
അങ്കക്കലി.
കാവു തീണ്ടി
കനലുവാരി
കയ്യിലേന്തും
വാളുകൊണ്ടെൻ
മാറു കീറുക.
ചോരച്ചാലിലെന്റെ
ലിംഗപാപം
ചോർന്നൊലിക്കട്ടെ!
എന്റെ
വർഗ്ഗശാപം
മുങ്ങിനീരട്ടെ!
നീതി തേടും
സത്രവേദിയിൽ
നീ
അഗ്നിയാവുക!
പടർന്നുകത്തി
നീയതിനെ
ഭസ്മമാക്കുക!
നീ
രുദ്രയാവുക!
ഇരയാക്കപ്പെട്ടവരുടെ
ആത്മാവുകൾ
അഗ്നിയിൽ
കുളിരണിയട്ടെ!!

**ഡോ. എസ്.അജയകുമാർ**
എസ്.ഡി. കോളജ്, ആലപ്പുഴ



## സർവ്വീസ് ട്യൂട്ടോറിയൽ




# അദ്ധ്യാപകരുടെ പ്രോവിഡന്റ് ഫണ്ട്

ഹംസ എ.എം.പി.
കൺവീനർ, സർവീസ് സെൽ




**ചോദ്യം:-എന്താണ് GAIN PF? കോളേജ് അദ്ധ്യാപകർക്ക് പി.എഫ്.ൽ നിന്ന് ലോൺ എടുക്കുവാൻ എന്താണ് ചെയ്യേണ്ടത്?**

ബാബുരാജ്. പി.എസ്.എം.ഒ. കോളേജ്, തിരൂരങ്ങാടി, മലപ്പുറം ജില്ല

■ 2008 ഏപ്രിൽ മുതൽ കോളേജ് അദ്ധ്യാപകരുടെ പി.എഫ്.ലേക്കുള്ള പണമിടപാട് ചേർക്കുന്നതിന് ഡയറക്ടർ ഓഫ് കോളേജിയറ്റ് എജുക്കേഷന്റെ കീഴിലുള്ള ഒരു ഓൺലൈൻ സോഫ്റ്റ് വെയർ ആണ്. GAIN PF. ഡയറക്ടർ ഓഫ് കോളേജിയറ്റ് എജുക്കേഷൻ മാന്വലായി തയ്യാറാക്കിയ 2008 മാർച്ച് വരെയുള്ള പി.എഫ്. ക്രെഡിറ്റ് കാർഡ്, എല്ലാ കോളേജ് അദ്ധ്യാപകർക്കും കോളേജ് ഓഫീസ് മുഖേന ലഭിച്ചിട്ടുണ്ടാകും. 2008 മാർച്ച് വരെയുള്ള പിഎഫ് ക്രെഡിറ്റ് കാർഡിന്റെ ക്ലോസിംഗ് ബാലൻസ് GAIN PFൽ ഓപ്പണിങ്ങ് ബാലൻസ് ആയിരിക്കും. കോളേജ് അദ്ധ്യാപകരുടെ 2008 ഏപ്രിൽ മുതലുള്ള പിഎഫ്ലേക്കുള്ള എല്ലാ പണമിടപാടുകളുടെയും വിശദവിവരങ്ങൾ ഓൺലൈൻ സോഫ്റ്റ്വെയർ ആയിട്ടുള്ള GAIN PFലൂടെയായിരിക്കും ചേർക്കുക. 2008 ഏപ്രിൽ വരെയുള്ള ഓരോ കോളേജ് അദ്ധ്യാപകരുടെയും സർവ്വീസ് സംബന്ധമായ വിവരങ്ങളും, 2008 ഏപ്രിൽ വരെ പിഎഫിൽ നിന്നും എടുത്തിട്ടുള്ള എല്ലാ ലോണുകളുടെയും വിവരങ്ങളും തുടക്കത്തിൽ തന്നെ GAIN PFൽ ഉൾപ്പെടുത്തുന്നതാണ്.

ഓരോ കോളേജ് അദ്ധ്യാപകനും ഓരോ പിഎഫ് അക്കൗണ്ട് നമ്പർ ഉണ്ടാകുമെന്നത് അറിയാമല്ലോ. 2008 ഏപ്രിൽ മുതൽ മാസശമ്പളത്തിൽ പിടിക്കുന്ന പി.എഫ്. തുകയും പിഎഫിലേക്കുള്ള ഡി.എ. അരിയർ, പി.എഫ്. ലോണിന്റെ (ടെമ്പററി അഡ്വാൻസിന്റെ) തിരിച്ചടവ് എന്നിവയെല്ലാം GAIN PFൽ കൂടിയായിരിക്കും ചേർക്കുന്നത്. 2008 മാർച്ച് 31ന് ശേഷം സർവ്വീസിൽ ചേർന്ന കോളേജ് അദ്ധ്യാപകർക്ക് അവരുടെ പി.എഫ്. നമ്പർ കിട്ടുന്ന മുറയ്ക്ക് GAIN PFൽ ചേർക്കുന്നതാണ്.

ഓരോ കോളേജിലെയും PF കൈകാര്യം ചെയ്യുന്ന ക്ലാർക്കും, സൂപ്രണ്ടും കൂടിയാണ് ഈ ഓൺലൈൻ സോഫ്റ്റ്വെയർ ആയ GAIN PF കൈകാര്യം ചെയ്യുന്നത്. ഓരോ കോളേജിനും GAIN PF ഉപയോഗിക്കാൻ യൂസർനെയിമും പാസ്സ്‌വേർഡും ഉണ്ട്. മിക്ക കോളേജുകളും അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും 2015 വരെയുള്ള പി.എഫ്. ഇടപാടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഓരോ ജീവനക്കാരനും GAIN PFൽ നിന്നും ക്രെഡിറ്റ് കാർഡ് ലഭിക്കണമെങ്കിൽ യൂസർനെയിമും




പാസ്സ്‌വേർഡും കോളേജ് ഓഫീസിൽ നിന്നും തരേണ്ടതാണ്. ഇത് ലഭിച്ചാൽ ഓരോ വർഷത്തെയും ക്രെഡിറ്റ് കാർഡ് GAIN PFൽ നിന്നും പ്രിന്റ് ചെയ്ത് സൂക്ഷിക്കാവുന്നതാണ്. അല്ലെങ്കിൽ അദ്ധ്യാപകർ ആവശ്യപ്പെട്ടാൽ കോളേജ് ഓഫീസിൽ നിന്നും പ്രിന്റ് ചെയ്ത് നൽകേണ്ടതാണ്. ഓരോ വർഷത്തെയും ക്രെഡിറ്റ് കാർഡ് GAIN PFൽ നിന്ന് ലഭിക്കുമ്പോൾ ആ വർഷത്തെ PF പലിശയും ചേർത്തിരിക്കുന്നത് കാണാവുന്നതാണ്. 2016 മാർച്ച് വരെയുള്ള പി.എഫ്. പണമിടപാടുകൾ മാത്രമേ GAIN PFൽ കൈകാര്യം ചെയ്യുന്നുള്ളൂ. 2016 ഏപ്രിൽ മുതലുള്ള പണമിടപാടുകൾ സ്പാർക്ക് വഴിയാണ് കൈകാര്യം ചെയ്യുന്നത്. 2016-17 വർഷത്തെ ക്രെഡിറ്റ് കാർഡ് സ്പാർക്ക് വഴിയേ ജനറേറ്റ് ചെയ്യാൻ പറ്റുകയുള്ളൂ. 2015-16 വരെയുള്ള പി.എഫ്. ക്രെഡിറ്റ് കാർഡ് ജനറേറ്റ് ചെയ്യാൻ വേണ്ടി മാത്രമുള്ളതാണ് GAIN PF എന്ന ഓൺലൈൻ സോഫ്റ്റ്‌വെയർ.

കേരളത്തിലെ എയ്ഡഡ് ജീവനക്കാരുടെ പിഎഫ് ലോണുകൾ അപേക്ഷിക്കാനും അനുവദിക്കാനും ഉള്ള ഓൺലൈൻ സോഫ്റ്റ്‌വെയർ ആണ് Integrated Financial Management System (IFMS). 201516 വർഷത്തെ ക്രെഡിറ്റ് കാർഡ് ലഭിച്ചിട്ടുള്ള ഏതൊരു അദ്ധ്യാപകനും പിഎഫ്ൽ നിന്നും ലോൺ എടുക്കുവാൻ അർഹതയുള്ളതാണ്. പിഎഫ്ൽ നിന്നും ലോൺ എടുക്കാനാഗ്രഹിക്കുന്ന അദ്ധ്യാപകർ വെള്ളക്കടലാസിൽ ഒരു അപേക്ഷ കോളേജ് ഓഫീസിൽ കൊടുക്കുക. അതിനുശേഷം കോളേജ് ഓഫീസിൽ നിന്നും ക്രെഡിറ്റ് കാർഡ് പ്രകാരമുള്ള ഓപ്പണിങ്ങ് ബാലൻസും 2008-2016 കാലഘട്ടത്തിൽ എടുത്തിട്ടുള്ള ടെമ്പററി ലോൺ അഡ്വാൻസിന്റെ വിശദവിവരങ്ങളും IFMS എന്ന ഓൺലൈൻ സോഫ്റ്റ്‌വെയർ വഴി വെരിഫിക്കേഷൻ ചെയ്തു ലഭിക്കും. IFMS സോഫ്റ്റ്‌വെയർ ഉപയോഗിക്കാൻ ഓരോ കോളേജിനും യൂസർ ഐഡിയും പാസ്സ്‌വേർഡും ഉണ്ടാകും. തുടർന്ന് IFMS എന്ന ഓൺലൈൻ സോഫ്റ്റ്‌വെയർ വഴി ഓരോ ജീവനക്കാരുടെയും PEN നമ്പർ യൂസർഐഡി ആയും ജനനത്തീയതി പാസ്സ്‌വേർഡ് ആയും IFMS എന്ന ഓൺലൈൻ സോഫ്റ്റ്‌വെയർ വഴി കോളേജ് ഓഫീസിൽ നിന്നും ലഭിച്ച ഓപ്പണിങ്ങ് ബാലൻസും ലോൺ വിവരങ്ങളും ചേർത്ത് ലോണിന് അപേക്ഷിക്കാവുന്നതാണ്. അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത് കോളേജ് ഓഫീസിൽ കൊടുത്താൽ ഓഫീസിൽ നിന്നും IFMS എന്ന ഓൺലൈൻ സോഫ്റ്റ്‌വെയർ വഴി ലോണിന്റെ വിശദവിവരങ്ങൾ ക്ലാർക്കും, സൂപ്രണ്ടും വെരിഫിക്കേഷൻ നടത്തി പ്രിൻസിപ്പൽ അപ്രൂവൽ ചെയ്താൽ തുടർന്ന് ഡെപ്യൂട്ടി ഡയരക്ടർ ഓഫ് കോളേജിയറ്റ് എജുക്കേഷൻ മൂന്നുലക്ഷം വരെയുള്ള റീഫണ്ടബിൾ (Temperory) അഡ്വാൻസ് അനുവദിക്കും. മൂന്നുലക്ഷത്തിനു മുകളിലുള്ള റീഫണ്ടബിൾ (Temperory) അഡ്വാൻസ് അല്ലെങ്കിൽ നോൺ റീഫണ്ടബിൾ അഡ്വാൻസ് ഡെപ്യൂട്ടി ഡയരക്ടർ ഓഫ് കോളേജിയറ്റ് എജുക്കേഷൻ വഴി ഡയരക്ടർ ഓഫ് കോളേജിയറ്റ് എജുക്കേഷൻ അനുവദിക്കുന്നതാണ്. നോൺ റീഫണ്ടബിൾ അഡ്വാൻസ് അദ്ധ്യാപകന്റെ പി.എഫ്. എക്കൗണ്ടിലുള്ള തുകയുടെ 75 ശതമാനം വരെ പിൻവലിക്കാവുന്നതാണ്. 10 വർഷം സർവ്വീസിലുള്ള അല്ലെങ്കിൽ റിട്ടയർ ചെയ്യാൻ 5 വർഷമുള്ള ഏതൊരു അദ്ധ്യാപകനും നോൺ റീഫണ്ടബിൾ അഡ്വാൻസ് എടുക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്. ഏതു സമയത്തും IFMS എന്ന ഓൺലൈൻ സോഫ്റ്റ്‌വെയർ വഴി ലോണിന്റെ വിശദവിവരങ്ങൾ അഥവാ ലോൺ അപേക്ഷ എവിടെ എത്തിയെന്ന് അറിയാവുന്നതാണ്.

प्रो (डॉ) जसपाल एस संधू
सचिव
Prof. Dr. Jaspal S. Sandhu
MBBS, MS (Ortho), DSM, FAIS, FASM, FAFSM, FFIMS, FAMS
Secretary

विश्वविद्यालय अनुदान आयोग
University Grants Commission
(मानव संसाधन विकास मंत्रालय, भारत सरकार)
(Ministry of Human Resource Development, Govt. of India)
बहादुरशाह ज़फ़र मार्ग, नई दिल्ली-110002
Bahadur Shah Zafar Marg, New Delhi-110002
Ph.: 011-23239337, 23236288,
Fax : 011-23238858, email : jssandhu.ugc@nic.in

**D.O.No.F.1-2/2016(PS/III Amendment)** **11th April, 2017**

Dear Sir/Madam,

The UGC has come up with an Approved List of Journals that would be considered for the purpose of Career Advancement Scheme (CAS) and Direct Recruitment of Teachers and other academic staff as required under the University Grants Commission (Minimum Qualifications for Appointment of Teachers and other Academic Staff in Universities and Colleges and Measures for the Maintenance of Standards in Higher Education) (4th Amendment), Regulations, 2016. The UGC Approved List of Journal is available as a web-based database with search and browse interface at *http://www.ugc.ac.in/journallist/*.

The UGC has approved a list of 38,653 journals that are indexed in Web of Science, Scopus and Indian Citation Index. Besides this, journals covered in a selected indexing and abstracting services have been added to the UGC Approved List of Journals. Universities can recommend inclusion of additional peer-reviewed journals that are not listed in the existing UGC List of Approved Journals through a University-Level Academic Journal Expert Committee.

The Standing Committee on notification of journals has devised a checklist that is to be filled on-line for each journal recommended for inclusion in the UGC Approved List of Journals. The web-based checklist would be accessible to the Chairman, University Level Academic Journal Expert Committee or his nominees once he/she registers himself/herself at *http://www.ugc.ac.in/journallist/user_login.aspx*

Universities are requested to make use of this provision if so desired and recommend additional peer-reviewed journals to be included in the UGC Approved List of Journals following approval by the UGC Standing Committee.

The recommendations may please be uploaded on the UGC website by **May 15, 2017** for the consideration of the UGC at *http://www.ugc.ac.in/journallist/user_login.aspx*

With kind regards

Yours sincerely,

**(Jaspal S. Sandhu)**

**The Vice-Chancellor of all Universities.**

Copy to :

The Publication Officer, UGC, New Delhi for uploading on UGC website.

**(Jaspal S. Sandhu)**

GOVERNMENT OF KERALA

No. 359411/SL.1/2016/Fin.

Finance (Streamlining) Department,
Thiruvananthapuram,
Dated : 22.04.2017.
Ph No : 2518814
email : info.fin@kerala.gov.in.

From

The Additional Chief Secretary (Finance).

To

The Director of Treasuries,
Thiruvananthapuram.

Sir,

Sub :- UGC Pay Revision arrears due to the college teachers and other eligible categories - Request for non SPARK bill – Regarding.

Ref :- 1. Letter No.38/Prl.Secy./2016/H.Edn, dated 05.12.2016 received from Sri. B. Srinivas IAS, Principal Secretary, H.Edn. Dept.
2. Govt. Letters of even number dated 17.12.2016, 19.1.2017 & 15.2.2017.

Kind attention is invited to the references cited. As per letters cited in reference 2nd above, it was directed to disburse the UGC arrears of employees (including previous instalments of arrears) through non-SPARK bills upto 31st December 2016, 31st January 2017 & 28th February 2017 respectively. Since a number of requests are being received from various colleges on the captioned subject due to the delay occurred in issuing the Pay Slip from the Accountant General, I am to inform you that, an extension upto 30.6.2017 is permitted to prefer such claims based on non SPARK bill, subject to other conditions already specified therein.

Please instruct all treasury officers accordingly.

Yours faithfully,

**SURESH KUMAR. O. B,**
Under Secretary to Govt.
For Additional Chief Secretary (Finance).

Approved for issue,

Section Officer.

Copy to :-

1. The Nodal Officer,
www.finance.kerala.gov.in.
2. Director of Collegiate Education,
Thiruvananthapuram. (with request to inform the content of this letter to all concerned urgently)
3. Higher Education Department, Govt Secretariat.

# GOVERNMENT OF KERALA

**Abstract**

Payment of Dearness Allowance to State Government Employees and Dearness Relief to State Service Pensioners/Family Pensioners - Revised rates effective from 01/01/2017– Orders Issued.

## FINANCE (PAY RESEARCH UNIT) DEPARTMENT

G.O. (P) No. 55/2017/Fin. Dated, Thiruvananthapuram, 26/04/2017

Read: -

1. G.O. (P) No. 7/2016/Fin, dated 20.01.2016
2. G.O. (P) No. 9/2016/Fin, dated 20.01.2016
3. O.M. No. 01/03/2017 - E-II (B) dated 30/03/2017 of the Department of Expenditure, Ministry of Finance, Government of India.
4. O.M. No. F. No.42/15/2016 P&PW (G) dated 07.04.2017 of the Department of Pension and Pensioners Welfare, Ministry of Personnel, Public Grievances and Pensions, Government of India.
5. O.M. No. 1/3/2008-E.II.(B) dated 07/04/2017 of the Department of Expenditure, Ministry of Finance, Government of India.
6. G.O (P) No. 629/2013/Fin dated 23/12/2013.
7. G.O (P) No. 61/2016/Fin dated 05.05.2016.
8. G.O(P) No. 6/2017/Fin dated 19/01/2017.

## ORDER

In the Office Memoranda cited above, Government of India sanctioned revised rate of Dearness Allowance/ Dearness Relief to Central Government employees, Pensioners and Family Pensioners with effect from 01/01/2017. On the basis of the above, the following orders are issued:

2.(i) The rate of Dearness Allowance payable in respect of State Government Employees, Teachers, Staff of Aided Schools, Private Colleges and Polytechnics, Full time Employees borne on the contingent and work charged establishments and employees of Local Bodies will be enhanced from the existing rate of 12% to 14% w.e.f 01.01, 2017.

(ii) The Dearness Allowance payable in respect of those employees continuing in the pre-revised scale of G.O (P) No.85/2011/Fin dated 26.02.2011 will be enhanced from the existing rate of 10.5% to 109% W.e.f. 01.01.2017.

(iii) The Dearness Allowance payable in respect of those employees continuing in the pre-revised scale of G.O (P) No. 145/2006/Fin dated 25.03.2006 will be enhanced from the existing rate of 247% to 255% w.e.f. 01.01.2017.

(iv) The Dearness Allowance payable in respect of teachers coming under UGC/AICTE/Medical Education Schemes (in whose case DA up to 50% has been converted as Dearness Pay) will be enhanced from the existing rate of 256% to 264% w.e.f. Ol.01.2017.

(V). The Dearness Allowance payable in respect of the teaching staff coming under UGC/AICTE/Medical Education Schemes who have changed over to revised UGC/AICTE scale from 01.01.2006 or thereafter and Judicial Officers will be enhanced from the existing rate of 132% to 13.6% w.e.f. 01.01.2017.

(vi) The Dearness Allowance payable to those employees who are continuing in the 1997 pay scales even after 01.01.2017 will be enhanced from the existing rate of 3.06% to 31.4% w.e.f. 01.01.2017 (up to the date of effect of option under Pay Revision 2014).

(vii) The Dearness Allowance payable to those employees in Public Sector Undertakings who were getting pay and allowances based on the scales of pay admissible under 1992 Pay Revision will be enhanced as follows with effect from 01.01. 2017.

| Date of effect | Pay Range | Rate of DA per month |
|---|---|---|
| 01.01. 207 | Basic pay up to Rs 3,500 p.m. | 931% of Pay |
| | Basic pay above Rs 3,500 up to Rs6000 p.m. | 834% of Pay subject to a minimum of R 32,585 |
| | Basic pay above R 6,000 | 795% of pay subject to a minimum of R 50,040 |

(viii) The Dearness Allowance at the enhanced rates will be paid in cash with the salary for the month of April 2017 onwards. The arrears for the period from 01.01.2017 to 31.03.2017 will be drawn and credited to the Provident Fund Account of the employees along with the salary bill for any of the months from April 2017 to October 2017. This procedure is applicable to those employees continuing in the pre- revised scale even after 2014 Pay Revision, and even after 1996 UGC/AICTE/Medical Education Scheme.

No withdrawal other than final withdrawal of arrears of Dearness Allowance credited to Provident Fund Account shall be made before 31.01.2022 or retirement, whichever is earlier and is applicable Mutatis Mutandis to Provident

Funds other than General Provident Fund also.

(ix)The enhanced rate of Dearness Allowance will also be applicable to Part-time and Part-time contingent employees on the basis of pay drawn by them.

(x) The Dearness Relief payable to State Service Pensioners. Family Pensioners, Ex-gratia Pensioners/EX-gratia Family pensioners (whose pension/family pension has been revised as per G.O. (P) No. 09/2016/Fin, dated 20.01.2016) will be enhanced from the existing rate of 12% to 14% with effect from 01.01. 2017.

(xi). Re-employed pensioners whose pay has been revised as per G.O(P) No. 2/17/Fin dated 04/01/2017 are eligible for payment of DA at the enhanced rate of 14% w.e.f 01/01/2017 as admissible to State Government Employees and they are eligible for this enhanced rate of DA based on a general letter of authority issued by the Accountant General.

(xii) The Dearness Relief payable to State Service Pensioners and Family Pensioners (whose pension/family pension has not undergone revision as per G.O. (P) No. 09/2016/Fin, dated 20.01.2016) will be enhanced from the existing rate of 105% to 1.09% with effect from 01.01.2017.

(xiii) The Dearness Relief payable to State Service Pensioners and Family Pensioners whose pension/family pension has not undergone revision as per G.O. (P) No.87/2011/Fin dated 28.02.2011, and also to the Pensioners/Family Pensioners coming under UGC/AICTE/Medical Education Schemes (who retired prior to 01.07.2004 and whose family pension has been revised as per G.O.(P) No. 8 1/2007/Fin dated 28.02.2007 and whose pension has not undergone revision as per G.O.(P) No. 2 11/2011/Fin dated 07/05/2011), will be enhanced from the existing rate of 247% to 25.5% with effect from 01.01.2017.

(xiv) The Dearness Relief payable to retired State Judicial Officers (who are drawing Dearness Relief at central rates and whose pension or family pension has not been revised as per G.O. (Ms) No. 236/10/Home dated 02.11.2010) and the Pensioners/Family Pensioners, coming under the category UGC/AICTE/Medical Education Schemes (who retired after 01.07.2004 and whose pensions family pension has been revised as per G.O.(P) No.84/2007/Fin dated 01.03.2007 and has not undergone revision as per GO (P) No. 211/2011/Fin dated 7/5/2011) will be enhanced from the existing rate of 25.6% to 26.4% w.e.f. 01.01.2017.

(XV) The Dearness Relief payable in respect of Ex-Chairman and Members of Kerala Public Service Commission, will be enhanced as follows w.e.f. Ol.01.2017.

| Category | Date of termination of service | Rate of DR |
|---|---|---|
| Chairman and Members who were appointed from outside Government service and whose pension structure was modified as per G. O(P) N o. (09/20 17/GAD dated 15/03/2017 | Prior to or after 01.01.2006 | 136% |
| Chairman and Members who were appointed from outside Government Service and whose pension structure was not modified as per G.O(P) No. 09/2017/GAD dated 15/03/2017 | Prior to or after 01.01.2006 | 109% |
| Chairman and Members having prior Service in Government and opted benefits of combined Service. | Prior to or on or after 01.01.2006 | 109% |

(xvi) (a) The Dearness Relief payable in respect of Ex-Chairmen/other Members of Kerala Public Service Commission, whose pension has not undergone revision as per G.O.(M.S.) No.339/2013, GAD dated 30, 11.2013, will be enhanced as follows with effect from 0.01. 2017.

| Category | Date of termination of service | Rate of DR |
|---|---|---|
| Chairman and Members who were appointed from outside Government service | Prior to or after Ol.01.2006 | 25.5% |
| Chairman and Members having prior service in Government and opted benefits of combined Service. | Prior to 01.07.2004 | 25.5% |

Chairman and Members having prior service in Government and On or after 01.07.2004 26.4% opted benefits of combined Service.

(xvii) The rate of Dearness Relief payable to the teaching staff coming under UGC/AICTE/Medical Education Streams who have changed over to revised UGC/AICTE scale from I. I. 2006 and those who retired after 1.1.2006 and that to the State Judicial Officers whose pension has been revised as per G.O (Ms) No.236/2010, Home dated 02.11.2010, will be enhanced from the existing rate of 13.2% to 13.6% w.e.f. 01.01.2017. This rate will be adopted only after the formal

sanctioning of revision of their pension in terms of G.O. (P) No.211/2011/Fin dated 07.05.2011. The teaching staff coming under the UGC / AICTE / Medical Education Streams who have retired prior to 01.01.2006 and whose pension has been revised in terms of G.O.(P) No.21 1/2011/Fin dated 07.05.2011 will also be eligible for Dearness Relief at the above rate. (XViii) The Dearness Relief payable in respect of the State Service Pensioners/Family Pensioners whose pension has not undergone revision as per G.O.(P) No. 180/2006/Fin. dated 18.04.2006 and who are drawing pension/family pension as per pension revision 1997, and in respect of Pensioners / Family Pensioners coming under UGC / AICTE / Medical Education Schemes whose pension has not undergone revision as per G.O.(P) No. 8 1/2007/Fin. dated 28.02.2007 or G.O.(P) No.84/2007/Fin. dated 1.3.2007 will be enhanced from the existing rate of 306% to 31.4% w.e.f. 01.01.2017. This will be applicable only till such date of effect of option for Pension Revision 2004, after which the Dearness Relief payable will be as indicated in para 2(xiii) above and after the date of effect of option for Pension Revision 2009, Dearness Relief will be payable as indicated in para 2 (xii) above.

3. The enhanced rate of Dearness Relief due from 01.01.2017 will be paid along with the pension for May 2017 and arrears from January 2017 to April 2017 will be released in cash along with the pension for May 2017.

4. The conditions laid down in the G.O. read as 5th above shall be applicable while regulating Dearness Allowance/Dearness Relief under these orders.

By order of the Governor,
**Dr. K.M. ABRAHAM,**
Additional Chief Secretary to Government (Finance).

To

The Principal Accountant General (A&E), Kerala, Thiruvananthapuram
The Principal Accountant General (General & Social Sector Audit), Kerala, Thiruvananthapuram
The Accountant General (Economic & Revenue Sector Audit), Kerala, Thiruvananthapuram
The Accountant General (A&E), Tamil Nadu, Chennai
The Accountant General (A&E), Andhra Pradesh, Hyderabad
The Accountant General (A&E), Karnataka, Bangaluru
The Accountant General (A&E), Maharashtra, Mumbai
The Accountant General (A&E), Rajasthan, Jaipur
The Accountant General (A&E), Gujarat, Gandhi Nagar
The Accountant General (A&E), Hariyana, Chandigarh
The Accountant General (A&E), Punjab, Chandigarh
The Accountant General (A&E), Jammu & Kashmir, Srinagar
The Accountant General (A&E), Himachal Pradesh, Shimla
The Accountant General (A&E), Madhya Pradesh, Gwalior
The Accountant General (A&E), Orissa, Bhubaneswar
The Accountant General (A&E), Uttar Pradesh, Allahabad
The Accountant General (A&E), Bihar, Patna
The Accountant General (A&E), West Bengal, Kolkatta
The Accountant General (A&E), Assam, Dispur, Guwahati
The Accountaint General (A&E), Manipur, Imphal
The Accountant General (A&E), Tripura, Agartala
The Accountant General (A&E), Nagaland, Kohima
The Accountant General (A&E), Arunachal Pradesh, Itanagar
The Accountant Genera (A&E), Utharanchal, Dehradun
The Accountant General (A&E), Goa. Panaji
The Accountaint General (A&E), Chattisgarh, Raipur
The Accountant General (A&E), Jharkhand, Ranchi
The Accountant General (A&E), Mizoram, Aizawl
The Accountant General (A&E), Meghalaya, Shillong
The Accountant General (A&E), Sikkim, Gangtok
The Principal Accounts Officer, Delhi Administration, Vikas Bhavan, New Delhi
The Principal Accounts Officer, Pondicherry
(....contd..)

Forwarded/By Order
Section Officer.

# കേരള സർക്കാർ

സംഗ്രഹം

**ജീവനക്കാര്യം — 2-9-2016-ലെ ദേശീയ പണിമുടക്ക് — ജീവനക്കാർ ആഫീസുകളിൽ ഹാജരാകാതിരുന്നത് — അർഹതപ്പെട്ട അവധി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു**

---

പൊതുഭരണ (എസ്.എസ്.) വകുപ്പ്

**സ. ഉ. (പി) നമ്പർ 28/2016/പൊ.ഭ.വ.  തിരുവനന്തപുരം, 2016 ഒക്ടോബർ 18.**

---

ഉത്തരവ്

2-9-2016-ൽ നടന്ന ദേശീയ പണിമുടക്കിനോടനുബന്ധിച്ച് ആഫീസുകളിൽ ഹാജരാകാതിരുന്ന ജീവനക്കാർക്കും അദ്ധ്യാപകർക്കും ആകസ്മികാവധി ഉൾപ്പെടെയുള്ള അർഹതപ്പെട്ട അവധി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. ഉഷാ ടൈറ്റസ്,
സെക്രട്ടറി

എല്ലാ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറിമാർക്കും.

എല്ലാ വകുപ്പ് തലവൻമാർക്കും/എല്ലാ കളക്ടർമാർക്കും.

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഡയറക്ടർക്ക്.

രജിസ്ട്രാർ ജനറൽ, ഹൈക്കോടതി, കൊച്ചി (ആമുഖ കത്തുമുഖേന).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്തുമുഖേന).

ഗവർണ്ണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം (ആമുഖ കത്തുമുഖേന).



# മസ്തിഷ്കത്തിന്റെ യാത്രകൾ

ഒരിക്കൽ നിബിഡമായിരുന്ന
ചിന്തയുടെ പണിപ്പുരയിൽ നിന്നും
മസ്തിഷ്കം ഇറങ്ങിനടന്നു.
വേദനകളുടെ സൂചിമുനകൾ കയറിയ
ജീവിതത്തിന്റെ നെഞ്ചിൽനിന്ന്
ചോരപിടഞ്ഞൊലിക്കുന്നത്
ഇനിയും കണ്ടുനിൽക്കാനോ
അതിനെപ്പറ്റി ആലോചിക്കുവാനോ
വയ്യെന്നായിരുന്നു പ്രസ്താവന

പുറത്ത്, കുഴലൂത്തുകാരന്റെ
മാസ്മരികനാദം
സ്വപ്നാടനത്തിലെന്നപോലെ
മാടിവിളിക്കുന്നുണ്ട്
പുതിയ കാലത്തിന്റെ പരസ്യഖനികളിലെ
സുഖാനുഭൂതികൾ
അനുഭവിക്കാൻ കഴിയാത്തതിൽ
മസ്തിഷ്കം പശ്ചാത്തപിച്ചു
ഓർമ്മകളെ ശപിച്ചുകൊണ്ട്
അത് ആനന്ദനൃത്തമാടി
എങ്ങോട്ടാണ് പോകുന്നതെന്ന്
ചോദിക്കുന്നതുപോലും
തെറ്റായതുകൊണ്ട്
ഒഴുക്കിൻചെരിവിലൂടെ
മസ്തിഷ്കം വഴുതി സഞ്ചരിച്ചു.
തെന്നിത്തെറിച്ച്
അൾഷിമേഴ്സ് പർവ്വതത്തിൽ നിന്നും
താഴേക്ക് പതിക്കും മുൻപ്
പഴയൊരു ശീലത്തിന്റെ ഭാഗമായി
വെറുതെയൊന്ന് ചിന്തിച്ചുപോയപ്പോൾ
ഗൂഢാലോചനകളുടെ പാതാളഗർത്തങ്ങളിൽ
അപരിചിത മുഖങ്ങളിലെ
തോക്കുകൾ ഘടിപ്പിച്ച കണ്ണുകൾകണ്ട്
ഭയന്നിരുന്നുപോയി.

ജീവിതവും സ്വത്വവും
ഭാഷയും ചരിത്രവും
നിർദ്ദയം ഉപേക്ഷിച്ചുപോയ മസ്തിഷ്കം,
വെടിയൊച്ചകൾക്കിടയിലൂടെ
ശവശരീരങ്ങളുടെ കൂനകളിലൂടെ
പട്ടിണിക്കാട്ടിലെ ചാരങ്ങളിലൂടെ
ചാവേറുകളുടെ തരിശുഭൂമിയിലൂടെ
ഒരു ജനതയുടെ
കണ്ണീരുവീണു പൊള്ളിയ
നടപ്പാതകളിലൂടെ
ആത്മഹത്യകൾ അവശേഷിപ്പിച്ച
അനാഥത്വത്തിന്റെ ഹിമപഥങ്ങളിലൂടെ
ഒന്നുംപറയാനാവാതെ
മുഖംമറച്ചുകൊണ്ട്
ഒരിക്കൽ ഉപേക്ഷിച്ച
മനുഷ്യത്വത്തിന്റെ ഹൃദയഭാഷകൾ
ഉയിരിലെഴുതിത്തൂക്കിയ
ചിന്തയുടെ പഴയപണിപ്പുര തേടി
വിഷാദത്തോടെ തിരിച്ചു നടന്നു.


**പ്രമോദ് വെള്ളച്ചാൽ**
എം.ജി. കോളേജ്, ഇരിട്ടി





# ജൈവികതയുടെ കാവൽക്കാർ

**ഡോ. എൻ.എം. സണ്ണി**
മലബാർ ക്രിസ്ത്യൻ കോളേജ്, കോഴിക്കോട്




സ്വാർത്ഥ ബുദ്ധികളായ അക്കാദമിക് പണ്ഡിതന്മാരും, സാമ്പ്രദായിക കൊളോണിയൽ ചരിത്രകാരന്മാരും ബോധപൂർവ്വം വിസ്മരിച്ച ആദിവാസി-കീഴാള ജീവിതം മാനവികപക്ഷ ചിന്തകനായ റൂസ്സോയുടെ ഇടപെടലുകളിലൂടെയാണ് നാമമാത്രമായെങ്കിലും മുഖ്യധാരാസാഹിത്യത്തിൽ ഇടം പിടിക്കുന്നത്. ആഫ്രോ-അമേരിക്കൻ എഴുത്തുകാരാണ് തങ്ങളുടെ പൊള്ളുന്ന ജീവിത യാഥാർത്ഥ്യങ്ങളുമായി വരമൊഴി സാഹിത്യത്തിലേയ്ക്ക് ഉറച്ച കാൽവെപ്പുകളുമായി നടന്നുകയറിയത്. ഫില്ലി വീറ്റ്ലിയുടെ സ്ലേവ് നരേറ്റീവ്സും, ടോണി മോറിസണിന്റെ നോബൽ സമ്മാനവും ആദിവാസി വരമൊഴി സാഹിത്യത്തിന്റെ മുന്നേറ്റത്തിനു കരുത്തു പകർന്നു. ഇന്ത്യൻ സാഹചര്യത്തിൽ രമണിക ഗുപ്തയും, കെ. സച്ചിദാനന്ദനും, ഡോ. പി.കെ. പോക്കർ ഉൾപ്പെടെയുള്ള ബുദ്ധിജീവികൾ നൽകിയ

സംഭാവനകൾ കീഴാള സാഹിത്യത്തിന്റെ കുതിപ്പിന് ഊർജ്ജം പകരുകയുണ്ടായി. കാടരും, അപരിഷ്കൃതരും, രാക്ഷസരൂപികളുമായി മാത്രം പുരാണങ്ങളിലും, സാമ്പ്രദായിക സവർണ്ണ സാഹിത്യ രചനകളിലും പരാമർശിക്കപ്പെട്ടുപോന്ന ജനത തങ്ങളുടെ സ്വന്തം അനുഭവങ്ങളുമായി വരമൊഴി സാഹിത്യത്തിന്റെ നടുമുറ്റത്ത് പ്രവേശിച്ച് മേലാളകോയ്മകൾക്ക് ശക്തമായ വെല്ലുവിളി ഉയർത്തുകയാണ്. നാലുകെട്ടുകളും -എട്ടുകെട്ടുകളും തകർത്തു ധീരമായി മുന്നേറുന്നു.

നൂറ്റാണ്ടുകളായി വായ്മൊഴി വഴക്കത്തിൽമാത്രം നിലനിന്നുപോന്ന ആദിവാസിസാഹിത്യം ഇപ്പോൾ ആവേശപൂർവ്വം തൂലിക ഉപയോഗിക്കാൻ തുടങ്ങിയിരിക്കുന്നു. മൂർച്ചയുള്ള ആയുധമായി അത് പരിവർത്തനം ചെയ്യപ്പെടുകയാണ്. അസമത്വത്തിന്റെയും, അന്യായത്തിന്റെയും അധികാരത്തിന്റെയും മതിലുകൾ തകർക്കുകയാണ് അതിന്റെ ലക്ഷ്യം. ജാതി മേധാവിത്വത്തിന്റെ മസ്തകമാണ് അത് ഉന്നംവെയ്ക്കുന്നത്. അയിത്തവും, അടിമത്തവും ഇനി നിലനിൽക്കരുത്. ആധുനിക സാഹിത്യത്തെയും ഭാഷയെയും വികസിപ്പിക്കുന്നതിൽ വലിയ സംഭാവനയാണ് ആദിവാസിഭാഷകൾ നൽകുന്നത്. പൗരാണികവും, ചരിത്രാതീതവുമായ മിത്തുകളും, ചൊല്ലുകളും, വായ്മൊഴി വഴക്കങ്ങളും, സംരക്ഷിച്ച് ദേശത്തിന്റെ പാരമ്പര്യവും പഴമയും അതു നിലനിർത്തുന്നു. ആധുനികസമൂഹം നിസ്സാരവൽക്കരിച്ച് തള്ളിക്കളഞ്ഞ ഗീതങ്ങളും, കഥകളും, കവിതകളും ഓർമ്മകളിൽ നിലനിർത്തി, വരമൊഴിയിൽ ശേഖരിച്ച് തങ്ങളുടെ സ്വത്വത്തെയും ചരിത്രത്തെയും വീണ്ടെടുക്കയാണ് കീഴാള ജനത.

പരിഭാഷയിലൂടെയാണ് മുഖ്യധാരാഭാഷകളുമായി ആദിവാസിസാഹിത്യം സംവദിച്ചിരുന്നത്. നൂറ്റാണ്ടുകളായി നിലനിന്നിരുന്ന മൗനം തൂലികയിലൂടെ തകർക്കപ്പെട്ടു. കുലം മുടിഞ്ഞുപോകുന്ന തങ്ങളുടെ ഭാഷയും സംസ്കാരവും വീണ്ടെടുക്കുന്നതിനു വേണ്ടിയുള്ള പോരാട്ടം കൂടിയാണ് ആദിവാസി രചനകളിൽ കൂടി സാധ്യമാവുന്നത്. ആദിവാസി ഭാഷകളിൽ തന്നെ സർഗ്ഗസൃഷ്ടികൾ രൂപപ്പെടുന്നു, പരിഭാഷയുടെ സഹായം കൂടാതെ തന്നെ അതു നിലനിൽക്കുന്നു. പ്രകൃതിചൂഷണത്തിന്റെയും, ആദിവാസി ഊരുകളിൽനിന്നു പെൺകുട്ടികളടക്കമുള്ള പുതുതലമുറ പലായനം ചെയ്യുന്നതിന്റെയും ദുരന്തചിത്രങ്ങളാണ് ആദിവാസിബുദ്ധിജീവികളും കവികളും പങ്കുവെക്കുന്നത്. ആഢ്യപാരമ്പര്യം തിരസ്കരിച്ചു നായകന്മാരെയും സംഭവങ്ങളെയും പുനരവതരിപ്പിച്ചു തങ്ങളുടെ വേരുകൾ തേടുകയാണ് പുതുതലമുറ എഴുത്തുകാർ. മുഖ്യധാരയിൽനിന്നു പുറത്താക്കപ്പെട്ട അവർ ഇന്നു ചെറുത്തുനിൽപ്പിന്റെയും പോരാട്ടത്തിന്റെയും പാതയിലാണ്. അമ്പും വില്ലും തോക്കുകൾക്കും, തോക്കുകൾ വാക്കുകൾക്കും വഴിമാറുകയായിരുന്നു.

എഴുത്തുകാരിയും പൊതു പ്രവർത്തകയുമായ നിർമ്മല പുതുൽ പറയുന്നത്, ഓരോ ആദിവാസി കുടിലിലും, ഒരു മിനി സ്ക്രീൻ ടി.വിയുണ്ട്. ഓരോ പെൺകുട്ടിയുടെ പക്കലും ഫെയർ ആന്റ് ലൗലിയുടെ ഒരു ട്യൂബും. ആധുനിക ജീവിതത്തിലേയ്ക്ക് സംക്രമിച്ചുകൊണ്ടിരിക്കുന്നു. ഒരു ജനതയെ വീണ്ടെടുക്കുക എന്ന ദൗത്യമാണ് ആദിവാസി എഴുത്തുകാർ നിറവേറ്റുന്നത്. വിപണി കീഴടക്കുന്ന ഊരുകളെയും സംസ്കാരത്തെയും സംരക്ഷിക്കുകയാണ് അതിന്റെ




ലക്ഷ്യം. മണ്ണും പെണ്ണും മലിനമാക്കപ്പെടുന്നു. ചെറുത്തുനിൽപ്പ് അസാധ്യമാക്കും വിധമുള്ള അധിനിവേശങ്ങൾക്കുമുമ്പിൽ മുഴുവൻ കരുത്തും ശേഖരിച്ചു പ്രതിരോധം തീർക്കുകയാണ്. തോക്കിൽനിന്ന് വാക്കിലേക്കുള്ള ദൂരം നൂറ്റാണ്ടുകളിലൂടെ കൈവരിച്ച മുന്നേറ്റമാണ്. അനാദികാലം മുതൽ ചോദിക്കാനായി ബാക്കിവെച്ച ചോദ്യങ്ങളത്രയും വാക്ശരങ്ങളായി, പെരുമ്പറ മുഴക്കങ്ങളായി പുറത്തുവരുന്നു. നിർമ്മല പുതുൽ കൂട്ടിച്ചേർത്തു.

മുണ്ട, ഉംറാവ്, സന്താളി, ഖഡിയ, ഹോ, ചിക്ബ സായിക് എന്നീ ആദിവാസിസമൂഹങ്ങളിൽപെട്ട കവികൾ മുണ്ഡാരി, കുടുഖ്, സന്താളി, ഖഡിയ, ഹോ, നാഗപുരിയ എന്നീ ഭാഷകളാണ് അവരുടെ ആവിഷ്കാരത്തിനായി ഉപയോഗിക്കുന്നത്.

## രാംദയാൽ മുണ്ഡ 1939-2011

ആദിവാസി എഴുത്തുകാരിൽ ശ്രദ്ധേയനായ കവിയാണ് രാംദയാൽ മുണ്ഡ. മുണ്ഡാരി, നാഗപുരിയ, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭഷകളിൽ എഴുതുന്ന അദ്ദേഹം 'മുണ്ഡ' ആദിവാസി ഗോത്ര വിഭാഗത്തിൽപെട്ട കവിയാണ്. വിവിധ ഭാഷകളിലായി പതിനഞ്ചോളം കൃതികൾ രചിച്ചിട്ടുണ്ട്. ഷിക്കാഗോ യൂനി വേഴ്സിറ്റിയിൽ നിന്ന് എം. എ.പി.എച്ച്.ഡി ബിരുദങ്ങൾ നേടിയ ശേഷം റാഞ്ചി സർവ്വകലാശാലയിൽ പി.വി.സിയും, പിന്നീട് രാജ്യസഭാംഗവുമായിരുന്നു. ആദിവാസി സാഹിത്യത്തിന്റെ മാനസപുത്രനായാണ് മുണ്ഡ അറിയപ്പെടുന്നത്. ഊരുകളും ഗ്രാമങ്ങളും അദ്ദേഹത്തിന്റെ ഗീതങ്ങൾ ആവേശപൂർവ്വം നെഞ്ചേറ്റുന്നു. രണ്ടും മൂന്നു വരികളുള്ള കൊച്ചുകൊച്ചു കവിതകളിൽ ആദിവാസിജീവിതം വരച്ചുകാട്ടുന്നതിൽ മുണ്ഡാജി പ്രശസ്തനാണ്. ഊണത്തിലും, താളത്തിലും കവി

ത ചൊല്ലുന്നതിൽ അദ്ദേഹത്തിന് എതിരാളികളുണ്ടായിരുന്നില്ല. മണ്ണും പ്രകൃതിയും, കടന്നു കയറ്റക്കാർ അപഹരിക്കുകവഴി തൊഴിൽരഹിതരായി പലായനം ചെയ്യപ്പെടുന്ന ആദിവാസിയുടെ ജീവിതസങ്കടങ്ങളാണ് മുണ്ഡാജി അവതരിപ്പിച്ചത്. ജീവിതോപാധികൾ തേടുന്നതിനായി കാടിനെ ആശ്രയിച്ചിരുന്ന ജനതയ്ക്ക് വനപ്രവേശനം നിഷേധിച്ചതിലൂടെ ജീവിതം ദുരിതപൂർണ്ണമായിത്തീർന്നു. സർക്കാർ പദ്ധതികളും, വിപണിവത്ക്കരണവും അവരുടെ തൊഴിൽ, ഭാഷ, സംസ്കാരം, ജീവിത ശൈലി, പാരമ്പര്യം തുടങ്ങി ജീവിതത്തിന്റെ എല്ലാ തുറകളിലും പ്രതിസന്ധി സൃഷ്ടിച്ചു. മേലാളസംസ്കാരവും, മതവും, ജീവിത രീതിയും അവരുടെമേൽ അടിച്ചേൽപ്പിക്കുന്നു. കയ്യേറ്റക്കാരുടെ ഇടപെടലുകളിലൂടെ സ്ത്രീ ജീവിതങ്ങൾ വേട്ടയാടപ്പെടുകയാണ്. ചെറുത്ത് നിൽപ്പാണ് മുണ്ഡാജിയുടെ കവിതകളുടെ മുഖ്യസ്വരം.

*രാജകിങ്കരന്മാർ പിടിച്ചുകെട്ടി,കൊണ്ടു പോകുകയാണ്,*
*നദി മാറത്തടിച്ച് കരഞ്ഞു. എന്റെ ജലം എനിക്കു തിരിച്ചു തരു....*

അവിവാഹിരായ അമ്മമാർ നേരിടുന്ന പ്രതിസന്ധികളെ മുണ്ഡാജി തന്റെ രചനകളിലൂടെ സമൂഹത്തിന്റെ മുമ്പിൽ അവതരിപ്പിച്ചു. സ്ത്രീകളെ ബഹുമാനിക്കുകയും തുല്യരായി കാണുകയും ചെയ്യുന്നത് ആദിവാസി സംസ്കാരത്തിന്റെ സവിശേഷതയാണ്. ബാഹ്യ ഇടപെടലുകളാണ് അവിവാഹിതരായ അമ്മമാരെ സൃഷ്ടിച്ചത്. ഊരുകളിൽ കടന്നുകയറിയവർ അവരുടെ നിരക്ഷരതയും, നിഷ്കളങ്കതയും മറയാക്കി. പർവ്വതം, നദി, ജലം എന്നിവയെ പ്രതീകങ്ങളാക്കി അവിവാഹിതകളായ പെൺകുട്ടികളെ ചൂഷണം ചെയ്യുന്ന പുരുഷമാനസികത കവി തുറന്നുകാട്ടുന്നു.

*പർവ്വതം പറഞ്ഞു,*
*ഇത്രയും ഉയർന്ന ഞാനെങ്ങിനെ, ഈ നീചവൃത്തി ചെയ്യും?*
*സമുദ്രം പറഞ്ഞു,*
*ഞാനവളെ കണ്ടിട്ടേയില്ല,പിന്നെങ്ങിനെ എന്റെ പത്നിയാകും?*
*ജലത്തെ മടിയിലേറ്റി കുമാരി നദി, കണ്ണീരൊഴുക്കി.*

ജാതീയമായ ഉച്ചനീചത്വങ്ങൾക്കെതിരെയുള്ള പോരാട്ടങ്ങൾക്ക് കരുത്ത് പകരുന്നതായിരുന്നു അദ്ദേഹത്തിന്റെ രചനകൾ. വിവിധ സംസ്കാരങ്ങളും വ്യത്യസ്തമായ ജീവിതവീക്ഷണവും കാത്തുസൂക്ഷിക്കുന്നവരാണ് ആദിവാസികൾ. ഗംഗയെയും യമുനയെയും പ്രതീകങ്ങളാക്കിയ രണ്ടു വരികൾ നോക്കുക,

*ആളുകൾ പറഞ്ഞതു കേട്ട്,ചേർന്നൊഴുകി. ഇഴുകി ചേരുന്നില്ല.*
*ഗംഗാജലം വേറെ, യമുനാജലം വേറെ.*

വിശപ്പായിരുന്നു കവിയുടെ മറ്റൊരു ശക്തമായ പ്രമേയം.

*പലരാത്രികളിൽ ഒഴിഞ്ഞവയറുമായി, ഉറങ്ങിയതിനു ശേഷം വിശന്ന്*
*ഉണർന്നവരോടു ചോദിക്കൂ, അവർക്ക് സൂര്യൻ ദേവനല്ല, ഒരു കഷണം അപ്പം മാത്രം*

ജനങ്ങളോട് ചേർന്ന് നിൽക്കുന്ന മുണ്ഡാജി, ഗ്രാമത്തെയോ കർഷകരെയോ വിസ്മരിക്കുന്നില്ല. ഭരണകൂടത്തോടും, അധികാരികളോടും നിരന്തരം ചോദ്യങ്ങൾ ചോദിച്ചു കൊണ്ടേയിരുന്നു.

*ഗ്രാമവാസികൾക്കായി/പാഠശാലകൾ തുറന്നു,*
*കുട്ടികളെത്തി,പക്ഷെ അധ്യാപകരില്ല,*
*എത്രനാളിങ്ങനെ പോകും ഏമാനേ?*

മുണ്ഡാജി തന്റെ ഗീതങ്ങളും, കവിതകളും ആയുധമാക്കി, താങ്ങും തണലുമായി. ജനമനസ്സുകൾക്കൊപ്പം നിന്നു.

## അനുജ് ലുഗുൻ

മുണ്ഡാരി ഭാഷയിലെ യുവകവികളിൽ ശ്രദ്ധേയനായ അനുജ് ലുഗുൻ ഹിന്ദിയിലും പ്രസിദ്ധനാണ്.



'തൂലിക പടവാളകുമ്പോൾ' എന്ന കൃതി ഏറെ ശ്രദ്ധിക്കപ്പെട്ടു. നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുള്ള കവി ദക്ഷിണ ബീഹാറിലെ കേന്ദ്രസർവ്വകലാശാലയിൽ അധ്യാപകനാണ്. ദേശീയതലത്തിൽ അറിയപ്പെടുന്ന അദ്ദേഹം രാജ്യത്തെ മുഴുവൻ ആദിവാസികളെയും അഭിസംബോധന ചെയ്യുന്നു.

*തങ്ങളുടെ മുടിക്കെട്ടിലവർ ധൈര്യം പൂ പോൽ തിരുകി*
*പ്രതീക്ഷ കാതിൽ കാതണിയായ് അണിഞ്ഞു*
*അവകാശപ്പോരാട്ടത്തിൽ, ആത്മവിശ്വാസത്തിൻ വിത്തു വിതച്ചു.*

വ്യാജ ഏറ്റുമുട്ടലിലൂടെ കൊല്ലപ്പെടുന്ന ആദിവാസി ജീവിതങ്ങളെക്കുറിച്ചുള്ള ആകുലത കവി പങ്കുവെയ്ക്കുന്നു.

*ഭാര്യയും മക്കളും വ്യാജഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടു.*
*പക്ഷെ, യഥാർത്ഥസത്യം, അയൽഗ്രാമങ്ങളിൽപോലും*
*എത്തിക്കാനാവുന്നില്ല, എന്നതാണെന്റെ ദുഖം.*

പ്രകൃതിയെ അതിന്റെ ജൈവഭാവങ്ങളോടെ നിലനിർത്തുന്നതിനുള്ള സമരങ്ങളിൽ അദ്ദേഹം മുൻനിരയിലാണ്.

*ഇന്നലെ ഒരു മലയെ ട്രക്കിൽ കയറ്റി,കൊണ്ടു പോകുന്നതു കണ്ടു,*
*അതിന് മുമ്പ് ഒരു നദി പോയി. ഇപ്പോൾ കേൾക്കുന്നു,*
*എന്റെ ഗ്രാമവും ഇവിടെ നിന്നു കൊണ്ടുപോകുകയാണ്.*

## മഹാദേവ് ടോപോ 1954

ഉംറാവ് ഗോത്രത്തിൽപെട്ട ടോപോ നാഗപുരിയ, ഹിന്ദി, കുഡുഖ് എന്നീ ഭാഷകളിൽ എഴുതുന്നു. ടോപോ ബാങ്ക് മാനേജരായി വിരമിച്ചു. പഹാഡാ, ഏഡപാ കാനാ തുടങ്ങിയ കുഡുഖ് ഫീച്ചർ ഫിലിമിലും, ബാഹാ നാഗപുരിയ സിനിമയിലും അഭിനയച്ചിട്ടുണ്ട്.



സിനിമയുടെ അണിയറ പ്രവർത്തനങ്ങളിലും ടോപോ സജീവമാണ്. ഝാർഖണ്ഡിലെ മുൻനിര എഴുത്തുകാരനായ ടോപോ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും, വികസനത്തിനും വേണ്ടി ആദിവാസി സമൂഹം നടത്തിയ ധീരമായ

പോരാട്ടങ്ങൾ എവിടെയും അടയാളപ്പെടുത്താത്തതിലും, മതഗ്രന്ഥങ്ങളിലും, പുരാണങ്ങളിലുമെല്ലാം കാടരും, രാക്ഷസരും, വിരൂപികളുമൊക്കെ ആയി അടിസ്ഥാന ജനവിഭാഗത്തെ അടയാളപ്പെടുത്തുന്നതിലും ദുഃഖിതനാണ്. ആദിവാസി സമൂഹം അറിവില്ലായ്മയിലും, ഒറ്റപ്പെടുത്തലിലും കുടുങ്ങി കഴുതകളെപ്പോലെ ജീവിക്കേണ്ടി വരുന്നതിന്റെ അമർഷം ടോപോ രേഖപ്പെടുത്തുന്നു. ഒരു സംസ്ഥാനംതന്നെ രൂപീകരിക്കപ്പെട്ടു. എന്നിട്ടും ആദിവാസിയുടെ അവകാശങ്ങൾ അപഹരിക്കപ്പെടുക തന്നെയാണ്.

*ഝാർഖണ്ഡിന്റെ പേരിൽ ഒരു*
*ചന്തതന്നെ തുറന്നു അവിടെ,*
*ഝാർഖണ്ഡിന്റെ പേരിൽ എന്തും വിൽക്കാനാകും.*

## ഗ്രേസ് കുജൂർ 1948

കുടുഖ് ഭഷയിൽ എഴുതുന്ന സ്ത്രീപക്ഷ എഴുത്തുകാരിയായ കുജൂർ ആകാശവാണി ദില്ലി നിലയത്തിൽ ഡെപ്യൂട്ടി ഡയറക്ടറായിരുന്നു. 'തീതുപ്പുന്ന തൂലിക', 'മുവാ ഗിരാ ആധീരാത്' എന്നിവ ശ്രദ്ധേയമായ രചനകളാണ്. റേഡിയോ നാടകങ്ങളും പ്രഹസനങ്ങളും എഴുതുന്നു. ആദിവാസിയുടെ അസ്തിത്വസമസ്യകളാണ് മുഖ്യമായും പ്രമേയവൽക്കരിച്ചത്.



*വേരോടെ പിഴുതെടുത്ത ശേഷം*
*നിങ്ങൾ ഞങ്ങളുടെ പൈതൃകം തിരയുന്നു*
*ഞങ്ങളുടെ ഝാർഖണ്ഡിൽ നിന്നുതന്നെ.*
*കല്ലും കഞ്ചാവും നനച്ച്, ഒരു വനം വളർത്താനാവുമോ?*

## ഓലി മിഞ്ച് 1966

റാഞ്ചി ആകാശവാണിയിൽ ജീവനക്കാരനായ മിഞ്ച് തന്റെ മാതൃഭാഷയായ കുടുഖിലാണ് കൂടുതലായും എഴുതുന്നത്. ഝാർഖണ്ഡിലെ യുവകവികളിൽ പ്രശസ്തനായ അദ്ദേഹം ആദിവാസിയുടെ വളർച്ചയ്ക്ക് വഴിമുടക്കുന്ന അന്ധവിശ്വാസത്തിനും, നിരക്ഷരതയ്ക്കും എതിരെയുള്ള പോരാട്ടത്തിലാണ്. ജ്യോതി ലകട, അലാകാ കുജൂർ, ജുബീന കേരകെട തുടങ്ങിയ യുവകവികൾ ചൂഷണത്തിനെതിരെ ആദിവാസി ജനതയെ ജാഗരൂകരാക്കുകയാണ്.

പിതൃസത്താത്മക സമ്പദ്‌വ്യവസ്ഥയെ അവർ ചോദ്യം ചെയ്യുന്നു.

*എന്റെ കഴിവിൽ നീ ഭയപ്പെടുന്നു.*
*അതിനാലാകാം, യോനീ പൂജ പോലെ*
*ലിംഗപൂജയും നീ സ്ഥാപിച്ചത്. (ജ്യോതി ലകട)*

ഉയർന്ന തൊഴിൽ, സുരക്ഷിതത്വം എന്നീവ വാഗ്ദാനം ചെയ്താണ് ആദിവാസി ഊരുകളിൽ കടന്നുകയറി ദല്ലാളന്മാർ ട്രാഫിക്കിംഗ് നടത്തുന്നത്. കുറഞ്ഞ കൂലിക്ക് ജോലി ചെയ്യാൻ അവർ നിർബന്ധിതരാവുന്നു.

*വേദനയുടെ ചൂടിൽ,വാർത്തെടുക്കുക മൂർച്ചയുള്ളൊരായുധം*
*അതിലുയർത്തിക്കെട്ടുക.*
*പ്രതീക്ഷയുടെ പതാക,കൊടുമുടി കയറാൻ തയ്യാറാവുക (ജ്യോതി ലകട)*

## നിർമല പുതുൽ

രാമദയാൽ മുണ്ഡക്ക് ശേഷം ആദിവാസി എഴുത്തുകാരിൽ ദേശത്തും വിദേശത്തും ഖ്യാതി നേടിയ എഴുത്തുകാരിയാണ് പൊതുപ്രവർത്തക കൂടിയായ നിർമ്മല പുതുൽ.



കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ മുഖ്യാതിഥിയായി പങ്കെടുത്തിട്ടുള്ള അവർ ഝാർഖണ്ഡിലെ ദുമക ജില്ലയിലെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് കൂടിയാണ്. കീഴാള ജീവിതത്തിന്റെ പിന്നോക്കാവസ്ഥയാണ് അവരുടെ എഴുത്തിന്റെ കാതൽ. വിപണിയെ കുറിച്ചുള്ള ആപത് സൂചനകളാണ് നിർമ്മല പുതുലിന്റെ കവിതകളിൽ മുഴങ്ങി കേൾക്കുന്നത്. 'പെരുമ്പറ പോലെ മുഴങ്ങുന്ന വാക്ക്' നിർമ്മല പുതുലിന്റെ ഏറെ ശ്രദ്ധിക്കപ്പെട്ട സമാഹാരമാണ്. സ്ത്രീ ജീവിതങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങളാണ് അവർ ഉയർത്തിക്കാട്ടുന്നത്.

*ദാഹം തീർക്കാനില്ല വെള്ളം,പെപ്സീം സ്പ്രൈറ്റും ധാരാളം.*
*നമ്മുടെ നാവിൽ എപ്പോഴാണിവ നുഴഞ്ഞ് കയറിയതെന്നറിയില്ല*
*എപ്പോഴാണ് വാട്ടർ ബോട്ടിൽ നമ്മെ കീഴടക്കിയതെന്നറിയില്ല*
*പപ്പുത്തതിന് പകരം പേരയിൽ വാട്ടർ ബോട്ടിലും നേടി*

മാവോയിസത്തിന്റെയും നക്സലിസത്തിന്റെയും പേരിൽ നാടുകടത്തപ്പെടുന്ന നഷ്ടയൗവ്വനങ്ങളെക്കുറിച്ച് ആകുലചിത്തയാണ് നിർമ്മല പുതുൽ.

*കടുവയും പുലിയും കാടിറങ്ങി,എന്ന് അവർ ഗ്രാമങ്ങിലേക്കാണ്*
*പോയത് എന്നറിയില്ല, ആന കാടുപേക്ഷിച്ച്*
*നാട്ടിലേക്ക് പലായനം ചെയ്തു.*
*വസ്ത്രം ധരിക്കാൻ കഴിഞ്ഞില്ലെങ്കിലും*
*സ്വന്തം കിടക്കയിൽ നിരന്തരം ബലാത്കാരം ചെയ്യപ്പെട്ടു.*

## ശിശിർ ടുഡു, ശിവാലൻ കിസ്കു (സന്താളി)

'പ്രാണൻ തരാം, മണ്ണ് വിട്ടുതരില്ല' ഇതാണ് പത്രപ്രവർത്തകൻ എഴുത്തുകാരൻ എന്നീ നിലകളിൽ ശ്രദ്ധേയനായ സന്താളി ഭാഷയിൽ എഴുതുന്ന ശിശിരിന്റെ കവിതയുടെ അടിസ്ഥാന മുദ്രാവാക്യം. പ്രത്യാശയിലും, ആശ്വാസവാക്കുകളിലും ജീവിക്കുന്ന സന്താളി ഭാഷയിലെ മുൻനിര എഴുത്തുകാരനായ കിസ്കു അടയാളപ്പെടുത്തുന്നത് ആദിവാസിയുടെ വിശപ്പാണ്.

*അടുപ്പെരിഞ്ഞില്ല, കഞ്ഞിവെച്ചില്ല, അരിയില്ല-പരിപ്പില്ല*
*ആട്ടയും, ചോളവും, മൈദയുമില്ല കുടിലിൽ*

*ഒരു വഴികാണും നാളെ എന്ന് പറഞ്ഞ് മക്കളെ കിടത്തി യുറക്കി.*

## റോസ് കേരകെട്ട 1940 (ഖഡിയ)

ഝാർഖണ്ഡിലെ മുതിർന്ന തലമുറയിൽ പെട്ട എഴുത്തുകാരിയായ റോസ് കേരകെട്ട റാഞ്ചി സർവ്വകലാശാലയിൽ പ്രൊഫസറായിരുന്നു. അറിയപ്പെടുന്ന സ്ത്രീവിമോചന പ്രവർത്തകയാണ്. പ്രൗഢമായ ഭാഷയാണ് അവരുടെ കവിതയുടെ സവിശേഷത. പ്രേംചന്ദിന്റെ രചനകൾ ഖഡിയ ഭാഷയിലേക്ക് പരിഭാഷപ്പെടുത്തി. ആദിവാസി സ്ത്രീജീവിതങ്ങളാണ് അവർ അടയാളപ്പെടുത്തിയത്. സ്ത്രീയെ നശിപ്പിക്കുന്ന പുരുഷന്മാർക്ക് നേരെ അവർ നിരന്തം വിരൽചൂണ്ടി. ഭർത്താവ്, കാമുകൻ, റേപ്പിസ്റ്റ്, ബന്ധു എന്നൊക്കെ ആകാം ഒരു പക്ഷേ അവരുടെ പേര്. സ്ത്രീയെ ജീവജലമായാണ് അവർ കണക്കാക്കുന്നത്.



*സ്ത്രീ എവരുടെയും ദാഹം തീർക്കും*
*അവളെ ഉപേക്ഷിക്കരുത്*
*മനസ്സുവെച്ചാൽ ജീവജലമാകും.*


## സരോജ് കേരകെട്ട (1948), ഗ്ലാഡ്സൺ ഡുംഗ് (ഖഡിയ)

ഖഡിയ ഭാഷയിലെ പുതുതലമുറ എഴുത്തുകാരിയായ സരോജ് കുട്ടികളുടെ അവകാശങ്ങൾക്കു വേണ്ടിയുള്ള പോരാട്ടത്തിൽ മുൻ നിരയിൽ നിൽക്കുന്നു. തൊഴിൽ, പാർപ്പിടം, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള സമരമുഖങ്ങളിൽ സരോജിനൊപ്പം നിൽക്കുന്ന എഴുത്തുകാരനാണ് ഗ്ലാഡ്സംൺ ഡുംഗ്.

## സരിത സിംഗ് (1973) (ഹോ, മുണ്ഡാരി)

സർക്കാർ പദ്ധതികളാൽ വഞ്ചിക്കപ്പെട്ടവർക്ക് വേണ്ടി നിലകൊള്ളുന്ന എഴുത്തുകാരിയാണ് സരിത സിംഗ്. ഹോ, മുണ്ഡാരി നാഗപുരിയാ ഭാഷയിൽ





എഴുതുന്ന ചിക്ബസായിക് ഗോത്ര വിഭാഗത്തിൽ പ്പെട്ട സരിത സിംഗ് സ്ത്രീവിമോചന പോരാട്ടങ്ങളിലെ കരുത്തുറ്റ സാന്നിദ്ധ്യമാണ്. ഝാർഖണ്ഡിന്റെ ഗ്രാമീണ കവയിത്രി എന്ന നിലയിൽ സരിത പ്രശസ്തയാണ്. ഹിന്ദിയിലും ഇംഗ്ലീഷിലും എഴുതുന്ന സരിത സിംഗ് ദൈനംദിന ജീവിതത്തിന്റെ സൂക്ഷ്മാംശങ്ങൾ രചനകളിൽ അവതരിപ്പിക്കുന്നതിലൂടെ ശ്രദ്ധിക്കപ്പെട്ടു.

ആദിവാസി എഴുത്തുകാർ പ്രകൃതി, ചരിത്രം, പൂർവ്വികർ എന്നിവയുമായി ബന്ധപ്പെട്ട പുതിയ, ബിംബങ്ങളും-പ്രതീകങ്ങളും, ചൊല്ലുകളും, വാക്കുകളുമൊക്കെ കണ്ടെടുക്കുകയാണ്. ആദിവാസിജീവിതം മനസ്സിലാക്കൂ അപ്പോഴറിയാം തങ്ങൾ കാടരോ നിരക്ഷരരോ അല്ലെന്ന്. ആയിരക്കണക്കിന് വർഷങ്ങളുടെ, ആദിമപരമ്പരകളുടെ സൂക്ഷിപ്പുകാരാണ് ഞങ്ങൾ എന്ന് അവർ ഉറക്കെ പ്രഖ്യാപിക്കുന്നു. വ്യക്തികേന്ദ്രിതമായ ആധുനിക ജീവിതവീക്ഷണത്തിൽ നിന്നു ഭിന്നമായി സമൂഹകേന്ദ്രിതമായ സ്വത്വപരികൽപനക്കാണ് ആദിവാസി സമൂഹം എന്നും പ്രാമുഖ്യം നൽകിയത്. എല്ലാ തരത്തിലുമുള്ള കേന്ദ്രീകരണത്തെയും അവർ ചോദ്യംചെയ്യുന്നു. കാടരെന്നും, വിരൂപരെന്നും, നിക്ഷരരെന്നുമൊക്കെ പരിഹസിച്ച പരിഷ്കാരികൾക്കു നേരെ തിരിച്ചുപിടിച്ച കണ്ണാടിയാണ് ആദിവാസിസാഹിത്യം.



# സർവ്വകലാശാലാ – കോളേജധ്യാപകരുടെ നീതിദിനാചരണവും അദ്ധ്യാപകധർണ്ണയും

സർവ്വകലാശാല - കോളേജധ്യാപകരുടെ അഖിലേന്ത്യാ സംഘടന ഐഫക്ടോയുടെ ആഹ്വാനപ്രകാരം സർവ്വകലാശാല ക്യാമ്പസുകളിലും കോളേജുകളിലും നീതിദിനമായി ആചരിച്ചു. ഇതിന്റെ ഭാഗമായി കണ്ണൂർ സർവ്വകലാശാലയ്ക്ക് മുന്നിൽ ധർണ്ണ നടത്തി. ഏഴാം ശമ്പള പരിഷ്കരണ റിപ്പോർട്ട് ഉടൻ പ്രസിദ്ധീകരിക്കുക, സംസ്ഥാനങ്ങൾക്ക് പൂർണ്ണ സാമ്പത്തിക സഹായം നൽകുക, ആറാം ശമ്പളപരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കുക, സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി പുനഃസ്ഥാപിക്കുക, ഉന്നതവിദ്യാഭ്യാസത്തിന് കൂടുതൽ പൊതുനിക്ഷേപം അനുവദിക്കുക, പി.എച്ച്.ഡി. രജിസ്ട്രേഷന് നെറ്റ്/സെറ്റ് നിർബന്ധമെന്ന കഠിനനിബന്ധന ഒഴിവാക്കുക, യു.ജി.സി.യെ ഇല്ലാതാക്കുന്ന ശ്രമം ഉപേക്ഷിക്കുക എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തിയാണു സമരം നടത്തിയത്. ധർണ്ണ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. സുമേഷ് ഉദ്ഘാടനം ചെയ്തു. എ.കെ.ജി.സി.ടി. സംസ്ഥാന സെക്രട്ടറി ഡോ. എൻ. മനോജ് അദ്ധ്യക്ഷത വഹിച്ചു. എ.കെ.പി.സി.ടി.എ. സംസ്ഥാന സെക്രട്ടറി പ്രമോദ് വെള്ളച്ചാൽ സ്വാഗതവും കെ.യു.ടി.സി. ജനറൽ സെക്രട്ടറി ഡോ. ജോബി കെ. ജോസ് നന്ദിയും പറഞ്ഞു. എ.കെ.പി.സി.ടി.എ. സംസ്ഥാന പ്രവർത്തകസമിതിയംഗം എ. നിശാന്ത് വിശദീകരണ പ്രസംഗം നടത്തി.

## യാത്രയയപ്പ് നൽകി





കണ്ണൂർ: എ.കെ.പി.സി.ടി.എ. കണ്ണൂർ കാസർകോട് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സർവ്വീസിൽ നിന്നു വിരമിക്കുന്ന അദ്ധ്യാപകർക്ക് യാത്രയയപ്പ് നൽകി. ഐഎംഎ ഹാളിൽ നടന്ന സമ്മേളനം ശ്രീ. ജെയിംസ് മാത്യു എംഎൽഎ. ഉദ്ഘാടനം ചെയ്തു. എകെപിസിടിഎ സംസ്ഥാന പ്രസിഡന്റ് എ.ജി. ഒലീന പ്രഭാഷണം നടത്തി. ഡോ. സി. പത്മനാഭൻ, പ്രമോദ് വെള്ളച്ചാൽ, ഷീല എം. ജോസഫ്, ഡോ. കെ. രാധാകൃഷ്ണൻ നായർ, എ. നിശാന്ത്, ടി.പി. അഷ്റഫ്, ഡോ. ഇസ്മായിൽ ഓലായിക്കര, പ്രൊഫ. ബി.കെ.എം.എച്ച്. അൻസാരി, ഡോ. കെ. പ്രദീപ്കുമാർ, ഡോ. എ.പി. കുട്ടികൃഷ്ണൻ, ഡോ. കെ.എം. പ്രസീത്, പ്രൊഫ. പി.കെ. അബ്ദുൾജലീൽ, പ്രൊഫ. അബീറുൽബീവി എസ്, പ്രൊഫ. ഇല്ല്യാസ് ടി. തുടങ്ങിയവർ സംസാരിച്ചു. ഡോ. ആർ.കെ. സതീഷ് അദ്ധ്യക്ഷത വഹിച്ചു. ഡോ. കെ. അജയകുമാർ സ്വാഗതവും ഡോ. പി. ആർ. സ്വരൺ നന്ദിയും പറഞ്ഞു.




# നീതി ദിനാചരണവും ധർണയും

സർവകലാശാല, കോളജ് അദ്ധ്യാപകരുടെ യു.ജി.സി. ഏഴാം ശമ്പള പരിഷ്കരണത്തിന്റെ അപാകതകൾ പരിഹരിച്ച് ഉടൻ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട ഐഫക്ടോ ദേശീയ തലത്തിൽ നടത്തുന്ന പ്രക്ഷോഭത്തിന്റെ ഭാഗമായി എ.കെ.പി.സി.ടി.എ. എ.കെ.ജി.സി.ടി. കെ.യു.ടി.എ. എന്നീ അദ്ധ്യാപക സംഘടനകളുടെ നേതൃത്വത്തിൽ കേരള സർവകലാശാല ആസ്ഥാനത്തു നീതി ദിനാചരണവും ധർണയും നടന്നു. ഐഫക്ടോ നേതൃത്വവുമായി ചർച്ച ചെയ്തു ശമ്പള പരിഷ്കരണ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു നടപ്പിലാക്കുക, നൂറു ശതമാനം സാമ്പത്തിക ബാധ്യതയും കേന്ദ്രം വഹിക്കുക, രാജ്യത്തെല്ലായിടത്തും ഒരേ സമയം ശമ്പള പരിഷ്കരണം നടപ്പിലാക്കുക, എ.പി.ഐ. പിൻവലിക്കുക, പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ടുള്ള പ്രക്ഷോഭ സമരം ഡോ.എ.സമ്പത്ത് എം.പി. ഉദ്ഘാടനം ചെയ്തു. ഐഫക്ടോ ദേശീയ സെക്രട്ടറി ഡോ. കെ.എൽ.വിവേകാനന്ദൻ അധ്യക്ഷത വഹിച്ച യോഗത്തിൽ ഡോ.കെ.കെ. ദാമോദരൻ, ഡോ.എ.നസീബ്, പ്രൊഫ. എ.ജി.ഒലീന, ഡോ. ബി. ശ്രീകുമാർ എന്നിവർ സംസാരിച്ചു.






അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എ കെ പി സി ടി എ നടത്തിയ കേരള സർവ്വകലാശാല മാർച്ച് എൽഡിഎഫ് കൺവീനർ വൈക്കം വിശ്വൻ ഉദ്ഘാടനം ചെയ്യുന്നു.




സംസ്ഥാന സമ്മേളനം അനുബന്ധ സമ്മേളനം ഡോ. കെ. വാസുദേവൻപിള്ള ഉദ്ഘാടനം ചെയ്യുന്നു




എ.കെ.പി.സി.ടി.എ. പാലക്കാട് ജില്ലാസമ്മേളനം പ്രൊഫ. എ.ജി. ഒലീന ഉദ്ഘാടനം ചെയ്യുന്നു

## പുരസ്കാരം



### ചെറി ജേക്കബ്ബ്

ആലുവ യു സി കോളേജ്

2016ലെ ഗ്രന്ഥ രചനക്കുള്ള കേരള സംസ്ഥാന ചലച്ചിത്ര പുരസ്കാര നേടിയ ചെറി ജേക്കബ്ബ് ആലുവ യുസി കോളേജിലെ ഇംഗ്ലീഷ് വിഭാഗം അസി. പ്രഫസറാണ്. അജു കെ നാരായണനുമായി ചേർന്നെഴുതിയ 'സിനിമ മുതൽ സിനിമ വരെ' എന്ന കൃതിക്കാണ് പുരസ്കാരം ലഭിച്ചത്



Best International Documentary Short Award Best Emerging Indian Filmmaker. Actor Jim Sharb (extreme left) and film editor Jabeen Merchant (extreme right) give away the Best Documentary Short Award to Rajesh James. Nargis wadia gives away the Riyad Wadia Award for Best Emerging Indian Filmmaker to filmmaker Rajesh James

KERALA PRIVATE COLLEGE TEACHER

R.No. 36025/81 No.260

ISSN 2454-4795
Registered No. KL/TV (N) 35/2012-2014
Rs.11/- JUNE - 2017



60 വർഷം പൂർത്തിയാക്കുന്ന

# എ.കെ.പി.സി.ടി.എ.ക്ക് മലബാർ ക്രിസ്ത്യൻ കോളേജ് യൂണിറ്റിന്റെ

വിപ്ലവാഭിവാദ്യങ്ങൾ

Edited, Printed and Published by V.N. Murali, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494, Fax: 0471-2468984 E-mail: akpctatvm@gmail.com www.akpcta.in
Chief Editor : Dr. N.M. Sunny